L
Ep 36

ഭൂയസേ ദേവസ്യ യശസേ.

കത്തോലിക്ക തത്വബോധക സംഘം, ആലപ്പുഴ.

നമ്പർ ൩.

# Pictorial Lives of THE SAINTS.

പുണ്യാത്മാക്കളുടെ ചിത്രത്തോടുകൂടിയ

# ജീവചരിത്രം.

TRANSLATED

By

Rev. Fr. Ignatious of the S. Ht. of Jesus, T. O. C. D.

*Superiorum Permissu*

K. S. Press, Alleppey.

1926

DHARMARAM COLLEGE LIBRARY, BANGALORE. 7825

'പുണ്യാത്മാക്കളുടെ, ചിത്രത്തോടുകൂടിയ ജീവചരിത്രം'

സഭയുടെ മുറപ്രകാരം പരിശോധിച്ചിരിക്കുന്നതിനാൽ

അച്ചടിച്ചു പ്രസിദ്ധം ചെയ്യുന്നതിനു അനുവദിക്കുന്നു.

ക. നി. മൂ. സ. പ്രിയോർ.

ജനറാൾ

| | |
|---|---|
| അമ്പഴക്കാട്ട് | ക. നി. മൂ. സ. |
| ൧൱൯൰ തുലാം ൨൩. | ആ. ലൂയിസ് |

**Imprimatur,**

| | |
|---|---|
| Cath. Bishop's House, *Trichur.* 29-10-24. | ✠ Fr. Vazhapilly Bp of Trichur. |

1893
XXVII-123

# പ്രസ്താവന.

മനുഷ്യൻ പാപംമൂലം അജ്ഞതക്കും അധൎമ്മത്തിനും വശഗതനായി. "ഈ വസ്തുതയെ ചില അജ്ഞന്മാർ പ്രതിഷേധിക്കുന്നുവെങ്കിലും ഒരനപേക്ഷിതാവസ്ഥയെയാണ് അവൻ പ്രാപിച്ചിരിക്കുന്നതെന്നു സമ്മതിച്ചേ കഴിയൂ. മനുഷ്യന്റെ ഈ അധഃപതനം ക്രൂസ്ത്യാനയല്ലാഞ്ഞ സെനക്കാ എന്ന ലത്തീൻ ശാസ്ത്രജ്ഞനെ 'Meliorem video proboque; deteriorem sequor അതാവിതു 'ഉത്തമങ്ങളായവയെ ഞാൻ കാണുകയും അഭിനന്ദിക്കുകയുംചെയ്യുന്നു; പക്ഷെ കഷ്ടതരങ്ങളായവയെയാണു ഞാൻ അനുകരിക്കുന്നതു'' എന്നു പ്രസ്താവിക്കാൻ നിർബന്ധിതനാക്കുകയുണ്ടായി. ക്രിസ്തീയ തത്വങ്ങളെ വിസമ്മതിക്കുന്ന ഹിന്ദുക്കളുംപോലും ആധുനികകാലത്തെ, കലിയുഗമെന്നാണല്ലൊ വിവേചിച്ചിരിക്കുന്നതു്. മനുഷ്യന്റെ ഈ അജ്ഞതയുടേയും ബലഹീനതയുടേയും പരിഹാരാൎത്ഥം അവന്റെ സ്രഷ്ടാവായ ദൈവം ജ്ഞാനഭ്രയിഷ്ഠങ്ങളായ ദിവ്യോപദേശങ്ങളെ അവനു ഉപദേശിക്കുകയും അവന്റെ ബലഹീനതയെ തീൎക്കത്തക്ക മാൎഗ്ഗങ്ങളെ പ്രദാനം ചെയ്യുകയും ചെയ്തു. അതാണു അതിഗോപ്യങ്ങളായ ചില സത്യങ്ങളെ ഉള്ളടക്കി കൊള്ളുന്നതും സൎവ്വത്തിനും ഉപരിയായി ദൈവത്തേയും ആത്മതുല്യമായി സമസൃഷ്ടികളേയും സ്നേഹിക്കണമെന്നും, ക്ലേശങ്ങളെ സഹിക്കണമെന്നും, ഐഹിക സുഖങ്ങളിൽ പ്രതിപത്തിവെക്കരുതെന്നും, തന്നെത്തന്നെ പരിത്യജിക്കണമെന്നും, മററും ആജ്ഞാപിക്കുന്നതുമായ ക്രീസ്തുമതം. ഈ സ്വഭാവാതീത ധൎമ്മങ്ങളെ ദൈവവും മനുഷ്യനുമായ ഈ ശോമ്ശിഹാ (ക്രീസ്തു) നിവൎത്തിച്ചു കാണിച്ചുതന്നു. അവിടത്തെ മാതൃകയെ അനുകരിച്ചു അനവധി മനുഷ്യർ കേവലം മനുഷ്യശക്തിക്കു മേൽപെട്ടതായ ഈ ധൎമ്മങ്ങളെ അനുഷ്ഠിക്കുകയുണ്ടായി. ഈ ഗണത്തിൽ ചേൎന്ന മഹാത്മാക്കളിൽ ചിലരുടെ ചരിത്രമാണു സംക്ഷേപിച്ചു ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു്. പണ്ഡിതന്മാരും പാമരന്മാരും, ചക്രവൎത്തികളും

പ്രജകളും, രാജാക്കന്മാരും രാജ്ഞികളും, വൃദ്ധന്മാരും ബാലന്മാരും, അബലകളും പ്രൌഢവയസ്കന്മാരും, യജമാനന്മാരും ദാസന്മാരും, ധനാഢ്യന്മാരും നിർധനരും, കിംബഹുനാ എല്ലാ സ്ഥിതിക്കാരും വൎഗ്ഗക്കാരുമായ ലക്ഷോപലക്ഷം മനുഷ്യർ അതിഗോപ്യങ്ങളായ ക്രിസ്തീയ സത്യങ്ങളെ വിശ്വസിക്കുകയും ആ വിശ്വാസാൎത്ഥവും സ്വഭാവാതീതമായ ക്രിസ്തീയ ധൎമ്മാനുഷ്ഠാനത്തിനുവേണ്ടിയും പല ക്ലേശങ്ങളും കഷ്ടനഷ്ടങ്ങളും സഹിക്കുകയും, എന്നല്ല പ്രാണനെ കൂടി പരിത്യജിക്കുകയും ചെയ്തിട്ടുണ്ടു. ഈ വീരഗണത്തിൽ പെട്ട ചിലരുടെ—ഓരോദിവസത്തേക്കു ഓരോരുത്തരുടെ—ദൃഷ്ടാന്തങ്ങൾ മാത്രമേ ഈ പുസ്തകത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളു.

ദേശചരിത്രപാരായണം എത്ര കണ്ടു യശസ്കാമന്മാരെയും ഐശ്വൎയ്യേച്ഛുക്കളെയും നശ്വരങ്ങളായ ഐഹിക സുഖലബ്ധിക്കായി പ്രേരിപ്പിക്കുന്നുവോ, അതുപ്രകാരം ഉത്തമതയെ പ്രാപിപ്പാൻ അവരുടെ ദിവ്യഗുരുവിൻെറ ഉപദേശത്താൽ ബാധിതരായിരിക്കുന്ന ക്രിസ്ത്യാനികളെ അനശ്വരമായ ഭാഗ്യപ്രാപ്തിക്കുവേണ്ടിയുള്ള സത്പ്രവൃത്തിക്കു പുണ്യാത്മാക്കളുടെ ഈ ജീവചരിത്രം പ്രോത്സാഹിപ്പിക്കാതിരിക്കുകയില്ലെന്നാണു ഈ ഗ്രന്ഥാവതാരകൻെറ ദൃഢവിശ്വാസം. മനുഷ്യനായ ദൈവപുത്രൻെറ ഉപദേശങ്ങളും ആജ്ഞകളും പ്രവൃത്തിയിൽ വരുത്തിയ വെറും മനുഷ്യരും നമ്മെപ്പോലെ ബലഹീനന്മാരും ആയിരുന്ന അവർ, എന്നു നാം കാണുമ്പോൾ നാമും ധൈൎയ്യം അവലംബിക്കുകയും ഒരു പ്രോത്സാഹം നമ്മിൽ ജനിക്കുകയും ചെയ്യുക സ്വാഭാവികമാണല്ലോ. അവർ നമ്മെപ്പോലെ ബലഹീനന്മാരായിരുന്നുവെങ്കിലും ദൈവ നന്മയിൻമേൽ അവർ ആശ്രയിച്ചതുകൊണ്ടാണു ക്രിസ്തീയ വീരന്മാരായി തീൎന്നിട്ടുള്ളതു്. അതിനാൽ ക്രിസ്തീയസമരത്തിൽ സൎവ്വപ്രധാനമായതു സ്വന്ത ബലഹീനതയുടെ സമ്മതവും ദൈവ നന്മയിന്മേലുള്ള ആശ്രയവുമാണു്. ഇതു സാധിക്കുന്നതിന്നു, ചിലൎക്കെങ്കിലും ഈ പുസ്തകം ഉപകരിക്കുന്നാപക്ഷം അവതാരകൻ കൃതാൎത്ഥനായി. ഇതിലേക്കു് സൎവ്വശക്തനായ ദൈവം കടാക്ഷിക്കുമാറാകട്ടെ.

ഭൂപടം കൂടാതെ ഭൂമിശാസ്ത്രവും ചരിത്രവും പഠിപ്പിക്കുന്നതിൽ ഉത്തമം പടത്തോട്ടുകൂടി പഠിപ്പിക്കുന്നതായിരിക്കുമല്ലോ. വായനകൊണ്ടെന്നതിനേക്കാൾ കൂടുതൽ ശക്തിയായിട്ടു ബുദ്ധിയിൽ പതിയുന്നതു കണ്ണുകൊണ്ടു കാണുന്നതാണ്. തന്നിമിത്തം ഈ പുസ്തകത്തിലുള്ള പുണ്യാത്മാക്കളുടെ ചരിത്രത്തിലെ പ്രധാന സംഭവങ്ങളുടെ ഓരോ പടവും ഇതിൽ കാണിച്ചിട്ടുണ്ട്. ഇതു കൂടുതൽ ഉപകാരപ്രദമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ലോകത്തിലുള്ള വേദങ്ങളിലും സഭകളിലും വച്ച്, ഈ പുണ്യാത്മാക്കൾ അംഗമായിരുന്ന കത്തോലിക്കാ ക്രിസ്തുവേദം, ഏകദൈവത്തിന്റെ ഏക സത്യവേദവും സഭയുമാണെന്നു ഇതരന്മാരേക്കൂടി ധരിപ്പിക്കാൻ ഈ പുസ്തകം ഉപയോഗപ്രദമായിത്തീരണമെന്നുള്ള ആശംസയോടെ ഇതിനെ മലയാളലോകസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ഇതിൽ ഭാഷാസ്ഖലിതങ്ങളും അക്ഷരദോഷങ്ങളും പലതുമുണ്ട്. അവ സഹൃദയന്മാർ ക്ഷമിപ്പാറാകണമെന്നു അപേക്ഷിച്ചുകൊണ്ടും അങ്ങനെയുള്ളവ ചൂണ്ടിക്കാണിച്ചുതരുന്നപക്ഷം ഇനിയത്തെ പതിപ്പിൽ പരിഹരിക്കാൻ ശ്രമിക്കുന്നതാണെന്നു ഉദ്ബോധിപ്പിച്ചുകൊണ്ടും പ്രസ്താവനയെ അവസാനിപ്പിച്ചുകൊള്ളുന്നു.

എന്ന്, അവതാരകൻ.

ഈ പുസ്തകത്തിൽ വന്നിട്ടുള്ള പ്രത്യേക നാമങ്ങളെ (Proper Names) സംബന്ധിച്ച് അറിഞ്ഞിരിക്കേണ്ടവ.

1. മലയാള ഗ്രന്ഥകാരന്മാരിൽ പലരും അന്യദേശീയ പ്രത്യേക നാമങ്ങളെ ആംഗ്ലേയ ഭാഷ മുറക്കുള്ള ശബ്ദങ്ങൾ കൊടുത്താണ് മലയാളത്തിലോട്ടു പരിവർത്തനം ചെയ്യാറുള്ളത്. ആംഗ്ലേയ ഭാഷയിലെ പ്രത്യേക നാമങ്ങളെ ഇങ്ങനെതന്നെ ചെയ്യേണ്ടതാകുന്നു. പക്ഷെ, മററു ദേശങ്ങളിലെ പ്രത്യേക നാമങ്ങൾക്ക ആ ദേശ്യരുടെ ശബ്ദം അനുസരിച്ചുള്ള പരിവർത്തനമാണ് ഉത്തമം. ഇംഗ്ലീഷുകാർ 'സ്പെയിൻ' എന്നും 'ഇററലി' എന്നും വിളിച്ചു വരുന്ന ദേശങ്ങളെ സ്പെയിൻകാരും ഇററലിയരും അവരുടെ അയൽ ദേശക്കാരായ ഫ്റഞ്ചുകാരും 'എസ്സാഞ്ഞ്യാ' എന്നും 'ഇത്താല്യാ' എന്നുമാണ് പറഞ്ഞുവരാറുള്ളത്. ഇതിനാൽ ഇംഗ്ലീഷുകാരുടേതല്ലാത്ത പ്രത്യേക നാമങ്ങൾ അതാതു

ദേശ്യരുടെ ശബ്ദത്തിലാണ് മിക്കവാറും ഈ പുസ്തകത്തിൽ പരിവർത്തനം ചെയ്തിരിക്കുന്നതു്.

2. പല പ്രത്യേക നാമങ്ങളും ലത്തീൻ ഭാഷയിൽ 'ഉസ്' എന്നും (us) എന്നും ഗ്രീക്ക് ഭാഷയിൽ 'ഒസ്' (os) എന്നും അന്ത്യങ്ങളിലാണ് അവസാനി എന്നതു്. അവ സംസ്കൃത ഭാഷയിൽ 'സ്' അഥവാ ഇതിനു പകരം നില്ക്കു ന്ന വിസർഗ്ഗം (ഃ) പ്രത്യയമായി ചേർന്നു വരുന്ന പല നാമരൂപങ്ങളെപ്പോലെ ആ ഭാഷകളിലെ പ്രഥമ വിഭക്തിയുടെ രൂപമാകുന്നു. അതിനാൽ മററു വി ഭക്തികളിൽ ആ നാമങ്ങൾ വരുമ്പോൾ 'ഉസ' 'ഒസ', ചേർത്തെഴുതുന്നതു് ഒരു വികൃതപ്രയോഗമാണ്. തന്നിമിത്തം ആ പ്രത്യയങ്ങളെ ഉപേക്ഷിച്ചിട്ടുള്ള പ്ര കൃതി രൂപം മാത്രമെ ഇതിൽ പല സ്ഥലങ്ങളിലും സ്വീകരിച്ചിട്ടുള്ളു. ഇതി നാൽ 'അപ്പൊലനാരിയുസ്' എന്ന ലത്തീൻ നാമത്തെ 'അപ്പൊലനാരി' എ ന്നും 'മക്കാരിയോസ്' എന്ന ഗ്രീക്കു നാമത്തെ 'മക്കാരി' എന്നും (ഇതുപോലെ മററു ലത്തീൻ, ഗ്രീക്കു, നാമങ്ങളേയും) ആണ് പരിവർത്തനം ചെയ്തിരിക്കുന്നതു്.

3. ലത്തീൻ വർഗ്ഗത്തിൽപെട്ട യൂറോപ്യൻ ഭാഷകളിൽ 'C' ക്കും 'T' ക്കും ചില സ്ഥാനങ്ങളിൽ കൊടുത്തുവരുന്ന 'സ്' എന്നു ശബ്ദം ആധാരമാക്കിയാ യിരിക്കാം ആധുനിക കാലത്തു് 'സ്' എന്ന ശബ്ദം തത് സ്ഥാനങ്ങളിൽ വ രുന്ന C ക്കും T ക്കും ചില ദേശക്കാർ ലത്തീൻ ഭാഷയിലും കൊടുത്തുവരുന്നതു്. പക്ഷെ ഏതു സ്ഥാനങ്ങളിലും 'c' ക്ക് 'ക്' എന്നും 't' ക്ക് 'ത്' എന്നും ശബ്ദ മാണ് പൂർവ്വകാലങ്ങളിലുണ്ടായിരുന്നതെന്നു വിദ്വാന്മാർ സകാരണം തെളിയി ച്ചിരിക്കുന്നു. ദൃഷ്ടാന്തമായി Centurion സെഞ്ചൂരിയോൻ എന്നും, Caesar സീസ ർ എന്നും Ignatius ഇഗ്നാസിയുസ് എന്നുമാണ് ഇപ്പോൾ ശബ്ദിച്ചു വരാറുള്ള തെങ്കിലും ഈ നാമങ്ങൾ മററു പൂർവ്വഭാഷകളിൽ കെന്ത്രോനാ എന്നും കേസർ എന്നും ഇഗ്നാത്തിയോസ് എന്നുമാണ് കാണുന്നതു്. അതു് 'സ്' ശബ്ദം ആ ഭാ ഷകളിലെ അക്ഷരമാലയില്ലാഞ്ഞിട്ടാണെന്നു ഊഹിക്കാൻ തരമില്ല. പിന്ന യോ ഈ നാമങ്ങൾ ആ ഭാഷകളിലേക്കു എടുത്ത കാലത്തു—പൂർവ്വകാലത്തു— ഈ ശബ്ദങ്ങളാണ് അവയ്ക്കുണ്ടായിരുന്നതെന്നുവേണം ഊഹിക്കാൻ. ഇതി നാൽ വിദ്വാന്മാരുടെ ഈ അഭിപ്രായപ്രകാരമുള്ള ശബ്ദമാണ് ഈ പുസ്ത കത്തിലും സ്വീകരിച്ചിട്ടുള്ളതു്.

ഇവ സ്മരിക്കുവാൻ വായനക്കാരോട്ട് അപേക്ഷിച്ചുകൊള്ളുന്നു.



വിശുദ്ധ പ്രാൻസീസ് സാലെസ്.


St. J P. Mannanam

൧൮൦. മ. യൌ. ത്രെ.

# പുണ്യാത്മാക്കളുടെ ചിത്രത്തോടുകൂടിയ ജീവചരിത്രം.

## മകരം (ജനുവരി) ൧-ാംനു—

### ഈശോമ്ശിഹാകൎത്താവിന്റെ ഛേദനാചാരമഹോത്സവം.



ദിവ്യരക്ഷിതാവ് പരിഛേദനം ഏല്ക്കുന്നതു്.

പരിഛേദനം അഥവാ ഛേദനാചാരം അല്ലെങ്കിൽ ഛേ ലാകൎമ്മം എന്നതു്, പൂൎവ്വപിതാവായ അബ്രാഹമിന്റെ സന്താനങ്ങളെ അന്യഗോത്രന്മാരിൽനിന്നു വിവേചിക്കുന്നതിന്നായി ദൈവംതന്നെ ആ മഹാപിതാവിനോടു് കില്പിച്ച ഒരു ദിവ്യകൎമ്മമാണു്. ഇതു യഹൂദന്മാരെല്ലാവരുംതന്നെ ബഹു നിഷ്കൎഷ

പൂർവ്വകം ആചരിച്ചുവന്നു. ഈ കർമ്മം, അതു നിർവ്വഹിക്കപ്പെടുന്നയാളിന്റെ ശരീരാംശം സ്വല്പം ഛേദിച്ചുകൊണ്ടാണ് അനുവർത്തിക്കപ്പെടുന്നത്. അതു് ജന്മപാപമോചനാർത്ഥംകൂടിയുള്ള ഒരു അനുഷ്ഠാനമായിരുന്നു. യാതൊരു പാപാശുദ്ധം നിശ്ശേഷം തീണ്ടുകപോലും ചെയ്യാത്ത ദൈവമായ ഈശോകർത്താവ് ഈ പ്രമാണത്തിനു വിധേയനായിരുന്നില്ലായെങ്കിലും തന്റെ ശരീരം യഥാർത്ഥ മനുഷ്യശരീരമാണെന്നു ദൃഷ്ടാന്തീകരിക്കാനും നാം ദൈവവിധികളെ അനുവർത്തിച്ചു ജീവിക്കേണ്ടതാണെന്നു നമ്മെ പ്രബോധിപ്പിക്കാനുമായിട്ടു തന്റെ നിർമ്മലശരീരത്തിൽ മുറിവേല്ക്കുന്നതിനും രക്തം ചിന്തുന്നതിനും, തിരുമനസ്സായി.

നാമും നമ്മുടെ ദിവ്യരക്ഷിതാവിന്റെ ഉത്തമമാതൃകയെ അനുകരിച്ചു ദൈവപ്രമാണങ്ങളെയും, ദൈവം അധികൃതന്മാരാക്കിയിരിക്കുന്നവരുടെ വിധികളേയും ഈഷദ്ഭേദംകൂടാതെ അനുസരിച്ചു ജീവിതം നയിക്കണം. കൂടാതെയും നമ്മുടെ ഹൃദയത്തിൽ ഉജ്ജ്വലിക്കുന്ന ധർമ്മവിരുദ്ധങ്ങളായ ആശാവികാരങ്ങളെ ആശാനിഗ്രഹമെന്ന വാളുകൊണ്ടു വെട്ടി ആധ്യാത്മികവിധത്തിൽ രക്തം ചിന്തുന്നതിനു പരിശീലിക്കണം. കണ്ണ്, ചെവി, വാ, ആദിയായ പഞ്ചേന്ദ്രിയങ്ങളെ അടക്കിയൊതുക്കി ജീവിക്കുന്നവൻ പാപത്തിൽ വീഴുന്നതല്ല. ആകയാൽ ഈ നിഗ്രഹവരം പ്രാപിക്കുന്നതിന് നാം പ്രാർത്ഥിക്കുകയും ശ്രമിക്കുകയും ചെയ്യുക.

ഈ ദിനം വർഷാരംഭവുംകൂടിയാണ്. ഇന്നു തുടങ്ങി നമ്മുടെ പഴയ പാപദുർഗ്ഗുണങ്ങളെയും ദുരാചാരങ്ങളെയും വിസർജ്ജിച്ചും ഉത്തമ പുണ്യങ്ങളെ അനുഷ്ഠിച്ചുമുള്ള ഒരു ജീവിതമുറ തുടങ്ങേണ്ടതെന്നു സ്ഥിരപ്രതിജ്ഞ ചെയ്യണം.

സാദ്ധ്യം — ഈയാണ്ടിൽ നാം ചെയ്യുകയില്ലെന്നു പ്രതിജ്ഞചെയ്ത പാപങ്ങളെ ചെയ്യാതിരിക്കാനും അനുസരിക്കേണ്ടതെന്നു തീരുമാനിച്ച പുണ്യങ്ങളെ അഭ്യസിക്കാനും ആരംഭിക്കുക.

# മകരം (ജനവരി) ൧-ാംനു-

വനവാസിയായ അലക്സാന്ത്ര്യക്കാരൻ വി: മക്കാരി. (൩൯൪).

അലക്സാന്ത്ര്യാപട്ടണത്തിൽ ജാതനായ ഈ വി: മക്കാരി ആരംഭ ദശയിൽ ലൌകികനേത്രങ്ങൾക്കു തുലോം തുഛമായ ഒരു ജീവിതവൃത്തിയെയാണു അനുസരിച്ചുവന്നതു്. യൌവനാരംഭത്തിൽതന്നെ പൂൎണ്ണമായി ദൈവത്തിന്നു പ്രതിഷ്ഠിതമായ ഒരു ജീവിതമുറ അനുസരിക്കണമെന്നുള്ള ഉദ്ദേശത്തോടെ അദ്ദേഹം ൩൩൫-ാം സംവത്സരം ലോകത്തെ ഉപേക്ഷിച്ചു ഉത്തര യീജിപ്തിലെ ഥെബായിദായെന്ന വനത്തിൽ ചെന്നു അവിടെ വാനപ്രസ്ഥാശ്രമശ്രേഷ്ഠന്മാൎക്കു ശിഷ്യപ്പെട്ടു സാരവത്തായ പുണ്യാഭ്യാസങ്ങളേവകളാണെന്നു പഠിച്ചു അഭ്യസിച്ചുവന്നു. അനന്തരം സകല ക്രൈസ്തവപുണ്യങ്ങളിലും പരിപൂൎണ്ണതയെ പ്രാപിക്കണമെന്നുള്ള അതിയായ ആശനിമിത്തം അവിടംവിട്ടു് ഈജിപ്തിന്റെ അധഃപ്രദേശങ്ങളിൽ വന്നു താമസിച്ചു. അവിടെ തൊട്ടുതൊട്ടു കിടക്കുന്ന മൂന്നു വനങ്ങളാണു് ഉണ്ടായിരുന്നതു്. അവയിൽ മൂന്നിലും വി: മക്കാരിക്കു കുടിലുകളുണ്ടായിരുന്നു. അവയിൽ ഒന്നായ നൃത്രിയാവനത്തിലുള്ളതിലാണു് അദ്ദേഹം പരരെ സ്വീകരിക്കുകയും ഉപദേശിക്കുകയും ചെയ്തുവന്നതു്. മിക്കദിവസങ്ങളിലും കുടിലുകളെന്നു അൎത്ഥമുള്ള സെല്ല്യായെന്ന വനത്തിലാണു് അദ്ദേഹം കഴിച്ചുകൂട്ടിവന്നതു്. വാനപ്രസ്ഥാൎത്ഥികളായി ഒട്ടു അധികംപേർവന്നു അദ്ദേഹത്തിന്നു ശിഷ്യപ്പെടുകയുണ്ടായി. അവരുടെ ആത്മസംബന്ധമായ കൎമ്മനിൎവഹണത്തിന്നായി അദ്ദേഹം ഗുരുപട്ടസ്ഥാനത്തിലേക്കു ഉയൎത്തപ്പെട്ടു. അവിടങ്ങളിൽ നിവസിച്ചുവന്ന വാനപ്രസ്ഥന്മാരൊക്കയും അന്യോന്യസംസൎഗ്ഗമില്ലാതെയും പ്രത്യേകംപ്രത്യേകം കുടിലുകളിൽ അകലെയായിട്ടുമാണു് താമസിച്ചുവന്നതു്. ശനിയാഴ്ചയും ഞായറാഴ്ചയും ദേവാലയങ്ങളിൽ നടത്തപ്പെടുന്നദിവ്യരഹസ്യങ്ങൾക്കു ഭാഗഭാക്കുകളാകുന്നതിന്നും കൎത്താവിന്റെ തിരുശരീരവും രക്തവും ഉൾക്കൊള്ളുന്നതിന്നുമായിട്ടല്ലാതെ അവർ തങ്ങ

ളുടെ ഏകാന്തവാസം വിട്ടിരുന്നില്ല. ജപധ്യാനങ്ങളിലും തപഃക്രിയകളിലും കൈവേലകളിലും ഉദ്യുക്തന്മാരായി അവർ കാലം വിനിയോഗിച്ചുവന്നു. ഗാഢമൌനവും നിരന്തരമായ ദൈവസന്നിധാനസ്മരണയും അവർ അനുഷ്ഠിച്ചുവന്നതിനാൽ അവ സ്വല്പമായിട്ടെങ്കിലും അവരുടെ ജപധ്യാനോത്സാഹത്തെ പോഷിപ്പിച്ചുവന്നതു്.



വി: മക്കാരി തനിക്കു ലഭിച്ച മുന്തിരിപ്പഴക്കുലയെ വേറൊരു സന്ന്യാസിക്കു് കൊടുത്തയക്കുന്നതു്.

ആ വാനപ്രസ്ഥന്മാരുടെ ആശാനിഗ്രഹം അതിശയനീയമായിരുന്നു. ഒരിക്കൽ ആരോ ഒരു മുന്തിരിപ്പഴക്കുല വി: മക്കാരിക്കു സമ്മാനിക്കയുണ്ടായി. അദ്ദേഹം അതു രുചിക്കാതെ രോഗാതുരനായ ഒരു സന്ന്യാസിക്കു കൊടുത്തയച്ചു. ആ സന്ന്യാസിയാവട്ടെ അതു അനുഭവിക്കാതെ വേറൊരു വനവാസിക്കു കൊടുത്തയച്ചു. അദ്ദേഹം മറെറാരുവന്നു. ഇങ്ങനെ എല്ലാ

വരുടെയും പക്കൽ ആ ദ്രാക്ഷാഫലശേഖരം ചെന്നുവെങ്കിലും ആരും അതിൽ ഒന്നുപോലുമെടുത്തില്ല. ഒടുവിൽ വി: മക്കാരിയുടെ പക്കൽതന്നെ അതു വീണ്ടും ചെന്നു. അപ്പോൾ ആ മുനീന്ദ്രശ്രേഷ്ഠൻ തന്റെ സന്ന്യാസികളുടെ ആശാനിഗ്രഹത്തെ നല്ലവണ്ണം ഗ്രഹിച്ചു ആനന്ദിച്ചു ദൈവത്തെ സ്തുതിക്കയുണ്ടായി. ആ വാനപ്രസ്ഥന്മാർ എല്ലാവരുംതന്നെ മഹാതപഃപ്രവൃത്തികളാണ് അനുഷ്ഠിച്ചുവന്നിരുന്നതെങ്കിലും വി: മക്കാരിയുടെ തപഃക്രിയകൾ അവയിലും കവിഞ്ഞതായിരുന്നു. അദ്ദേഹം ഏഴുവൎഷത്തേക്കു പച്ചപ്പയറും പാകം ചെയ്യാത്ത ചീരയും മാത്രമാണ് ഭക്ഷിച്ചുവന്നത്. അതിന്റെശേഷംവന്ന മൂന്നു വൎഷങ്ങളിലും അഞ്ചോ ആറോ ശ്രുപാത്തുക്കം അപ്പവും കുറച്ചു എണ്ണയും മാത്രമായിരുന്നു അദ്ദേഹത്തിന്റെ പ്രതിദിന ആഹാരം. അദ്ദേഹത്തിന്റെ ഉറക്കൊഴിച്ചിലും അതിശയനീയമായിരുന്നു. ഇതിനും പുറമെ, ശേഷംവാനപ്രസ്ഥന്മാർ അനുസരിച്ചുവന്ന തപഃപ്രവൃത്തികളെല്ലാം തന്നെ അദ്ദേഹവും അത്യുത്സാഹത്തോടെ അനുഷ്ഠിച്ചുവന്നു.

വി: മക്കാരിയുടെ അസാധാരണമായ പുണ്യങ്ങൾക്കു പരിശോധനകൾ ഉണ്ടാകാതെയിരുന്നില്ല. റോമായിൽ ചെന്നു അവിടെയുള്ള ആതുരശാലകളിലുള്ള രോഗികളെ പരിചരിക്കണമെന്നുള്ള വിചാരം പിശാചു വരുത്തി അദ്ദേഹത്തെ നന്നാ കഷ്ണിപ്പിക്കുകയുണ്ടായി. പക്ഷെ അദ്ദേഹം മഹാ എളിമയുള്ളവനായിരുന്നതുകൊണ്ടു അതു് പിശാചിന്റെ പരീക്ഷയാണെന്നു ഗ്രഹിച്ചു അതിനെ തള്ളിക്കളഞ്ഞു. അനന്തരം വനവാസംവിടണമെന്നുള്ള വിചാരം ശക്തിയായിട്ടു അദ്ദേഹത്തെ ബാധിച്ചു. അതു തള്ളിക്കളഞ്ഞിട്ടും മാറുന്നില്ലായെന്നു കണ്ടപ്പോൾ ആ വിശുദ്ധൻ തന്റെ കുടിലിനകത്തുകിടന്നുകൊണ്ടു "എനിക്കൊട്ടും മനസ്സില്ല; നിനക്കു എന്നെ എടുത്തുകൊണ്ടു പോകാമെങ്കിൽ പൊയ്ക്കൊള്ളൂ" എന്നു നിലവിളിച്ചു, ആ കിടപ്പിൽതന്നെ വൈകുന്നതുവരെയും കിടന്നു. അപ്പോൾ ആ വിചാരം മാറിയെങ്കിലും, അവിടെനിന്നെഴുനേററപ്പോൾ വീണ്ടും ആ വിചാരം അദ്ദേഹത്തെ

അസാദ്ധ്യപ്പെടുത്തിയിരുന്നതിനാൽ അദ്ദേഹം ധൈയ്യം വെടിയാതെ രണ്ടുവലിയ കൊട്ടനിറയെ മണ്ണുവെട്ടികേററി ഇരുതോളിലും വഹിച്ചുകൊണ്ടു ആ വനം എങ്ങും നടന്നു. അതു കണ്ടു് അദ്ദേഹത്തിൻെറ ഒരു പരിചിതൻ "എന്താണിതു്? ഒരുകൊട്ടഞാൻ എടുത്തുകൊള്ളാം" എന്നുപറഞ്ഞപ്പോൾ വി: മക്കാരി "എന്നെ ശല്യപ്പെടുത്തുന്നവനെ ഞാൻ ശല്യപ്പെടുത്തുകയാണു്" എന്നുപറഞ്ഞു. സന്ധ്യയോടെ അദ്ദേഹം ആസകലം ക്ഷീണിച്ചും വിഷമിച്ചും തൻെറ കുടിലിൽ വന്നുചേൎന്നു. അതിനോടുകൂടെ ആ പരീക്ഷയും നീങ്ങി.

നിഷ്കപടാത്മാവുകൾക്കു വിശേഷവരം കല്പിച്ചുകൊടുക്കുന്നതിൽ സന്തുഷ്ടനായദൈവം വി: മക്കാരിക്കു പല സ്വഭാവാതീതവരങ്ങൾ നല്കാതിരുന്നില്ല അവയിൽ ഒന്നു മനുഷ്യൎക്കു ഗ്രഹിക്കാൻ സാധിക്കാത്ത സംഗതികളെ ഗ്രഹിക്കയെന്നതാണു്. ഒരുദിവസം അദ്ദേഹം ദേവാലയത്തിലായ്പ്രാൎത്ഥിക്കുകയിൽ നമസ്കരിച്ചുകൊണ്ടിരുന്ന സന്ന്യാസികളെ പിശാചുക്കൾ പരീക്ഷിക്കുന്നതു അദ്ദേഹംകണ്ടു. ഉറക്കം വരുത്തുന്നതിനായിട്ടു പിശാചുക്കൾ ചിലരുടെ കണ്ണുകളെ അടക്കുന്നതായിട്ടും, ചിലരുടെ ഉള്ളിൽ അന്യവിചാരം ഉൾപ്രവേശിക്കുന്നതിനുവേണ്ടി പല ഉപായങ്ങൾ പ്രയോഗിക്കുന്നതായിട്ടുംകണ്ടു. അതു കണ്ടു ആ മുനീന്ദ്രൻ ദീൎഘശ്വാസംവിട്ടു കരയുകയുണ്ടായി. നമസ്കാരം അവസാനിച്ചശേഷം ഓരോസന്ന്യാസിയെ പിശാചു പരീക്ഷിച്ചതു ഏതുവിധമായിരുന്നുവെന്നു വെളിപ്പെടുത്തുകയും, അതിന്നു ഇടംകൊടുക്കാതിരിക്കുന്നതിനുള്ള ഉപായങ്ങളെ ഉപദേശിക്കുകയും ചെയ്തു

ഈ വി: മക്കാരി നിവസിച്ചുവന്ന സ്ഥലത്തോടു തൊട്ടുകിടന്ന ക്ഷേത്തെ (Scete) യെന്നവനത്തിൽ ഈജിപ്തുകാരനായ വലിയ മക്കാരിയെന്നദേഹം, തൻെറ ഉന്നത പുണ്യയോഗ്യതകൾകൊണ്ടു പ്രശോഭിച്ചിരുന്നു. ഇവരിരുവരും മഹാസ്നേഹബന്ധത്തിലാണു വൎത്തിച്ചുവന്നതു. ഒരിക്കൽ ഈ രണ്ടു മഹാത്മാക്കളും ഒരുമിച്ചു് ഒരുപടവിൽകയറി നീലനദി കടക്കുന്ന

അവസരത്തിൽ റോമാചക്രവൎത്തിയുടെ പ്രതാപവാന്മാരായ രണ്ടു ഉദ്യോഗസ്ഥന്മാർ, അവരുടെ പരിവാരങ്ങളോടുകൂടെ അതിൽ കയറി. അവർ ആ മുനീന്ദ്രന്മാരുടെ മുഖഭാവത്തിൽ പ്രശോഭിച്ചിരുന്ന പ്രതാപത്തേയും ആനന്ദത്തെയും കണ്ടു അവരിൽ ഒരുവൻ തന്റെ സഖിയോടു, "ദരിദ്രതയിൽ ഭാഗ്യം അനുഭവിക്കുന്നവരെ കണ്ടാലും" എന്നു പറഞ്ഞു. അപ്പോൾ വി: മക്കാരി "ഞങ്ങളെ ഭാഗ്യവാന്മാരെന്നു പറയുവാൻ ന്യായമുണ്ടു്; അതാണു ഞങ്ങളുടെ പേർ. (മക്കാരിയോസ് എന്ന യൌനായ പദത്തിന്നു ഭാഗ്യവാൻ എന്നാകുന്നു അൎത്ഥം) അന്യദൃഷ്ട്യാ ലോകത്തെ ഞങ്ങൾ കഥവെക്കാത്തതു കൊണ്ടാണു ഞങ്ങൾ ഭാഗ്യവാന്മാർ എന്നു നിങ്ങൾ വിചാരിക്കുന്നുവെങ്കിൽ ലോകത്തെ ആദരിച്ചുവരുന്നവരും അതിനോടു ബന്ധിതന്മാരുമായ നിങ്ങൾ എങ്ങനെത്തവരായിരിക്കും" എന്നു അനുസ്മരിച്ചു. വി. മക്കാരിയുടെ ഈ വാക്കുകൾ പറഞ്ഞ ഉദ്യോഗസ്ഥന്റെ ഉള്ളിൽ അഗാധമായി പതിഞ്ഞു തന്നിമിത്തം അരമനയിലേക്കു മടങ്ങിച്ചെന്നായുടനെ അദ്ദേഹത്തിന്റെ സ്വത്തുക്കളൊക്കയും അദ്ദേഹം അഗതികൾക്കു വിഭജിച്ചുകൊടുത്തു തിരിച്ചുവന്നു വാനപ്രസ്ഥാശ്രമത്തെ സ്വീകരിക്കയുണ്ടായി.

വി: മക്കാരി സത്യവിശ്വാസം തന്നിൽ പാലിക്കാതെ പോയിരുന്നുവെങ്കിൽ തന്റെ വാനപ്രസ്ഥാശ്രമവൃത്തി വ്യൎത്ഥമായിഭവിച്ചേനെ. തിരുസഭയെ അക്കാലത്തു വിലപിപ്പിച്ചുവന്ന അരിയൻ ദുർബോധനയെന്ന വിഷം തീണ്ടാതിരിക്കുന്നതിന്നു് അദ്ദേഹം അത്യന്തം സൂക്ഷമുള്ളവനായിരുന്നു. അവരുടെ ദുരുപദേശം അദ്ദേഹത്തെ ബാധിക്കുകയുണ്ടായില്ല. കത്തോലിക്കാവിശ്വാസത്തിലുള്ള അദ്ദേഹത്തിന്റെ പ്രതിപത്തിയും ദൃഢവിശ്വാസവും നിമിത്തം അരിയൻ പതിതനും അലക്സന്ത്ര്യായുടെ പാത്രിയക്കീസുമായ ലൂസ്യൻ അദ്ദേഹത്തെയും, അദ്ദേഹത്തിന്റെ സഖിയായ ഈജിപ്തുകാരൻ വലിയ മക്കാരിയനെയും മറ്റു പലരോടുംകൂടെ, ൩൭൫-ൽ അവരുടെ ആശ്രമങ്ങളിൽനിന്നു നിഷ്കാസനം ചെയ്തു ദേശാന്തരന്മാരാക്കി. അരി

നാല്പണ്ടായ ഉപദ്രവങ്ങളൊക്കയും സത്യവേദത്തെപററിയുള്ള അദ്ദേഹത്തിന്റെ പ്രതിപത്തിനിമിത്തം സഹിച്ചും നൂറാവാൎദ്ധക്യം ചെല്ലുന്നതുവരെയ്ക്കും ജീവിച്ചും ൩൯൪—ൽ അദ്ദേഹം ദേഹവിയോഗം പ്രാപിച്ചു. ഇക്കാലപൎയ്യന്തം ന്യൂത്രിയായിൽ അദ്ദേഹത്തിന്റെ നാമധേയത്തിൽ ഒരു സന്ന്യാസാശ്രമം സ്ഥിതി ചെയ്യുന്നുണ്ടു്.

സാദ്ധ്യം— വനവാസികൾ അനുസരിച്ചുവന്ന തരത്തിലുള്ളതപോജീവിതം അനുഷ്ഠിച്ചുവരുവാൻ നമ്മെക്കൊണ്ടു സാധിക്കാത്തപക്ഷം മിതഭോജനമെങ്കിലും അനുസരിച്ചുവരുവാൻ നമ്മെക്കൊണ്ടു സാധിക്കാവുന്നതുകൊണ്ടു്, അതു് അനുസരിച്ചുവരുവാനും പരിശോധനകൾ നേരിടുമ്പോൾ അവയെ ജയിക്കാൻ ആവശ്യമായ സ്വനിഗ്രഹത്യാഗങ്ങളെ ചെയ്തുവരുവാനും ദൈന്യതയോടെ ദൈവസഹായത്തെ പ്രാൎത്ഥിക്കാനും താല്പൎയ്യം വെക്കുകയും, എല്ലായ്പ്പോഴും വാക്കുപ്രവൃത്തിയിൽ, അതു് സാധിക്കാത്തപ്പോൾ കൈവേലകളിലെങ്കിലും ഉദ്യോഗപ്പെട്ടിരിക്കാനും എന്തൊക്കെ ഉപദ്രവങ്ങൾ നേരിട്ടാലും സത്യവിശ്വാസത്തെ അപലപിക്കാതിരിക്കാനും നമ്മാൽകഴിയുന്നതു ചെയ്യുകയുംവേണം.

## മകരം (ജനവരി) ൩-ാംനു-.

### കന്യകയും പാരിസ് നഗരത്തിന്റെ രക്ഷകയുമായ വി. ജനവിയവ് (ഭഹവ).

പാരിസ് നഗരത്തിനു സമീപേയുള്ള നാന്തേർ എന്നഗ്രാമമാണു വി: ജനവിയവിന്റെ ജന്മസ്ഥലം. മെത്രാന്മാരായ വി: ജർമാനും ലൂപ്പും പെലാജിയൻ ദുർബോധനയെ അമൎച്ചചെയ്യുവാനായി (*) വലിയബ്രിട്ടനിലേക്കു് പോകുംവഴിക്കു് നാന്തേരിൽ തങ്ങുകയുണ്ടായി. അപ്പോൾ ആ വനിതയ്ക്കു് ഏഴു വയസ്സുമാത്രമെ പ്രായമുണ്ടായിരുന്നുള്ളു. ആ മഹാത്മാക്കൾ അ

(*) തിരുസഭാചരിത്രസംഗ്രഹം ൫-ാം ശതാബ്ദം ൯-ാം അദ്ധ്യായം നോക്കുക.

വിടെവന്നെത്തിയയുടനെ അവരുടെ ആശീസ് വാങ്ങുന്നതി നായിട്ട് മഹാജനപ്പുരുഷാരം അവിടെ വന്നുകൂടി. ആ കൂട്ട ത്തിൽ വി: ജനവിയവും സന്നദ്ധയായിരുന്നു. അപ്പോൾ വി: ജർമാൻ അലോക ജ്ഞാനനിവേശിതനായി ആ ബാലികയേ യും അവളുടെ മാതാപിതാക്കന്മാരേയും അരികെവിളിച്ച് അ വൾ ഒരു മഹാ പുണ്യവതിയായിത്തീരുമെന്നും, ഒരു ദൈവദാ സിയായി വത്തിക്കണമെന്ന് അവൾ ചെയ്തിട്ടുള്ള പ്രതിജ്ഞാ നുസൃതം പ്രവത്തിക്കുമെന്നും, അവളുടെ സുകൃതമാതൃകകളെ പ ലരും അനുകരിക്കാൻ കാരണഭൂതയായാരിക്കുമെന്നും പ്രവചിക്കു കയുണ്ടായി. തത്ക്ഷണംതന്നെ ആ ബാലിക താൻ നിത്യവിര ക്തയായി ജീവിക്കാൻ ആഗ്രഹിക്കുന്നുവെന്നും, ഈശോമ്ശിഹാ യുടെ മണവാട്ടിയായി വത്തിക്കാനല്ലാതെ വേറൊന്നും താൻ അപേക്ഷിക്കുന്നില്ലായെന്നും ഉണത്തിച്ചു. അപ്പോൾ ആ വി ശുദ്ധ മെത്രാൻ അവളെ പ്രത്യേകം അനുഗ്രഹിച്ച് ദേവാലയ ത്തിലേക്ക് അവളെ കൂട്ടിക്കൊണ്ടുപോയി, ആ മഹാജനതതിമു മ്പാകെ അവളുടെ ശിരസ്സിന്മേൽ തൻെറ കരങ്ങളെ വെച്ചു അ വളെ ദൈവത്തിന്നായിട്ട് പ്രതിഷ്ഠിക്കയുണ്ടായി. അടുത്തദിവ സം വി: ജർമാൻ അവളെ വിളിച്ചു അവൾ ദൈവത്തോടു ചെ യ്ത പ്രതിജ്ഞയെ ഓമ്മിക്കുന്നുണ്ടോയെന്നു ചോദിച്ചു. അതി ന്നവൾ "ഞാൻ അതു ഓമ്മിക്കുന്നുണ്ട്; എന്നുമാത്രമല്ല ദൈവ സഹായത്തോടെ വിശ്വസ്തയായി അതിനെ പാലിക്കുമെന്ന് പ്രതീക്ഷിക്കുന്നു" എന്നു ഉത്തരിച്ചു. ആ ഉത്തരം കേട്ട് ആ വി: മെത്രാൻ അത്യന്തം സന്തുഷ്ടനായി അനന്തരം സ്ലീവാരൂ പം പതിച്ചിരുന്ന ഒരു കാശു അവൾക്ക് അദ്ദേഹം കൊടുക്കു കയും, അതു അവൾ ചെയ്ത പ്രതിജ്ഞയുടെ സ്മരണയ്ക്കായി സ ദാ കഴുത്തിൽ ധരിച്ചിരിക്കണമെന്ന് കല്പിക്കുകയും ചെയ്തു.

അതിൻെറശേഷം, ആ വനിത തന്നെ ലോകസംസർഗ്ഗങ്ങ ളിൽനിന്നു വിമുക്തയായി കരുതുകയും ഭക്തിസാധനകളിലല്ലാ തെ മറ്റൊന്നിലും അവൾക്ക് അഭിരുചിയില്ലാതാകുകയും ചെ യ്തു. ഒരിക്കൽ ജനവിയവയുടെ മാതാവ് ദേവാലയത്തിലേക്കു

പോകുകയിൽ അവളെക്കൂട്ടികൊണ്ടു പോകാഞ്ഞതിനാൽ ആ ബാലിക കരഞ്ഞുതുടങ്ങി. അമ്മയ്ക്കു് അതിന്മേൽ ഈൎഷ്യ തോന്നി അവളെ ഒന്നടിച്ചു. തത്ക്ഷണംതന്നെ അമ്മയുടെ കണ്ണു കാണാൻമേലാതായി. ഈയവസ്ഥയിൽ രണ്ടു സംവത്സരം അവൾ കഴിച്ചശേഷം, മകൾ സ്ലീവാ വരച്ചു കൊണ്ടുവന്നു കൊടുത്ത വെള്ളംകൊണ്ടു് കണ്ണു കഴുകിയതിനാലാണു് കാഴ്ചപ്രാപിച്ചതു്.



വി: ജനവിയവ്വ് ആടുകളെ മേയിക്കുകയിൽ നമസ്കരിക്കുന്നതു്.

അവളുടെ ൧൫-ാമത്തെ വയസ്സിൽ പാരിസിലെ മെത്രാനച്ചൻ ആ വനിതയ്ക്കും അവളുടെ സഖികൾക്കും ദൈവപ്രതിഷ്ഠിതകൾക്കുള്ള സ്ഥാനവസ്ത്രം വിതരണംചെയ്തപ്പോൾ ജനവിയവ് ശേഷം യുവതികളെക്കാൾ പ്രായം കുറഞ്ഞവളായിരുന്നുവെങ്കിലും ആദ്യം അവൾക്കാണു് ആ വസ്ത്രം കൊടുത്തതു്. അതുമന്നു വി: ജാർമാൻ ചെയ്തതിനെ അനുസ്മരിപ്പിച്ചായിരുന്നു. ത

ൻെറ മാതാപിതാക്കന്മാരുടെ കാലശേഷം വി: ജനവിയവ് പാരിസിൽചെന്നു് തൻെറ അദ്ധ്യാത്മികസ്ഥാനമാതാവിനോടു കൂടെ താമസിച്ചു് മഹാതപഃക്രിയകളെ അനുഷ്ഠിച്ചുവന്നു. ദൈവത്തിന്മേൽ അവൾക്കുണ്ടായിരുന്ന വിശ്വാസവും, പ്രത്യാശയും, സ്നേഹവും, അനന്യസാധാരണങ്ങളായിരുന്നു. അധിഭക്തിയോടേയും കണ്ണുനീർ വാർത്തുകൊണ്ടുമാണ് ദൈവത്തെ അവൾ നമസ്കരിച്ചുവന്നതു്. അതിൽ അവൾ അനുഭവിച്ചിരുന്ന ആശ്വാസം ലോകസുഖങ്ങൾ അനുഭവിക്കുന്നവൎക്കുണ്ടാകുന്നതിനെക്കാൾ പതിന്മടങ്ങു ആനന്ദകരമായിരുന്നു.

ആ വനിതയുടെ ജീവിതം ഈവിധം ആനന്ദകരമായതു മാത്രമായിരുന്നില്ല ലോകർ അവളുടെമേൽ കുററം ആരോപിച്ചു. അവൾ നടിക്കുന്ന മേല്പെട്ട വരങ്ങൾ മനഃകല്പിതങ്ങളും അവാസ്തവങ്ങളുമാണെന്നു പറഞ്ഞും തുടങ്ങി. അവയൊക്കെയും ആ വനിത മഹാ ക്ഷമയോടെ സഹിച്ചു് തൻെറ ജീവിതമുറയിൽനിന്നു വ്യതിചലിക്കാതെ വൎത്തിച്ചുവന്നു.

അക്കാലത്താണ് ഹുണർ ഫ്രാൻസിനെ ആക്രമിച്ചതു്. അവർ ആററിലായുടെ നേതൃത്വത്തിൽ പാരിസിനെ ആവൃതം ചെയ്യുവാൻ നിശ്ചയിച്ചിരുന്നുവെന്നുള്ള വൎത്തമാനം എങ്ങും പരന്നു. നഗരവാസികൾ ഭയവിഹ്വലന്മാരായി നഗരം വിട്ടു പോകാൻതുടങ്ങി. അപ്പോൾ ജനവിയവ് ഈശ്വരകടാക്ഷത്തിൽ ആശ്രയിച്ചു അതു സംഭവിക്കുകയില്ലായെന്നു് പ്രവചിച്ചു. ഏതാനും സ്ത്രീകളൊഴികെ ആരും അതു വിശ്വസിച്ചിരുന്നില്ല. ജനവിയവും ആ സ്ത്രീകളും ഒരു ദേവസദനത്തിൽ കൂടി ഈശ്വരപ്രാൎത്ഥനയിലും തപഃക്രിയകളും കാലം വ്യയം ചെയ്തു, ദൈവസഹായത്തെ അൎത്ഥിച്ചുവന്നു. ഹുണർ അവരുടെ നിശ്ചയത്തെ ഭേദപ്പെടുത്തുന്നതിനും ജനവിയവയുടെ പ്രവാക്യം സാധൂകരിക്കപ്പെടുന്നതിനും സംഗതിയായി. അന്നുമുതൽ ആ വനിതയെ സകലരും ആദരിച്ചുവന്നു. അന്യ ദിക്കിലും ജനവിയവയുടെ കീൎത്തി വ്യാപിക്കുകയുണ്ടായി. ഈജിപ്തിലെ ഒരു തപോധനനായ ശെമോൻ സ്ഥിലിത്തേ അഥവാ സ്തംഭ

താപസൻ ആ മഹതിയെ കീർത്തിക്കുകയും അവളുടെ പ്രാത്ഥനയെ യാചിക്കുകയും ചെയ്തുവന്നു. ഈ ആദരവും ബഹുമാനവും, കിൽഡെരിക്ക് പാരിസിനെ ആക്രമിച്ചതിനോടുകൂടി ശതഗുണീഭവിച്ചു. ആ നഗരവാസികൾ ഭോജ്യസാധനങ്ങളില്ലാതെ വലയുകയിൽ ജനവിയവ്, ശത്രൂപദ്രവം തെല്ലുപോലും ഭയപ്പെടാതെ ചിലരെ കൂട്ടിക്കൊണ്ടു ത്രോവെ (Troyes) പട്ടണത്തിൽ ചെന്നു് ഭോജ്യപദാത്ഥങ്ങളെ ശേഖരിച്ചുകൊണ്ടുവന്നു കൊടുത്തു. കിൽഡരിക്ക് ആ നഗരം പിടിച്ചുശേഷം അദ്ദേഹം ഒരു വിഗ്രഹാച്ചകനായിരുന്നുവെങ്കിലും, ജനവിയവയുടെ അപേക്ഷാനുസൃതം യുദ്ധബംദീകൃതന്മാരെ വിടുകയും വേറെ പല അനുഗ്രഹങ്ങളെ ചെയ്തുകൊടുക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ പുത്രനായ ക്ലോവിസും തൻെറ പിതാവിനെ അനുകരിച്ചു ആ വനിതയുടെ അപേക്ഷപ്രകാരം പല സൽപ്രവത്തികളെ ചെയ്തുകൊടുക്കുകയുണ്ടായി. ജനവിയവയുടെ പ്രേരണയാലാണ് ഈ ഫ്രഞ്ച് രാജാവ് വി: പത്രോസിൻെറയും വി: പൌലോസിൻെറയും ബ്രഹ്മാണ്ഡദേവാലയപ്പണി തുടങ്ങിയതു്. ഇങ്ങനെ മഹാ പുണ്യസമ്പന്നയായ ആ മഹതി ക്ലോവിസ് രാജാവ് നാടുനീങ്ങി ൫ സംവത്സരം കഴിഞ്ഞതിപ്പോൾ, ക്രിസ്താബ്ദം ൫൧൨-ൽ അവളുടെ ൮൯-ാമത്തെ വയസ്സിൽ നിത്യാതയാകുകയും ഒന്നാമത്തെ ക്രൈസ്തവ ഫ്രഞ്ചുരാജാവായ അദ്ദേഹത്തിൻെറ പ്രേതകുടീരത്തിന്നു് സമീപമായി ഭൂമിദാനം ചെയ്യപ്പെടുകയും ചെയ്തു. ആ വിശുദ്ധയുടെ ശവകുടീരത്തിന്മേൽ ജനങ്ങൾ മരംകൊണ്ടുള്ള, ഒരു പ്രാത്ഥനാലയം പണിയിച്ചു. ഒരു മഹാ ദേവാലയം പണിയുന്നതുവരെയ്ക്കും അതു സ്ഥിതിചെയ്തിരുന്നു. ആ മഹാ ദേവാലയത്തിലെ പ്രധാന പീഠം മുഴുവനും രാജാക്കന്മാരും രാജ്ഞികളും ദാനിച്ചിട്ടുള്ള രത്നശ്രേണികളാൽ അലംകൃതമായിരിക്കുന്നു.


സാദ്ധ്യം—നാമും ഈ പുണ്യവതിയെ അനുകരിച്ചു വിരോധങ്ങളിലും വിരുദ്ധങ്ങളിലും അവധൈയ്യപ്പെടാതെയും ആരംഭിച്ച പുണ്യജീവിതത്തെ വിടാതെയും അങ്ങനെയുള്ള സമയങ്ങളിൽ ജപതപങ്ങൾ ചെയ്തു ദൈവസഹായത്തെ ശരണം പ്രാപിക്കണം.

# മകരം (ജനുവരി) ൪-ാംനു-

## ക്രേത്തദ്വീപിന്റെ മെത്രാനും പ്രേഷകനായ വി: പൌലോസിന്റെ ശിഷ്യനുമായ വി: തെത്തോസ്

## (൧-ാം ശതാബ്ദം.)

വി: തെത്തോസ് വിഗ്രഹാരാധകന്മാരായ മാതാപിതാക്കന്മാരിൽനിന്നാണ് ജനിച്ചതു്. തന്നിമിത്തം ആരംഭദശയിൽ അദ്ദേഹം ബിംബാച്ചകനായിരുന്നു. വി: പൌലോസ് അദ്ദേഹത്തെ പുത്രനെന്നു അഭിധാനം ചെയ്തിരിക്കകൊണ്ടു് ആ പ്രേഷിതനായിരിക്കണം അദ്ദേഹത്തെ സത്യവേദത്തിലേക്ക് മാനസാന്തരപ്പെടുത്തിയതു്. അതെങ്ങിനെയിരുന്നാലും അവരിരുവരും ഗുരുവും ശിഷ്യനും കണക്കെ വത്തിച്ചവന്നുവെന്നും വി: പൌലോസിന്റെ സുവിശേഷപ്രയാണങ്ങളിലും പ്രയാസങ്ങളിലും വി: തെത്തോസ് നിരന്തരം കൂട്ടായിരിന്നുവെന്നുമുള്ളതു് പ്രത്യക്ഷമാണ്. ക്രിസ്താബ്ദം ൫൦-ൽ അദ്ദേഹം ആ പ്രേഷിതനോടുകൂടെ ഓർശ്ലേമിൽ ചെന്നു ന്യായപ്രമാണാചാരത്തെപററിയുള്ള വാദപ്രതിവാദത്തെ തീരുമാനിക്കുന്നതിനു കൂടിയ ആലോചനാസംഘത്തിൽ സംബന്ധിക്കുകയുണ്ടയി. കൂറിന്തോസ്സഭയിൽ കടന്നുകൂടിയ ദൂഷണങ്ങളുടേയും ഭിന്നതകളുടെയും പരിഹാരാത്ഥം ൫൬-ൽ അദ്ദേഹത്തെ വി: പൌലോസ് അവിടേക്ക് അയച്ചു. ആ ആദേശം അദ്ദേഹം സ്തുത്യഹം നിറവേററി. തന്നിമിത്തം അപരാധികൾ മനസ്താപപ്പെടുകയും, എല്ലാവരും തങ്ങളുടെ ധമ്മത്തെ പാലിച്ചുവരുകയുംചെയ്തു. വി. തെത്തോസിനു് കൂറിന്ത്യരോടു് ഒരു പ്രത്യേക വാത്സല്യം ജനിക്കുകയാൽ അദ്ദേഹം മദ്ധ്യസ്ഥം വഹിച്ചു് ആ പ്രേഷിതൻ സഭാഭ്രഷ്ടന്മാരാക്കിയവക്കു് മോചനം കൊടുപ്പിച്ചു. ഏതാനും സംവത്സരശേഷം ഓർശ്ലംസഭയിലെ അഗതികളുടെ സംരക്ഷണാത്ഥമുള്ള ധമ്മത്തിനുവേണ്ടി വി: പൌലോസ് അദ്ദേഹത്തെ വീണ്ടും അവിടേക്ക് അയക്കുകയും അതും ശ്രേയസ്കരം അദ്ദേഹം നിവ്വഹിക്കയും ചെയ്തു.



വി: തെത്തോസ് പ്രയാണംചെയ്കയിൽ ജപധ്യാനംചെയ്യുന്നതു്.

വി: പൌലോസ് കാരാഗൃഹത്തിൽനിന്ന മോചിതനായി റോമായിൽനിന്ന പോരുന്ന മാൎഗ്ഗമദ്ധ്യേ ക്രേത്തെയിലിറങ്ങി അവിടങ്ങളിൽ വേദം പ്രസംഗിക്കുകയുണ്ടായി. ഇതരസഭകളിലെ ആവശ്യം അദ്ദേഹത്തെ അവിടം വിടുന്നതിന്ന നിൎബ്ബന്ധിച്ചപ്പോൾ, വി: തെത്തോസിനെ ആ ദ്വീപുകളുടെ മെത്രാനായി സ്ഥാപിച്ചും താൻ ആരംഭിച്ച സുവിശേഷവേല പൂൎത്തികരിക്കുന്നതിനുള്ള ചുമതല ഭരമേല്പിച്ചുംവച്ചാണ് ആ പ്രേഷിതൻ പോന്നതു്. ഇതു, ആ വിശുദ്ധ പ്രേഷിതന്ന് തന്റെ ശിഷ്യനെപ്പററി എത്രമാത്രം സമ്മതവും ബഹുമാനവും ഉണ്ടായിരുന്നുവെന്ന പ്രസ്പഷ്ടമാക്കുന്നു എന്ന വി: ക്രിസോസ്തോമോസ് എഴുതിയിരിക്കുന്നു.

വി: പൌലോസ് തന്റെ ശിഷ്യനെ അധികം സ്നേഹിച്ചിരുന്നതിനാൽ അദ്ദേഹത്തിന രണ്ടു ലേഖനങ്ങൾ ആ പ്രേഷിതൻ എഴുതുകയുണ്ടായി. അവയാണ് പുതിയ നിയമത്തിൽ ഉ

ളളത്. അവയിൽ, പട്ടണന്തോറും ആചാൎയ്യന്മാരെ അഭിഷേചിച്ചു സ്ഥാപിക്കേണ്ടതാണെന്നും അതിനായിട്ടു നിയോഗിക്കേണ്ടവരുടെ ഗുണലക്ഷണങ്ങൾ ഇന്നവകളാണെന്നും ഒരുത്തമ ആത്മാജപാലനായിരിക്കേണ്ട അദ്ദേഹം ചെയ്യേണ്ടതെന്തെല്ലാമാണെന്നും നിൎദ്ദേശിച്ചിരിക്കുന്നു. കൂടാതെയും അദ്ദേഹത്തെ കാണ്മാൻ ആ പ്രേഷിതൻ അത്യന്തം ആശിക്കുന്നുവെന്നും, അതുകൊണ്ടു അദ്ദേഹം നിക്കോപൊലിയിലേക്ക് വരണമെന്നും കല്പിക്കുകയും ചെയ്യുന്നു. ക്രിസ്ത്വാബ്ദം ൬൰൫-ൽ വി: പൌലോസ് തന്റെ ശിഷ്യനെ ദല്മാന്ത്യായിൽ സുവിശേഷം പ്രസംഗിക്കുന്നതിനു നിയോഗിക്കുകയുണ്ടായി. ഏതാനും സംവത്സരം കഴിഞ്ഞശേഷം വി: തെത്തോസ് അവിടെനിന്നു ക്രേത്തദ്വീപിലേക്ക് മടങ്ങുകയും അവിടത്തെ സഭയെ സ്തുത്യൎഹമാംവണ്ണം ഭരിക്കുകയും പരിസരപ്രദേശങ്ങളിൽ സത്യവേദപ്രചാരാൎത്ഥം പണിപ്പെടുകയും ചെയ്തു. അവസാനത്തിൽ നന്നാ വാൎദ്ധക്യം ചെന്നു അവിടെ വെച്ചുതന്നെ നിൎവ്വാതനായി. അദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ കൊൎത്തീൻപട്ടണത്തിലുണ്ടായിരുന്നു. ആ പട്ടണനിവാസികൾ തങ്ങളുടെ ഒന്നാമത്തെ മെത്രാപ്പോലീത്താ അദ്ദേഹമാണെന്നു പ്രഘോഷിച്ചുവരുന്നു. ൮൱൨൰൩-ൽ സാരസന്മാർ (മഹമ്മദീയർ) ആ പട്ടണത്തെ നശിപ്പിച്ചശേഷം അദ്ദേഹത്തിന്റെ കപാലംമാത്രമേ അവിടെയുണ്ടായിരുന്നുള്ളൂ. അതു് അനന്തരം വെനിസിലേയ്ക്കു് കൊണ്ടുപോകപ്പെടുകയും അവിടെ വി: മൎക്കോസിന്റെ ബ്രഹ്മാണ്ഡദേവാലയത്തിൽ സ്ഥാപിക്കപ്പെടുകയും ചെയ്തു.

സാദ്ധ്യം:— നമുക്ക് വല്ല അബദ്ധം സംഭവിച്ചാൽ അതിനെപ്പററി ശേഷംപേർ ഉപദേശിക്കുമ്പോൾ അനുസരിക്കുകയും ആ അബദ്ധത്തെ പരിഹരിക്കുന്നതിനു മദ്ധ്യസ്ഥന്മാരെ പിടിക്കുകയും ചെയ്യണം.

---

# മകരം (ജനവരി) ൫-ാംനു-

## വി: ശെമോൻസ്ഥ് ലിത്തെ അഥവാ സ്തംഭതാപസൻ (ർഭൻ).


ക്രീസ്തിയലോകത്തിനു മാത്രമല്ല റോമാസാമ്രാജ്യമൊട്ടുക്കും വിഗ്രഹസേവകന്മാക്കുപോലും അത്ഭുതജനകമായിരുന്ന ഒരു ജീവിതവൃത്തിയെ അനുഷ്ഠിച്ചുവന്ന ഒരു മഹാ തപോധനനാണു ഈ മഹാ പുണ്യവാൻ. അദ്ദേഹം നിർധനനായ ഒരു ആട്ടിടയൻെറ പുത്രനായിരുന്നു. സിലിസ്യായുടെയും സുറിയായുടെയും അതിത്തിയിലുള്ള ഒരു ചെറിയ ഗ്രാമത്തിലാണ് അദ്ദേഹം ജനിച്ചത്. ആരംഭത്തിൽ ആട്ടുകളെമേയിച്ചു നടന്നുവന്നു. ഒരു ദേവാലയത്തിൽവച്ച് "കരയുന്നവർ ഭാഗ്യവാന്മാർ; ഹൃദയശ്ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ;" എന്നുള്ള സുവിശേഷവാക്യങ്ങൾ കേൾക്കാൻ സംഗതിയായി. അപ്പോൾ അദ്ദേഹത്തിനു ൧൩ വയസ്സു മാത്രമെ പ്രായമുണ്ടായിരുന്നുള്ളു. ആയതിനാൽ ഒരു വൃദ്ധൻെറ പക്കൽചെന്നു, ആ വാക്യങ്ങളുടെ അത്ഥമെന്താണെന്നും, ആ ഭാഗ്യം ലഭിക്കുന്നതിനുള്ള മാഗ്ഗമേതാണെന്നും ചോദിച്ചു. അപ്പോൾ ആ കിഴവൻ, വാസ്തവമായ ഭാഗ്യം സിദ്ധിക്കുന്നതിന് ഉപവസിക്കുകയും, നമസ്കരിക്കുകയും പാപത്തിന്മേൽ മനസ്താപിക്കുകയും നിന്ദോപദ്രവങ്ങളെ സഹിക്കുകയും ചെയ്യുന്നമെന്നാണ് ആ സുവിശേഷവാക്യങ്ങൾ പ്രബോധിപ്പിക്കുന്നതെന്നും ഈ ധമ്മങ്ങളെ അനുഷ്ഠിക്കുന്നതിന്നും പുണ്യാഭാസങ്ങളിൽ സ്ഥിരമായി നിലനില്ക്കുന്നതിനുമുള്ള മാഗ്ഗം ഏകാന്തവാസമാണെന്നും, പറഞ്ഞുകൊടുത്തു. അതുകേട്ടയുടനെ ആദ്ദേഹം അവിടെനിന്നു പോയി തനിയെ ദൈവസന്നിധിയിൽ സാഷ്ടാംഗംവീണ്, പുണ്യപൂണ്ണതയുടെ മാഗ്ഗത്തിൽതന്നെ നടത്താറാകണമെന്നു ദൈവത്തെ പ്രാത്ഥിച്ചു. സ്വല്പം കഴിഞ്ഞപ്പോൾ ഒരു മനോഹരനിദ്ര അദ്ദേഹത്തിന്നുണ്ടായി. അതിൽ അദ്ദേഹം ഒരു കാഴ്ചകണ്ടു. അതു അദ്ദേഹം പലപ്പോഴും പ്രസ്താവിക്കുമായിരുന്നു. ആ കാഴ്ച ഇതാണ്:- "ഞാൻ ഒരു വലിയ കുഴികുഴിക്കുന്നതായി തോന്നി. അപ്പോൾ ഇതാ ഒരുത്തൻ വ

ന്നു, വീണ്ടും കുഴിക്കാൻ കല്പിച്ചു. ഞാൻ കുഴിച്ചു നിറുത്താറായപ്പോൾ പിന്നെയും കുഴിക്കാൻ പറഞ്ഞു. ഇങ്ങനെ നാലു പ്രാവശ്യമുണ്ടായി. അതിൻെറ ശേഷം ഇപ്പോൾ കുഴി വേണ്ടിടത്തോളം താണു. ഇനി ഞാൻ ആഗ്രഹിക്കുന്ന രൂപത്തിലും വലിപ്പത്തിലും കെട്ടിടം പണിയാം എന്നു പറഞ്ഞു". ആ നിദ്ര തെളിഞ്ഞയുടനെ അദ്ദേഹം തിമോത്തിയെന്ന ഒരു പുണ്യസന്ന്യാസി ശ്രേഷ്ഠൻെറ ഭരണത്തിലായിരുന്ന സമീപെയുള്ള ഒരു സന്ന്യാസി മഠത്തിൽ ചെന്നു അതിൽ, ഏററവും നീചപ്രവൃത്തി ചെയ്യുന്ന ഒരു ദാസനായിട്ടു, തന്നെ കൈകൊള്ളാറാകണമെന്നു സാഷ്ടാംഗം വീണു അപേക്ഷിച്ചുകൊണ്ടു യാതൊന്നും തിന്നാതെയും കുടിക്കാതെയും പല ദിവസങ്ങൾ കഴിച്ചുകൂട്ടി. തന്നിമിത്തം ആ മഠാധിപതിക്കു അദ്ദേഹത്തിൻെറ മേൽ മനസ്സലിവു തോന്നി അദ്ദേഹത്തെ സന്ന്യാസാത്ഥികളുടെ ഗണത്തിൽ ചേത്തു. അനന്തരം സന്ന്യാസികൾ മനഃപാഠം പഠിക്കേണ്ടു സങ്കീത്തനങ്ങൾ പഠിക്കാൻ അദ്ദേഹം തുടങ്ങി. അതിൽ സ്വഗ്ഗീയ ഒരു ആനന്ദം അദ്ദേഹമനുഭവിച്ചിരുന്നതിനാൽ കൈയിൽ നിന്നു പുസ്തകം മാററിയിരുന്നില്ല. ഇങ്ങനെ അവിടെ രണ്ടു സംവത്സരം കഴിച്ചുകൂട്ടിയശേഷം അതിലും തപൊനിഷ്ഠയുള്ളതും അറുപത്തിരണ്ടു സംവത്സരങ്ങളായിട്ടു വനവാസവൃത്തി അനുഷ്ഠിച്ചു വന്ന ഹെലിയദോരെന്ന സന്ന്യാസി ശ്രേഷ്ഠൻെറ കീഴുള്ളതുമായ ആശ്രമത്തിലേക്കു അദ്ദേഹം പോകുകയും കുറഞ്ഞൊരു കാലയിടകൊണ്ടു് മഹാ പുണ്യ പദവിയെ പ്രാപിക്കുകയും എല്ലാവക്കും ഒരു സുകൃത മാതൃകയായി തീരുകയും ചെയ്തു. തപസ്സിൽ വി: ശെമോനുണ്ടായിരുന്ന താപം തൃപ്തിവരാത്തതായിരുന്നു. തന്നോടുതന്നെ പ്രവത്തിച്ച ക്രൂരതകൾ എത്രമാത്രമായിരുന്നുവെന്നുള്ളതിനു ദൈവം മാത്രമാണു സാക്ഷി. ഒരിക്കൽ കക്കശമുള്ള കിണററു കയറെടുത്തു് തൻെറ അരയ്ക്കു മുറുകെ കെട്ടി. അതിൻെറ മുറുക്കം നിമിത്തം ഏതാനും ദിവസം കഴിഞ്ഞപ്പോൾ ആ കയറു് മാംസം ഭേദിച്ചു് അകത്തേക്കു കടന്നു. അതാരെയും അദ്ദേഹം അറിയിച്ചില്ല. ആ കയറു്

അവിടെയിരുന്നു ദേഹം പഴപ്പിച്ച് ദുൎഗ്ഗന്ധം പുറപ്പെട്ടുതുടങ്ങിയപ്പോളാണ് ശേഷംപേർ അതിനെക്കുറിച്ച് തിരക്കിയറിയാനിടയായത്. അതു കടിപ്രദേശത്തു വരുത്തിയ വ്രണത്തോടുകൂടെ ഉടുപ്പു പററി പിടിച്ചുപോയിരുന്നതിനാൽ അതു കുതിൎക്കുന്നതിനു വേണ്ടിത്തന്നെ മൂന്നു ദിവസത്തേക്കു ധാര ചെയ്യേണ്ടിവന്നു. ആ കയറു വലിച്ചെടുത്തുകളഞ്ഞതിനോടുകൂടി ഉണ്ടായ മുറിവുകൊണ്ടുതന്നെ അദ്ദേഹം മരിച്ചുപോകുമെന്നു എല്ലാവരും വിചാരിച്ചുപോയി. അതിൽനിന്നുള്ള അസ്വാസ്ഥ്യം ഭേദപ്പെട്ടയുടനെ ഇത്തരം കഠിന തപഃക്രിയകൾ പൊതുസന്യാസിജീവിതത്തിനു വിഘാതം വരുത്തുന്നതാണെന്നു അവിടത്തെ സന്യാസിശ്രേഷ്ഠനു തോന്നുകയാൽ അദ്ദേഹത്തെ അവിടെനിന്നു പറഞ്ഞയച്ചു. ആകയാൽ ആ ദൈവ ശുശ്രൂഷി തെനാലിസെന്നാപൎവ്വതത്തിൻെറ അടിവാരത്തിൽ ചെന്നു താമസിച്ച് ഈശോകത്താവിൻെറ ഉപവാസത്തെ പൂൎണ്ണമായി അനുകരിക്കാൻ വേണ്ടി തപഃകാലം മുഴുവനും യാതൊന്നും ഭക്ഷിക്കാതെയും പാനം ചെയ്യാതെയും കഴിച്ചുകൂട്ടുവാൻ തീൎച്ചപ്പെടുത്തി. അതു തൻെറ ആത്മികോപദേഷ്ടാവും പുണ്യശ്ലോകനുമായ ബാസ എന്ന പട്ടക്കാരനോടു അറിയിച്ചപ്പോൾ, അതിനു ആ ദൈവ ശുശ്രൂഷിക്കു ശക്തിയുണ്ടാകുകയില്ലായെന്നു അദ്ദേഹത്തിനു തോന്നുകയാൽ ആവശ്യപ്പെട്ടാൽ അനുഭവിക്കുന്നതിനായിട്ടു പത്തു അപ്പവും കുറെ വെള്ളവും അവിടെ വെച്ചുകൊടുത്തു. നാല്പതു ദിവസം കഴിഞ്ഞു ചെന്നു നോക്കിയപ്പോൾ അവ അതെ സ്ഥിതിയിലിരിക്കുന്നതായും വി: ശെമോൻ മൂൎച്ഛിച്ചു നിലത്തു കിടക്കുന്നതായും കാണപ്പെട്ടു. അതിനാൽ ആ പട്ടക്കാരൻ കുറെ വെള്ളം തുള്ളി തുള്ളിയായി വായിൽ വീഴ്ത്തിയശേഷം ദിവ്യകാരുണ്യം കൊണ്ടുവന്നു കൊടുത്തു. അതിനോടുകൂടെ വി: ശെമോൻ എഴുന്നേല്ക്കുകയും കുറെ ചീരയില അനുഭവിക്കുകയും ചെയ്തു. പിന്നെ ഒന്നും തിന്നാതെ ശേഷം തപസ്സുകാലം മുഴുവനും കഴിച്ചു. അദ്ദേഹത്തിന് അന്നു 24 വയസ്സു മാത്രമെ പ്രായമുണ്ടായിരുന്നുള്ളുവെന്നു തെയോദോരെത്ത് എന്ന ദേഹം എഴുതിയിരിക്കുന്നു. ഈ എഴ

ത്തുകളിൽനിന്നാണ് ഈ വിശുദ്ധൻെറ ജീവിതമുറയെ നാം ഗ്ര ഹിക്കുന്നത്. അദ്ദേഹം നിന്നു നമസ്കരിച്ചു തുടങ്ങും; നില്ക്കാൻ ശക്തിയില്ലാതെയാകുമ്പോൾ ഇരുന്നുകൊണ്ടു അതു ചെയ്യും. തീരെ സാധിക്കാതെ വരുമ്പോൾ അവിടെതന്നെ ഒന്നു ശയി ക്കും. ഇങ്ങനെ മൂന്നു വഷം അവിടെ കഴിച്ചുകൂട്ടിയശേഷം അ ദ്ദേഹം ആ സ്ഥലം വിട്ടു പവ്വതമുകളിൽ കയറി വെറും പാറ കളാൽപരിവൃതമായതും യാതൊരു മൂടലു ഇല്ലാത്തതുമായ ഒരു സ്ഥലം പിടിച്ചു. അവിടെ മഴയ്ക്കും വെയിലിനും അധീനനാ യി ജീവിതം കഴിച്ചു തുടങ്ങി. അദ്ദേഹത്തിൻെറ കീത്തി സവ്വ ത്ര വ്യാപിച്ചതിനാൽ വിഗ്രഹസേവകന്മാർപോലും രോഗശമ നത്തിനു ശക്തിയുള്ളതായ അദ്ദേഹത്തിൻെറ ആശീസ്സ് വാങ്ങു ന്നതിനായിട്ടു ദൂരദിക്കുകളിൽ നിന്നുകൂടിയും വന്നുകൊണ്ടിരുന്നു. ഇങ്ങനെ വന്നിരുന്നവരിൽ പലർ അദ്ദേഹത്തെ തൊടാതെ പോയിരുന്നില്ല. ഈ ശല്യത്തിൽ നിന്നു വിമുക്തനാകാൻവേണ്ടി ആ വിശുദ്ധൻ അനന്യസാധാരണമായ ഒരു ജീവിതവൃത്തി തുട ങ്ങി. ആദ്യം ആറു മുഴം ഉയരമുള്ള ഒരു സ്തംഭമുണ്ടാക്കി അതി ന്മേൽ നാലു വഷം തപസ്സു ചെയ്തു. അതിൻെറശേഷം പന്ത്രണ്ടു മുഴവും, പിന്നെ ഇരുപത്തിരണ്ടു മുഴവുമുള്ളതായ രണ്ടു തൂണുകളു ണ്ടാക്കി ഓരോന്നിൽ പതിമ്മൂന്നു സംവത്സരം വീതം കഴിച്ചു. നാല്പതു മുഴം ഉയരമുള്ളതായ ഒന്നിന്മേലാണ് അദ്ദേഹത്തിൻെറ അവസാനത്തെ ഇരുപത്തിരണ്ടു വഷങ്ങൾ കഴിച്ചുകൂട്ടിയത്. ആ സ്തംഭത്തിൻെറ മുകൾഭാഗത്തിനു മൂന്നടി വിസ്താരം മാത്രമെ ഉണ്ടായിരുന്നൊള്ളു. തന്നിമിത്തം അതിന്മേൽ ശയിക്കാനൊ ഇ രിക്കാനൊ സാധിച്ചിരുന്നില്ല. ക്ഷീണിക്കുമ്പോൾ അതിൻെറ ചു റവുമുണ്ടായിരുന്ന ആധാരത്തിന്മേൽ ഒന്നു താങ്ങിനില്ക്കും. പല നാഴികനേരം ആകാശത്തേക്കു കണ്ണുകൾ ഉയത്തി പ്രാത്ഥിക്കുന്ന തായി കാണപ്പെട്ടിരുന്നു. അവിടെ വന്നിരുന്ന ജനങ്ങളോടു പ്രതിദിനം രണ്ടു പ്രാവശ്യം ഉപദേശിക്കും. സാധാരണയായി അ ദ്ദേഹത്തിൻെറ ഉപദേശം സത്യം ചെയ്യുന്നതിനേയും നീതി പാലിക്കുന്നതിനേയും പലിശ വാങ്ങിക്കുന്നതിനേയും ദേവാല

യത്തിലേക്കു പോകേണ്ടതിനേയും സംബന്ധിച്ചായിരുന്നു. അദ്ദേഹത്തിൻെറ ഉപദേശങ്ങൾ ഹൃദയഭേദകങ്ങളും അശ്രുധാരകളെ പൊഴിയിക്കുന്നതുമായിരുന്നു. അവ കേട്ടിരുന്നവർ സുകൃതത്തെ സ്നേഹിക്കാതെയും അകൃതത്തെ ദ്വേഷിക്കാതെയുമിരുന്നില്ല.



വി: ശെമോൻ സ്തംഭത്തിന്മേൽനിന്നു പ്രാൎത്ഥിക്കുന്നതു്.

ഈ അസാധാരണ ജീവിതവൃത്തിയെ ചിലർ ആക്ഷേപിച്ചും അപവാദങ്ങൾ പുറപ്പെടുവിച്ചും തുടങ്ങി. പരപ്രശംസക്കുവേണ്ടിയാണു്, അഥവാ കുറഞ്ഞപക്ഷം അനാവശ്യമായ ഒരു ജീവിതവൃത്തിയാണു് അതു എന്നായി പ്രായേണ പലരുടെയും അഭിപ്രായം. ആയതിനാൽ സമീപസ്ഥലങ്ങളിലുള്ള മെത്രാന്മാർ അതു ഒന്നു പരിശോധിക്കാൻ തീൎച്ചപ്പെടുത്തി. അവർ ദൂതന്മാരെ അയച്ചു, ആസ്തംഭത്തിൽനിന്നിറങ്ങാൻ ആ പരിശുദ്ധനോടു ആജ്ഞാപിച്ചു. ആ ആജ്ഞാനുസൃതം അദ്ദേഹം ഇറങ്ങുവാൻ ഭാവിക്കുന്നപക്ഷം, ആ ജീവിതവൃത്തിയെതന്നെ അനുവ

ത്തിച്ചുകൊള്ളുന്നതിന്ന് അനുവദിക്കണമെന്നായിരുന്നു ആ ദൂതന്മാരോടുള്ള മെത്രാന്മാരുടെ ആദേശം. സ്തംഭത്തിൽനിന്നിറങ്ങണമെന്നുള്ള ആജ്ഞ അറിഞ്ഞയുടനെ ആ ദൈവശുശ്രൂഷി തൂണിൽനിന്നിറങ്ങുവാൻ തുടങ്ങി. അപ്പോൾ ആ ദൂതന്മാർ ആ ജീവിതമുറയെതന്നെ തുടരു പോരുന്നതിന്ന് അനുവദിച്ചു. തന്നിമിത്തം വി: ശെമോന്നു തന്റെ ജീവിതമുറ ദൈവത്തിന്നിഷ്ടമുള്ളതാണെന്നു ഉറപ്പുണ്ടാകുകയാൽ അദ്ദേഹം അതു തുടൎന്നുവന്നു. അദ്ദേഹത്തിന്റെ ഉപദേശം കേൾക്കാൻ വന്നിരുന്ന അനവധി പാരസീകരെയും അൎമേന്ന്യരേയും ഇബെരിയരേയും ആ വിശുദ്ധൻ സത്യവേദത്തിലേക്കു മാനസാന്തരപ്പെടുത്തി. അറബിദേശത്തിലെ രാജപുത്രന്മാരും പുത്രികളും കൂടിയും അദ്ദേഹത്തിന്റെ ആശിസ്സ് അൎത്ഥിക്കാൻ വന്നിരുന്നു. പാരസീകയുടെ രാജാവായ വരാനൻ പഞ്ചമൻ പോലും അദ്ദേഹത്തോടു ആദരവും ബഹുമാനവും പ്രദൎശിപ്പിക്കുകയുണ്ടായി. അന്നത്തെ ചക്രവൎത്തികളായ ചെറിയ ഥെയോദോസിസും, ലേയോനും പലപ്പോഴും അദ്ദേഹത്തോടു ആലോചന ചോദിക്കുകയും, പ്രാൎത്ഥന യാചിക്കുകയും ചെയ്തു. മക്ക്യാൻ ചക്രവൎത്തി ഒരു വെറും യോധാവിന്റെ വസ്ത്രം ധരിച്ചു അദ്ദേഹത്തെ കാണ്മാനും, കേൾക്കാനുമായിട്ടു പലപ്പോഴും വന്നിരുന്നു. ഈ വിശുദ്ധന്റെ ഉപദേശാനുസൃതമാണ് എവുദോക്യ ചക്രവൎത്തിനി നിൎയ്യാണത്തിനു മുമ്പു ഏകസ്വഭാവവാദമെന്ന പാഷണ്ഡതത്വം അപലപിച്ചു കത്തോലിക്കാമതം സ്വീകരിക്കുകയുണ്ടായതു.

ഇത്ര മഹാ ബഹുമാനവും ആദരവും അത്ഭുതങ്ങൾ പ്രവൎത്തിക്കാനും പ്രവാക്യങ്ങൾ പറയുവാനുമുള്ള വരങ്ങളും ഒരു സാമാന്യമനുഷ്യനെ അഹങ്കരിപ്പിക്കാതിരിക്കാൻ പ്രയാസമാണ്. പക്ഷെ അങ്ങനെയല്ല വി: ശെമോന്റെ സംഗതിയിൽ സംഭവിച്ചതു്. അദ്ദേഹം മഹാ മനോദൈന്യത (എളിമ) യുള്ള ഒരു ആത്മാവായിരുന്നതുകൊണ്ടു് തന്റെ യോഗ്യത കൂടാതെയാണു ഈ വരങ്ങൾ നല്കപ്പെടുന്നതെന്നും താൻ മഹാപാപിയുമെ

ന്മേഷ്യരിൽ "കടകെട്ടവ"നമാണെന്നും തനിക്കുള്ളതെല്ലാം ദൈവത്തിന്റെ സൌജന്യദാനങ്ങളാണെന്നും കരുതിവന്നു.

അദ്ദേഹത്തിന്റെ വിയോഗസമയമടുത്തപ്പോൾ ദൈവത്തെ നമസ്കരിക്കുന്നതിനായിട്ട നേരെ നില്ക്കാൻ സാധിക്കാഞ്ഞതിനാൽ ചാരിനിന്നു. ആ നിലയിൽ നിര്യാതനായി. മൂന്നു ദിവസാനന്തരമാണ് ശേഷംപേർ അതു് അറിയുന്നതിനു സംഗതിയായതു്. ൯൯-ാമത്തെ വയസ്സിലും ൪൫൯ സെപ്റ്റംബർ മാസം ൨-ാം നു- യിലുമാണു അദ്ദേഹത്തിന്റെ മരണമെന്നു കൊസ്മോ എന്ന ദേഹം എഴുതിയിരിക്കുന്നു. ആ മൃത ശരീരം പരിസരപ്രദേശങ്ങളിലെ നിവാസികൾ കൂടി ആലോചനപൂൎവ്വകം അന്ത്യോഖ്യയിലേക്കു കൊണ്ടു വന്നു ഭൂമിദാനം ചെയ്തു. അതു കൊണ്ടുപോരുന്ന വഴിക്കു പല അത്ഭുതങ്ങൾ സംഭവിക്കുകയുണ്ടായി. ഈ വിശുദ്ധന്റെ തിരുനാൾ മഹാ ആഡംബരപൂൎവ്വകമാണ് പൌരസ്ത്യ സഭ ആചരിച്ചു വരുന്നതു്.

സാദ്ധ്യം—വലിയ തപഃക്രിയകളെ അനുഷ്ഠിക്കാൻ നമ്മെക്കൊണ്ടു സാധിക്കുകയില്ലെങ്കിലും നാം കടപ്പെട്ടിരിക്കുന്നതും നമ്മെക്കൊണ്ടു സാധിക്കുന്നതുമായ പഞ്ചേന്ദ്രിയ നിഗ്രഹങ്ങളെയെങ്കിലും നാം അനുഷ്ഠിച്ചു വരണം.

## മകരം (ജനുവരി) ൬-ാം നു-.

### നമ്മുടെ കൎത്താവിന്റെ പ്രത്യക്ഷീകരണം അഥവാ ദെനഹാ അല്ലെങ്കിൽ

### എപ്പിഫ്നി.

നമ്മുടെ കൎത്താവിന്റെ ജനനത്തിനു പല ശതാബ്ദങ്ങൾക്കുമുമ്പായിതന്നെ, പ്രവാചകന്മാർ ഈ ലോകരക്ഷകന്റെ പിറവിയേയും മററു സാഹചൎയ്യങ്ങളേയും സംബന്ധിച്ചുള്ള പല ലക്ഷണങ്ങളും അത്ഭുതസംഭവങ്ങളും പ്രവചിച്ചിട്ടുണ്ടായിരുന്നു. അവയിൽ ഒന്നു ഒരു പ്രത്യേക താരക കാണപ്പെടുമെന്നുള്ളതാണ്. അത്ഭുതകരമായി കാണപ്പെട്ട ആ നക്ഷത്രം പലരുടെ ദൃഷ്ടിയിൽ പെട്ടുവെങ്കിലും ജ്യോതിശ്ശാസ്ത്രജ്ഞന്മാരായ മൂന്നു പ്രവര

ന്മാർ മാത്രമെ ആ ജഗദ്രക്ഷകനേ ആരാധിക്കാനായി പുറപ്പെട്ടു വാൻ ഒരുമ്പെട്ടുള്ളു. അവരുടെ ദേശം ആ ദിവ്യ രക്ഷിതാവു് പിറന്ന സ്ഥലത്തു നിന്നു അനേകകാതം അകലെ സ്ഥിതിചെയ്തിരുന്നതുകൊണ്ടു പല കഷ്ടനഷ്ടങ്ങളും പ്രതിബന്ധങ്ങളും അവർ സഹിക്കേണ്ടിവന്നു. അവയൊന്നും അവർ ഗണ്യമാക്കാതെ ആ താരകയെ മാർഗദർശകമാക്കി പുറപ്പെട്ടു ദീൎഘപ്രയാണം ചെയ്തു ബെസ്ലെഹമിൽ എത്തി. അവിടെ ഒരു തൊഴുത്തിൽ ലോകരക്ഷിതാവായ ഈശോകൎത്താവിനെ കണ്ടു് ആരാധിക്കുന്നതിനുള്ള ഭാഗ്യം അവൎക്കു സിദ്ധിച്ചു. ആ ശിശുവിൽ നഗ്നതയും മഹാ ദരിദ്രതയുമാണു് അവർ കണ്ടതെങ്കിലും തെല്ലുപോലും മനസ്സു് ചഞ്ചലിക്കാതെയും സംശയിക്കാതെയും ആ ശിശു സൎവ്വലോകങ്ങളുടെ രാജാവും സത്യ ദൈവവും സത്യ മാനുഷ്യനുമാണെന്നു ദൃഢമായി വിശ്വസിച്ചു അവയെ സൂചിപ്പിക്കുന്നതായ പൊന്നും കുന്തിരിക്കവും നറുംപശയും ആ ദിവ്യശിശുവിൻെറ പാദത്തുങ്കൽ അൎപ്പിച്ചു ആരാധിച്ചു.



ഈ മൂന്നു പ്രവരന്മാർ ദിവ്യശിശുവിനെ ആരാധിച്ചു കാഴ്ച കഠം സമൎപ്പിക്കുന്നതു്.

കൎത്താവിൻെറ സ്വൎഗ്ഗാരോഹണത്തിൻെറശേഷം വി: തോമാ ശ്ലീഹാ ഇവരെ സ്നാനപ്പെടുത്തുകയും മെത്രാന്മാരായി അവരെ അഭിഷേചിക്കുകയും ചെയ്യുകയുണ്ടായി. അതിൻെറ ശേഷം അവർ വേദപ്രചാരാൎത്ഥം പല കഷ്ടനഷ്ടങ്ങൾ സഹിക്കയും ഒടുവിൽ വേദത്തെ പ്രതിരക്തസാക്ഷികളായി മരിക്കുകയും ചെയ്തു.

ഇന്നു നമ്മുടെ കൎത്താവിൻെറ വേറെ മൂന്നു പ്രത്യക്ഷീകരണങ്ങളും കൂടി തിരുസഭ അനുസ്മരിപ്പിക്കുന്നുണ്ട്. അവ അവിടത്തെ സ്നാനത്തുങ്കൽ സ്വൎഗ്ഗത്തിൽനിന്നു "എനിക്കു പ്രസാദിച്ച എൻെറ ഏക ജാതൻ ഇയാളാകുന്നു" എന്നു ദൈവോക്തത്താലുണ്ടായ പ്രത്യക്ഷീകരണവും കാനായിലെ കല്യാണ വിരുന്നിൽ വെള്ളം ദ്രാക്ഷാരസമാക്കിയപ്പോളും താബോർ മലപ്പുറത്തുവെച്ചു മറുരൂപപ്പെട്ടപ്പോളുമുണ്ടായ പ്രത്യക്ഷീകരണങ്ങളുമാകുന്നു.

അമ്പ്രോസ്യൻ ആരാധനക്രമം, മ്ശിഹാ വനത്തിൽ വെച്ചു അപ്പം പ്രവൎദ്ധിപ്പിച്ചു ൫൦൦൦ പേരെ പുഷ്ടിയായി തീററിയപ്പോളുണ്ടായ പ്രത്യക്ഷീകരണം കൂടി ഇന്നു അനുസ്മരിപ്പിക്കുന്നുണ്ട്.

സാദ്ധ്യം—ദൈവം, ഏതു പ്രകാരവും നമ്മുടെ അന്തരംഗത്തിൽ പ്രകാശിപ്പിക്കുന്ന അദ്ധ്യാത്മിക പ്രകാശത്തെ ദൃഢഭക്തിയോടെ അനുസരിച്ചു പ്രവൎത്തിക്കണം.

## മകരം (ജനുവരി) ൭-ാം നു-.

പുരോഹിതനും വേദത്തെ പ്രതിപ്രാണത്യാഗിയുമായ ലൂസിയൻ (൩൧൨).

അന്ത്യോഖ്യാക്കാരൻ ലൂസിയനെന്നു നാമകരണം ചെയ്യപ്പെടുന്ന ഇദ്ദേഹം സുറിയായിലുള്ള സമോസാത്തെ എന്ന പട്ടണത്തിലാണ് ജാതനായത്. അദ്ദേഹത്തിൻെറ ബാല്യത്തിൽതന്നെ മാതാവും പിതാവും മരിച്ചു. ദൃഢബുദ്ധി പ്രാപി

ച്ചയുടനെ നിവ്വിഘ്നം ദൈവത്തെ സേവിക്കാൻ ഉദ്ദേശിച്ച അദ്ദേഹം തൻെറ സ്ഥാവരജംഗമവസ്തുക്കളെല്ലാം വിററു അഗതികൾക്കു കൊടുത്തു അന്നു മഹാ പ്രഖ്യാതിയോടെ എദെസ്സായിൽ അദ്ധ്യാപകവൃത്തി അവലംബിച്ചിരുന്ന മക്കാരി എന്ന ദേഹത്തിനു ശിഷ്യപ്പെട്ടു വേദാഗമങ്ങൾ വായിച്ചു തുടങ്ങി. അതിൽ അചിരേണ മഹാ വിദഗ്ദ്ധനായിത്തീൎന്നശേഷം പൌരോഹിത്യം സ്വീകരിക്കുകയും സകലരെയും അദ്ദേഹത്തിൻെറ വാക്കുകളും സുകൃതമാതൃകകളും കൊണ്ടു ധൎമ്മാനുഷ്ഠാനങ്ങൾക്കായി പ്രേരിപ്പിച്ചു വരികയും ചെയ്തു. തിരുസഭയോടുള്ള ധൎമ്മനിൎവ്വഹണത്തിനു അതു പോരായെന്നു അദ്ദേഹം കണ്ട് ലേഖകന്മാരുടെ പ്രമാദവും പാഷണ്ഡികളുടെ ദുബ്ബുദ്ധിയും കൊണ്ടു വേദാഗമങ്ങളിൽ വരുത്തിക്കൂട്ടിയിട്ടുള്ള സ്ഖലിതങ്ങളെ പരിഹരിച്ചു വേദാഗമത്തിൻെറ ഒരു പരിഷ്കരിച്ച പ്രതി എഴുതിയുണ്ടാക്കി. അതു വളരെ ഉപകാരപ്രദവും വേദാഗമത്തെ ലത്തീൻ ഭാഷയിലേക്കു തൎജ്ജമചെയ്ത വി. ഇറാണിമിനു വളരെ സഹായവുമായി ഭവിച്ചു.

൩൰൩-ാമാണ്ടാണ് ദിയോക്ലേസ്യൻ ചക്രവൎത്തി ക്രിസ്ത്യാനികളെ നിഗ്രഹിക്കണമെന്നുള്ള അദ്ദേഹത്തിൻെറ ആദ്യശാസനപത്രം പുറപ്പെടുവിച്ചതു്. അന്നു വി. ലൂസ്യൻ നിക്കൊമേദ്യായിലായിരുന്നു. സത്യവേദത്തെ പ്രതി അദ്ദേഹവും പിടിക്കപ്പെട്ടു കാരാഗൃഹത്തിലാക്കപ്പെട്ടു. കാരാഗൃഹത്തിലായിരിക്കുകയിൽ അന്തോഖ്യ ക്രിസ്ത്യാനികൾക്കു അദ്ദേഹം ഒരു ലേഖനം എഴുതുകയുണ്ടായി. ആ ലേഖനത്തിൻെറ അവസാന വാക്യങ്ങൾ ഇവയാണ്:—"വേദത്തെപ്രതി പീഡിപ്പിക്കപ്പെടുന്നവരായ ഞങ്ങളെല്ലാവരും നിങ്ങൾക്കു സ്വസ്തി ആശംസിക്കുന്നു. അന്തീംബാവായും വേദത്തെ പ്രതി പ്രാണനെ ബലികഴിച്ചു ജീവിതത്തെ അവസാനിപ്പിച്ചുവെന്നു നിങ്ങളെ അറിയിച്ചുകൊള്ളുന്നു." വി. ലൂസ്യൻ ഒമ്പതു വൎഷത്തെ കാരാഗൃഹവാസത്തിൻെറ ശേഷം വിസ്തരിക്കപ്പെട്ടപ്പോൾ ക്രീസ്തീയ വേദത്തെപ്പററി ഒരു ഉത്തമനിദൎശനപ്രസംഗം ചെയ്യുകയുണ്ടായി. മഹാമനസ്കതയോടെയും

ഭക്ത്യാദരവോടെയും അദ്ദേഹം ഈശോകർത്താവിനെക്കുറിച്ചു അതിൽ ശ്ലാഘിക്കുകയാൽ വീണ്ടും കാരാഗൃഹത്തിൽ കൊണ്ടാക്കാൻ അധികാരി കല്പിക്കുകയും യാതൊരു ആഹാരവും കൊടുക്കരുതെന്നു വിലക്കുകയും ചെയ്തു. ഇങ്ങനെ ഒട്ടധികം ദിവസങ്ങൾ അദ്ദേഹത്തെ പട്ടിണിയിട്ടശേഷം വിഗ്രഹങ്ങൾക്കു പൂജിച്ച ചില രുചികരപദാൎത്ഥങ്ങളെ അദ്ദേഹത്തിനു ഉപദാനിച്ചു. ക്ഷീണന്മാൎക്ക ദുൎമ്മാതൃകയായി പരിണമിക്കാതിരിക്കാൻ വേണ്ടിയും, വിഗ്രഹസേവകന്മാർ അവരുടെ കള്ളദേവന്മാരുടെ ബഹുമാനാൎത്ഥമായിട്ടാണ് അവയെ അദ്ദേഹത്തിനു സമൎപ്പിച്ചതെന്ന് അദ്ദേഹം ഗ്രഹിച്ചിരുന്നതുകൊണ്ടും അവ ഒന്നും രുചിക്കാൻപോലും അദ്ദേഹം മനസ്സായില്ല. രണ്ടാം പ്രാവശ്യവും കച്ചേരി മുമ്പാകെ വരുത്തി ചോദ്യം ചെയ്യപ്പെട്ടുകയും അദ്ദേഹത്തെ പീഡിപ്പിക്കുകയും ചെയ്തു. പക്ഷെ അപ്പോഴും സ്ഥിരതയോടെ ഈശോകർത്താവിനെ അദ്ദേഹം അനുസരിച്ചും ശ്ലാഘിച്ചും അദ്ദേഹം ക്രിസ്ത്യാനിയാണെന്നു സമ്മതിച്ചും പറഞ്ഞതല്ലാതെ മറെറാന്നും അദ്ദേഹത്തെക്കൊണ്ടു ചെയ്യിക്കാൻ അവരെക്കൊണ്ടു സാധിച്ചില്ല. വി. ക്രിസ്സോസ്തോം ഇതിനെസംബന്ധിച്ചു വിമൎശനം ചെയ്തിരിക്കുന്നതു് ഇപ്രകാരമാണ്. ഇങ്ങനെയുള്ള വിഷമഘട്ടങ്ങളിൽ വാചാലതയും ന്യായോക്തിയുമല്ല ഒരുവനെ വിജയിയാക്കിത്തീൎക്കുന്നതു പിന്നെയോ സ്നേഹിക്കാൻ അറിഞ്ഞിരിക്കുന്നതാണ്. അനന്തരം വീണ്ടും കാരാഗൃഹത്തിലാക്കപ്പെട്ടുകയും അവിടെ കിടന്നാണ് അദ്ദേഹം മരിക്കയും ചെയ്തതെന്നും ചിലരും അദ്ദേഹത്തെ സംബന്ധിച്ചു ജ്ഞാനം കൂടുതലുള്ള വി. ക്രിസോസ്തോമും, ശിരച്ഛേദനംമൂലമാണ് അദ്ദേഹത്തെ കൊന്നതെന്നും, ജനത്തെ ഭയപ്പെട്ടു് മാക്സിമിന്റെ ആജ്ഞാനുസാരം രഹസ്യത്തിൽ കണ്ടും ഛേദിച്ചാണ് കൊന്നതെന്നും റുഫിൻ എന്ന ദേഹവും പറയുന്നു. അദ്ദേഹം പല അത്ഭുതങ്ങൾ പ്രവൎത്തിക്കുകയും കാരാഗൃഹത്തിൽ ശൃംഖലകളാൽ ബന്ധിതനായി കിടക്കുകയിൽ ദിവ്യരഹസ്യങ്ങളെ സ്വന്തനെഞ്ചിന്മേൽവെച്ചു അഭിമന്ത്രിച്ചു ശേഷം പേൎക്ക കൊടുക്കുകയും ചെയ്തു.



വി: ലൂസ്യൻ തൻെറ നെഞ്ചിന്മേൽവെച്ചു സൽപ്രസംഗം
അഭിമന്ത്രിച്ചു കൊടുക്കുന്നതു്.

ഈ വിശുദ്ധൻ ദേഹവിയോഗം ചെയ്തതു് ജനവരി ൭-ാംനു-യാണെന്നു വി. ക്രിസോസ്തോമും മററു ചിലരും എഴുതിയിരിക്കുന്നു. അദ്ദേഹത്തിൻെറ തിരുശരീരം ബിഥിന്യായിലുള്ള ദ്രേപ്പെനെയെന്ന നാട്ടുപുറത്തുള്ള ഒരു സ്ഥലത്തു് സംസ്കരിക്കപ്പെട്ടു. മഹാ കൊൺസ്തന്തീൻ ചക്രവത്തി ആ സ്ഥലം ഒരു മഹാ പട്ടണമാക്കിത്തീക്കുകയും ഹെലേനാ എന്ന തൻെറ മാതാവിൻെറ നാമം അതിനു കൊടുത്തു "ഹെലനാപോലി" അഥവാ ഹെലേനാനഗരം എന്നു അതിനെ നാമകരണം ചെയ്യുകയും വി. ലൂസിയനോടുള്ള ഭക്ത്യാദരവുനിമിത്തം ആ പട്ടണവാസികളെ എല്ലാവിധ കരങ്ങളിൽ നിന്നു ഒഴിവാക്കുകയും ചെയ്തു. മഹാനായ ചാർൽമാൻചക്രവത്തി ആ വിശുദ്ധൻെറ തിരുശേഷിപ്പുകളെ പൂർവ്വദിക്കുകളിൽ നിന്നു കൊണ്ടുവന്നു ഫ്രാൻസിലുള്ള ആർൽസ് പട്ടണത്തിൽ സ്ഥാപിക്കുകയും അവിടെ ഒരു മഹാ

ദേവാലയം പണിയിപ്പിക്കുകയും ചെയ്തുവെന്നാണ് വിശ്വാസയോഗ്യമായ പാരമ്പര്യം.

സാദ്ധ്യം--നാം അനുസരിച്ചുവരുന്നവേദം സത്യവേദമാണെന്നു എല്ലാ അവസരങ്ങളിലും പ്രവൃത്തികളാൽ കാണിക്കണം.


---

## മകരം (ജനുവരി) ൮-ാംനു-

മെത്രാനും ക്രീസ്തുമതവേദ നിദശ്നപ്രസംഗകനുമായ വി. അപ്പോലനാരി (൧൭൨)

ഫ്രീജ്യദേശത്തുൾപ്പെട്ട ഹിയരാപൊലിയുടെ മെത്രനായ ക്ലാവുദി അപ്പൊലനാരി രണ്ടാം ശതാബ്ദത്തിൽ തിരുസഭയിൽ പ്രശോഭിച്ചിരുന്ന താരകങ്ങളിൽ ഒന്നാണ്. ഇദ്ദേഹം പതിതരുടെ ഒരു ബദ്ധവൈരിയായിരുന്നു. അവൎക്കു വിരോധമായി ജ്ഞാനഭൂയിഷ്ഠങ്ങളും അപ്രതിഷേധ്യങ്ങളുമായ ന്യായങ്ങൾ അടങ്ങിയ പല പ്രബന്ധങ്ങൾ രചിച്ച് അവരുടെ അബദ്ധങ്ങൾ ഏതു അജ്ഞാനദശ്നങ്ങളിൽ നിന്നാണ് ഉദ്ഭവിച്ചിട്ടുള്ളതെന്നു പ്രസ്പഷ്ടമാക്കിയിട്ടുണ്ട്. ഈ വിശുദ്ധപാലകൻ വേദഹിംസമൂലം തന്റെ ആട്ടിൽക്കൂട്ടത്തിനു വന്നുകൊണ്ടിരുന്ന നാശത്തെക്കുറിച്ച് വിലപിക്കുകമാത്രമല്ല ചെയ്തതു്, അജ്ഞാനതത്വം നാമാവശേഷമാക്കാൻ ശ്രമിച്ചിരുന്ന ക്രീസ്തുമതത്തെ ആദരിച്ചു ഒരു നിദശ്നപ്രസംഗം എഴുതി ൧൭൨-ൽ ഔറേല്യൻ ചക്രവത്തിക്ക് അയക്കുക ഉണ്ടായി. അതിൽ ക്രിസ്ത്യാനികൾക്ക് വിരോധമായി വിഗ്രഹാരാധകന്മാർ നടത്തിവന്ന അന്യായ ഹിംസകളെ സാധൂകരിക്കുവാൻ അവർ പറഞ്ഞിരുന്ന സകല കുയുക്തികളേയും ഖണ്ഡിക്കുകയും ക്രിസ്ത്യാനികൾ അവരുടെ പ്രാത്ഥനകളാൽ സാമ്രാജ്യത്തിനു ഗുണങ്ങളും ഉപകാരങ്ങളും ഉളവാക്കിയിരിക്കുകയിൽ അവരോടു ചക്രവത്തി ദയാപൂർവ്വകം വത്തിക്കേണ്ടതാകുന്നുവെന്ന് വിജ്ഞാപിക്കയും ചെയ്തിരിക്കുന്നു. ഇവിടെ റോമാസൈന്യത്തിന്റെ സഹായാത്ഥം ക്രിസ്ത്യനികളുടെ

പ്രാൎത്ഥനകൊണ്ടു് അത്ഭുതമായി വൎഷിച്ച മഴയേയുംകുറിച്ചു് (1) അദ്ദേഹം പ്രതിപാദിക്കുന്നുണ്ടു്. ഇതുകൊണ്ടു വേദഹിംസയ്ക്കു ഒട്ടു ശമനമുണ്ടാകുകയും വിശുദ്ധഅപ്പൊലനാരിക്കു മരണപൎയ്യന്തം വേദപ്രചാരാൎത്ഥം ഉദ്യമിക്കുന്നതിന് വിഘ്നങ്ങളൊന്നും നേരിടാതിരിക്കുകയുംചെയ്തു. അദ്ദേഹം എപ്പോൾ മരിച്ചുവെന്നു നിശ്ചയമില്ല. പരിശുദ്ധന്മാരുടെ റോമയിലെ വിവരണപട്ടിക ജനുവരി ൮-ാംനു- ആണു് അദ്ദേഹത്തിൻെറ നിൎവ്വാണത്തെ അനുസ്മരിപ്പിക്കുന്നതു്.



വി. അപ്പൊലനാരിചക്രവൎത്തിക്കു നിദൎശനപ്രസംഗം എഴുതുന്നതു്.

സാദ്ധ്യം —സത്യവേദത്തെപ്പററി പ്രബോധനംചെയ്യുവാൻ അവസരം കിട്ടുമ്പോഴൊക്കെ കഴിയുന്നതും വിമൎശനത്തോടെ അതു നാം ചെയ്യണം.

---

(1) തിരുസഭാ ചരിത്രസംഗ്രഹം ൨-ാംശതാബ്ദം ൯-ാം അദ്ധ്യായംനോക്കുക.

# മകരം (ജനുവരി) ൯-ാംനു-

രക്തസാക്ഷിയായ വിശുദ്ധ ജൂല്യനും
കന്യസ്ത്രീയായ വി. ബസിലീസമ്മായും (൩൧൩.)

വി. ജൂല്യൻ ഈജിപ്തിൽ ധനവാന്മാരായ മാതാപിതാക്കന്മാരിൽനിന്ന് ജാതനായി. മാതാപിതാക്കന്മാരുടെ സുകൃതമാതൃകകളെ അനുകരിച്ച് അദ്ദേഹം ബാല്യദശയിൽ പോലും ഉത്തമക്രിസ്ത്യാനിയായി ജീവിക്കുകയും നിത്യം വിരക്തനായി വർത്തിച്ചുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്യുകയും ചെയ്തു. മാതാപിതാക്കന്മാരുടെ മുട്ടിപ്പായ അപേക്ഷനിമിത്തം ൧൮-ാം വയസ്സിൽ ഒരുത്തമകന്യകയായ ബസിലീസമ്മയെ വിവാഹം ചെയ്യുന്നതിനു നിർബന്ധിതനായി. വിവാഹത്തിൻെറ ശേഷം ജൂല്യൻ വിരക്തനായിരുന്നു കൊള്ളാമെന്ന് താൻചെയ്ത പ്രതിജ്ഞയെ തൻെറ കളത്രത്തെ അറിയിച്ചു. അതിനു ആ കന്യകാരത്നം സമ്മതിക്കുകയാൽ അവരിരുവരും സഹോദരീ സഹോദരന്മാരെപ്പോലെ ജീവിച്ചുവന്നു. അവരുടെ ഉപദേശങ്ങളും സുമാതൃകകളുംകൊണ്ട് അനവധി സന്മാർഗ്ഗനിഷ്ഠയില്ലാത്ത ക്രിസ്ത്യാനികളെ ധർമ്മനിഷ്ഠയിലേക്കും അക്രിസ്തവരെ സത്യവേദത്തിലേക്കും തിരിക്കുകയുണ്ടായി. ജൂല്യൻ അഗതികളും രോഗികളുമായ പുരുഷന്മാരേയും ബസിലീസമ്മ അത്തരക്കാരായ സ്ത്രീകളേയും തങ്ങളുടെ മാളികയിൽ വേറേ വേറേ ഇടങ്ങളിലായിട്ട് പാർപ്പിച്ചു പരിചരിച്ചുവന്നു. ചില അവസരങ്ങളിൽ ആയിരത്തോളവുമായിരുന്നു അവിടെ സംരക്ഷിക്കപ്പെട്ടുന്നവരുടെ സംഖ്യ. വി. ബസിലീസമ്മ ഏഴു വേദഹിംസകാലം കണ്ടും സത്യവേദനിഷ്ഠയുള്ളവളായി വർത്തിച്ചും പുണ്യവതിയായി മരിച്ചു. വി. ജൂല്യനെ വേദംനിമിത്തം അധികാരികൾ പിടിച്ചു പല പീഡകളിൽ പെടുത്തി തൻെറ അത്ഭുതങ്ങൾകൊണ്ടും ഉപദേശങ്ങൾകൊണ്ടും ക്രിസ്ത്യാനികളാക്കിയ മററു പലരോടുകൂടെ ശിരച്ഛേദനം ചെയ്തുകൊന്നു.



വി. ജൂല്യൻ രോഗികളായ പുരുഷന്മാൎക്കും, വി. ബസിലീസ്സമ്മ രോഗിണികളായ സ്ത്രീകൾക്കും പരികൎമ്മം ചെയ്യുന്നതു.

സാദ്ധ്യം—നമുക്കുള്ള ഐശ്വൎയ്യത്തിനു തക്കവണ്ണം അഗതികൾക്കു വേണ്ട സഹായം ചെയ്യുകയും സത്യവേദത്തെപ്പററി ശരിയായ ജ്ഞാനമില്ലാത്തവൎക്കു സദ്ബുദ്ധി ഉപദേശിക്കുകയും അതിലേക്കു വേണ്ട ദ്രവ്യസഹായം ചെയ്യുകയും ചെയ്യണം.

---

## മകരം (ജനുവരി) ൧൦-ാംനു-

സന്ന്യാസിമഠാധിപനും മെത്രാനുമായ വി. വില്യം(ഗുലിയെൽം) (ഫ്രാൻ)

വില്യംബറുയെർ, ഒരു പൂൎവ്വശ്രേഷ്ഠപ്രഭുവംശത്തിൽ നിന്നു, ഗാൾദേശത്തു ചേന്നു നെവേർസിലാണ് ജനിച്ചതു്. അദ്ദേഹത്തിന്റെ മാതുലനും സപ്പസോനിലെ ആൎക്കദേയാക്കോനുമായ (1) പത്രോസ് വനവാസിയുടെ കീഴ ശാസിക്കപ്പെട്ടതിനാൽ യൌവ

(1) ചില സ്ഥലങ്ങളെയും ആളുകളെയും സംബന്ധിച്ച ഒരു മെത്രാനുള്ള പല അധികാരങ്ങളും പ്രാപിച്ചിരിക്കുന്നവരും, വൈദികരിൽ മെത്രാൻ കഴിഞ്ഞാൽ പിന്നത്തെ സ്ഥാനക്കാരും മെത്രാന്റെ പ്രധാനസഹായികളുമാണു ആൎക്കദേക്കോന്മാർ. മദ്ധ്യയുഗങ്ങളിൽ ഇവരുടെ അധികാരം വലിയതായിരു

ന്നത്തിൽതന്നെ നശ്വരങ്ങളായ ഇഹലോക മഹിമകളെയും വിഷയസുഖങ്ങളെയും നിന്ദിക്കാനും ചാരിത്ര്യത്തെ നശിപ്പിക്കുന്ന ഹേതുക്കളെ വിഷതുല്യം ഭയപ്പെടുവാനും അദ്ദേഹം പരിശീലിച്ചിരുന്നു. തന്റെ മാതുലന്റെ ആശയങ്ങൾക്കു പൂൎണ്ണവിധേയനായി പഠനത്തിലും പുണ്യാഭ്യാസങ്ങളിലും സമയം വിനിയോഗിച്ചുവന്നു. തക്ക പ്രായം വന്നപ്പോൾ വൈദികവൃത്തിയിൽ പ്രവേശിച്ചു ആദ്യം സ്വസോനിലേയും അനന്തരം പാരിസിലേയും കാനൊൻ (1) പദം പ്രാപിച്ചു ജോലിനോക്കി. ലോകത്തിന്മേലുംള്ള വിരസത അദ്ദേഹത്തിൽ ശക്തി പ്രാപിക്കുകയും ഏകാന്തവാസത്തിന്മേലുള്ള ആശ വൎദ്ധിക്കുകയും ചെയ്യുകയാൽ ആദായകരമായ ആ ജോലി ഉപേക്ഷിച്ചു ആദ്യം ഗ്രാമോന്ത് എന്ന സന്ന്യാസിമഠത്തിൽ ചേൎന്നു മഹാതപസ്സും പ്രായശ്ചിത്തങ്ങളും അനുഷ്ഠിച്ചുവന്നു. പക്ഷെ അവിടെ വൈദികരായ സന്ന്യാസികളും വേലയ്ക്കായുള്ള സന്ന്യാസികളും തമ്മിൽ സ്വരച്ചേൎച്ചയില്ലാതായതുനിമിത്തം മനസ്സമാധാനമില്ലാതെ അദ്ദേഹം ആ മഠം വിട്ടു ഈശോകൎത്താവിന്റെ സുഗന്ധം സൎവ്വത്ര വ്യാപിപ്പിച്ചുവന്ന സിസ്റ്റേഷ്യൻ സഭയിൽ (2) ചെന്നുചേൎന്നു. അതിൽ ഒരു ഉത്തമമാതൃകയായിട്ടു ജീവിച്ചു വന്നതുനിമിത്തം അതിലെ മൂന്നു ആശ്ര

---

ന്നു. ത്രെന്ത് സംഘം ഇവരുടെ അധികാരത്തെ വളരെ കുറച്ചുകളഞ്ഞു. ഇപ്പോൾ വികാരിജനറാളന്മാരിൽ അവർ ലയിച്ചുപോയിരിക്കുകയാണ്. പട്ടം കൊടുക്കുമ്പോൾ പട്ടം ഏൽക്കാനുള്ള സ്ഥാനാൎത്ഥികളെ വിളിക്കുന്നതിലും മററും മാത്രമാണ് ഇവരുടെ ഉദ്യോഗം നാമമാത്ര ഇപ്പോൾ കാണപ്പെടാറുള്ളതു്.

(1) മെത്രാസനപള്ളികളിൽ പ്രതിദിനം നടത്തപ്പെടാറുള്ള ആഘോഷപൂൎവ്വകമായ ആരാധനക്രമത്തിൽ സംബന്ധിക്കാൻ കടപ്പെട്ടവരും അവസ്ഥാനുസൃതം അതിനായുള്ള വരുമാനം പററുന്നവരുമായ വൈദികന്മാരാണ് കാനൊന്മാർ.

(2) സിത്തൊ (Citeaux) എന്ന സ്ഥലത്തു ആരംഭിച്ചതും വി. ബൎണാൎദ്ദ പുണ്യവാന്റെ കാലത്തു (൧൧൧൮-ൽ) മഹാ അഭിവൃദ്ധിയെ പ്രാപിച്ചതും നിരന്തരമായ കഠിനമൌനം അനുസരിച്ചും വാൎക്കോതമ്പു കൊണ്ടുള്ള അപ്പവും വേവിച്ച സന്ന്യാദികളും ജീവനെക്കാക്കാൻ മാത്രം അനുഭവിച്ചും വരുന്നവരും ജപധ്യാനങ്ങളിലും അധ്യായനങ്ങളിലും കൈവേലകളിലും ഉദ്യുക്തന്മാരുമായിരിക്കുന്ന സന്ന്യാസിപ്രവരന്മാരെക്കൊണ്ടു അലംകൃതമായിരിക്കുന്നതുമായ ഒരു സന്ന്യാസി സമൂഹമാണ് സിസ്റ്റേഷ്യൻസഭ.

മങ്ങളുടെ ശ്രേഷ്ഠാധിപതിയായി. ആ ഏകാന്തവാസത്തിലെ ആനന്ദം അദ്ദേഹം അനുഭവിച്ചുവരവെ ബ്രൂഷെസിലെ മെത്രാൻ കാലംചെയ്തു. പുതിയ മെത്രാനെ തെരിഞ്ഞെടുക്കുന്നതിലുണ്ടായ അഭിപ്രായ വ്യത്യാസം നിമിത്തം പാരിസിലെ മെത്രാപ്പോലിത്തായും നിത്യാതനായ മെത്രാൻെറ സഹോദരനുമായ യുദേസെന്ന ദേഹത്തെ കാൎയ്യം അറിവിച്ചു. സിസ്റ്റേഷ്യൻ സഭാശ്രേഷ്ഠന്മാരായ മൂന്നു മഹാത്മാക്കളിൽ ആരെ മെത്രാനായിട്ടു തെരിഞ്ഞെടുക്കണമെന്നുള്ളതിനെപ്പററിയായിരുന്നു അഭിപ്രായവ്യത്യാസം. അവരിൽ ഒരാളായിരുന്നു വി. വില്യം. യൂദേസ് മെത്രാൻ ആ മൂന്നു പേരുടേയും പേരുകൾ ഓരോ ചീട്ടിൽ എഴുതി അദ്ദേഹം ദിവ്യപൂജ അൎപ്പിക്കാൻ പോകുന്ന പീഠത്തിന്മേൽ വെക്കുവാൻ കല്പിച്ചു. ദിവ്യപൂജ അവസാനിക്കുകയും ദൈവേഷ്ടം വെളിപ്പെടുത്താറാകണമെന്നു പ്രാൎത്ഥിക്കുകയും ചെയ്തശേഷം ആദ്യം കയ്യിൽകിട്ടിയ ചീട്ടെടുത്തു നോക്കിയപ്പോൾ വി. വില്യമിൻെറ പേരാണ് അതിൽ കണ്ടതു്. ഇങ്ങനെ വി. വില്യം മെത്രാൻ സ്ഥാനത്തിനു നിയമിതനായി. വി. വില്യം അതറിഞ്ഞപ്പോൾ ദുഃഖപരവശനായിത്തീൎന്നു. പിന്നെ മാൎപ്പാപ്പായുടെയും തൻെറ സഭയുടെ അതിശ്രേഷ്ഠൻെറയും കല്പനയാലാണ് ആ ഉന്നതോദ്യോഗം കയ്യേൾക്കാൻ അദ്ദേഹം സമ്മതിക്കയുണ്ടായതു്. കണ്ണുനീർ വാൎത്തുകൊണ്ടു് തൻെറ ഏകാന്തവാസം വിട്ടു് ബ്രൂഷേസിലെത്തിയപ്പോൾ ഒരു ദൈവദൂതനെപ്പോലെയാണ് ആ ദിഗവാസികൾ അദ്ദേഹത്തെ സ്വീകരിച്ചതു്. ആ ഉന്നതാന്തസ്സിലും മഹാ കഠിനതപഃക്രിയകളെ അദ്ദേഹം അനുഷ്ഠിച്ചുവന്നു. അതിനു അദ്ദേഹം പറഞ്ഞുവന്ന ന്യായം തൻെറയും തൻെറ ജനത്തിൻെറയും പാപങ്ങളെ പരിഹരിക്കാനുണ്ടെന്നാണ്. തൻെറ ആടുകളായ എല്ലാവരുടെ മേലും ഈ വിശുദ്ധമെത്രാൻ ഉൽകണ്ഠനായിരുന്നു. മനസ്താപപ്പെടുന്ന പാപികളുടെ ഒരു പ്രേമപിതാവും മൂഢന്മാരായ പാപികളോടു അനിരോധ്യ ഝരൗ സ്തംഭവുമായി അദ്ദേഹം വൎത്തിച്ചുവന്നു. തന്നിമിത്തം അവരിൽ പലരും തങ്ങളുടെ അധൎമ്മജീവിതമുറയെ പരിത്യജിച്ചു് ഉത്തമജീവിതം

നയിക്കകയുണ്ടായി. ചുരുക്കം ചിലർ ആ മെത്രാൻെറ സൽസ്വഭാവം നിമിത്തം ഗർവ്വിതന്മാരായി ബ്രൂഷേസ് ഇടവകയുടെ അൎഹതകളെ ആക്രമിക്കാൻ ഒരുമ്പെട്ടു. പക്ഷെ അധികനാൾ കഴിയുന്നതിനു മുമ്പുതന്നെ തങ്ങളുടെ അബദ്ധത്തെ ഗ്രഹിക്കാൻ അവൎക്കു സംഗതിയായി. അദ്ദേഹത്തിനുള്ള വരുമാനം നഷ്ടപ്പെടുവാനുള്ള അപകടമുണ്ടായിരുന്നിട്ടും, ലൌകികകാൎയ്യങ്ങളിൽ രാജാവിനോടു മഹാ വിധേയനായിരുന്നുവെങ്കിലും ആ കാൎയ്യത്തിൽ രാജാവിനോടും അദ്ദേഹം പ്രതിഷേധിക്കയാണ് ചെയ്തതു്.



ഈ മെത്രാൻ തൻെറ ആദ്ധ്യാത്മികമക്കളെ ആശീൎവ്വദിക്കുന്നതു്.

ആൽബിജെൻസ് പാഷാണ്ഡികൾ ഉളവാക്കിയിരുന്ന നാശങ്ങൾ അദ്ദേഹത്തിൻെറ വേദപ്രതിപത്തിയെ ഉജ്ജ്വലിപ്പിക്കുകയും അവരിൽ പലരെ അദ്ദേഹം മനസാന്തരപ്പെടുത്തുകയും ചെയ്തു. അവരുടെയിടയിൽ പോയി പ്രസംഗിക്കാൻ ഒരുങ്ങുമ്പോളാണ് അദ്ദേഹം ദേഹവിയോഗം പ്രാപിച്ചതു്. ആ ദിവ്യോദ്യമത്തിന്നായുള്ള ആലോചനകൾ നടത്തുകയും ഒരുക്കങ്ങൾ ചെയ്യുകയും ചെയ്യുമ്പോൾ അദ്ദേഹത്തിനു ഒരു നിസ്സാര അസ്വാസ്ഥ്യം തുടങ്ങി. അപ്പോൾ പനിയുണ്ടായിരുന്നു. തൻെറ ജ

നത്തെ അറിയിക്കുന്നതിനും അവരോടു യാത്ര പറയുന്നതിനുമായിട്ടു അവരെ വിളിച്ചുകൂട്ടി. അവരോടു സല്ലപിച്ചുകൊണ്ടിരിക്കുകയിൽ ജ്വരം വൎദ്ധിക്കുകയും ശയ്യയെ പ്രാപിക്കാൻ നിൎബന്ധിതനാവുകയും ചെയ്തു. അസ്വാസ്ഥ്യം കൂടിവരുന്നുവെന്നു കണ്ടപ്പോൾ തന്റെ വിയോഗം സമീപിച്ചു എന്നു ഗ്രഹിച്ചു അദ്ദേഹം അന്ത്യാൎദ്രിയംഗവും ദിവ്യപാഥയവും (1) അപേക്ഷിച്ചു കൈക്കൊണ്ടു. ഇതു മുട്ടിന്മേൽ നിന്നുകൊണ്ടാണ് ചെയ്തതു്. അപ്പോൾ അസ്വാസ്ഥ്യമെല്ലാം മാറിയതായി തോന്നിച്ചിരുന്നു. അതിന്റെ ശേഷം കൈരണ്ടും സ്ലീവായുടെ ഭാഷയിൽ വെച്ചു സാഷ്ടാംഗം വീണു അധികനേരം ദൈവത്തെ നമസ്കരിച്ചു. അടുത്ത രാത്രി സംസാര വശമില്ലാതായി. എങ്കിലും ആംഗ്യം കൊണ്ടു തന്നെ കിടക്കയിൻനിന്നു എടുത്തു നിലത്തു വെണ്ണീരിന്മേൽ കിടത്തണമെന്നു അറിവിച്ചു. പരിചാരകന്മാർ അപ്രകാരം ചെയ്യുകയും ആ സ്ഥിതിയിൽ കിടന്നു ൧൨൧൨-ാം കാലം മകരം ൧൧-ാംനു- അൎദ്ധരാത്രി കഴിഞ്ഞു അന്ത്യശ്വാസം വിടുകയും ചെയ്തു. ആ വിശുദ്ധന്റെ ശരീരം ബ്രൂഷെസിലെ മെത്രാസനപള്ളിയിൽ സംസ്കരിക്കപ്പെട്ടു.

സാദ്ധ്യം—നാം പുണ്യമാൎഗ്ഗത്തിൽ വ്യാപരിക്കുന്നതിന്നു് ആത്മപരിത്യാഗവും ഇന്ദ്രിയനിഗ്രഹവും അനുസരിച്ചു നമ്മുടെ അവസാനസമയത്തെപററി വിചിന്തനം ചെയ്യണം.

---

## മകരം (ജനവരി) ൧൧-ാംനു-

### മാൎപ്പാപ്പായും രക്തസാക്ഷിയുമായ വി: ഹെവുജിൻ (൧൩൧൯)

മാൎപ്പാപ്പായായ വി: ഹെവുജിൻ ഒരു യൌനായക്കാരനാണ്. അദ്ദേഹം തിരുസ്സഭയുടെ ശ്രേഷ്ഠപുരോഹിതനായി നാലു സംവത്സരം തിരുസ്സഭയെ ഭരിച്ചു. അക്കാലത്തു സക്കാർ ഉ

---

(1) ദിവ്യപാഥേയം=ഒടുവിലത്തെ യാത്രയ്ക്കായുള്ള ദിവ്യകാരുണ്യ സ്വീകരണം.

ത്തരവിൻപ്രകാരം വേദഹിംസയുണ്ടായില്ലെങ്കിലും പാഷണ്ഡികൾമൂലം തിരുസ്സഭയ്ക്കുവന്നുകൂടിയ ശല്യം ഒട്ടും ചില്ലറയല്ല. ചെമ്മരിയാട്ടിൻ ബാഹ്യഭാവം നടിച്ചുവന്ന സുറിയാക്കാരായ സെർദൊഎന്ന പതിതൻറോമാപുരിയിൽ ചെന്നു് രണ്ടു ദൈവമുണ്ടെന്നുംകന്യാസ്ത്രീമറിയത്തിൽനിന്നു പിറന്ന ഈശോ മ്ശിഹാ സാക്ഷാൽ മനുഷ്യനല്ല, ഒരു മായം മാത്രമെ ആയിരുന്നുള്ളുവെന്നുമുള്ള അബദ്ധോപദേശങ്ങൾ പ്രബോധിപ്പിച്ചുവന്നു. അതു് ഹെ



വി. ഹെവ്വജിൻ മാപ്പാപ്പാ തിരുസ്സഭയ്ക്കു ലേഖനങ്ങൾ എഴുതുന്നതു്.

വ്വജിൻ മാപ്പാപ്പാ അറിഞ്ഞു അയാളെ സഭയിൽനിന്നു ബഹിഷ്കരിച്ചു. അപ്പോൾ അയാൾ മനസ്താപം കാണിക്കുകയാൽ ആ ബഹിഷ്കാരം ഒഴിച്ചു സഭയിൽ സ്വീകരിക്കപ്പെട്ടു. പിന്നെയും അയാൾ ആ ദുർബ്ബോധനയെത്തന്നെ ഉപദേശിക്കാൻ തുടങ്ങി. തന്നിമിത്തം വീണ്ടും മാപ്പാപ്പാ അയാളെ ബഹിഷ്കരിച്ചു. വലന്തീനെന്ന വേറൊരു പതിതനും താൻ ആശിച്ചിരുന്ന മെത്രാൻ സ്ഥാനം കിട്ടാതായപ്പോൾ പല പാഷണ്ഡോപദേശങ്ങളെയും ജല്പിക്കുകയുണ്ടായി. ആ സാധുവായ മാപ്പാപ്പാ ശിക്ഷ കല്പിക്കാതെ, സദുപദേശങ്ങൾ ചെയ്തു, അയാളെ മാന

സാന്തരപ്പെടുത്തുന്നതിന ഉദ്യമിച്ചു വരുകയിൽ നിൎയ്യാണം ചെയ്തു. ഈ മാപ്പാപ്പാ രക്തസാക്ഷിയായിട്ടു മരിച്ച വിവരം നമുക്കിപ്പോൾ ഇല്ലായെങ്കിലും പല പൂൎവ്വ പഞ്ചാംഗങ്ങളിലും വിശുദ്ധന്മാരുടെ ആധുനിക പട്ടികയിലും രക്തസാക്ഷിയായിട്ടാണ് അഭിധാനം ചെയ്യപ്പെട്ടിരിക്കുന്നതു്. ആ തിരുമനസ്സീന്നു ജീവിച്ചിരുന്ന ആ വികട കാലഘട്ടങ്ങളിൽ ആ തിരുമനസ്സീന്നു ചില ഹിംസകളെങ്കിലും അവശ്യം സഹിച്ചിരിക്കണം.

സാദ്ധ്യം—സാംക്രമിക രോഗപീഡിതന്മാരോടുള്ള സംസൎഗ്ഗം ആ രോഗം ബാധിക്കുന്നതിന എളുപ്പമാക്കിതീൎക്കുന്നതുപോലെ പാപികളോടും വൈദികവിരോധികളോടുമുള്ള സംസൎഗ്ഗം നമ്മെ ദോഷപ്പെടുത്താവുന്നതുകൊണ്ടു അത്തരക്കാരോടുള്ള സഹചരണവും സംസൎഗ്ഗവും നാം വൎജ്ജിക്കണം.

## മകരം (ജനവരി) ൧൨-ാംനു-

### രക്തസാക്ഷിയായ വി. അക്കേി (൩൦൧).

മ്ശിയായുടെ അനുയായികൾക്കു വിരോധമായി അജ്ഞാനാധിപന്മാരെ പിശാചു ക്രോധാവേശന്മാരാക്കിതീൎത്തു. തന്നിമിത്തം അജ്ഞാനികൾക്കു സ്വല്പം മാത്രം വല്ല സംശയവും തോന്നിയിരുന്നപ്പോളൊക്കയും ഭവനങ്ങൾ ഭേദിച്ചു അകത്തു കടന്ന് ക്രിസ്ത്യാനികൾ അവിടെയുണ്ടോയെന്നു പരിശോധനയായി. ആ പരിശോധനയിൽ ആരെയെങ്കിലും കണ്ടെത്തുന്ന പക്ഷം അയാളെ ന്യായസ്ഥലത്തേക്കു കൊണ്ടുപോകുന്നതിനുമുമ്പുതന്നെ ക്രൂരമായി അവർ ബാധിച്ചു വന്നു. ഈവിധ അക്രമപ്രവൃത്തികൾ പ്രതിദിനമെന്നപോലെയാണ് നടന്നിരുന്നതു്. മ്ശിഹായുടെ മേലുള്ള ആദരവും ഭക്തിയും പാടെ ക്രിസ്ത്യാനികളിൽനിന്നു നാമാവശേഷമാക്കാൻ വേണ്ടി ദൈവദോഷകരമായ ബലികൾക്കു സംബന്ധിക്കുന്നതിന്നും, ബലിസാധനങ്ങളെ പുഷ്പം ചാൎത്തി വീഥികകളിൽക്കൂടി ആഘോഷപൂൎവ്വകം കൊണ്ടുപോകുന്നതിന്നംവി

ഗ്രഹങ്ങൾക്കു ധൂപം അപ്പിക്കുന്നതിന്നും മത്തവിലാസന്മാരെപോലെ ശൃംഗാരഗാനങ്ങൾ പാടുന്നതിന്നും അവരെ നിബ്ബന്ധിച്ചുവന്നു. ഈവിധബീഭത്സ അലങ്കോലങ്ങളെയും അസ്വാസ്ഥ്യത്തെയും വി. അക്കാദികണ്ടു സ്വച്ഛന്ദം മ്ശിഹായെ സേവിച്ച് നമസ്കാരത്തിലും ഉറക്കമൊഴിച്ചിലിലും പ്രായശ്ചിത്ത പ്രവൃത്തികളിലുംകാലം വിനിയോഗിക്കാൻ കരുതി തൻെറ സ്വത്തുക്കളൊക്കയും ഉപേക്ഷിച്ച് ഒരു ഏകാന്തവാസത്തിൽ ചെന്നു താമസിച്ചു. പക്ഷെ അധികനാൾ ഇങ്ങനെ ഒളിച്ചു താമസിക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല. വിഗ്രഹങ്ങൾക്കു പൂജ അപ്പിക്കുന്ന അവസരങ്ങളിൽ അക്കാദിയെ കാണുന്നില്ലായെന്നു അധികാരികൾക്കു അറിവുകിട്ടി. ആകയാൽ അയാളെ അന്വേഷിച്ചു പിടിച്ചു കൊണ്ടുവരുന്നതിന്നു അധികാരി സേവകന്മാരെ അയച്ചു. അവർ അദ്ദേഹത്തിൻെറവീട്ടിൽ ചെന്നു പരിശോധിച്ചപ്പോൾ അവിടെ അക്കാദിയുടെ ഒരു സംബന്ധിയെമാത്രമെ കാണുകയുണ്ടായുള്ളൂ. അയാളോടു അക്കാദിയെപററി ചോദിച്ചു. അയാളാകട്ടെ തനിക്കു അക്കാദിയെ സംബന്ധിച്ചു യാതൊരു വിവരവുമില്ലെന്നു പറഞ്ഞു. ആകയാൽ അവർ അയാളെ പിടിച്ചുകൊണ്ടു ചെന്ന് അധികാരിയുടെ മുമ്പാകെ നിത്തുകയും അക്കാദി വെളിപ്പെടുന്നതുവരെ അയാളെ കാരാഗൃഹത്തിലാക്കാൻ അധികാരി ആജ്ഞാപിക്കുകയും ചെയ്തു. അക്കാദി തൻെറ സംബന്ധിക്കു നേരിട്ട വിപത്തു അറിഞ്ഞയുടനെ അധികാരിയുടെ മുമ്പാകെ ചെന്ന്, "എന്നെപ്രതിയാണ് എൻെറ സംബന്ധിയെ നിങ്ങൾ പാറാവിലാക്കിയിരിക്കുന്നതെങ്കിൽ അയാളെ വിട്ടയക്കണം. അയാൾക്കു എൻെറ മാററത്തെപ്പററി അറിവുണ്ടായിരുന്നില്ല. ഞാനാണ് അക്കാദി. നിങ്ങൾ ആവശ്യപ്പെടുന്നതിനൊക്കെക്കും ഞാൻ സമാധാനം പറഞ്ഞുകൊള്ളാം" എന്നു പറഞ്ഞു. അപ്പോൾ അധികാരി നിനക്കു ദേവന്മാരെ പൂജിക്കാമെങ്കിൽ നിങ്ങളെ രണ്ടുപേരെയും ഞാൻവിട്ടയക്കാം". എന്നു കല്പിച്ചു. "നിങ്ങൾ എന്താണു പറയുന്നത്. നിങ്ങൾ ക്രിസ്ത്യാനികളെ നല്ലവണ്ണം അറിഞ്ഞിട്ടില്ല. അതിനാലാണ് ഇപ്രകാരം പറയുന്നത്. മരണത്തെക്കുറിച്ചുള്ള ഭയം നിമിത്തം അവരുടെ ധ

മ്മത്തെ അവർ വിലംഘിക്കുമെന്നാണ് നിങ്ങൾ വിചാരിക്കു ന്നത്. ഈശോ കർത്താവാണ് എനിക്കു ആയുസ്സും, മരണം എനിക്കു ഒരു ആദായവുമാകുന്നു. എന്നെ ഏതുവിധത്തിലെങ്കിലും നിങ്ങൾക്കു പീഡിപ്പിക്കാം. എന്തു വന്നാലും ഞാൻ എൻെറ ദൈവത്തെ അനാദരിക്കുന്നതല്ല," എന്നു അക്കാദി മറുപടി പറഞ്ഞു. അധികാരി അതു കേട്ടു കോപാവേശിതനായി കുറെ നേരത്തേക്കു നിന്നുപോയി. അനന്തരം അസാധാരണവിധത്തിൽ അക്കാദിയെ പീഡിപ്പിക്കത്തക്ക ഉപായമെന്താണെന്നു ആലോചിച്ചുകണ്ടെത്തിയശേഷം ആരകച്ചാരന്മാരെ വിളിച്ചു "മരണം അവൻ ആഗ്രഹിച്ചാലും എളുപ്പം അതു വന്നു കൂടാതിരിക്കത്തക്കവണ്ണം അവനെ കൊണ്ടുചെന്നു നിങ്ങൾ പീഡിപ്പിക്കുക. നമ്മുടെ പൂർവ്വന്മാരുടെ ദേവന്മാരെ ആരാധിക്കുന്നതിന്നു പകരം അറിയപ്പെടാത്ത ഒരു ദൈവത്തെ സേവിക്കുന്നതിൻെറ ഫലം എന്താണെന്നു അവൻ ഗ്രഹിക്കത്തക്കവണ്ണം അവൻെറ അവയവങ്ങൾ ഒന്നിൻെറ ശേഷം ഒന്നായും സാവകാശത്തിലും ഛേദിക്കുക" എന്നു കല്പിച്ചു. അതു കേട്ടക്ഷണത്തിൽ അവർ മ്ശിഹായെപ്രതി മററു പലരെയും ശിരച്ഛേദനം ചെയ്തു കൊല്ലക്കളത്തേക്കു വി. അക്കാദിയേയും പിടിച്ചുകൊണ്ടുപോയി. അവിടെ ചെന്നു ചേൎന്നയുടനെ ആ വിശുദ്ധൻ ആകാശത്തേക്കു നേത്രങ്ങളെ ഉയൎത്തി പ്രാൎത്ഥിച്ചശേഷം തലവെട്ടാനാണ് അവർ പോകുന്നതെന്നു വിചാരിച്ച് തല നീട്ടിക്കൊടുത്തു. പക്ഷേ അധികാരിയുടെ നിൎദ്ദേശപ്രകാരം വിരലുകളും അനന്തരം മുൻകൈകളും തോളും പിന്നെ പാദങ്ങളും കാലുകളും ഒന്നിൻെറ ശേഷം ഒന്നായി വെട്ടി മാററി. അദ്ദേഹം ആ കഠോര പീഡകളൊക്കയും വീരന്മാൎക്കു യോഗ്യമായവിധത്തിൽ സഹിച്ചുകൊണ്ടു അവർ ഛേദിക്കാൻ വിട്ടുപോയ നാവുകൊണ്ടു "കർത്താവേ എന്നെ അങ്ങേ ജ്ഞാനം പഠിപ്പിക്കേണമേ" എന്നുപ്രാൎത്ഥിച്ചുകൊണ്ടിരുന്നു. ചോരയിൽ കുളിച്ചിരുന്ന ഒരു കബന്ധം മാത്രമായിരുന്ന അദ്ദേഹത്തിൻെറ ശരീരശിഷ്ടം കണ്ടിരുന്നവരൊക്കയും കരയാതിരുന്നില്ല. അദ്ദേഹത്തിൻെറ അനന്യസാധാരണമായ ധൈൎയ്യം കാ

ഷ്ടക്കാരെയൊക്കയും വിസ്മയഭരിതന്മാരാക്കുകയും അതിന്റെ മൂല കാരണം ദൈവീകമാണെന്ന അവർ സമ്മതിക്കുകയും ചെയ്തു.



വി. അക്കാദിയുടെ കൈയുടേയും പാദങ്ങളുടേയും വിരലുകൾ ഛേദിക്കപ്പെട്ടു കിടക്കുന്നതു്.

ഇതൊക്കെയായിട്ടും മരിക്കാതെയിരുന്ന അക്കാദി അങ്ങുമിങ്ങും ചിതറിക്കിടന്ന തന്റെ അവയവങ്ങളെ ദൈവത്തിന്ന സമപ്പിച്ചുകൊണ്ട് "ഹോ ഭാഗ്യപ്പെട്ട അവയവങ്ങളേ നിങ്ങളിപ്പോൾ എന്റെ ദൈവത്തിനുവേണ്ടി ബലിയിടപ്പെട്ടിരിക്കുകയാൽ ഇപ്പൊഴാണ നിങ്ങൾ എന്റെ പ്രേമപാത്രങ്ങൾ" എന്ന പറയുകയുണ്ടായി. അതിന്റെ ശേഷം അവിടെ കൂടിയിരുന്ന ജനങ്ങളെ നോക്കി, "ലഭിക്കാനിരിക്കുന്ന ഒരു നിത്യ കിരീടം കാണുന്നാവന്നു ഈ പീഡകളൊന്നും സാരമുള്ളതല്ല. നിങ്ങളുടെ ദേവന്മാർ ദൈവങ്ങളല്ല. അതിനാൽ ദൈവ വിരുദ്ധങ്ങളായിരിക്കുന്ന അവരുടെ സേവയെ പരിത്യജിപ്പിൻ. ഞാൻ ആർക്കു വേണ്ടി പീഡകൾ സഹിക്കുകയും മരിക്കുകയും ചെയ്യുന്നുവോ അവിടന്നല്ലാതെ വേറേ ദൈവമില്ല. അദ്ദേഹത്തിന്റെ കാരുണ്യവും അനുഗ്രഹവും കൊണ്ടു മാത്രമാണ് ഞാൻ നിങ്ങൾ കാണു

ന്നാ ഈ പീഡകളും വ്യഥകളും സഹിക്കുന്നതു്. അവിടന്നു എന്നെ ആനന്ദിപ്പിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു. അവിടത്തേക്കു വേണ്ടി മരിക്കുന്നതു് ജീവിക്കുകയാകുന്നു. പാട്ടുകൾ സഹിക്കുന്നതു് സൌഭാഗ്യമനുഭവിക്കുകയാണു". ഇങ്ങനെ പ്രസംഗിച്ചു കൊണ്ടിരിക്കയിൽ ആത്മാവു ശരീരത്തിൽ നിന്നു പിരിഞ്ഞു (മകരം ൧൨-ാംനു). ഈ രക്ത സാക്ഷിയുടെ അജയ ധീരത കണ്ടു വിഗ്രഹാരാധികന്മാർ അത്ഭുതപ്പെട്ടുകയും, തന്നെ സേവിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നവരെ ശക്തന്മാരാക്കി തീക്കുന്ന തങ്ങളുടെ ദൈവത്തെ, ക്രിസ്ത്യാനികൾ സ്തുതിക്കുകയും ചെയ്തു. ഇവർ ആ ദൈവ ശുശ്രൂഷിയുടെ ഛേദിക്കപ്പെട്ട അവയവങ്ങളെല്ലാം ഒന്നിച്ചു ശേഖരിച്ചുഒരേ കുഴിരത്തിൽ സംസ്കരിച്ചു. പരിശുദ്ധന്മാരുടെ പട്ടികകളിൽ മഹാ സ്തുതിയാണു് ഈ രക്തസാക്ഷിക്കു കൊടുത്തിരിക്കുന്നതു്. വി. സെനോയുടെ പ്രസംഗത്തിലും വിശുദ്ധന്മാരുടെ പട്ടികകളിലും മൌരിത്താന്യായിലെ കേസറിയാ പട്ടണത്തിൽ വച്ചാണു് ഈ വിശുദ്ധൻ ഹിംസിക്കപ്പെട്ടതെന്നു കാണുന്നതു്.

സാദ്ധ്യം— നാം നിമിത്തം അന്യവക്കു് വല്ല നാശവും വരുന്ന പക്ഷം അതു് തടയുവാൻ കഴിയുന്നതു നാം ശ്രമിക്കണം.

---

## മകരം (ജനവരി) ൧൩-ാംനു-

കന്യകയായ വി. വെറോണിക്കാമ്മ (൧൪൯൭).

വി. വെറോണിക്കാമ്മ ജനിച്ചതു് മിലാൻ പട്ടണത്തിനു സ്വല്പംഅകലെയുള്ള ഒരു ഗ്രാമത്തിലാണു്. അവരുടെ മാതാവും പിതാവും നന്നാ ദരിദ്രന്മാരായിരുന്നതിനാൽ കഷ്ടപ്പെട്ടു വേലയെടുത്തല്ലാതെ കുടുംബത്തെ പോററാൻ അവക്കു സാധിച്ചിരുന്നില്ല. സകലവിധ അത്ഥത്തേക്കാൾ ഉൽകൃഷ്ടമായ ദൈവഭക്തിയുള്ളവരായിരുന്നു അവർ വഞ്ചന. കപടം ആദിയായ അധമ്മങ്ങൾ അവരെ ലെവലേശംപോലും തീണ്ടിയിരുന്നില്ല. ഈ വി

ശുദ്ധയുടെ പിതാവിന്ന വല്ലതും വില്ക്കാനുണ്ടായിരുന്നപ്പോഠം അതിൻെറ ന്യൂനതകളെ പരമാൎത്ഥമായി വെളിപ്പെടുത്തുക പതിവായിരുന്നു. അവരുടെ ദാരിദ്ര്യം വെറോനിക്കായെ അക്ഷരാഭ്യാസം ചെയ്യിക്കുന്നതിന്ന അനുവദിച്ചില്ല. എന്നുവരുകിലും ആ വിശുദ്ധ ചെറുപ്പം മുതല്ക്കേ തൻെറ മാതാപിതാക്കന്മാരുടെ ഉത്തമ ദൃഷ്ടാന്തങ്ങളെ അനുകരിച്ച് സുകൃതങ്ങളെ അനുഷ്ഠിച്ചും ദൈവത്തെ സ്നേഹിച്ചും വന്നു. കുട്ടികളോടു ചെയ്യാറുള്ള ഉപദേശങ്ങളെ വി. വെറൊണിക്കാ ശ്രദ്ധാപൂൎവ്വകം കേഠംക്കുകയും പരിശുദ്ധാത്മാവിൻെറ വരത്താൽ അവ നല്ലവണ്ണം ഗ്രഹിക്കുകയും ചെയ്തിരുന്നു. അവർ വേദസത്യങ്ങളെയും രഹസ്യങ്ങളെയുംപററി ധ്യാനിക്കാനുള്ള വരം പ്രാപിച്ചിരുന്നതിനാൽ ആ സ്വൎഗ്ഗീയ ഭോജനത്താൽ അവരുടെ ആത്മാവ് നവംനവങ്ങളായ ശക്തിയെ പ്രാപിച്ചുവന്നു. ഇങ്ങനെയുള്ള ഭക്തികൃത്യങ്ങഠം അവരുടെ അവസ്ഥാനുസൃതങ്ങളായ വേലകഠം നടത്തുന്നതിന്ന ഒരിക്കലും പ്രതിബന്ധങ്ങളായിരുന്നില്ല. അവരു് അശ്രാന്തം വേലചെയ്യുകയും മാതാപിതാക്കന്മാരുടെയും യജമാനന്മാരുടെയും നിൎദ്ദേശങ്ങളെ ഈഷദ്ഭേദമന്യെ നിറവേററുകയും ചെയ്യും. തൻെറ സഖികഠംക്കു ഏതെങ്കിലും ഉപകാരം ചെയ്തുകൊടുക്കുന്നതിനുള്ള അവസരം നേരിടുമ്പോഠം അവരിൽ ഏററം താന്നവളായി തന്നെ കരുതി അതു ചെയ്തുകൊടുക്കുന്നതിന്ന എപ്പൊഴും ആ വിശുദ്ധ സന്നദ്ധയായിരുന്നു. ആ വനിതയുടെ പ്രവൃത്തികഠം സൂക്ഷിച്ചാൽ സ്വേഷ്ടം മുഴുവനും ഉപേക്ഷിച്ചതായി തോന്നും, ബോധമടക്കവും അസാധാരണമായിരുന്നു. ബാഹ്യപ്രവൃത്തികഠം ചെയ്യുമ്പോഠം കൂടിയും അവരുടെ ചിന്ത സ്വൎഗ്ഗീയ കാൎയ്യങ്ങളിലായിരുന്നു. തന്നിമിത്തം തന്നോടു കൂടെ വേലചെയ്യുന്നവരെ സംബന്ധിച്ച് യാതൊന്നും ആ വിശുദ്ധ അറിഞ്ഞിരുന്നില്ല. വയലുകളിൽ വേലചെയ്യുമ്പോഠം നിൎവ്വിഘ്നം ഈശോകൎത്താവിനോടുകൂടെ സംഭാഷിക്കാനും സല്ലപിക്കാനും വേണ്ടി കൂട്ടരിൽനിന്നു അകലെപൊയിനിന്നു വേല ചെയ്യും. കാണികഠംക്കു അതിൽ ഒരാനന്ദവും ആശ്ചൎയ്യവു മ

ല്ലാതെ വേറൊന്നും തോന്നിയിരുന്നില്ല. അവരുടെ നേത്രങ്ങൾ എപ്പോഴും കണ്ണുനീർ വാർത്തുകൊണ്ടിരിക്കും. അതിൻെറ കാരണം ആ പുണ്യവതി ഒരിക്കലും വെളിപ്പെടുത്തിയിട്ടില്ല. അവരും ദൈവവും തമ്മിൽ നടന്നുകൊണ്ടിരുന്ന സൌരസംഭാഷണം അവരുമാത്രമെ ഗ്രഹിച്ചിട്ടുള്ളു.

വെറോണിക്ക, സന്യാസജീവിതവൃത്തിക്കു ദൈവം തന്നെ വിളിച്ചിരുന്ന സ്വരത്തിന്നു വിധേയയായി അന്നു, മിലാൻ പട്ടണത്തിലുണ്ടായിരുന്ന വി. മത്തായുടെ കന്യകാമഠത്തിൽ ചേരുവാൻ തീർച്ചപ്പെടുത്തി. ഈ മഠം തപസ്വിനീകളായ ആഗസ്തിന്ന്യൻ സഭക്കാരുടെതായിരുന്നു. ഇതിൽ ചേരുന്നതിന്നു ആവശ്യമായിരുന്ന അക്ഷരജ്ഞാനമില്ലായ്ക എന്നുള്ള പ്രതിബന്ധം അവരുടെ മനസ്സിനെ മടുപ്പിച്ചില്ല. രാത്രിസമയം അതിന്നായിട്ടു വിനിയോഗിക്കാൻ വെറോണിക്കാ നിശ്ചയിച്ചു. മൂന്നു മാസംകൊണ്ടു ഗുരുസഹായം കൂടാതെ അവരു അക്ഷരാഭ്യാസം പൂർത്തിയാക്കി. ഒരിക്കൽ അതിലുള്ള പ്രയാസം കൊണ്ടു സ്വല്പ നിരാശയ്ക്കു അധീനയായപ്പോൾ ദേവമാതാവു അവൾക്കു പ്രത്യക്ഷയായി ഇങ്ങനെ കല്പിച്ചു "മകളെ നീ വിഷാദിക്കണ്ട ഈ മൂന്നു അക്ഷരം നീ അറിഞ്ഞിരുന്നാൽ മതി. ൧. സകലത്തെക്കാൾ ഉപരിയായി ദൈവത്തെയും, ദൈവത്തെപ്രതിയും ദൈവത്തിലും സൃഷ്ടികളെയും സ്നേഹിക്കുന്നതും, ൨. അന്യവരുടെ കുററങ്ങളെ കുറിച്ചു ക്ഷമകേടു കാട്ടാതെയും കുററം പറയാതെയും അവൾക്കുവേണ്ടി പ്രാൎത്ഥിക്കുന്നതും. ൩. എല്ലാദിവസവും ഒരു സമയം നിശ്ചയിച്ചു ഈശോയുടെ പീഡാനുഭവങ്ങളിന്മേൽ ധ്യാനിക്കുന്നതും" മൂന്നു സംവത്സരത്തെ ഒരുക്കത്തിൻെറ ശേഷം ആ കന്യകാമഠത്തിൽ വെറൊണിക്കാ അംഗീകരിക്കപ്പെട്ടു. അവിടെയുള്ള സകല പുണ്യാഭ്യാസങ്ങളിലും ചട്ടങ്ങളുടെ സൂക്ഷ്മമായ അനുസരണയിലും അവൾക്കുള്ള തീക്ഷ്ണത സാധാരണമായിരുന്നില്ല. വലിയകാൎയ്യങ്ങളിലെന്നപോലെ ചെറിയകാൎയ്യങ്ങളിലും അവരു മഹാ കൃത്യനിഷ്ഠയുള്ളവളായിരുന്നു. അധികൃതന്മാരുടെ മനസ്സൊന്നു മാത്രമായിരുന്നു അവരുടെ പ്രവൃത്തികളെല്ലാം നിയന്ത്രിച്ചിരുന്നതു.

അവരുടെ അഭിലാഷമ്പോലെ ദേവാലയത്തിൽ ഉറക്കമൊഴി ഞ്ഞിരുന്നു് പ്രാൎത്ഥിക്കാൻ അനുവാദം ലഭിക്കാത്തതിൽ നീരസം തോന്നിയിരുന്നില്ല. കീഴ്വഴക്കം ദൈവത്തിനു ബലികളെക്കാൾ പ്രസാദിക്കുന്ന ഉത്തമകാഴ്ചയാണെന്നു അവരു ഗ്രഹിച്ചും നിത്യപിതാവിന്റെ തിരുമനസ്സിന്നു ഈശോമിശിഹാ കീഴ്വഴങ്ങിയതു ഓൎത്തു മഹാ അനുസരണയുള്ളവളായി വൎത്തിച്ചുവന്നു.



ഈ വിശുദ്ധ ഈശോകൎത്താവിന്റെ പീഡാനുഭവ തിരുസ്വരൂപത്തിൻ മുമ്പാകെ ധ്യാനിക്കുന്നതു്.

ദൈവം തന്റെ ദാസിയെ, മൂന്നു വൎഷം നീണ്ടുനിന്നതും ശരീരത്തെ പീഡിപ്പിക്കുന്നതുമായ ഒരു ശരീരാസ്വാസ്ഥ്യമൂലം പരീക്ഷിക്കാൻ തിരുമനസ്സായി. അപ്പോൾക്കൂടെയും അവരുടെ തപഃക്രിയകൾക്കു യാതൊരു കുറവും വരുത്തിയിരുന്നില്ല. സുഖഹീനതയെ ഓൎത്തു ഏതാനുമെങ്കിലും കുറയ്ക്കണമെന്നു ശേഷംപേർ അവരോടു ഉപദേശിച്ചപ്പോൾ ആ അമ്മ "കാലമുള്ളപ്പോൾ മാത്രമെ നമുക്കു തപസ്സും പ്രായശ്ചിത്തങ്ങളും ചെയ്യുവാൻ സാധിക്കുകയുള്ളൂ. പിന്നീടു് സമയമില്ലാതെയും സാധിക്കാതെയും വരും"

എന്നാണ് സമാധാനം പറഞ്ഞത്. ശേഷംപേക്ക് ഓരോവിധ സഹായം ചെയ്തുകൊടുക്കുന്നതിനെയും ഏററം താഴ്ന്ന ജോലി ചെയ്യുന്നതിനെയുംകാൾ ആ പുണ്യവതിക്കു ഇഷ്ടമായ പ്രവൃത്തിയൊന്നുമില്ലായിരുന്നു. അതിനു സംഗതിയാകുന്നതു മഹാ ഭാഗ്യമെന്നാണ് ആ പുണ്യവതി വിചാരിച്ചുവന്നതു്. ഭക്ഷണമാകട്ടെ വെറും അപ്പവും വെള്ളവും മാത്രമായിരുന്നു. ആ പുണ്യവതിയുടെ ആത്മാവ് നിരന്തരം പ്രാൎത്ഥനവഴിയായി ദൈവത്തോടു ഐക്യപെട്ടു ജീവിക്കുകയും പലപ്പോഴും അതിനാൽ അനുഭവിച്ചിരുന്ന ആനന്ദത്താൽ കണ്ണുനീർ വാക്കുകയും ചെയ്തിരുന്നു. പരിപാവനമായ ഒരു ജീവിതമാണു അവരു് നയിച്ചിരുന്നതെങ്കിലും തന്നെ ഒരു മഹാപാപിനീയെന്നു ഗണിച്ചു് തൻെറ വീഴ്ചകളെകുറിച്ചു മഹാ മനസ്താപത്തോടെയും പശ്ചാത്താപത്തോടേയും സംസാരിച്ചു വന്നു. ഈ വിധ സദ്ഗുണങ്ങൾ, വി: വെറോണിക്കായുടെമേൽ ധാരാളമായ ദൈവവരപ്രസാദങ്ങൾ പൊഴിയുന്നതിനിടയാക്കി. ആ അമ്മ ൧൪൯൭-ാം കാലത്തിലും താൻ പ്രവചിച്ച നാഴികയിലും തൻെറ ൫൨-ാമത്തെ വയസ്സിലും മരിച്ചു. ൧൪-ാമത്തെ ബനദീക്തു് മാപ്പാപ്പാ ആ അമ്മയെ സിദ്ധന്മാരുടെ ഗണത്തിൽ ചേൎക്കുകയുണ്ടായി.

സാദ്ധ്യം— ദൈവത്തെക്കുറിച്ചു സകലവും പ്രവൎത്തിക്കാനും അതു് കഴിയുന്നത്ര ഉത്തമരീതിലായിരിക്കാനും നാം ശ്രമിക്കണം.

---

## മകരം (ജനുവരി) ൧൪-ാംനു-

**മെത്രാനും വേദപാഠകനുമായ വി: ഹില്ലരി. (വന്ദ്യ)**

ഈ വിശുദ്ധൻ പുവേത്തിയെ പട്ടണത്തിലും ഗാൾദേശത്തിലെ ഒരു പ്രഖ്യാതകുടുംബത്തിൽ നിന്നുമാണ് ജാതനായതു്. വക്തൃതാസമ്പാദനത്തിന്നായി അദ്ദേഹത്തിൻെറ യൌവനം വിനിയോഗിച്ചു. താൻ വിഗ്രഹസേവയിലും തജ്ജന്യങ്ങളായ മൗ

ന്ധ്യാചാരങ്ങളിലുമാണ് വളൎന്നതെങ്കിലും പരമോന്നതനായ ദൈവം പടിപടിയായി തന്നെ സത്യത്തിലേക്ക കൊണ്ടുവരുകയുണ്ടായിയെന്ന് അദ്ദേഹം തന്നെ എഴുതിയിരിക്കുന്നു. ഒന്നാമതായി അദ്ദേഹം സുബോധന്യായംകൊണ്ടു ഗ്രഹിച്ചതു് മനുഷ്യൻ സ്വതന്ത്രനായ ഒരു സൃഷ്ടിയാണെന്നും ഈ ലോകത്തിൽ ദൈവം അവനെ ആക്കിയിരിക്കുന്നതു് സഹിഷ്ണുതയുടെയും സ്വനിഗ്രഹത്തിൻെറയും ശേഷം ധൎമ്മങ്ങളുടെ അഭ്യസനത്തിനാണെന്നും ആ ഉദ്ദേശങ്ങൾ അവൻ സാധിക്കുന്നാപക്ഷം ഈ ലോകജീവിതത്തിൻെറ ശേഷം പ്രതിസമ്മാനം പ്രാപിക്കാതിരിക്കുകയില്ലാ എന്നുമാണ്. അനന്തരം ആ പരമോന്നതജീവിയുടെ ലക്ഷണങ്ങളെക്കുറിച്ചു അദ്ദേഹം പൎയ്യാലോചിക്കാൻ തുടങ്ങി. തൽഫലമായി ബഹുദേവവാദം മഹാ അബദ്ധമാണെന്നും ഒരു ഏകദൈവം മാത്രമെ ഉണ്ടായിരിക്കാൻ പാടുള്ളുവെന്നും, ആ ദൈവം അവശ്യം നിത്യനും നിൎവ്വികാരനും സൎവ്വശക്തനും സകല ചരാചരങ്ങളുടെ മൂലകാരണവും ആയിരിക്കണമെന്നും അദ്ദേഹം ഗ്രഹിച്ചു. ഈ ധാരണയോടെ അദ്ദേഹം ക്രീസ്തീയവേദാഗമങ്ങളെ വായിച്ചു തുടങ്ങി. അതിലെ "ആയിരിക്കുന്നവൻ ഞാനാണ്" (1) എന്ന ദൈവം മോശയോടു അവിടത്തെ ലക്ഷണമായി കല്പിച്ച വാക്യങ്ങൾ അദ്ദേഹത്തിൻെറ മനസ്സിൽ നന്നാ ആഴമായി പതിഞ്ഞു. അനന്തരം വി: യോഹന്നാൻ എഴുതിയിരിക്കുന്ന സുവിശേഷത്തിൻെറ ഒന്നാം അദ്ധ്യായത്തിൽനിന്നു ദൈവപുത്രനായ ദിവ്യവചനം പിതാവായ ദൈവത്തെപ്പോലെതന്നെ അനാദ്യാനന്തനും പിതാവിനോടു സമസ്വഭാവമുള്ളവനുമാണെന്നും മനസ്സിലാക്കി. സകലതും പരിശോധിച്ചറിയണമെന്ന അദ്ദേഹത്തിനു പ്രകൃത്യായുണ്ടായിരുന്ന ജിജ്ഞാസ് ഇവിടെനിൎത്തിവെച്ചു്, ദൈവത്തിൻെറ അപരിമിതജ്ഞാനവും സത്യവാദിത്വവും ആധാരമായുള്ള വെളിപാടിന്നു വിധേയനായി തൻെറ സ്വഭാവബുദ്ധിക്കു നിഷ്പ്രാപ്യങ്ങളായ ക്രീസ്തീയവേദത്തിലെ സ്വഭാവാതീതങ്ങളായ സത്യങ്ങളെ ആരാധിക്കുന്നതിനിടയായി. ഇങ്ങനേയാണ് ദൈവം ക്രമേണ ക്രീസ്തീയവേ-

(1) പുറപ്പാടിൻെറ പുസ്തകം ൩-ാം അദ്ധ്യായം ൧൪-ാം വാക്യം.

ദസത്യങ്ങളെ വിശ്വസിക്കാൻ അദ്ദേഹത്തെ ആനയിച്ചത്. ആ വിശ്വാസമനുസരിച്ചായിരുന്നു അദ്ദേഹത്തിൻെറ അനന്തരമുള്ള പ്രവൃത്തികൾ. ഏറെ താമസിയാതെ തന്നെ ആദ്ധ്യാത്മിക സ്ഥാനം ഏററു ക്രിസ്ത്യാനിയായി. പുനർജ്ജനനസ്നാനത്താൽ വി: ഹില്ലരി ശുദ്ധീകൃതനായ ശേഷമുള്ള അദ്ദേഹത്തിൻെറ നടത്തുലോം വ്യത്യസ്തമായിരുന്നു. സുവിശേഷമനുസരിച്ചായിരുന്നു അദ്ദേഹത്തിൻെറ അനന്തര പ്രവൃത്തികളെല്ലാം. പരന്മാരെ ഉപദേശംമൂലം സന്മാർഗ്ഗത്തിലേക്ക് ആനയിച്ചും പാഷണ്ഡികൾ പ്രതിഷേധിച്ചു വന്ന ത്രിതൈക പരമ സത്യവിശ്വാസത്തെ അനിഷേദ്ധ്യ ന്യായങ്ങളെക്കൊണ്ട് ഉറപ്പിച്ചും വന്നു. അദ്ദേഹം പുരോഹിതനല്ലാതിരിക്കുകയിൽ തന്നെ പൌരോഹിത്യവരങ്ങൾ ധാരാളം അദ്ദേഹത്തിൽ വിലസിക്കൊണ്ടിരുന്നു.

ക്രിസ്ത്യാനിയാകുന്നതിനു മുമ്പ് അദ്ദേഹം വിവാഹിതനായിരുന്നു. പിന്നീട് പുവെത്തിയെയുടെ മെത്രാനായി ഉയർത്തപ്പെട്ടപ്പോളും തൻെറ കളത്രം ജീവിക്കുന്നുണ്ടായിരുന്നു. പക്ഷെ ഭാര്യയിൽ നിന്നു വിരഹിതനായ ശേഷം മാത്രമാണ് മെത്രാഭിഷേകം സ്വീകരിക്കുകയുണ്ടായത്. അതിൻെറശേഷം നിത്യ വിരക്തനായിട്ടത്രെ ജീവിച്ചുവന്നത്. മെത്രാൻസ്ഥാനം സ്വീകരിക്കുന്നതിന്ന് പല ഒഴിവുകഴിവുകളും പ്രയോഗച്ചതിൽനിന്ന് ആ ഉന്നതസ്ഥാനം ആ ദേഹം ആഗ്രഹിച്ചിരുന്നില്ലായെന്ന് അറിയുവാൻ സംഗതിയാകുന്നു. അദ്ദേഹത്തിൻെറ അസാധാരണമായ മനോദൈന്യത നിമിത്തം സ്വന്ത യോഗ്യതയും സാമത്ഥ്യവും അദ്ദേഹം കാണാതിരുന്നതിനാലാണ് ആ ഒഴിവുകഴിവുകൾ അദ്ദേഹം പുറപ്പെടുവിച്ചത്. പക്ഷെ അവയെല്ലാം വിഫലമായതേയുള്ളു.

വി: ഹില്ലരി മെത്രാനായ ശേഷം ദൈവത്തിൻെറ ഒരു പ്രതിപുരുഷനായി തന്നെ കരുതി അത്യാന്തം ബദ്ധപ്പെട്ടു ദൈവനിബന്ധനകളെ പ്രസംഗിച്ചുവന്നു. അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ കൊണ്ട് അധർമ്മികൾ തങ്ങളുടെ അധമ്മങ്ങളെ പററി പശ്ചാത്തപിച്ചു ക്രിസ്തീയ ജീവിതം നയിക്കാൻ തുടങ്ങി. പല

പ്പൊഴും തൻെറ സ്വാസ്ഥ്യത്തെ കവിഞ്ഞ വിധത്തിലാണ് തൻെറ അജഗണത്തിന്ന വേണ്ടി ബദ്ധപ്പെട്ടു വന്നതു്. നിശ്ചിതനേരം ജപദ്ധ്യാനങ്ങൾക്കായി പ്രതിദിനം വിനിയോഗിക്കും. തന്നിമിത്തം അദ്ദേഹത്തിൻെറ പ്രവൃത്തികളൊക്കയിലും ധാരാളം ദൈവാനുഗ്രഹം പ്രത്യക്ഷപ്പെട്ടിരുന്നു. തൻെറ തൂലികയും സത്യവേദ പരിരക്ഷണാൎത്ഥം ധാരാളം അദ്ദേഹം പ്രയോഗിക്കുകയുണ്ടായി. ഒന്നാമതായി വി: മത്തായിയുടെ സുവിശേഷത്തെ പററി, ഇന്നും നശിച്ചിട്ടില്ലാത്ത ഒരു വ്യാഖ്യാനം എഴുതി പ്രസിദ്ധംചെയ്തു. അനന്തരം തൻെറ പ്രവാസത്തിൻെറ ശേഷം, സങ്കീൎത്തനങ്ങളെ പററിയും ഒരു വ്യാഖ്യാനം പ്രസിദ്ധംചെയ്യുകയുണ്ടായി. അതിൻേറ ശേഷം സത്യവിശ്വാസത്തെ അരിയൻ പതിതരുടെ അപവാദങ്ങളിൽ നിന്നു അന്യൂനം പാലിക്കുന്നതിനുള്ള പ്രസിദ്ധീകരണങ്ങളിലാണു ഉദ്യുക്തനായിരുന്നതു്.

പൂൎവ്വദിക്കുകളിൽ അരിയൻ ദുരുപദേശം പ്രചരിപ്പിക്കുന്നതിന് പലയാണ്ടുകളായി പ്രയത്നിച്ചുവന്ന കോൺസ്റ്റാസ് ചക്രവൎത്തി പശ്ചിമ ദിക്കുകളിലും അതിൻെറ പ്രചാരത്തിന്നായി പരിശ്രമിച്ചുവന്നു. അദ്ദേഹത്തിൻെറ വൈരിയായ മഗ്ലേൻസിയോടുള്ള യുദ്ധത്തിൽ വിജയിയായിഭവിച്ച ശേഷം അദ്ദേഹം ആസിൽവന്നു താമസിക്കുകയുണ്ടായി. ആ അവസരം ഉപകാരപ്രദമാക്കി അരിയൻ മെത്രാന്മാർ ആ പട്ടണത്തിൽ ഒരു സംഘം കൂട്ടുകയും ആ പട്ടണത്തിൻെറ മെത്രാനായ സത്തുർണിൻ എന്ന ദേഹത്തെ ആ ദുരുപദേശം സ്വീകരിക്കാൻ ഇടയാക്കുകയും ചെയ്തു. അതു ൩൫൩–ലായിരുന്നു. പിന്നീടു രണ്ടു സംവത്സരാനന്തരം ആ ചക്രവൎത്തി മിലാനിൽ താമസിച്ചു വരുകയിൽ അവിടേയും അവർ ഒരു സംഘം നടത്തി അരിയൻ ദുരുപദേശത്തിൻെറ കണ്ടകോടാലിയായ വി: അഥനാസിയെ ശപിക്കുകയും അതിനു വഴിപ്പെടാത്തവരെയൊക്കയും പ്രവാസത്തിലേക്ക് അയക്കുന്നതിനു തീൎച്ചപ്പെടുത്തുകയും ചെയ്തു. അപ്പോൾ വി: ഹില്ലരി ഒരു ഗ്രന്ഥം രചിച്ചു ചക്രവൎത്തിക്ക് അയക്കുകയുണ്ടായി. അതിൽ ശക്തിമത്തായ ന്യായങ്ങളെക്കൊണ്ടു് സത്യവിശ്വാസി

ക്കളെ ഹിംസിക്കാതെയും വിശ്വാസികളുടെ പൊതു മാതാവാ യ തിരുസഭയിൽ അസമാധാനം വരുത്താതേയുമിരിക്കണമെന്ന ആ പ്രഭുവരനെ വിജ്ഞാപിച്ചു. പാഷണ്ഡികളോടു തനിക്കു ള്ള ദ്വേഷത്തെ പ്രത്യക്ഷീകരിക്കുമാറു് അരിയൻ ദുരുപദേശം അവലംബിച്ച പാശ്ചിമദിക്കുകളിലെ മെത്രാന്മാരായ ഉർസാസി നോടും വാലൻസിനോടും സത്തുർണ്ണിനോടുമുള്ള സംസഗ്ഗത്തിൽ നിന്നും ഐക്യത്തിൽനിന്നും ആ വി: മെത്രാൻ മാറുകയും ബെ സിയേർസ് സംഘത്തിൽ സത്തുർണ്ണിനെ കുററം ആരോപിക്കു കയും ചെയ്തു. സത്തുർണ്ണിൻ ഈ വിവരങ്ങളെല്ലാം ചക്രവത്തി യെ ബോധിപ്പിക്കുകയാൽ ചക്രവത്തി വി: ഹില്ലാരിയേയും, തുലു സിലെ വി. റോദാനേയും ഫ്രീജ്യായിലേക്കു നാടുകടത്തുവാൻ അന്നു് ഗാൾ ദേശത്തെ ചക്രവത്തിയുടെ പ്രതിപുരുഷനായിരുന്ന ജൂലി യനോട് (1) ആജ്ഞാപിക്കുകയുണ്ടായി. പക്ഷെ ഭൂരിപക്ഷവും കത്തോലിക്കരായിരുന്ന ഗാൾ ദേശത്തെ മെത്രാന്മാർ വി: ഹി ല്ലാരിയോടു ചേന്ന അരിയൻ മെത്രാനെ തത്സ്ഥാനത്തിൽ ആ ക്കുന്നതിന് വിരോധിച്ചു നിന്നിരുന്നതിനാൽ അതിൽ ഒരു അ രിയൻമെത്രാനെ സ്ഥാപിക്കുന്നതിന് അയാൾക്ക് സാധിച്ചി ല്ല. വി: ഹില്ലരിതന്നെ തൻെറ പാട്ടുക്കാർ വഴിയായി തൻെറ പ്രവാസത്തിലും പുവെത്തിയെ രൂപതയെ ഭരിച്ചുവന്നു. നലാം- ാം കാലത്തിൻെറ മദ്ധ്യത്തോടെയാണ് വി: ഹില്ലരി പ്രവാ സത്തിലേക്കു പുറപ്പെട്ടതു്. മ്ശിഹായെപ്രതി പീഡകൾ സ ഹിക്കാൻ ഇടയായതിൽ അദ്ദേഹം അത്യന്തം സന്തോഷിച്ചിരുന്നു. ആയതിനാൽ തൻെറ ശത്രുക്കളെക്കുറിച്ചാവട്ടെ യാത്രയുടെ കഷ്ട തകളെക്കുറിച്ചാവട്ടെ ആവലാധിപ്പെടുകയൊ സങ്കടം പ്രത്യക്ഷീ കരിക്കയൊ ചെയ്തിരുന്നില്ല. ആത്മാവു ദൈവത്തോടു ഗാഢമായി ഐക്യപ്പെട്ടിരുന്നതിനാൽ സകലവിധോപദ്രവങ്ങളും അദ്ദേഹം സസന്തോഷം അനുഭവിച്ചുവന്നു. ഫ്രീജ്യായിലെ തൻെറ പ്ര

(1) ഈ ജൂലിയനാണ് പിന്നീടു വേദത്യാഗം ചെയ്തു് ക്രിസ്ത്യാനികളുടെ ഹിംസകനായി തീന്നതു്.

വാസകാലത്താണ് വിജ്ഞാന സമ്പൂൎണ്ണങ്ങളായ തൻെറ കൃതികൾ രചിച്ചത്. അവയിൽ ഏററവും പ്രധാനമായതും ആദരണീയമായതും പരിശുദ്ധതമത്രീത്വത്തെ സംബന്ധിച്ചുള്ള പ്രബന്ധമാണ്.



ഈ വിശുദ്ധൻ വേദപുസ്തകം വായിക്കുന്നത്.

അദ്ദേഹം ഫ്രീജ്യായിലായിരിക്കുകയിൽ ഗാളിലായിരുന്ന തൻെറ പുത്രി ആബ്രാ വിവാഹത്തിനൊരുങ്ങുന്നതറിയുവാൻ ഇടയായി. അതിനെസംബന്ധിച്ച് അദ്ദേഹം ആ തരുണിക്കു ഒരു കത്തയച്ചു. "ഒരു മഹാനും ഈ ലോകത്തിൽ നീ ആഗ്രഹിക്കുന്നതൊക്കയും സംഭരിച്ചു തരുവാൻ ശക്തിയും ത്രാണിയുമുള്ള വനും മരണാധീനനുമായ ഒരു വരൻ നിനക്കു വരുത്തിതരാൻ കഴിയുന്നതിനേക്കാൾ ഒരു വലിയ അമൂല്യനിക്ഷേപം നിനക്കു തരുവാൻ ഈശോമ്ശിഹായെകൊണ്ടു സാധിക്കും. ആ നിക്ഷേപത്തിൻെറവില നമ്മാൽ നിൎണ്ണയിക്കാൻ സാധിക്കുന്നതല്ല, അതിനു നീ യോഗ്യയായി തീരുവാൻ ഈശോ മ്ശിഹായുടെ മണവാട്ടികൾക്കൊത്ത കന്യകാവസ്ഥയിൽ നീ വൎത്തിക്കണമെന്നാണ് നിൻെറ ഉപകാരവും വലിയ ഗുണവും മാത്രം ഇച്ഛിക്കുന്ന നിൻെറ പിതാ

വിൻെറ ആഗ്രഹം. ഈ എൻെറ ആഗ്രഹത്തെ നീ അവഗണിക്കയില്ലായെന്നും, കന്യകാവസ്ഥയിൽ നീ ജീവിക്കുന്നതു കാണ്മാനുള്ള ഭാഗ്യം എനിക്കില്ലാതാക്കാൻ നീ മനസ്സാകുകയില്ലായെന്നും ഞാൻ വിശ്വസിക്കുന്നു" എന്നു അതിൽ പറഞ്ഞിരുന്നു. ആപ്രാ തൻെറ പിതാവിൻെറ ഈ ഉപദേശാനുസാരണം വിരക്തയായിട്ടു ജീവിക്കുകയും തൻെറ പിതാവിൻെറ വിദേശവാസത്തിൽനിന്നുള്ള പുനരാഗമനത്തിൻെറ ശേഷം അദ്ദേഹത്തിൻെറ പാദത്തുങ്കൽ പുണ്യവതിയായിട്ടു മരിക്കുകയും ചെയ്തു.

അക്കാലത്തു ചക്രവത്തി സെലെവുക്യായിലും ഒരു സംഘം വിളിച്ചു കൂട്ടി. അതിൽ സംബന്ധിച്ചവരിൽ ഭൂരിപക്ഷവും അരിയങ്കാരായിരുന്നു. അവരുടെ വാദങ്ങളെ ഖണ്ഡിക്കുന്നതിന്നും തങ്ങളുടെ ഭാഗകക്ഷങ്ങളെ വാദിക്കുന്നതിന്നുമായിട്ടു അധ്യാരിയന്മാർ വി. ഹില്ലരിയെ അതിലേക്കു ക്ഷണിക്കുകയുണ്ടായി. സത്യവിശ്വാസത്തെ സ്ഥാപിക്കുന്നതിന്നു അതു ഒരു തക്ക അവസരമാണെന്നു ആ വിശുദ്ധൻ കണ്ടു് അതിൽ സംബന്ധിക്കുകയും അനിഷേധ്യന്യായങ്ങളെകൊണ്ടു സത്യവിശ്വാസത്തെ അവിടെ സ്ഥിരീകരിക്കുകയും ചെയ്തു. അവിടെനിന്നു അദ്ദേഹം കൊൺസ്റ്റന്തീൻ പുരിയിലേക്കു പോയി തൻെറ പ്രവാസത്തിന്നു കാരണഭൂതനായ സത്തുർണിനോടു പരസ്യമായ ഒരു തക്കംനടത്തുവാൻ ചക്രവത്തിയോടു അനുവാദം ചോദിച്ചു. വി. ഹില്ലരിയുടെ ഈ പോരുവിളി അരിയങ്കാരെ ഭയപ്പെടുത്താതിരുന്നില്ല. അതു അവക്കു ദോഷമായേ പര്യവസാനിക്കുകയുള്ളുവെന്നു അവർ കണ്ടു അദ്ദേഹത്തെ അവിടെ താമസിപ്പിക്കരുതെന്നു ചക്രവത്തിയോടു അപേക്ഷിച്ചു. തന്മൂലം ഗാംദേശത്തെക്കു മടങ്ങുന്നതിന്നു ൩൬൦. ൽ ചക്രവത്തി അദ്ദേഹത്തിന്നു അനുവദിച്ചു. ഇല്ലാരിക്കിലും ഇത്താലിയായിലും കൂടിയാണു് അദ്ദേഹം പോയതു. അവിടങ്ങളിൽ ചഞ്ചലിച്ചു നിന്നവരെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചുകൊണ്ടായിരുന്നു അദ്ദേഹത്തിൻെറ ഗമനം. ഒടുവിൽ സ്വന്ത അജഗണസമൂഹത്തിൽ വരുകയും അവിടെ സന്തോഷപൂവ്വകവും സഘോഷവും സ്വീകരിക്കപ്പെടുകയും ചെ

യ്തു. അദ്ദേഹത്തിന്റെ പുനരാഗമനദിനം ഒരു ജയാഘോഷദിവസമായിരുന്നു. അതിന്റെ ശേഷം ഗാൾദേശത്തു ഒരു ആലോചനസംഘം നടത്തുന്നതിനുള്ള ഉത്സാഹമായി. അതുസാധിക്കുകയും തദ്വാര ദുർമ്മാതൃകകൾ പരിച്ഛേദിക്കപ്പെടുകയും സത്യവിശ്വാസം പരിരക്ഷിക്കപ്പെടുകയും സുകൃതനടപടികൾ പുനഃസ്ഥാപിക്കപ്പെടുകയും കുഴപ്പങ്ങൾ തീൎന്ന സമാധാനം പാലിക്കപ്പെടുകയും ദൈവഭക്തി ഉജ്ജ്വലിക്കുകയും ചെയ്തു. ൩൬൧-ൽ അരിയങ്കാരുടെ ആധാരമായ കൊൺസ്റ്റാൻസ് ചക്രവൎത്തി നാടുനീങ്ങിയതിൽപിന്നെ അരിയങ്കാരുടെ ശല്യമുണ്ടായില്ല. അപ്പോളാണ് "കൊൺസ്റ്റാൻസിന്റെ ദുരുക്തികൾ" എന്ന വി. ഹില്ലരിയുടെ പ്രബന്ധം പ്രസിദ്ധമായതു്. അദ്ദേഹം പ്രകൃത്യാ അസാമാന്യ സൌമ്യ ശീലനായിരുന്നുവെങ്കിലും ആ കൃതിയിൽ ശക്തിമത്തായ വാക്യപ്രയോഗങ്ങൾ കാണുന്നുണ്ടു്.

മിലാനിലെ മെത്രാസനം സ്വാധീനപ്പെടുത്തിയിരുന്ന അരിയൻ പതിതനായ അവുക്സെൻസ് എന്നയാളോടു തൎക്കം നടത്തുന്നതിനായി വി. ഹില്ലരി ൩൬൪-ൽ മിലാനിലേക്കു യാത്ര ചെയ്തു. അതിൽ മ്ശിഹാ ദൈവപിതാവിനോടു സമസ്വഭാവമുള്ള ദൈവമാണെന്നു അയാളെക്കൊണ്ടു പരസ്യമായി സമ്മതിപ്പിച്ചു. കാപട്യവും അധൎമ്മവും സംയോജിച്ചിരുന്ന ഈ പാഷണ്ഡപ്രമുഖൻ ദ്വയാൎത്ഥമുള്ള ഒരു വിശ്വാസ പ്രസ്ഥാപന കൊണ്ടു വലന്തിന്യൻ ചക്രവൎത്തിയെ കബളിപ്പിച്ചാണു ആ മെത്രാസനം കൈക്കലാക്കിയതു. വി. ഹില്ലരി അയാളുടെ വഞ്ചനയെ വെളിവാക്കുകയും അയാൾ കപടവേഷം പൂണ്ടിരിക്കുന്ന ഒരു കള്ളനാണെന്നു ദൃഷ്ടാന്തപൂൎവ്വകം തെളിയിക്കുകയും ചെയ്തു. പക്ഷെ ആ മഹാത്മാവിന്റെ തീക്ഷ്ണതയ്ക്കു തക്ക ഫലമുണ്ടായില്ല. അദ്ദേഹം സമാധാനവിഘാതത്തിന്നു കാരണമായിതീരുമെന്നു അദ്ദേഹത്തിന്റെ ശത്രുക്കൾ ചക്രവൎത്തിയെ ധരിപ്പിക്കുകയാൽ മിലാൻ വിട്ടുപോകണമെന്നു ചക്രവൎത്തിയെക്കൊണ്ടു ഉത്തരവിടിയിച്ചു. തന്നിമിത്തം അദ്ദേഹം പുവേത്തിയെലെക്കു മ

ടങ്ങുന്നതിന്നു നിർബ്ബന്ധിതനാകുകയും അവിടെ ൩൩൬-ൽ ഭാഗ്യമായമരണം പ്രാപിക്കുകയും ചെയ്തു.

സാദ്ധ്യം:— പ്രതിദിനം വേദസംബന്ധമായ ഏതെങ്കിലും പുസ്തകം നാം വായിക്കുകയും അതിലെ സദ്ഉപദേശാനുസാരം നമ്മുടെ പ്രവൃത്തികളെ ക്രമീകരിക്കുകയും വേണം.

## മകരം (ജനുവരി) ൧൫-ാംനു

ആദ്യ വനവാസിയായ വി. പൌലൊസുബാവാ (൩൪൨).

ഈ വി. പൌലൊസ് ഈജിപ്റ്റിൽ അധസ്ഥെബെയിദാ പ്രദേശത്താണു ജനിച്ചതു്. അദ്ദേഹത്തിൻെറ ജനനീജനകന്മാർ മരിച്ചപ്പോൾ അദ്ദേഹത്തിന്നു ൧൫ വയസ്സുമാത്രമെ പ്രായമുണ്ടായിരുന്നുള്ളു. എങ്കിലും ആ പ്രായത്തിൽ ഗ്രീക്കുഭാഷയിലും ഈജിപ്തുഭാഷയിലും അദ്ദേഹത്തിനു നല്ല പരിജ്ഞാനം സിദ്ധിച്ചിരുന്നു. അദ്ദേഹത്തിൻെറ അറിവിനുതക്ക ഒരു ജീവിതമാണു അദ്ദേഹം നയിച്ചുവന്നതു്. ഇങ്ങനെ ഒരു ക്രിസ്ത്യാനിക്കു യോഗ്യമായ സകല സുകൃതങ്ങളും അനുഷ്ഠിച്ച് സമാധാനത്തിൽ ജീവിച്ചുവരവെ ക്രിസ്ത്വാബ്ദം ൨൫൦-ൽ ദേസിയൻ ചക്രവത്തിയുടെ ആജ്ഞാനുസാരം വേദഹിംസ ആരംഭിച്ചു. പൈശാചിക പ്രേരിതന്മാരായ ഹിംസകർ ക്രിസ്ത്യാനികളുടെ ശരീരത്തിനെന്നതിനെക്കാൾ ആത്മാവിനു കൂടുതൽനാശം വരത്തക്ക ഉപായങ്ങളെ ആണു് അതിൽ പ്രയോഗിച്ചുവന്നതു്. പലവിധ ശരീരപീഡകൾ ഏല്പിച്ചിട്ടും അവകൾ സഹിച്ചവരെ വീണ്ടും ദേഹമാസകലം തേൻകൊണ്ടു അഭിഷേകംചെയ്തു കരങ്ങൾ ബന്ധിച്ചു ഉറുമ്പുകളുടേയും ഈച്ചകളുടേയും കടിയേല്ക്കാനായി അവ ധാരാളമുള്ള ആ ഉഷ്ണമേഖലസ്ഥലത്തു മലർത്തികിടത്തും. ഇങ്ങനെ ഒരു വെട്ടുകൊണ്ടു കൊന്നുകളയുന്നതിനെക്കാൾ ആപൽകരമായ പലവിധ അവർണ്ണ്യ പീഡകൾ ഒരേസമയത്തും ദീഘ

കാലത്തേക്കും അനുഭവിക്കുന്നതിനു സംഗതിയാക്കിയിരുന്നു. ചിലരെ മൃദുവായ തൂവലുകൾകൊണ്ടുള്ള കിടക്കകളിൽ പട്ടുനൂലുകൊണ്ടു ബന്ധിച്ചു മനോഹരമായ പുഷ്പവാടിയിലാക്കിയ ശേഷം കാമവികാരങ്ങൾ ഉജ്ജ്വലിപ്പിക്കാൻവേണ്ടി യൌവനയുക്തകളായ ദുഷ്ടകാമിനികളെ അവരുടേ പക്കലെക്കു അയക്കും. ഒരു വേദസാക്ഷി ആ കഠിനവിപത്തിൽനിന്നൊഴിയുവാൻ വേറൊരു മാൎഗ്ഗവും കാണായ്കയാൽ സ്വന്തനാക്കു കടിച്ചു മുറിച്ചു് കാമിനിയുടെ മുഖത്തേക്കു തുപ്പി. അതു കണ്ടു് അവൾ ഓടിപ്പോകുകയും മുറിവിൻെറ വേദനയുടെ ശക്തി അയാളിലുണ്ടായ കാമവികാരത്തെ അമൎത്തുകയും ചെയ്തു. ഈദൃശ്യ വിപത്തുകൾ അസംഖ്യങ്ങളായിരുന്നു.

ആത്മാത്തെമൃതിപ്പെടുത്തുന്ന ഈവിധ ആപത്തുകളെ ഭയന്നു് വി. പൌലൊസ് അന്യസ്ഥലത്തുചെന്നു ഒളിച്ചു പാൎക്കുകയായിരുന്നു. അദ്ദേഹത്തിൻെറ സ്യാലൻ സ്വത്തു കരസ്ഥമാക്കാൻ വേണ്ടി അദ്ദേഹത്തെ ഒററിക്കൊടുക്കാനിരിക്കുന്നതിനെ അദ്ദേഹം അറിഞ്ഞു് അവിടംവിട്ടു് വനത്തെ അഭയം പ്രാപിച്ചു. വ്യാജനാണയങ്ങൾ നിൎമ്മിക്കുന്ന ചിലർ അവിടെയുള്ള പാറകൾക്കിടയിൽ ചില ഗുഹകൾ ഉണ്ടാക്കിട്ടുണ്ടായിരുന്നു. അവയിൽ ഒന്നു അദ്ദേഹം തൻെറ വാസസ്ഥലമാക്കി. അതിനുസമീപേ ഉണ്ടായിരുന്ന അരുവി പാനത്തിന്നായുള്ള വെള്ളവും ഈന്ത വൃക്ഷത്തിൻെറ ഫലങ്ങൾ ആഹാരവും അതിൻെറ ഓല വസ്ത്രവും അദ്ദേഹത്തിന്നു നല്കിവന്നു.

ആ വനവാസജീവിതം ആരംഭിച്ചപ്പോൾ അദ്ദേഹത്തിനു ൨൩ വയസ്സു മാത്രമെ പ്രായമുണ്ടായിരുന്നുള്ളു. വേദഹിംസ അവസാനിക്കുന്നതുവരെ മാത്രം അവിടെ വസിക്കാനാണു് അദ്ദേഹം ആദ്യം കരുതിയിരുന്നതു്. പക്ഷെ ധ്യാനയോഗത്തിൽ അനിൎവ്വചനീയമായ ആനന്ദം അനുഭവിച്ചു തുടങ്ങിയതിനോടുകൂടെ ലോകത്തെ മുഴുവനായി പരിത്യജിച്ചു അവിടെത്തന്നെ ജീവിതശേഷം കഴിക്കുന്നതിന്നു അദ്ദേഹം തീൎച്ചപ്പെടുത്തി. അവിടെ തൻെറ ൱൧൩-ാമത്തെ വയസ്സുവരെ ഈന്ത വൃക്ഷത്തിൻെറ

ഫലങ്ങൾ മാത്രം ഭക്ഷിച്ചു ജീവിച്ചു. അതിൻെറ ശേഷമുള്ള കാലങ്ങളിൽ ഏലിയാപ്രവാചകനു ലഭിച്ചിരുന്നതുപോലെ ഒരു കാകൻ അത്ഭുത വിധത്തിൽ അരയപ്പംവീതം പ്രതിദിനം കൊണ്ടുവന്നു കൊടുത്തിരുന്നതു ഭക്ഷിച്ചുവന്നു. ഈ താപസശ്രേഷ്ഠൻ ആ വനത്തിൽ കഴിച്ചുകൂട്ടിയ കാലങ്ങളിൽ എന്തൊക്കെയാണു ചെയ്തിരുന്നതെന്നു തൻെറ മരണത്തിന്നു സ്വല്പം മുമ്പുവരെ അജ്ഞാതമായിരുന്നു. അതറിവാൻ സംഗതിയായതു് ഇപ്രകാരമാണു.

വാനപ്രസ്ഥനായ വി. വലിയ അന്തൊനിബാവാ ൯൦ വയസ്സുള്ളപ്പോൾ തന്നെപ്പോലെ ഇത്ര ദീൎഘകാലം വാനപ്രസ്ഥാശ്രമവൃത്തി നയിച്ചിട്ടുള്ളവരാരുമില്ലായെന്നുള്ള ഒരു മായാഭിമാന വിചാരത്തിന്നധീനനായി. ഈ അഭിപ്രായത്തോടെ ഇരിക്കവെ ദൈവഗത്യാ അദ്ദേഹത്തിന്നുണ്ടായ ഒരു കാഴ്ചയിൽ തനിക്കുള്ള വിചാരം ഒരു മിഥ്യാബോധമാണെന്നും വനത്തിലെ ദുൎഗ്ഗമമായ അന്തൎഭാഗത്തു സന്ന്യസിക്കുന്ന ഒരു മാമുനിശ്രേഷ്ഠനുണ്ടെന്നും അദ്ദേഹത്തെ താൻ ചെന്നുകാണണമെന്നും അറിയിക്കപ്പെട്ടു. പിറെറദിവസം അതിരാവിലെ വി. അന്തൊനി ആ വാനപ്രസ്ഥനെ അന്വേഷിച്ചു യാത്രയായി. രണ്ടുദിവസവും ഒരു രാവും യാത്രചെയ്തശേഷം അകലെ ഒരു ദീപംകണ്ടു. അതിനു അഭിമുഖമായി തിരിച്ചു ആ വാനപ്രസ്ഥൻെറ നിവാസസ്ഥലത്തുചെന്നെത്തി പ്രവേശനം അനുവദിക്കണമെന്നു മുട്ടിച്ചു അപേക്ഷിച്ചു. ദീൎഘനേരത്തെ മുട്ടിപ്പിൻെറശേഷം ആ വാനപ്രസ്ഥൻ വി. അന്തൊനിക്കു പ്രവേശനം അനുവദിക്കുകയും ഒരു പുഞ്ചിരിയോടുകൂടി അദ്ദേഹത്തെ സ്വീകരിക്കുകയും ചെയ്തു. അനന്തരം തമ്മിൽ ആശ്ലേഷിച്ചു ദൈവപ്രേരണയാൽ പരസ്പരം തിരിച്ചറിഞ്ഞു പേരു വിളിച്ചു സ്വസ്തിചൊല്ലി. ദൈവകാൎയ്യങ്ങളെ കുറിച്ചു സംസാരിച്ചശേഷം വി. പൌലൊസ് വി. അന്തൊനിയോടു മനുഷ്യർ ഇപ്പോഴും ലോകമായങ്ങളിലും അജ്ഞാനാന്ധകാരത്തിലുമാണോ ജീവിക്കുന്നതെന്നും മററും തുടങ്ങിയുള്ള അവരുടെ സംഭാഷണം അവസാനിച്ചപ്പോഴെക്കു ഒരു കാക്ക പറന്നുവന്നു ഒരു മുഴുവനപ്പം അവിടെ കൊണ്ടുവന്നു വെച്ചു. അ

പ്പോൾ വി. പൌലോസ് "ഇതാ ദൈവം നമുക്കായിട്ടു അയച്ചു തന്ന ആഹാരത്തെ കണ്ടാലും. പലവഷങ്ങളായിട്ടു ദൈവം തന്റെ കരുണയാലെ പകുതി അപ്പംവീതം ഈ വിധത്തിൽ ദൈനംദിനം എനിക്കു അയച്ചു തരുന്നുണ്ട്. എന്നാൽ നിങ്ങൾ എന്നെ കാണ്മാൻ വന്നതുകൊണ്ട് കത്താവു് അവിടത്തെ ദാസന്റെ ആഹാരം ഇരട്ടിക്കാൻ ചിത്തമായി." എന്നു പറഞ്ഞു. അനന്തരം രണ്ടു മഹാത്മാക്കളുംകൂടി ദൈവത്തെ സ്തുതിച്ചശേഷം ദൈവം അയച്ചുകൊടുത്ത ആ സ്വല്പാഹാരം അനുഭവിക്കുന്നതിന്നായി സമീപെയുണ്ടായിരുന്ന അരുവിയുടെ പക്കൽപോയി. അതു ഭക്ഷിച്ചശേഷം രാവു മുഴുവനും പ്രാത്ഥനയിലും നമസ്കാരത്തിലും വിനിയോഗിച്ചു. പിറെറദിവസം പുലച്ചയായപ്പോൾ വി. പൌലൊസ് തന്റെ അതിഥിയോടു "എന്റെ അവസാനകാലം സമീപിച്ചിരിക്കുന്നു. ദൈവം നിങ്ങളെ ഇവിടെക്കയച്ചതു എന്റെ ശരീരസംസ്കാരത്തിന്നാണ്. നിങ്ങൾ പോയി എന്റെ പ്രേതം മൂടുന്നതിന്നു അഥനാസി മെത്രാൻ നിങ്ങൾക്കു തന്ന പ്രച്ഛാദനവസ്ത്രം എടുത്തുകൊണ്ടു വരിക" എന്നുപറഞ്ഞു. ഇപ്രകാരം അദ്ദേഹത്തെ പറഞ്ഞയച്ചതു് തന്റെ ദേഹവിയോഗം കാണുന്നതുകൊണ്ടുള്ള ദുഃഖം വി. അന്തൊനി അനുഭവിക്കാതിരിക്കാനും കത്തോലിക്കാ വിശ്വാസത്തെപ്രതി പല കഷ്ടനഷ്ടങ്ങൾ സഹിച്ച വി. അഥനാസിയോടു തനിക്കുള്ള ഭക്ത്യാദരവിനെ കാണിക്കാനും ആ സത്യവിശ്വാസത്തോടു തനിക്കുള്ള പ്രതിപത്തിയെ പ്രത്യക്ഷീകരിക്കാനും വേണ്ടിയായിരുന്നു. വി. അഥനാസി തനിക്കു നല്കിയ മൂടുവസ്ത്രം വി. പൌലോസ് ആവശ്യപ്പെടുന്നതിനെ കുറിച്ചു വി. അന്തൊനിക്ക് ആശ്ചയ്യംതോന്നി. ദൈവനിവേശത്താൽ മാത്രമാണ് ഈ വിവരം ഇദ്ദേഹം അറിയുവാൻ സംഗതിയായതെന്നു വി. അന്തോനി ഗ്രഹിച്ച് പ്രസ്തുത വസ്ത്രം കൊണ്ടുവരുവാനായി തമ്മിൽ ആശ്ലേഷിച്ച് പിരിഞ്ഞു. വി. അന്തോനി തന്റെ ആശ്രമത്തിൽ എത്തി അവിടെയുള്ള സന്ന്യാസികളോടു ഇപ്രകാരം പറഞ്ഞു "ഞാൻ ഒരു നിർഭാഗ്യപാപിമാത്രമാണ്. ദൈവ ശുശ്രൂഷിയെന്ന

നാമത്തിനുപോലും ഞാൻ പാത്രമല്ല. ഏലിയായ്ക്കും സ്നാപക യോഹന്നാനും സമമുള്ള ഒരാളെ ഞാൻ വനത്തിൽകണ്ടു. അതു പൌലൊസാണ്. അദ്ദേഹം പറുദീസായിൽ (സ്വൎഗ്ഗത്തിൽ) സ്ഥിതിചെയ്യുകയാണ്." വി. പൌലൊസിന്റെ മരണം കാണ്മാൻ സാധിക്കാതെ വന്നെക്കുമൊ എന്നുള്ള ഭയം നിമിത്തം അദ്ദേഹം അവിടെ ഒട്ടും താമസിക്കാതെ തന്റെ പ്രഛ്ഛാദനവസ്ത്രവുമെടുത്തു പുറപ്പെട്ടു. മാൎഗ്ഗമദ്ധ്യേ വി. പൌലോസിന്റെ ആത്മാവു് ദൈവദൂതന്മാരുടെയും പ്രവാചകന്മാരുടെയും ശ്ലേഷിതന്മാരുടെയും അകമ്പടിയോടുകൂടി സ്വൎഗ്ഗത്തിലേക്കു ഉത്ഥാനം ചെയ്യുന്നതു വി. അന്തോനികണ്ടു. ആ മഹാത്മാവിനു സിദ്ധിച്ച സൌഭാഗ്യത്തെപററി വി. അന്തോനി അത്യന്തം സന്തോഷിച്ചുവെങ്കിലും തനിക്കു പരിചയപ്പെടുവാൻ ഭാഗ്യം സിദ്ധിച്ച ആ മഹാത്മാവു് നഷ്ടപ്പെട്ടതിനാലുണ്ടായ ദുഃഖാധിക്യത്താൽ നിലത്തു സാഷ്ടാംഗംവീണു് ദീൎഘനേരം വിലപിച്ചു. അനന്തരം യാത്രതുടൎന്നു് ഗുഹയിൽ വന്നപ്പോൾ വി. പൌലോസു് മുട്ടുകൾ കുത്തിനിന്നുകൊണ്ടു് നേത്രങ്ങൾ ആകാശത്തേയ്ക്കു ഉയൎത്തി കരങ്ങൾ പൊക്കിപിടിച്ചു സ്ഥിതിചെയ്യുന്നതുകണ്ടു. പ്രാൎത്ഥിക്കയായിരിക്കുമെന്നു വിചാരിച്ചു. തന്നിമിത്തം അദ്ദേഹവും മുട്ടുകുത്തി പ്രാൎത്ഥിക്കാൻ തുടങ്ങി. പക്ഷെ വളരെനേരമായിട്ടും അദ്ദേഹം പ്രാൎത്ഥിക്കുമ്പോൾ സാധാരണ വിടാറുള്ളതുപോലെ ദീൎഘശ്വാസം വിടുന്നില്ലായെന്നുകണ്ടു സൂക്ഷിച്ചുനോക്കിയപ്പോളാണു് മരിച്ചിരിക്കുകയാണെന്നു മനസ്സിലായതു്. ആയതിനാൽ പിന്നത്തെ അദ്ദേഹത്തിന്റെ ശ്രമമെല്ലാം ആ പൂജ്യമായ മൃതശരീരം സംസ്കരിക്കാനായിരുന്നു. അതിനുവേണ്ടി, വി. അഥനാസി ദാനിച്ച പ്രഛ്ഛാദനവസ്ത്രം അണിയിച്ചു് സമാധിസ്ഥാനത്തേക്കു കൊണ്ടുപോയി. അവിടെ കുഴി തയ്യാറാക്കുന്നതിനു വേണ്ട സാമഗ്രികളൊന്നുമില്ലാതെ വിഷമിച്ചു നില്ക്കുമ്പോൾ ഇതാ ദൈവഗത്യാ രണ്ടു സിംഹങ്ങൾ അടുത്തുവന്നു് ആ മഹാത്മാവിന്റെ നിൎയ്യാണത്തിൽ തങ്ങൾക്കുള്ള അതീവ ദുഃഖത്തെ പ്രദൎശിപ്പിച്ചുശേഷം ഒരു മനുഷ്യശരീരം അടങ്ങത്തക്ക വലിപ്പ

ത്തിൽ അവയുടെ നഖങ്ങൾകൊണ്ടു കുഴി മാന്തി ഉണ്ടാക്കി. വി. അന്തോനി സംസ്കാരത്തിനുള്ള സഭാമന്ത്രങ്ങൾചൊല്ലി ആ സിദ്ധനെ അതിൽ അടക്കം ചെയ്തു. അനന്തരം ക്രീസ്തീയ മുറപ്രകാരം ചെയ്യെണ്ടതൊക്കെയും ചെയ്തശേഷം വി. അന്തോനി തന്റെ ആശ്രമത്തിലെക്കു മടങ്ങി. അവിടെചെന്ന്, സംഭവിച്ചതൊക്കെയും വിവരിച്ച് തന്റെ ശിഷ്യന്മാരെ കേൾപ്പിച്ചു. വി. പൌലൊസുബാവാ ഈന്തയോലകൊണ്ടു മിടഞ്ഞുണ്ടാക്കി ധരിച്ചുവന്ന വസ്ത്രം വി. അന്തൊനി കൂടെ കൊണ്ടുപോയി. അതിനെ ഒരു അമൂല്യനിക്ഷേപമായി സൂക്ഷിച്ചുവരുകയും പെസഹാ, പന്തക്കുസ്ത മുതലായ മഹോത്സവ ദിവസങ്ങളിൽ താൻ അതിനെ ആദരവോടെ ധരിച്ചു വരുകയും ചെയ്തു.



വി. പൌലോസ് പ്രാർത്ഥിക്കുന്നാവസ്ഥയിൽ മരിച്ചു നില്ക്കുന്നതു വി. അന്തൊനി നോക്കിക്കൊണ്ടു നില്ക്കുന്നതും സിംഹങ്ങൾവന്ന് കുഴിമാന്തുന്നതും.

വി. പൌലൊസ് ൩൪൨-ാം കാലത്തിൽ തന്റെ ൧൧൩-ാം വയസ്സിലാണ് പരലൊക പ്രാപ്തനായത്. ൯൦ സം

വത്സരം അദ്ദേഹം വാനപ്രസ്ഥാശ്രമവൃത്തിയിൽ കഴിച്ചു. ഈ പേരുകാരായ മററു സിദ്ധന്മാരിൽനിന്നു ഇദ്ദേഹത്തെ തിരിച്ചറിയുവാൻവേണ്ടി ആദ്യ വനവാസിയെന്ന അഭിജ്ഞാന നാമമാണു ഇദ്ദേഹത്തിന്നു കൊടുത്തിരിക്കുന്നതു്.

സാദ്ധ്യം—പാപങ്ങൾക്കു ഹേതുകങ്ങളായ സഹജീവികളെയും സ്ഥലത്തെയും സമയത്തെയും വെടിഞ്ഞു നാം ജീവിക്കണം.

# മകരം (ജനവരി) ൧൬-ാംനു-

വാനപ്രസ്ഥനായ ഈജിപ്തുകാരൻ വി. വലിയ മക്കാരി (൩൯൦).

ഉത്തര ഈജിപ്തിൽ ൩൦൦-ാമാണ്ടിൽ ജനിച്ച ഈ മക്കാരി ആടുകളെ മേയിച്ചു് ജീവിച്ചുവന്നു. തൻെറ ബാല്യത്തിൽ കൂട്ടരൊടുകൂടി ഏതാനും അത്തിപ്പഴങ്ങൾ ഒളിവായി പൊട്ടിച്ചെടുക്കുകയും അവയിൽ ഒന്നു തിന്നുകയും ചെയ്തതിനെ കുറിച്ചു തൻെറ അനന്തരജീവിതദശയിൽ പലപ്പോഴും അത്യന്തം വിലപിക്കുകയുണ്ടായി. നന്നാ യൌവനത്തിൽതന്നെ ലോകത്തെ പരിത്യജിക്കണമെന്നുള്ള വിചാരം ദൈവം അയാളിൽ നിവേശിപ്പിച്ചു. ആ നല്ല വിചാരത്തിന്നു വിധേയനായി മനുഷ്യസംസർഗ്ഗം വിട്ടു ഒരു ചെറിയ ഗുഹയിൽചെന്നു താമസിച്ചു് കൊട്ടകെട്ടിയും ജപധ്യാനങ്ങൾചെയ്തും മഹാ തപഃക്രിയകളെ അനുഷ്ഠിച്ചും കാലം വ്യയംചെയ്തുവന്നു. പക്ഷെ ഇങ്ങനെ ദൈവത്തെ സേവിക്കുന്നതിൽനിന്നു അനുഭവിച്ചിരുന്ന ആനന്ദത്തിന്നു വിഘാതം ഭവിക്കത്തക്ക സൂക്ഷ്മമായ ചില പരിശോധനകൾ നേരിടാതിരുന്നില്ല. സ്വന്ത ദുർവൃത്താൽ ഗർഭിണിയായി ഭവിച്ച ഒരു കുലട മക്കാരിയാണു തൻെറ ജാരഭർത്താവു് എന്നു അപഖ്യാതി പറഞ്ഞു പരത്തി. തന്നിമിത്തം ജനങ്ങൾ അദ്ദേഹത്തെ പരസ്യമായി അപമാനിക്കുകയും ദേഹോപദ്രവം ഏല്പിക്കുകയും സന്ന്യാസിവേഷം പൂണ്ട ഒരു കാപടികനാണെന്നു പറഞ്ഞു പരത്തുകയും ചെയ്തുവന്നു. മക്കാരിയാവട്ടെ തൻെറ നിർദ്ദോഷാവസ്ഥ തന്നിക്കു

ബോദ്ധ്യമുണ്ടായിരുന്നിട്ടും അവകളെപ്പററി ഒരു ഒഴിവുകഴിവും വാദിക്കാതെ ആ നിന്ദോപദ്രവങ്ങളൊക്കെ മഹാ ക്ഷമയോടെ സഹിച്ചുവന്നുവെന്നു മാത്രമല്ല, കൊട്ടകെട്ടി വിററു തനിക്കു കിട്ടുന്നതിൽ നിന്നുള്ള ഒരു ഓഹരി അവൾക്കുംകൂടി കൊടുത്തുവരുകയും ചെയ്തു. അദ്ദേഹം തന്നോടുതന്നെ പറഞ്ഞുവന്നതു, "മക്കാരിയെ നിനക്കിപ്പോൾ ഒരു ഭാൎയ്യകൂടി ഉണ്ട്; അവളെയും നീ സംരക്ഷിക്കുന്നതിനുവേണ്ടി മുമ്പിലത്തേതിൽ ഇരട്ടി വേല ഇനി നീ ചെയ്യണം" എന്നായിരുന്നു.

എങ്കിലും ദൈവം തൻെറ ഭക്തൻെറ നിരപരാധത്തെ വെളിപ്പെടുത്തുന്നതിന്നു അധികം താമസം വരുത്തിയില്ല. ധൂൎത്തയായ ആ സ്ത്രീയ്ക്കു പ്രസവകാലമടുത്തു വേദനസഹിക്കവെയ്യാതായി. ഈ സ്ഥിതിയിൽ അവൾ പലദിവസം വേദനയുടെ ശക്തിയാൽ കഷ്ടപ്പെട്ടു. ഒടുവിൽ അവളുടെ വാസ്തവജാരഭൎത്താവാരാണെന്നു വെളിപ്പെടുത്തിയശേഷം മാത്രമേ അവൾ പ്രസവിക്കാൻ ദൈവം അനുവദിച്ചുള്ളു. ഈ സംഭവത്താൽ ജനങ്ങൾ വി. മക്കാരിയുടെ വിലയും നിലയും ഗ്രഹിച്ച് തങ്ങളുടെ അന്യായപ്രവൃത്തികളെക്കുറിച്ചു മനസ്താപിക്കുകയും അദ്ദേഹത്തെ സ്തുതിക്കുകയും ബഹുമാനിക്കുകയും ചെയ്തുവന്നു. വി. മക്കാരി ആ സ്തുതിയിലും ബഹുമാനത്തിലും നിന്നുള്ള വിഷത്തെ ഭയന്നു അവിടംവിട്ടു ഷേതെ വനത്തിലേക്കു പോയി. ശേഷമുള്ള അറുപതു സംവത്സരങ്ങൾ അദ്ദേഹം അവിടെ കഴിച്ചു.

തൻെറ പുണ്യങ്ങൾ അറിയപ്പെടാതിരിക്കുന്നതിന്ന് വി. മക്കാരി വളരെ പ്രയാസപ്പെട്ടിരുന്നുവെങ്കിലും വളരെ വിദൂരങ്ങളായ ദിക്കുകളിൽക്കൂടെയും അദ്ദേഹത്തിൻെറ കീൎത്തി ദ്യോതിക്കുകയും പുണ്യപൂൎണതപ്രാപിക്കുന്നതിനുള്ള മാൎഗ്ഗങ്ങളെ അദ്ദേഹത്തിനുശിഷ്യപ്പെട്ടു പഠിക്കുന്നതിന്നു അനവധി ജനങ്ങൾ അദ്ദേഹത്തിൻെറ പക്കൽ വരുകയും ചെയ്തിരുന്നു. അങ്ങനെ വന്നവരിൽ ഒരാളെ അതിഥികളെ സ്വീകരിക്കുന്നതിന്നു തന്നോടുകൂടെ നിൎത്തിക്കൊണ്ടു ശേഷമെല്ലാവരെയും പ്രത്യേകം പ്രത്യേകം ആശ്രമങ്ങളിൽ താമസിപ്പിക്കുകയാണ് ചെയ്തതു്. വി. മക്കാരിയുടെ ഉ

ന്നതപുണ്ണ്യങ്ങളെ ഗ്രഹിച്ചിരുന്ന സമീപസ്ഥനായ ഒരുമെത്രാൻ പ്രതിദിനം വദ്ധിച്ചുകൊണ്ടിരുന്ന വാനപ്രസ്ഥന്മാൎക്ക ദിവ്യകൎമ്മങ്ങളിൽ പങ്കുകൊള്ളുന്നതിന്ന സൌകൎയ്യമുണ്ടാക്കിക്കൊടുക്കാൻ വേണ്ടി വി. മക്കാരിക്കു ഗുരുപട്ടം കൊടുക്കുന്നതു് യുക്തമാണെന്നു കരുതി അദ്ദേഹത്തെ പുരോഹിതനായിട്ടു അഭിഷേചിച്ചു. പിന്നെയും അവരുടെ എണ്ണം വദ്ധിച്ചപ്പോൾ ആ വനത്തിൽ നാലു ദേവാലയങ്ങളെ പണിയിക്കുകയും ഓരോന്നിലും ദൈവാൎച്ചനത്തിന്നായി ഓരോ പുരോഹിതന്മാരെ നിയമിക്കുകയുമുണ്ടായി.

വി. മക്കാരി അനന്യസാധാരണമായ തപോജീവിതമാണു അവിടെ നയിച്ചുവന്നതു്. വാരത്തിൽ ഒരുപ്രാവശ്യം മാത്രമെ വല്ലതും ഭക്ഷിച്ചിരുന്നുള്ളു. തന്റെ ഉപദേശം സംക്ഷിപ്തങ്ങളായിരുന്നു. അവകളിൽ പ്രകാശിപ്പിച്ചിരുന്ന തത്വം മൌനവും, എളിമയും, നമസ്കാരവും, പ്രാൎത്ഥനയും, പരിത്യാഗങ്ങളുമാണു്. “നിങ്ങളുടെ പ്രാൎത്ഥന ബഹുവാക്യങ്ങളുള്ളതായിരിക്കരുതു; പിന്നെയോ ഹൃദയപരമാൎത്ഥതയോടെ കൎത്താവെ എനിക്കു അധികം ഉപകാരപ്രദമെന്നു അങ്ങെക്കു തോന്നുന്നവിധം എന്നോടു അനുഗ്രഹിക്കണമേ, എന്നെ സഹായിക്കണമേ, എന്നുള്ള ചുരുങ്ങിയ വചനങ്ങൾ കൂടെക്കൂടെ ആവൎത്തിച്ചാൽ മതിയായിരിക്കും” എന്നാണു് അദ്ദേഹം ഉപദേശിച്ചുവന്നതു്.

നാനാദിക്കുകളിലുംനിന്നു ഓരോരോ കാൎയ്യങ്ങളെപ്പററി ആലോചന ചോദിക്കുന്നതിന്നായി പലപ്പോഴും അദ്ദേഹത്തിന്റെ പക്കൽ ജനങ്ങൾ വന്നിരുന്നു. സന്ന്യാസിജീവിതം നയിപ്പാൻ ആഗ്രഹിച്ചു വന്നവരിൽ ഒരുവനോടു, വി. മക്കാരി, ഒരു ശ്മശാനസ്ഥലത്തുചെന്നു മരിച്ചവരെ നിന്ദ്യവാക്കുകൾ പറയുവാൻ കല്പിച്ചു. അവൻ അതുചെയ്തു് തിരിച്ചുവന്നു. അപ്പോൾ വീണ്ടും ചെന്നു സ്തുത്യവചനങ്ങൾ പറയുവാൻ കല്പിച്ചു. അതുംചെയ്തു് അവൻ മടങ്ങിവന്നപ്പോൾ മരിച്ചവർ എന്തു ഉത്തരിച്ചുവെന്നു വി. മക്കാരി ചോദിച്ചു. സ്തുത്യവാക്കുകൾക്കാകട്ടെ നിന്ദ്യവാക്കുകൾക്കാകട്ടെ അവർ ഒന്നും മറുപടി പറഞ്ഞില്ല എന്നു അവൻ എ

പറഞ്ഞു. അപ്പോൾ വി. മക്കാരി "നീയും അപ്രകാരം ചെയ്യുക. ലോകത്തിനും നിനക്കും നീ മരിച്ചവനാകുമെങ്കിൽ മ്ശിഹായ്ക്കുവേണ്ടി നീ ജീവിക്കാൻ തുടങ്ങും" എന്നു കല്പിച്ചു. ഇങ്ങനെയുള്ള സദുപദേശങ്ങളാണു ഈ വിശുദ്ധൻ തന്റെ ശിഷ്യർക്കു കൊടുത്തുവന്നതു്. ഒരിക്കൽ ഒരു വാനപ്രസ്ഥൻ അദ്ദേഹത്തിന്റെ പക്കൽ വന്നു് ഏകാന്തവാസത്തിലായിരിക്കുമ്പോൾ ഉപവാസം ലംഘിക്കത്തക്കവണ്ണം മഹാവിശപ്പുതോന്നുന്നുവെന്നും പ്രസ്തുത കൂട്ടമായി താമസിക്കുമ്പോൾ ഒരു വാരംമുഴുവനും ഉപവസിക്കുന്നതു് ഒട്ടും പ്രയാസമായി തോന്നുന്നില്ല എന്നും സങ്കടം പറഞ്ഞു. അതിനു വി. മക്കാരി "നീ ഉപവസിക്കുന്നതു് ശേഷമ്പേർ അറിയുന്നതുകൊണ്ടു് നിന്നെ ഒരു ഉപവാസിയായി കരുതുമല്ലോയെന്നുള്ള മായാസ്തുതിയുടെ വിചാരം ആഹാരത്തിനുപകരം നിന്നെ പോഷിപ്പിക്കുകയും തൃപ്തിപ്പെടുത്തുകയും ചെയ്യുന്നതുകൊണ്ടും ഏകാന്തവാസത്തിൽ നിന്റെ ഉപവാസം അറിഞ്ഞു നിന്നെ മഹാത്മാവായി വിചാരിക്കാൻ ആരുമില്ലാത്തതുകൊണ്ടുമാണു അപ്രകാരം സംഭവിക്കുന്നതെന്നു പറഞ്ഞുകൊടുത്തു.

ഒരു ദിവസം അദ്ദേഹത്തിനു ഒരു വെളിപാടുണ്ടായി. അതു സമീപേയുള്ള ഗ്രാമത്തിൽ നിവസിക്കുന്നവരും ഗൃഹപതീകളുമായ രണ്ടു സ്ത്രീകൾക്കു തുല്യമായാ ഒരുനിലപോലും പുണ്യത്തിൽ താൻ പ്രാപിച്ചിട്ടില്ലായെന്നായിരുന്നു. ഉടനെ പ്രസ്തുത സ്ത്രീകളെ കാണുന്നതിനായിട്ടു വി. മക്കാരി പുറപ്പെട്ടു് അവരെ കണ്ടെത്തി. അവർ ഒരു മഹാപുണ്യജീവിതമാണു നയിച്ചിരുന്നതെന്നു ഗ്രഹിക്കാൻ സംഗതിയായി. പക്ഷെ മഹാകാൎയ്യങ്ങളൊന്നും അവർ ചെയ്തിരുന്നില്ല. ഗൃഹസ്ഥധൎമ്മം വേണ്ടവിധം അനുഷ്ഠിക്കുന്നതിലായിരുന്നു അവരുടെ യോഗ്യതകളെല്ലാം അടങ്ങിയിരുന്നതു്. നിരുപയോഗങ്ങളായ വാക്കുകളൊന്നും അവരുടെ വായിൽനിന്നു പുറപ്പെട്ടിരുന്നില്ല. അവർ മഹാ എളിമയും സൌമ്യതയും ക്ഷമയുമുള്ളവരായിരുന്നു. ദൈവപ്രമാണത്തിനു വിരുദ്ധമല്ലാത്ത സകല കാൎയ്യങ്ങളിലും അവരുടെ ഭൎത്താക്കന്മാരുടെ ഇഷ്ടാനുസരണം പ്രവൎത്തിച്ചുവരുകയും കൂടെക്കൂടെ ദൈവത്തെ ന

മസ്കരിക്കുകയും പ്രാൎത്ഥിക്കുകയും സൎവ്വാത്മനാ അവിടത്തെ സ്നേഹിച്ചുവരുകയും ചെയ്തിരുന്നു.

കത്തോലിക്കാ വിശ്വാസത്തോടു ആ മഹാത്മാവിനുണ്ടായിരുന്ന പ്രതിപത്തിനിമിത്തം അദ്ദേഹവും കൂട്ടരും പലപല ഉപദ്രവങ്ങളും ക്ലേശങ്ങളും സഹിക്കാൻ സംഗതിയായി. അലക്സാന്ത്ര്യായിലെ പാത്രിയക്കീസും ഒരു അരിയൻ പതിതനമായ ലൂക്ക്യൻ പല തന്ത്രോപായങ്ങൾ പ്രയോഗിച്ചിട്ടും ഈജിപ്തിലെ ആ വനവാസികളെകൊണ്ടു നിക്ക്യായിലെ വിശ്വാസപ്രമാണം അപലപിപ്പിക്കുന്നതിന്നു സാധിക്കുന്നില്ലായെന്നു കണ്ടപ്പോൾ ആ വനത്തിലേക്കു സേവകന്മാരെ അയച്ചു അവരെ അവിടെനിന്നു ചിതറിക്കുകയും ചിലരെ കൊല്ലിക്കുകയും ചെയ്തു. അവരിൽ പ്രധാനന്മാരായ രണ്ടു മക്കാരിമാരെയും, ഇസിദോർ, പാമ്പൊൻ, മുയലായ മററു പല വാനപ്രസ്ഥന്മാരെയും ചതുപ്പു നിലങ്ങളാൽ പരിവൃതമായ ഒരു ദ്വീപിലേക്കു നാടുകടത്തി. ഇതു അലക്സാന്ത്ര്യാനിവാസികൾ അറിഞ്ഞപ്പോൾ ദൈവസേവയിലും ദൈവരാജ്യപ്രചരണവേലയിലും മാത്രം ഉദ്യുക്തന്മാരായിരുന്ന ആ വാനപ്രസ്ഥന്മാരോടു ലൂക്ക്യൻ പ്രവൎത്തിച്ച അക്രമത്തെക്കുറിച്ചു ദൂഷ്യം പറയുവാൻ ആരംഭിച്ചു. തന്നിമിത്തം ക്ഷോഭം ഉണ്ടായേക്കുമെന്നു ലൂക്ക്യൻ ഭയപ്പെട്ടു അവർ മടങ്ങുന്നതിന്നും യഥാസ്ഥിതിയിൽ ജീവിച്ചുപോരുന്നതിന്നും ആ വാനപ്രസ്ഥന്മാൎക്കു അനുവാദം നല്കി.

അതിനാൽ വി. മക്കാരി തന്റെ ആശ്രമത്തിലേക്കു മടങ്ങുകയും മുമ്പിലത്തേപ്പോലെയുള്ള തപോജീവിതമുറയെത്തന്നെ തുടൎന്നുവരുകയും ചെയ്തു. ഇങ്ങനെ ഏതാനും കാലം ജീവിച്ചശേഷം തന്റെ നിൎയ്യാണസമയമടുത്തിരിക്കുന്നുവെന്നു ഗ്രഹിച്ച് നീത്ര്യയായിലുള്ള വനവാസികളെ സന്ദൎശിക്കാൻ പോയി. അവിടെ അവരോടു അനുതാപത്തെ കുറിച്ചു ഉപദേശിച്ചു. അവർ അതുകേട്ടു കണ്ണീർ വാൎത്തുകൊണ്ടു തന്റെ കാല്ക്കൽ വീഴുകയുണ്ടായി. അപ്പോൾ അദ്ദേഹം "സഹോദരന്മാരെ നമ്മെ കൂടുതലായി പീഡിപ്പിക്കുന്നതല്ലാതെ മറെറാന്നിന്നും ഉപകരിക്കാത്ത ക

ണ്ണീരുകളെ നരകപാതാളത്തിൽ കിടന്നൊഴുക്കുന്നതിനേക്കാൾ ഇവിടെവെച്ചു നമ്മുടെ പാപങ്ങളെക്കുറിച്ചു കരയുന്നതു ഉത്തമമായിരിക്കും" എന്നു പറഞ്ഞു. അതിന്റെ ശേഷം ഏറ്റെതാമസിയാതെതന്നെ ൩൯൦-ാം കാലം അദ്ദേഹത്തിന്റെ ൯൦-ാമത്തെ വയസ്സിൽ പരലോകപ്രാപ്തനായി.



വി മക്കാരി മരിച്ച ഒരുവനെ ഉയൎപ്പിക്കുന്നതു്.

സാദ്ധ്യം— നമുക്കു വന്നുകൂടുന്ന ഉപദ്രവങ്ങൾ ഏതുതരത്തിലുള്ളതും എത്ര വലിയതുമായിരുന്നാലും ദൈവത്തിൽ ശരണം പ്രാപിച്ചു അവയെ നാം സഹിക്കണം.

# മകരം (ജനുവരി) ൧൭-ാം നു-

## സമൂഹജീവിത സന്ന്യാസികളുടെ മൂലസ്ഥാപകനായ വി. അന്തോനി ബാവാ (ന്ന്യ ഉത്ത).

ക്രിസ്താബ്ദം ൨൫൧-ലാണ വി. അന്തൊനി ജനിച്ചതു. ഉത്തര ഈജിപ്തിൽ ഹെരാക്ലെയെ പട്ടണത്തിനു സമീപെയുള്ള കോമെ എന്ന ഗ്രാമത്തിൽ ധനസമൃദ്ധികൊണ്ടും ദൈവഭക്തികൊണ്ടും പ്രശസ്തന്മാരായിരുന്നു അദ്ദേഹത്തിൻെറ മാതാപിതാക്കന്മാർ. അവർ തങ്ങളുടെ പ്രിയപുത്രനെ വളരെ ജാഗ്രതയൊടെ ശാസിച്ചുവളൎത്തി. അദ്ദേഹത്തിൻെറ വിമലാത്മാവു ദുഷ്ടസംസൎഗ്ഗത്താൽ മലിനമാകാതിരിക്കാൻവേണ്ടി വിദ്ദ്യാലയത്തെക്കു അവർ അദ്ദേഹത്തെ അയക്കുകയുണ്ടായില്ല. തന്നിമിത്തം കലാവിദ്ദ്യയാവട്ടെ അന്ന്യഭാഷകളാവട്ടെ അദ്ദേഹത്തിനു അറിഞ്ഞുകൂടാഞ്ഞു. ഉത്തമ ആത്മീക ഗുണങ്ങളാൽ ദൈവം അദ്ദേഹത്തെ അലങ്കരിച്ചിരുന്നതിനാൽ സാമാന്ന്യം ദുഷ്പ്രയോഗത്തിനല്ലാതെ ഉപകരിക്കാത്ത പല സംഗതികളെക്കുറിച്ചുമുള്ള ജ്ഞാനം അദ്ദേഹത്തിന്നില്ലായിരുന്നതിനാൽ ഒട്ടും അസൂയപെട്ടിരുന്നില്ല. ബാല്യംമുതല്ക്കെ മിതഭോജിയും ദേവാലയങ്ങളിലുള്ള ആരാധനക്രമത്തിൽ സംബന്ധിക്കുന്നതിൽ തത്പരനും മാതാപിതാക്കന്മാരുടെ ആജ്ഞകളെ അനുസരിക്കുന്നതിൽ മഹാ നിഷ്ഠയുള്ളവനുമായിരുന്നു. അദ്ദേഹത്തിന്നു ൨൦ വയസ്സാകുന്നതിനുമുമ്പു അദ്ദേഹത്തിൻെറ മാതാപിതാക്കന്മാർ പരലോകാഗതരായി. തന്നിമിത്തം ധാരാളമായുള്ള സ്വത്തുക്കൾക്കു അവകാശിയായിതീരുകയും തൻെറ ഏക ഇളയ സഹോദരിയുടെ വളൎത്തലിൻെറ ചുമതല തൻെറമേൽ വന്നുകൂടുകയും ചെയ്തു. ഇങ്ങനെ ഏകദേശം ആറുമാസം കഴിഞ്ഞപ്പോൾ ഒരു ദിവസം ദേവാലയത്തിൽ വെച്ചു, "സ്വൎഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകേണ്ടതിലേക്കു നീ പോയി നിനക്കുള്ളതെല്ലാം വിററു അഗതികൾക്കു കൊടുക്കണം" എന്നുള്ള സുവിശേഷവാക്യം കേൾക്കുന്നതിന്നു സംഗതിയായി. അതു തന്നോടു കല്പിച്ചതായിട്ടു ഗണിച്ചു ഉടനെ പ്രവൃ

ത്തിയിൽ വരുത്തുവാൻ നിശ്ചയിച്ചു. വീട്ടിൽവന്നയുടനെ തനിക്കുണ്ടായിരുന്ന ൨൦൦ ൽ പരം ഏക്കർ വിസ്താരമുള്ള ഫലസംപൂൎണ്ണമായ ഭൂമി വിഭജിച്ചു തന്റെ അയൽവാസികൾക്കായി കൊടുത്തു. ശേഷമുള്ളവയിൽ തന്റെയും തന്റെ സഹോദരിയുടെയും മിതമായ ഉപജീവനത്തിനുവേണ്ടതുമാത്രം ഒഴിച്ചു ശേഷമുള്ളവ മുഴുവനും വിററു അഗതികൾക്കും ദാനിച്ചു. ഏതാനും നാൾ കഴിഞ്ഞു ദേവാലയത്തിൽവെച്ചുതന്നെ, "നാളത്തെ ദിവസത്തെകുറിച്ചു നീ വിചാരപ്പെടണ്ട" എന്നുള്ള ദൈവോക്തം കേട്ട് തനിക്കു ശേഷിച്ചിരുന്ന ജംഗമവസ്തുക്കളെല്ലാം സാധുക്കൾക്കു വീതിച്ചുകൊടുത്തശേഷം തന്റെ സഹോദരിയെ ഒരു കന്യകാമഠത്തിൽ കൊണ്ടുചെന്നാക്കി. അവിടെ ആ സ്ത്രീരത്നം ക്രമേണ ഒട്ടധികം കന്യകകളുടെ നായികയായിതീൎന്നു. വി. അന്തോനി അടുത്ത ഒരു വനത്തിലേക്കു പോയി, അവിടെ തപോവൃത്തിയിൽ ജീവിച്ചുവന്ന ഒരു വാനപ്രസ്ഥനെ അനുകരിച്ച് കൈവേലകളിലും, ജപധ്യാനങ്ങളിലും, പുസ്തകവായനയിലും കാലം വിനിയോഗിച്ച് ജീവിച്ചുവന്നു. പുണ്യപൂർണ്ണതയിൽ ആ മഹാത്മാവ് പ്രതിദിനം പ്രാപിച്ചുവന്ന അഭിവൃദ്ധിയെ പിശാചുകണ്ടു അദ്ദേഹത്തെ നശിപ്പിക്കാൻ സകലവിധോപായങ്ങളും പ്രയോഗിക്കുകയുണ്ടായി. ആദ്യമായിതന്നെ മററുജനങ്ങളേപോലെ പട്ടണത്തിൽ താമസിച്ചാൽ തന്റെ സ്വത്തുക്കളെ കൊണ്ടു വരുത്താവുന്ന വിവിധോപകാരങ്ങളുടെയും വനത്തിൽ താമസിക്കുന്നതിനാൽ താൻ അനുഭവിക്കേണ്ട കഷ്ടതകളുടെയും ഒരു രൂപം പിശാചു കാണിച്ചുകൊടുത്തു. ഇതാണ് ദൈവം ഒരു ആത്മാവിനെ തന്റെ ശുശ്രൂഷയ്ക്കു വിളിക്കുമ്പോൾ സാധാരണയായി പിശാചു കൊണ്ടുവരാറുള്ള ആദ്യപരീക്ഷ. അതു് ഫലിക്കുന്നില്ലായെന്നുഅവൻ കണ്ടപ്പോൾ പിന്നെ അഹോരാത്രം മോഹദുൎവ്വിചാരങ്ങളെ അദ്ദേഹത്തിൽ വരുത്തിത്തുടങ്ങി. അവയും ആ തപോധനൻ ഇന്ദ്രിയനിഗ്രഹവും കഠിനോപവാസവും, ഈശ്വരപ്രാൎത്ഥനയും എളിമ പ്രവൃത്തികളുംകൊണ്ടു് ജയിച്ചു. അനന്തരം ഭയങ്ക

രങ്ങളും മോഹജനകങ്ങളുമായ വേഷങ്ങൾ എടുത്തുകൊണ്ടും ഒട്ടു വളരെ ശ്രമിക്കാതിരുന്നില്ല. ഈ ഉദ്യമവും വിഫലമായതേയുള്ളൂ. ദൈനംദിനമുണ്ടായിക്കൊണ്ടിരിക്കുന്ന ഈവിധമുള്ള ആപത്തുകളിൽഅടിപെടാതിരിക്കുന്നതിന്ന് ചിലകരുതലുകൾ വി. അന്തോനിചെയ്യുകയുണ്ടായി. ദിവസത്തിൽസൂര്യാസ്തമനശേഷം ഒരിക്കൽ മാത്രം കുറച്ചു അപ്പവുംവെള്ളവും ഉപയോഗിച്ചുജീവിച്ചുതുടങ്ങി.



വി. അന്തോനി നമസ്കരിക്കുകയിൽ പിശാചുക്കൾ മോഹനികളുടെ രൂപമെടുത്തു അദ്ദേഹത്തെ പരീക്ഷിച്ചപ്പോൾ ദൈവദൂതൻ പ്രത്യക്ഷനായി ധൈര്യപ്പെടുത്തുന്നതു്.

പല അവസരങ്ങളിലും മൂന്നും നാലും ദിവസം ഒന്നും ഭക്ഷിക്കാതെയും പലപ്പോഴും ഉറക്കിളച്ചും കഴിക്കും. ആശ്വസിക്കാൻ നിർബ്ബന്ധിതനാകുമ്പോൾ വേഴപ്പൊളികൊണ്ട് ഉണ്ടാക്കിയ കക്

ശമായ പരമ്പിന്മേലോ കുതിരരോമംകൊണ്ടുണ്ടാക്കിയ ചുവുക്കാ ളത്തിന്മേലോ വെറും തറയിലോ കുറഞ്ഞൊരു നേരം ശയിക്കും. സ്വന്ത ശരീരത്തെ പീഡിപ്പിച്ച് ആത്മാവിന് കീഴ്പ്പെടുത്തുവാനുള്ള സകല മാൎഗ്ഗങ്ങളേയും സദാ അദ്ദേഹം പ്രയോഗിച്ചുവന്നു. കൂടുതൽ ഏകാന്തം ഇച്ഛിച്ച് ഒരു ശവകുടീരത്തിൽ വാസം തുടങ്ങി. അവിടെ തൻെറ സ്നേഹിതന്മാരിൽ ഒരാൾ ഇടക്കിടക്ക് കുറെ അപ്പം കൊണ്ടുചെന്നു കൊടുക്കുന്നതു മാത്രമായിരുന്നു ആഹാരം. അവിടെയും പിശാചു അദ്ദേഹത്തെ പരീക്ഷിക്കുന്നതിന് ദൈവം അനുവദിച്ചു. പിശാചുക്കൾ ഭയങ്കരസ്വരം കേൾപ്പിച്ചു അദ്ദേഹത്തെ ഭയപ്പെടുത്തും. ഒരിക്കൽ കഠിനമായി അടിച്ചു ആസകലം മുറിവേല്പിച്ച് അൎദ്ധപ്രാണനാക്കി. ആയവസ്ഥയിൽ അദ്ദേഹത്തിനു അപ്പം കൊണ്ടുവന്നു കൊടുത്തുവന്ന സ്നേഹിതൻ കണ്ടു അദ്ദേഹത്തെ പരിചരിച്ചു. ബോധം വീണയുടനെ എഴുനേല്ക്കാറായില്ലായെങ്കിലും അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി. യുദ്ധത്തിന്നു ഇനിയും ഞാൻ സന്നദ്ധനാണ്. എൻെറ നാഥനായ ഈശോമിശിഹായിൽനിന്നു ഒന്നുംഎന്നെ വേർതിരിക്കാൻ സാധിക്കുന്നതല്ല. ഇതു പറഞ്ഞുകഴിഞ്ഞപ്പോൾ പിശാചുക്കൾ പൂൎവ്വാധികം ഘോരതരങ്ങളായ അലച്ച് പുറപ്പെടുത്തിക്കൊണ്ടും ബീഭത്സങ്ങളായ രൂപങ്ങൾ എടുത്തുകൊണ്ടും അദ്ദേഹത്തോടു വീണ്ടും യുദ്ധം തുടങ്ങി. വി. അന്തോനിയാവട്ടെ ദൈവത്തിൽ തൻെറ ശരണമെല്ലാം വെച്ചിരുന്നതുകൊണ്ട് അദ്ദേഹത്തെ ജയിക്കാൻ പിശാചുക്കൾക്കു സാധിച്ചില്ല. അപ്പോൾ ഇതാ ഒരു സ്വൎഗ്ഗീയപ്രകാശം ഉദിക്കുകയും പിശാചുക്കൾ ഓടിപോകുകയും ചെയ്തു. അതുകണ്ട് വി. അന്തോനി "എൻെറ നാഥനും കൎത്താവുമായ ഈശോയെ അവിടുന്ന് എൻെറ യുദ്ധസമയത്തു് എവിടെയായിരുന്നു. എൻെറ യുദ്ധാരംഭം മുതല്ക്ക് അവിടന്ന് ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ എൻെറ ക്ലേശങ്ങൾക്കും പീഡകൾക്കും ഒരു ശമനം കിട്ടിയേനെ" എന്ന് കൎത്താവിനോട് ആവലാധിപ്പെട്ടു. അപ്പോൾ "ഞാൻ നിന്നോടുകൂടെയുണ്ടായിരുന്നു; നിൻെറ പോരാട്ടത്തെ സൂക്ഷി

ച്ചുകൊണ്ടു നില്ക്കുകയായിരുന്നു. ധൈൎയ്യത്തോടെ നീ നിന്റെ ശത്രുക്കളോടു യുദ്ധം ചെയ്തതുകൊണ്ട് ശേഷിച്ച നിന്റെ ജീവിതകാലങ്ങളിലൊക്കെയിലും ഞാൻ നിന്നെ ആദരിക്കുകയും നിന്റെ നാമം ലോകമെങ്ങും പ്രഖ്യാതമാക്കുകയും ചെയ്യും" എന്ന് സ്വരം കേൾക്കുകയുണ്ടായി. അതുകേട്ട് ആ വിശുദ്ധൻ ആനന്ദപൂരിതനായി എഴുന്നേററു ദൈവത്തെ ഹാൎദ്ദമായി സ്തുതിച്ചു. അദ്ദേഹത്തിന്റെ ഭവനം വിട്ടശേഷം ൩൫-ാമത്തെ വയസ്സുവരെ സ്വദേശത്തുനിന്നു അധികം വിദൂരമല്ലാത്ത ഒരു വനത്തിലാണു വസിച്ചുവന്നത്. മുപ്പത്തഞ്ചാമത്തെ വയസ്സിൽ വളരെ അകലയുള്ള ഒരു കൊടുംവനത്തിൽ പോയി താമസിക്കണമെന്നു കരുതി നീലനദിയുടെ കിഴക്കെ കൈവഴി കടന്നു ഒരു പൎവ്വതാഗ്രത്തിൽ കയറി അവിടെയുണ്ടായിരുന്ന ഒരു ജീർണിച്ച കോട്ടയിൽ ചെന്നു താമസംതുടങ്ങി. അവിടെ ൨൦-സംവത്സരം കഴിച്ചു. ഇതിനിടയ്ക്കു തനിക്കു കാലാകാലങ്ങളിൽ ഉപജീവനത്തിനുവേണ്ട അപ്പം കൊണ്ടുചെന്നുകൊടുത്തുവന്നവനെയല്ലാതെ മററാരെയും കണ്ടിരുന്നില്ല. ക്രമേണ അദ്ദേഹത്തിന്റെ കീൎത്തി സൎവ്വത്ര വ്യാപിക്കുകയും ഒരു വലിയ ശിഷ്യഗണത്തെ അവിടെക്കു ആകൎഷിക്കുകയും ചെയ്തു. അവരുടെ നിൎബ്ബന്ധപൂൎവ്വകമായ അപേക്ഷ നിമിത്തമാത്രമായിരുന്നു അദ്ദേഹം അവിടെനിന്നിറങ്ങി അവരുടെ നടത്തൽ സ്വീകരിക്കുകയും ൩൦൫-ൽ ആ പൎവ്വതത്തിന്റെ അടിവാരത്തിലുള്ള ഫായിം എന്ന സന്ന്യാസിമഠം സ്ഥാപിക്കുകയും ചെയ്തതു. വി. അന്തൊനി ഏകാന്തവാസത്തിൽ തന്റെയും തന്റെ ശിഷ്യരുടെയും ശുദ്ധീകരണത്തിന്നും പുണ്യപൂൎണ്ണതയ്ക്കുമായി ഉദ്യുക്തനായിരുക്കുകയിലാണു് ൩൧൧-ൽ റോമാചക്രവൎത്തിയായ മാക്സിമിന്റെ ആജ്ഞാനുസരണം തുടങ്ങിയ വേദഹിംസ അതിന്റെ പരമകാഷ്ഠയെ പ്രാപിച്ചതു. മ്ശിഹായെ പ്രതി രക്തംചിന്തി മരിക്കണമെന്നുള്ള ആകാംക്ഷയോടെ അദ്ദേഹം ഏകാന്തവാസംവിട്ട് അലക്സാന്ത്രിയായിലേക്കു വരുകയും ക്രിസ്തുവേദംനിമിത്തം കാരാഗൃഹത്തിലേക്കും ലോഹഖനികളിൽ വെലചെയ്യുന്നതിലേക്കും വിധിക്കപ്പെട്ട ക്ലേശിതന്മാരായ

ക്രിസ്ത്യാനികളെ സഹായിക്കുകയും ചെയ്തുവന്നു. ആ അവസരങ്ങളിലൊക്കെയിലും തന്റെ സന്ന്യാസിവേഷം തന്നെയാണു നിർഭയം ധരിച്ചിരുന്നതു്. എങ്കിലും ചില അവിവേകികൾ ചെയ്തിരുന്നതുപോലെ വേദദ്വേഷികൾക്കു സ്വയമായി തന്നെ കയ്യേല്പിക്കാൻ അദ്ദേഹം തുനിയുകയുണ്ടായില്ല. പ്രത്യേക ദൈവനിവേശനമില്ലാതെ അപ്രകാരം ചെയ്യുന്നതു അബദ്ധമാണെന്നു അദ്ദേഹം ഗ്രഹിച്ചിരുന്നതിനാലാണു അങ്ങനെ ചെയ്യാഞ്ഞതു്. അടുത്തവർഷം ഹിംസ അവസാനിക്കുകയും അദ്ദേഹം തന്റെ ഏകാന്തവാസസ്ഥലത്തേക്കു മടങ്ങുകയും ചെയ്തു.

ഈ കാലഘട്ടത്തിനിടയിൽ അദ്ദേഹത്തിന്റെ ശിഷ്യരുടെ സംഖ്യ ഒട്ടധികം വർദ്ധിച്ചു. അവർ രണ്ടുതരക്കാരായിരുന്നു. ചിലർ സമൂഹമായിട്ടും മററുചിലർ വാനപ്രസ്ഥമുറയ്ക്കു അകലെയകലെയായി പ്രത്യേകം പ്രത്യേകം കുടിലുകൾകെട്ടി ഏകാകികളായിട്ടും ജീവിച്ചുവന്നു. പലപ്പോഴും അവരെ സന്ദർശിച്ചുവന്ന വി. അന്തോനി അവരെ വളരെ പ്രശംസിച്ചു പറഞ്ഞിട്ടുണ്ടു്. അവിടെയെത്ര ആശ്രമങ്ങളുണ്ടോ അത്രയും സങ്കീർത്തനങ്ങൾ പാടിയും വായിച്ചും പ്രാർത്ഥിച്ചും ഉറക്കമിളച്ചും ദൈവസേവയിൽ കാലംവിനിയോഗിച്ചു വരുന്ന മനുഷ്യരെക്കൊണ്ടു നിറഞ്ഞ ദേവാലയങ്ങളാണെന്നും അവരേവരുടേയും ആശംസയെല്ലാം വരുവാനിരിക്കുന്നഭാഗ്യത്തിന്മേലാണു് വച്ചിരുന്നതെന്നും, അവർ അതിശയനീയമായ സ്നേഹബന്ധത്തിലാണു് വർത്തിച്ചിരുന്നതെന്നും സ്വന്തനന്മകൾക്കുവേണ്ടിയെന്നതിനെക്കാൾ സമസൃഷ്ടങ്ങളായ അന്യരുടെ നന്മക്കായിട്ടാണു് അവർ ശ്രമിച്ചിരുന്നതെന്നും സാധാരണലോകത്തിൽ നിന്നു നിശ്ശേഷം അകന്നിരിക്കുന്ന ഒരു ജീവിതത്തെയാണു് അവർ നയിക്കുന്നതെന്നും, അവയിലെ സൌഭാഗ്യവാന്മാരായ നിവാസികൾക്കു പുണ്യാഭ്യാസങ്ങളിലും ഭക്തിസാധനങ്ങളിലുമല്ലാതെ വേറൊന്നിലും ചിന്തയില്ലായിരുന്നുവെന്നും" ആണു് അദ്ദേഹം അവരെക്കുറിച്ചു പ്രസ്താവിച്ചിരിക്കുന്നതു്. അവരെല്ലാവരും വി. അന്തോനിയുടെ ആജ്ഞയ്ക്കു് അധീ

നപ്പെട്ടിരുന്നു. തന്റെ ജാഗരൂകതയും സദുപദേശങ്ങളും കൊണ്ടു അവരുടെ അദ്ധ്യാത്മികതീക്ഷ്ണതയെ നിത്യം അദ്ദേഹം പ്രോത്സാഹിപ്പിച്ചുവന്നു.

ഇങ്ങനെ വത്തിച്ചുവരുകയിൽ മനുഷ്യസംസൎഗ്ഗം അശേഷം വിട്ടു ദൈവത്തോടുമാത്രം സംഭാഷിച്ചുജീവിക്കുന്നതിന്നും അദ്ദേഹം അത്യന്തം ഭയപ്പെട്ടിരുന്ന മായാസ്തുതിയിൽനിന്ന് ഒഴിയുന്നതിന്നുംവേണ്ടി ഒരു കൊടുംകാനനത്തിൽചെന്നു താമസിക്കാൻ തീച്ച്പ്പെടുത്തി. അതിനുള്ള സ്ഥലമായിട്ടു അദ്ദേഹം നിശ്ചയിച്ചതു് കിരാതന്മാർ അധിവസിക്കുന്ന ഉത്തരയീജിപ്തിന്റെ വലത്തുഭാഗത്തുള്ള പ്രദേശങ്ങളായിരുന്നു. നിർദ്ദിഷ്ടസ്ഥലത്തേക്കായി പുറപ്പെട്ടു നീലനദിയുടെ തീരത്തുവന്നു് നദികടക്കുന്നതിനുള്ള വള്ളം പ്രതീക്ഷിച്ചുകൊണ്ടു നില്ക്കുമ്പോഠം ഒരു ദൈവതോന്നിപ്പു അദ്ദേഹത്തിനുണ്ടായി ചെങ്കടൽതീരത്തേക്കു പോകുന്ന അറബികളെപിഞ്ചെല്ലുകയും ആ ദിക്കിലേക്കു യാത്രതുടരുകയും ചെയ്തു. ഇങ്ങനെ മൂന്നുരാവും മൂന്നുപകലും യാത്രചെയ്തശേഷം ഒടുവിൽ ദൈവം ഉദ്ദേശിച്ച സ്ഥലത്തുചെന്നു ചേൻ. അവിടെ അദ്ദേഹത്തിന്റെശേഷമായുഷ്കാലം കഴിച്ചു. അതാണ് പിന്നീടു വി. അന്തോനിയുടെമലഎന്നു് വിളിക്കപ്പെട്ടുപോന്നസ്ഥലം. പൂവ്വകാലത്തു കോഠംസിൻ പവ്വതമെന്നായിരുന്നു അതിന്റെ പേർ. അതു ചെങ്കടലിൽനിന്നു ഒരു ദിവസത്തെ വഴി അകലയാണ് സ്ഥിതിചെയ്യുന്നതു്. അവിടെ കൂടി ഒഴുകുന്ന ഒരു ചെറിയ പുഴയും അതിന്റെ ഇരുകരകളിലും തിങ്ങിനില്ക്കുന്ന താലവൃക്ഷങ്ങളും ആ സ്ഥലത്തെ ഏററം മനോഹരമുള്ളതാക്കി തീത്തിരിക്കുന്നു. പക്ഷെ അവിടെയുള്ള പവ്വതങ്ങളുടെ ഉയൎച്ചയും തൂക്കവും ആരെയും ഭയപ്പെടുത്താതിരിക്കുകയില്ല. നീലനദി, ൩൦ മയിൽ അകലയാണെങ്കിലും അവിടെ നില്ക്കുന്നവൎക്കു നല്ലവണ്ണം കാണാം. ആ മലയുടെ അടിയിൽ ഒരു ആഠംക്കു കഷ്ടിച്ചു മാത്രം നില്ക്കത്തക്ക വലിപ്പമുള്ള ഒരു ഗുഹ വി. അന്തോനി കണ്ടെത്തി, അവിടെ തന്റെ വാസമുറപ്പിച്ചു. അതിന്റെ മീതെ അടുത്തടുത്തു പാറയിൽ തുരന്നുണ്ടാക്കിയ രണ്ടു അറകളുണ്ടായിരുന്നു. അവകളിലെക്കു മഹാ പ്രയാസത്തോടെയും അച്ചുകളെപോലെ ഇഴ

ത്തും മാത്രമെ പ്രവേശിക്കാവൂ. അചിരേണ തന്റെ പുതിയ വസതിയും മനുഷ്യരറിയുന്നതിന്നു സംഗതിയായി. അവിടെയും വളരെ ജനങ്ങൾ തന്നെ കാണുന്നതിന്നു വന്നു കൂടിയിരുന്നു. അവരിൽനിന്നു ഒഴിഞ്ഞിരിക്കുന്നതിന്നു ആവശ്യപ്പെട്ടപ്പോൾ ആ അറകളിൽ ഒന്നിനെയാണു വി. അന്തോനി അഭയം പ്രാപിച്ചു വന്നതു. പല അന്വേഷണങ്ങളുടെ ശേഷം ശിഷ്യന്മാർ അദ്ദേഹത്തെ അവിടെ കണ്ടെത്തുകയും ആവശ്യമുള്ള അപ്പവും മററുംതങ്ങൾ കൊണ്ടുവന്നു കൊടുക്കാമെന്നു ബോധിപ്പിക്കുകയും ചെയ്തപ്പോൾ അദ്ദേഹം അപ്പം വേണ്ടായെന്നും ഒരു മൺവെട്ടിയും ഒരു കൈക്കോടാലിയും ഏതാനും ധാന്യങ്ങളും കൊണ്ടുവന്നു കൊടുത്താൽ മതി, അതുകൊണ്ടു ഉപജീവിച്ചുകൊള്ളാമെന്നും കല്പിച്ചു. വി. അന്തോനി തന്റെ ആദ്യശിഷ്യരെ കൂടക്കൂടെ ചെന്നു കാണ്മാൻ സാധിക്കാത്തവണ്ണം അത്ര അകലെയായിരുന്നു ഇപ്പോൾ സ്ഥിതിചെയ്തിരുന്നതു. എങ്കിലും അവരുടെ ആദ്ധ്യാത്മികാവശ്യങ്ങൾ യഥാവസരം നിവൃത്തിച്ചുവന്നു. അതു ഇടക്കിടക്കു തന്നെ കാണ്മാൻ വന്നിരുന്ന ശിഷ്യർ വഴിയായും ലേഖനങ്ങൾ മുഖേനയും മററുമാണു ചെയ്തിരുന്നതെന്നു വി. ഈറാണിം എഴുതിയിരിക്കുന്നു.

അക്കാലങ്ങളിൽ പ്രചരിച്ചുവന്ന അറിയൻ ദുർബ്ബോധനയെ ഖണ്ഡിക്കുന്നതിന്നു വി. അന്തോനിയെക്കാൾ യോഗ്യതരനായി വേറെ ആരുമില്ലായെന്നു പല മെത്രാന്മാരും കാണുകയാൽ അവരുടെ നിർബ്ബന്ധപൂർവ്വകമായ അപേക്ഷാനുസരണം ൩൫൫-ൽ അദ്ദേഹം വീണ്ടും അലക്സാന്ത്ര്യായിലെക്കു പോകുകയുണ്ടായി. അവിടെചെന്നുചേർന്നയുടനെ മഹാ തീക്ഷ്ണതയോടെ കത്തോലിക്കാവിശ്വാസത്തെ ആദരിച്ചു് ഈശോമിശിഹാ വെറും മനുഷ്യതുല്യനായ സൃഷ്ടിയല്ലാ നിത്യപിതാവിനോടു തുല്യസ്വഭാവമുള്ള ദൈവമാകുന്നുവെന്നുള്ള സത്യത്തെ കുറിച്ചു് പ്രസംഗിച്ചു "ദുഷ്ടഅരിയോസിന്റെ അനുയായികൾ മ്ശിഹാ വെറും സൃഷ്ടിയാണെന്നു് വാദിക്കുന്നതിനാൽ ദൈവത്തെ ആരാധിക്കുകയല്ല ചെയ്യുന്നതു്, പിന്നയോ അവർസൃഷ്ടികളെ ആരാധിക്കുന്ന വിഗ്രഹസേവകന്മാരേക്കാൾ കഷ്ടപ്പെട്ടവരും അജ്ഞന്മാരുമാകുന്നുവെന്നും"

മററും അദ്ദേഹം പറഞ്ഞു. ക്രിസ്ത്യാനികളും വിഗ്രഹാരാധകന്മാരും ഒന്നുപോലെ സോത്സാഹം അദ്ദേഹത്തിൻെറ വചനങ്ങളെ കേൾക്കാൻ ഓടിക്കൂടിയിരുന്നു. ഒടുവിൽ പറഞ്ഞവരിൽ പലരും അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ കേട്ടും, അത്ഭുതങ്ങളെ കണ്ടും ആദ്ധ്യാത്മികസ്ഥാനം ഏല്ക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി.

ആ തപോധനൻെറ കീർത്തിപ്രഘോഷം കേട്ട് വിഗ്രഹസേവകന്മാരായ പലശാസ്ത്രജ്ഞന്മാരും പലപ്പോഴും അദ്ദേഹത്തോടു തക്കിക്കാനായി വന്നിരുന്നു. അവരെ അനിഷേധ്യ ന്യായങ്ങളാൽ പൂൎണ്ണ സത്യവും നിസ്സന്ദേഹം ഒരുവന് ആചരിക്കാൻ കഴിവുള്ളതുമായി ക്രിസ്തുമതം മാത്രമെയുള്ളു വെന്നു സ്ഥാപിച്ചു ബോദ്ധ്യപ്പെടുത്തി. അദ്ദേഹം അവരോടു പറഞ്ഞ ഒരുവസ്തുത ഇതാണ്. "ക്രിസ്ത്യാനികളായ ഞങ്ങൾ സ്ലീവായിൽപതിക്കപ്പെട്ട ഈശോയുടെ നാമം മാത്രം ഉച്ചരിച്ചുകൊണ്ടു നിങ്ങൾ ദൈവങ്ങളായിട്ടു ആരാധിക്കുന്ന പിശാചുക്കളെ ഓടിക്കുന്നു. അവകളുടെ മായങ്ങളും ഇന്ദ്രജാലങ്ങളും മന്ത്രശക്തിയും അഭിചാരങ്ങളും സ്ലീവായടയാളം വരക്കുന്നതിനോടു കൂടെ ദുൎബ്ബലപ്പെടുത്തി വിഫലീകരിക്കുന്നു." അതുവാസ്തവമാണെന്നു പിശാചു ആവസിച്ചവരുടെ മേൽ സ്ലീവായടയാളംവരച്ചും ഈശോയെന്നനാമം വിളിച്ചും ഉപദ്രവങ്ങൾ മാററിക്കൊണ്ടു പ്രത്യക്ഷമായി അദ്ദേഹം അവൎക്ക് കാണിച്ചുകൊടുത്തു സ്ഥിരീകരിച്ചു. ഈശാസ്ത്രജ്ഞന്മാരിൽ ചിലർ വനത്തിൽ ഗ്രന്ഥശേഖരമില്ലാതിരിക്കെ ഗ്രന്ഥപ്പാരായണത്തിൽ നിന്നുള്ള സുഖമനുഭവിക്കാൻ സാധിക്കയില്ലല്ലൊയെന്നു അദ്ദേഹത്തോടൊരിക്കൽ പറയുകയുണ്ടായി. അതിന്നു, പ്രകൃതി സകല ഗ്രന്ഥങ്ങളുടെയും സ്ഥാനത്തെ അൎഹിക്കുന്ന ഒരു വിശിഷ്ടപുസ്തകമാണെന്നു അദ്ദേഹം മറുപടിപറഞ്ഞു. വേറൊരിക്കൽ ശാസ്ത്രജ്ഞാനം അദ്ദേഹത്തിനില്ലാത്തതിനെപ്പററി പുച്ഛിച്ചു അവർ സംസാരിക്കുകയുണ്ടായി. അപ്പോൾ അദ്ദേഹം സുബോധന്യായത്തെയും ശാസ്ത്രത്തെയും പററി ആലോചിച്ചാൽ പ്രാധാന്യം എതിനാണ് കല്പിക്കേണ്ടതെന്നും ഇവരണ്ടിൽ പൂൎവ്വത്വം എതിനാണുള്ളതെന്നും ചോദിച്ചു. കുറേനേരം അവർ

മൌനം അവലംബിച്ചശേഷം സുബോധന്യായത്തിന്നാണ പ്രാധാന്യം കല്പിക്കേണ്ടതെന്നും അതാണ ശാസ്ത്രങ്ങളുടെ ജനികയെന്നും സമ്മതിച്ചു. അപ്പഴൊ സുബോധന്യായമനസരിച്ചു പ്രവൎത്തിക്കുന്നതാണ ഉത്തമമെന്ന യുക്തിയുക്തം അദ്ദേഹം സമൎത്ഥിച്ചു് ആ അജ്ഞാന ശാസ്ത്രികളെ ലജ്ജിപ്പിക്കുകയും അവർ കൊണ്ടുവന്ന പ്രതിഷേധങ്ങളെ ഖണ്ഡിക്കുകയും ചെയ്തു.

എല്ലാ സ്ഥിതിയ്ക്കാൎക്കും അദ്ദേഹത്തിന്റെമേൽ ആദരവും ബഹുമാനവുമാണ് ഉണ്ടായിരുന്നതു്. കൊൺസ്റ്റന്തീൻ ചക്രവൎത്തിയും അദ്ദേഹത്തിന്റെ രണ്ടു പുത്രന്മാരായ കൊൺസ്റ്റാൻസും കൊൺസ്റ്റാൻസിയും ചേൎന്ന അദ്ദേഹത്തിന ഒരു ലേഖനം എഴുതുകയുണ്ടായി. അതിൽ അവൎക്കുവേണ്ടി പ്രാൎത്ഥിക്കണമെന്നും അതിന്നൊരു മറുപടി അയപ്പാറാണമെന്നും കാണിച്ചിരുന്നു. ഈ സംഭവംനിമിത്തം അദ്ദേഹത്തിന്റെ ശിഷ്യന്മാർ ആഹ്ലാദിക്കുന്നതു ആ വിശുദ്ധൻ ഗ്രഹിച്ചു "ഒരു മനുഷ്യൻ ഒരു മനുഷ്യന്നു എഴുതിയതിനെപറ്റി ഇത്രമാത്രം ബഹുമാനമായി വിചാരിക്കാനും അത്ഭുതപ്പെടുവാനമെന്താണുള്ളതു്. ദൈവം അവിടത്തെ തിരുചിത്തം വേദാഗമങ്ങളും അവിടത്തെ ഏകജാതനും വഴിയായിട്ടു നമ്മെ അറിയിക്കാൻ തിരുമനസ്സായതിനെ കുറിച്ചാണ അത്ഭുതപ്പെടാനുള്ളതു്" എന്ന അവരോടു കല്പിക്കുകയുണ്ടായി. ആ പ്രവരന്മാരുടെ ലേഖനത്തിന്ന കുറെ അധികനാൾ കഴിഞ്ഞശേഷം മാത്രമാണ അദ്ദേഹം മറുപടി അയച്ചതു്. അതും അദ്ദേഹത്തിന്റെ ശിഷ്യരുടെ മുട്ടിപ്പായ അപേക്ഷകൾ നിമിത്തമായിരുന്നു ആ മറുപടിയിൽ ലോകത്തെ നിന്ദിക്കണമെന്നും, ദൈവന്യായവിധി ഓൎത്തു സകലതും പ്രവൎത്തിക്കണമെന്നും ദൈവത്തെ അറിയുന്നതിന്നും സ്നേഹിക്കുന്നതിന്നുമുള്ള വഴി തങ്ങളെ തന്നെ അറിയുന്നതാണെന്നും അദ്ദേഹം ഉപദേശിക്കയുണ്ടായി.

വി. അന്തൊനി തന്റെ ശിഷ്യൎക്കായി ഒരു നിയമം എഴുതികൊടുത്തിട്ടുള്ളതായി കാണുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ സുകൃത ദൃഷ്ടാന്തങ്ങളും ഉപദേശങ്ങളും അവൎക്ക ഒരു സജ്ജീവ നിയമമായിരുന്നു. അതിനെയാണ അനന്തരകാലങ്ങ

ളിലെ സന്ന്യാസികൾ തങ്ങളുടെ അവസ്ഥാനുസൃതം സ്വല്പസ്വല്പ ഭേദങ്ങളോടുകൂടി സ്വീകരിച്ചിട്ടുള്ളതു്. ആ വിശുദ്ധനു സമൂഹജീവിതക്കാരായ സന്ന്യാസികളുടെ ഭാവിയിലുള്ള അധഃപതനത്തെ ദൈവം വെളിപ്പെടുത്തുകയുണ്ടായി. ഒരു ദിവസം അദ്ദേഹം അശ്രുധാരകളെ ഒഴുക്കിക്കൊണ്ടു "സന്ന്യാസികൾ പട്ടണങ്ങളിലും മഹാനഗരങ്ങളിലും വലിയ എടുപ്പുകൾ പണിയിച്ചും സുഖാഗ്രഹികളായും ലൌകീകരെന്നവണ്ണം ജീവിക്കുന്ന കാലംവരും" എന്നു പ്രവചിച്ചു.


ഈ തപോധനൻ തൻെറ പരലോക യാത്രാകാലം ആസന്നമായിരിക്കുന്നുവെന്നു ഗ്രഹിച്ചു് തൻെറ സന്ന്യാസിമഠങ്ങളെ അവസാനമായി സന്ദർശിക്കാൻ തുടങ്ങി. തൻെറ മരണം അടുത്തിരിക്കുന്നതായി ശിഷ്യരെ അറിയിച്ചപ്പോൾ അവർ, തങ്ങളോടുകൂടെ താമസിച്ചു. അവസാനശ്വാസം വിടാറാകണമെന്നു അത്യാശയോടെ നിർബ്ബന്ധപൂർവ്വകം അപേക്ഷിച്ചു. പക്ഷെ അദ്ദേഹം അതിനു സമ്മതിച്ചില്ല. എന്തെന്നാൽ അദ്ദേഹം മൂഢാചാരമെന്നു വാദിക്കുകയും ആക്ഷേപിക്കുകയും ചെയ്തുവന്ന ഈജിപ്തുകാരുടെ മുറയനുസരിച്ചു് അവർ തൻെറ പ്രേതത്തെ സുഗന്ധതൈലങ്ങൾ പൂശി അക്ഷയമായി സൂക്ഷിക്കാൻ കാരണമായേക്കുമെന്നു ശങ്കിച്ചിട്ടായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ചു് അങ്ങനെ ചെയ്യാതിരിക്കാൻവേണ്ടി മുൻകരുതലായി, ഒടുവിലത്തെ ഏഴു സംവത്സരങ്ങളായിട്ടു തന്നോടുകൂടെ താമസിച്ചുവന്ന രണ്ടു ശിഷ്യന്മാരോടു പൂർവ്വപിതാക്കന്മാരെപോലെ മാത്രമെ തന്നെ സംസ്കരിക്കാവു എന്നും തൻെറ ശ്മശാനസ്ഥലം മററാരെയുമറിയിക്കരുതെന്നും പ്രത്യേകം കല്പിക്കുകയുണ്ടായി. സന്ദർശനശേഷം തൻെറ വാസസ്ഥലത്തേക്കു മടങ്ങിവന്നു. കുറച്ചു കഴിഞ്ഞപ്പോൾ ശരീരത്തിനു ചില അസ്വാസ്ഥ്യങ്ങൾ തുടങ്ങി. അപ്പോൾ തൻെറ രണ്ടു ശിഷ്യരെ തൻെറ സംസ്കാരംസംബന്ധിച്ചുള്ള പൂർവ്വ നിർദ്ദേശങ്ങളെ വീണ്ടും ഓർപ്പിച്ചശേഷം "ന്യായവിധി ദിവസത്തിൽ എൻെറ ഈ ശരീരത്തെ ഈശോകർത്താവു് അക്ഷയമുള്ളതാക്കും. എൻെറ വസ്ത്രങ്ങൾ നിങ്ങൾ എടുത്തു് അവയിൽ ആ

ട്ടിൻതോൽ കൊണ്ടുള്ള ഒരു വസ്ത്രവും ഞാൻ കിടക്കുന്ന മൂട്ടവസ്ത്രവും അഥനാസി മെത്രാനും, തോൽകൊണ്ടു വേറൊന്നുള്ളത് സെറാപ്പ്യോൻമെത്രാനും കൊടുക്കണം. കുതിരരോമംകൊണ്ടുള്ള എൻെറതപോങ്കി നിങ്ങൾക്കു എടുക്കാം. എൻെറ മക്കളെ നിങ്ങളോട് ഞാൻ യാത്ര പറയുന്നു: അന്തോനി ഇതാ നിങ്ങളെ വിട്ടുപോകുന്നു; ഇനി നിങ്ങളോടുകൂടെ ഉണ്ടാകയില്ല" എന്നു പറഞ്ഞു കഴിഞ്ഞപ്പോൾ ആ രണ്ടു ശിഷ്യന്മാർ അദ്ദേഹത്തെ ആലിംഗനംചെയ്തു. ഉടനെ അദ്ദേഹം നിവന്നു കിടക്കുകയും സമാധാനത്തോടെ കർത്താവിൽ നിദ്ര പ്രാപിക്കുകയും ചെയ്തു. ക്രിസ്താബ്ദം ൩൫൬-ൽ ൧൦൫-ാം വയസ്സിലാണ് അദ്ദേഹത്തിനു ദേഹവിയോഗം സംഭവിച്ചത്. മഹാതപസ്സുകളൊക്കയുമാണ് അദ്ദേഹം അനുഷ്ഠിച്ചുവന്നിരുന്നതെങ്കിലും വാൎദ്ധക്യത്തിൽ സാധാരണയായി ഉണ്ടാകാറുള്ള അസ്വാസ്ഥ്യങ്ങൾ ഒന്നുപോലും അദ്ദേഹത്തെ ബാധിക്കുകയുണ്ടായില്ല. അദ്ദേഹത്തിൻെറ നിൎദ്ദേശാനുസാരം പൂൎവ്വപിതാക്കന്മാരെപ്പോലെതന്നെ അദ്ദേഹത്തിൻെറ മൃതശരീരം ശിഷ്യന്മാർ ഭൂമിദാനംചെയ്തു.

സാദ്ധ്യം—നമുക്കു വന്നുകൂടുന്ന ഉപദ്രവങ്ങൾ ഏതു തരത്തിൽപ്പെട്ടതും എത്ര വലിയതുമായിരുന്നാലും ദൈവത്തെ ശരണം പ്രാപിച്ച് അവയെ സഹിക്കണം.

# മകരം (ജനവരി) ൧൮-ാംനു

## വി. പത്രോസിന്റെ റോമായിലെ തിരുസിംഹാസനത്തിരുനാൾ



റോമായിൽ വി. പത്രോസ് സ്ഥാപിച്ച. സിംഹാസനം (ഇതു ഇപ്പോഴും അന്യൂനം കാക്കപ്പെടുന്നു. റോമായില്യുള്ള പൂൎവ്വശാസനങ്ങളുടെ പരിശോധകന്മാർ പ്രസിദ്ധം ചെയ്തിട്ടുള്ള പടത്തിന്റെ തദ്രൂപമാണിതു്.)

ഈശോമ്ശിഹാ അവിടത്തെ സഭയുടെ ദൃശ്യാധിപതിയും പ്രതിപുരുഷനുമായിട്ടു് വി. പത്രോസിനെയാണല്ലോ സ്ഥാപിച്ചതു. (1) തന്നിമിത്തം പ്രേഷകന്മാരും ശേഷം സഭാംഗങ്ങളും അദ്ദേഹത്തെ അപ്രകാരം ആദരിച്ചും അദ്ദേഹത്തിന്നു വിധേയന്മാരായി വൎത്തിച്ചും വന്നു. ആരംഭത്തിൽ ക്രിസ്തുവേദം സ്വീകരിച്ചവർ സുറിയാക്കാരായിരുന്നതുകൊണ്ടു അവരുടെ ഭരണാൎത്ഥം അദ്ദേഹം അന്ത്യോഖ്യായിൽ തന്റെ സിംഹാസനത്തെ സ്ഥാപിക്കുകയും സഭയെ ഭരിക്കുകയും പൈശാചിക്ശക്തികളോടു എ

---

(1) യോഹ. ൨൧-ാം അ. ൧൫, ൧൬, ൧൭, വാ.

ത്തിക്കുകയും ചെയ്തശേഷം, റോമാ, അന്നു പൈശാചികശക്തിയുടെയും തജ്ജന്യങ്ങളായ മൂഢാചരങ്ങളുടെയും അക്രമങ്ങളുടെയും കേന്ദ്രസ്ഥാനവും ലോകത്തിൻെറ മുഖ്യഭാഗങ്ങളെ ഭരിച്ചുവന്ന റോമാചക്രവൎത്തികളുടെ പ്രധാന നഗരവും തന്നിമിത്തം ലോകത്തിൻെറ ചതുൎഭാഗങ്ങളിലുമുള്ള നാനാജാതി ജനങ്ങൾക്കു സംസൎഗ്ഗമുള്ള മഹാപുരിയുമായിരുന്നതുകൊണ്ടു പിശാചിൻെറ രാജ്യം തകൎത്തുവാനുള്ള ക്രീസ്തുവേദം അവിടെ സ്ഥാപിതമായാൽ അതു ഒരു മഹാ വിജയവും വേദം മററുദിക്കുകളിൽ വ്യാപിക്കുന്നതിന്നു എളുപ്പവുമാകുമെന്നു ദൈവനിവേശനത്താൽ വി. പത്രോസ് ഗ്രഹിച്ചു അന്തോഖ്യസിംഹാസനത്തിൽ വി. എവൊദിയെന്ന ദേഹത്തെ നിയോഗിച്ചാക്കിയും വച്ച് റൊമായിൽവന്ന് ആദ്യംതന്നെ പിശാചിൻെറ ദൂതനായ ശെമോൻ മന്ത്രവാദിയെ അപജയപ്പെടുത്തി. അവൻെറ ഇന്ദ്രജാലങ്ങളെയും അഭിചാര പ്രവൃത്തികളെയും നിരാകരിച്ച്, അതിന്നു കൂടിയവരെയൊക്കെയും അത്ഭുതപരവശന്മാരാക്കിത്തീൎത്തു. ഒരു സ്ത്രീയുടെ ചോദ്യത്തിന്നു ഭയപ്പെട്ട് തൻെറ ഗുരുവിനെ അപലപിച്ച വി. പത്രോസിന്നു പരിശുദ്ധാത്മാവു അതിന്നുവേണ്ട ശക്തിയും വരങ്ങളും നല്കുകയുണ്ടായി. അനന്തരം അദ്ദേഹം ക്രിസ്തുവേദം നിൎഭയം അവിടെ പ്രസംഗിക്കുകയും അനേകരെ മനസാന്തരപ്പെടുത്തുകയും ചെയ്തു. ഇങ്ങനെ അവിടെ തൻെറ ഭദ്രാസനം സ്ഥാപിതമായി. ഒടുവിൽ നേറൊൻ ചക്രവൎത്തിയുടെ കാലത്തു വി. പൌലോസിനോടുകൂടെ താൻ പ്രസംഗിച്ച ക്രീസ്തുവേദത്തെപ്രതി പിടിക്കപ്പെട്ടു തലകീഴായി സ്ലീവാമേൽ തൂക്കി കൊല്ലപ്പെട്ടു.

ഇങ്ങനെ റോമായിൽ വി. പത്രോസ് തൻെറ സിംഹാസനം സ്ഥാപിച്ച ഓൎമ്മയെ അനുസ്മരിപ്പിക്കുന്നതിനാണു തിരുസഭ ഈ തിരുന്നാൾ ഘോഷിച്ചുവരുന്നത്. മെത്രാന്മാരുടെ അഭിഷേകദിനം പ്രതിവൎഷം ആഘോഷപൂൎവ്വകം കൊണ്ടാടിവരുന്നതു പണ്ടുമുതൽ എല്ലാ കാലങ്ങളിലും എല്ലാ സ്ഥലങ്ങളിലും ആചരിച്ചുവരുന്നതാണല്ലോ. വി. പത്രോസിൻെറ റോമായിലെ സിംഹാ

സനതിരുനാൾ പൂർവ്വകാലംമുതല്ലൊ തിരുസഭയിൽ ആചരിച്ചുവരുന്ന ഒരു സുദിനമാണ്.

സാദ്ധ്യം— തിരുസഭയുടെ ഉപദേഷ്ടാക്കന്മാരായ പട്ടക്കാർ മെത്രാന്മാർ തുടങ്ങിയുള്ളവരെ നാം ആദരിച്ചും ബഹുമാനിച്ചും അനുസരിച്ചും വരണം.

---

## മകരം (ജനവരി) ൧൯ാംനു-

### വേദത്തെ പ്രതിരക്തസാക്ഷിയായ വി· കന്യൂട്ട് രാജാവ് (൧൦൮൬)

ആംഗ്ലയാദെശം ഭരിച്ച കാന്യൂട്ട് രാജാവിൻെറ ഒരു ദായാതിയായ ഈ വി. കാന്യൂട്ടിനെ ഡെന്മാക്കിലെ ഭൂപാലനായ സ്വേയിൻ തൃതീയൻ തനിക്കു പുത്രസന്താനമില്ലാഞ്ഞതിനാൽ പുത്രസ്വീകരണംചെയ്തു മഹാ വാത്സല്യത്തോടെ വളത്തിവന്നു. അദ്ദേഹം അസാമാന്യബുദ്ധിയും സാമത്ഥ്യവുമുള്ള ഒരു ബാലനായിരുന്നതിനാൽ ഉപാദ്ധ്യായന്മാരുടെ ശ്രമത്തിനും പ്രതീക്ഷയ്ക്കും അനുയോജ്യമായി വത്തിക്കുകയും തന്നിമിത്തം മാനസികമായും കായികമായും ഒരു ഉത്തമഭൂപതിക്കു വേണ്ട സകല ഗുണലക്ഷണങ്ങളും തികഞ്ഞവനായിത്തീരുകയുംചെയ്തു. ഡെന്മാക്ക് ദേശത്തേ ഇടക്കിടക്കു ആക്രമിച്ചു കൊള്ള ചെയ്തുവന്ന കടൽ കള്ളന്മാരുടെ അധിവാസസ്ഥലങ്ങളെ അദ്ദേഹം ആക്രമിച്ചു അവരെ കീഴടക്കി. സ്വേയിൻ രാജാവിൻെറ കാലാനന്തരം രാജകിരീടം തൻെറ സഹോദരനായ ഹറാൾഡിനാണു പ്രാപ്തമായത്. ആകയാൽ കാന്യൂട്ട് ഡെന്മാക്ക്വിട്ട് സ്വീഡനിലേക്കുപോയി അവിടത്തെ രാജാവായ ഹാൽസ്റ്റൻെറ അഥിതിയായി താമസിച്ചു കാലംകഴിച്ചു വന്നു. അവിടെ ആയിരിക്കുകയിൽ ഡന്മാക്കിനെ ആക്രമിക്കാൻ ഹാൽസ്റ്റൻ രാജാവു കാന്യൂട്ടിനെ പ്രേരിപ്പിക്കുകയുണ്ടായിയെങ്കിലും ഒരു ഉത്തമക്രിസ്ത്യാനിയായ അദ്ദേഹം അതിന്നു മനസ്സായില്ലായെന്നു മാത്രമല്ല ആ ദേശത്തിൻെറ ഗുണത്തിനും അഭിവൃദ്ധിക്കുംവേണ്ടി തന്നാൽ സാധിക്കുന്നതൊക്കയും ചെയ്തുവരുകയും ചെയ്തു. രണ്ടുവഷം കഴിഞ്ഞപ്പോൾ ഹറാൾഡ് നാടുനീങ്ങി. അപ്പോൾ ഡന്മാക്ക്കാർ കാന്യൂട്ടിനെ വിളിച്ചു തങ്ങളുടെ രാജാവായി സ്ഥാപിച്ചു.

അക്കാലത്തിനു മുമ്പുതന്നെ ക്രീസ്തുവേദം അവിടെ സ്ഥാപിതമായിരുന്നുവെങ്കിലും അതു ഒരു നല്ല നിലയെ പ്രാപിച്ചിച്ചിട്ടില്ലായിരുന്നു. അതിന്നു ഒരു ഉപകരണമായി ദൈവം നിയോഗിച്ചതു കാന്ന്യൂട്ടു രാജാവിനെയാണ്. അദ്ദേഹം അതിന്നു ആവശ്യമായിരുന്നതു പ്രവത്തിച്ചതിനും പുറമെ അക്രമികളായ അയൽദേശക്കാരെ അമച്ച്ചെയ്തു അവരുടെയിടയിലും, ക്രീസ്തുവേദം പ്രസംഗിപ്പിക്കുകയുംചെയ്തു. തനിക്കുസിദ്ധിച്ച വിജയംനിമിത്തം ആ ഉത്തമരാജാവു് അഹംകരിക്കാതെ ദൈവമനോഗുണത്താലാണു അതു സാധിച്ചതെന്നു ഉള്ളിൽ ധരിച്ചുകൃതജ്ഞതാത്ഥം ദൈവത്തിനു സ്തോത്രം ചെയ്യുകയും തന്റെ കിരീടവും രാജ്യവും മ്ശിഹായുടെ തിരുപാദത്തുങ്കൽ സമപ്പിക്കുകയും ചെയ്തു.



കാന്ന്യൂട്ട് രാജാവു ത്തുങ്ങപ്പെട്ട സ്വരൂപത്തിൻമുമ്പാകെ ഭക്തിപുരസ്സരം ജപംചെയ്യുന്നതു്.

അനന്തരം രാജ്യത്തിന്റെ സമാധാനത്തിന്നും സുസ്ഥിരതിയ്ക്കും വേണ്ടിയും എല്ലാവരും നീതിയോടും ന്യായത്തോടും ക്രട

വൎത്തിക്കുന്നതിന്നായും ആവശ്യമുള്ള ഖണ്ഡിത നിയമങ്ങളും പ്രബലന്മാരുടെ അക്രമങ്ങളെ തടയുന്നതിന്ന വേണ്ട ഏൎപ്പാടുകളും വൈദികരുടെമേൽ ആദരവും ബഹുമാനവും ജനിപ്പിക്കുന്നതിന്നു ഉപയുക്തങ്ങളായ നിബന്ധനകളും ഏൎപ്പെടുത്തിയ ശേഷം എല്ലാവരും വൈദികൎക്ക പതാരവും ഓഹരിയും കൊടുക്കണമെന്നുംകൂടി നിശ്ചയിച്ചു. ദേവാലയങ്ങളെ പണിയുന്നതിന്നും അവയെ അലങ്കരിക്കുന്നതിന്നും അഗതികളെ സംരക്ഷിക്കുന്നതിന്നും കൂടി ധാരാളം പണം വ്യയം ചെയ്യുകയുണ്ടായി. വളരെ വിലപിടിച്ച തന്റെ രാജകിരീടംകൂടെയും സീലണ്ടു ദ്വീപിലുള്ള തന്റെ പ്രധാന നഗരമായ റോസ്ചിൽഡ് പട്ടണത്തിലെ ദേവാലയത്തിലേക്കു ദാനംചെയ്തു. ഉപവാസംകൊണ്ടും ചമ്മട്ടി അടികൾകൊണ്ടും കുതിരരോമച്ചട്ടകൊണ്ടും സ്വശരീരത്തെ അദ്ദേഹം പീഡിപ്പിച്ചുവന്നു. ജയതാവായവില്യം ആംഗ്ലേയാദേശത്തെ ആക്രമിച്ച കാലത്തു ആംഗ്ലേയരുടെ സഹായാൎത്ഥം ഒരു സൈന്യത്തെ അദ്ദേഹം അയച്ചുകൊടുക്കുകയുണ്ടായി. നോൎമൻകാരുടെ ഉഗ്രഭരണം സഹിക്കവെയ്യാതെവരുകയാൽ ആംഗ്ലേയർ വേറൊരവസരത്തിലും അദ്ദേഹത്തിന്റെ സഹായം യാചിക്കുകയും അദ്ദേഹം അവരുടെ സഹായാൎത്ഥം ഒരു സൈന്യം ശേഖരിച്ചു പുറപ്പെടുകയുംചെയ്തു. പക്ഷെ അദ്ദേഹത്തിന്റെസഹോദരനായ ഓലാസിന്റെ തന്ത്രോപായങ്ങൾകൊണ്ടു ദീൎഘകാലം കടൽത്തീരത്തു താമസിക്കാൻ നിൎബ്ബന്ധിതനാകുകയാൽ യോധാക്കൾ മനസ്സു മടുത്തു അദ്ദേഹത്തെ വിട്ടുപോരുകയുണ്ടായി. വൈദികൎക്കുള്ള ഭോഗം കൊടുപ്പിക്കുന്നതിന്നു അതു ഒരു നല്ല അവസരമാണെന്നു അദ്ദേഹം കണ്ടു് മടങ്ങിവന്നശേഷം, തന്നെ വിട്ടുപോന്നതിന്ന പ്രായശ്ചിത്തമായി തക്കതായ ഒരു സംഖ്യ പണംകൊടുക്കുകയോ അഥവ പതാരം കൃത്യമായി കൊടുക്കുകയോ ചെയ്യണമെന്ന കല്പിച്ചു. അവർ പണ പ്രായശ്ചിത്തം ഏല്ക്കുകയാണുണ്ടായതു. പക്ഷെ അതു വസൂലാക്കുന്നതിൽ ചുമതലപ്പെട്ടവർ നിൎദ്ദയമായും വിവേകം കൂടാതെയും പ്രവൎത്തിച്ചു തുടങ്ങുകയാൽ പ്രജകൾ വിപ്ലവമുണ്ടാക്കി. തന്നി

മിത്തം കാന്യൂട്ട്രാജാവു ഒരു ദീപാന്തരത്തിൽ ചെന്നു അഭയം പ്രാപിക്കേണ്ടിവന്നു. ദുഷ്ടന്മാരായ ചില ഉദ്യോഗസ്ഥന്മാർമൂലം വിശ്വസ്ഥന്മാരായ യോധാക്കളുടെ സഹായസഹകരണങ്ങൾ അദ്ദേഹത്തിനു ലഭിക്കാതായി. ഏതാനുംദിവസം കഴിഞ്ഞപ്പോൾ വിപ്ലവം അവസാനിച്ചുയെന്നു ചിലർ അദ്ദേഹത്തെ തെററിധരിപ്പിക്കുകയാൽ രാജാവു അതു വിശ്വസിച്ച് ദൈവത്തിനു സ്തോത്രം ചെയ്യുവാൻവേണ്ടി ദൈവാലയത്തിൽചെന്നു നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ഉദ്യോഗസ്ഥൻ വിപ്ലവകന്മാൎക്കു അറിവുകൊടുക്കുകയും അവർ വന്നു അദ്ദേഹത്തെ ഒരു ശൂലംകൊണ്ടു കുത്തികൊല്ലുകയും ചെയ്തു. ഇതു ൧൦൮൬-ാം കാലമാണു സംഭവിച്ചതു അദ്ദേഹം പാപസങ്കീൎത്തനം ചെയ്തും ദിവ്യകാരുണ്യം ഉൾകൊണ്ടും മരണത്തിനു സന്നദ്ധനായിരിക്കുകയായിരുന്നു. ഈ പാതകംനിമിത്തം ൮ വൎഷവും ൩ മാസത്തേക്കും ക്ഷാമം വിവിധവ്യാധി മുതലായവകളാൽ ദൈവം അവരെ പീഡിപ്പിച്ചു. അദ്ദേഹത്തിൻെറ പുണ്യങ്ങളുടെ സാക്ഷ്യങ്ങളായി അനവധി അത്ഭുത രോഗശമനങ്ങൾ സംഭവിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ അനന്തരഗാമിയായ ഏറിക്ക് തൃതീയൻ മേൽ പ്രസ്ഥാവിച്ച അത്ഭുതങ്ങളുടെ തെളിവുകൾ ശേഖരിച്ചു റോമാതിരുസിംഹാസനത്തിലേക്കു അയച്ചു അദ്ദേഹത്തെ ഡെന്മാൎക്കിലെ ആദ്യ വേദസാക്ഷിയായിട്ടു വണങ്ങിവരുന്നതിനുള്ള അനുവാദം ചോദിച്ചു വാങ്ങിച്ചു.

സാദ്ധ്യം:— വൈദികരുടെ സഹായാൎത്ഥം വേണ്ടതൊക്കെയും ചെയ്തുകൊടുക്കണം

---

## മകരം (ജനുവരി) ൨൦-ാം നു-

### വേദത്തെപ്രതി പ്രാണത്യാഗിയായ വി. സെബസ്ത്യാൻ (൨൮൮.)

ഗാൾദേശത്തുള്ള നർബ്ബോന എന്ന സ്ഥലമാണു് വി. സെബസ്ത്യാൻെറ ജന്മദേശം. അദ്ദേഹത്തിൻെറ മാതാപിതാക്കന്മാർ മിലാൻ പട്ടണക്കാരായിരുന്നതു കൊണ്ടു മിലാനിലാണു

അദ്ദേഹം വളൎന്നതും വിദ്യകൾ അഭ്യസിച്ചതും. യൌവ്വനം മുതല്ക്കേ മ്ശിഹായുടെ ഒരു ഉത്തമദാസനായായിയാണെന്നുള്ളതിനു വേണ്ട ലക്ഷ്യങ്ങൾ അദ്ദേഹത്തിൽ പ്രതിബിംബിച്ചിരുന്നു. സൈനികവൃത്തി അദ്ദേഹത്തിന്റെ അഭിലാഷത്തിനു ഒട്ടും യോജിക്കുന്നതല്ലായിരുന്നുവെങ്കിലും സത്യമതവിശ്വാസം നിമിത്തം പീഡിതന്മാരായ സഹോദരങ്ങളെ കൂടുതൽ സഹായിക്കാൻ സാധിക്കുമെന്നുള്ള പ്രത്യാശ സൈന്യവകുപ്പിൽ ചേരുന്നതിനു അദ്ദേഹത്തെ മനസ്സാക്കി. ൨൮൩-ൽ അദ്ദേഹം റോമായിൽ ചെല്ലുകയും കാരിൻചക്രവൎത്തിയുടെ മെയ്ക്കാവൽക്കാരുടെ ഗണത്തിൽ പേരെഴുതിക്കുകയും ചെയ്തു. ഏറെ താമസിയാതെ തന്നെ തന്റെ ഉദ്ദേശം സാധിക്കുന്നതിനുള്ള അവസരം വന്നുകൂടി. ഉത്തമവംശജന്മാരായ മാൎക്കും മൎസ്സിനുമെന്ന രണ്ടു സഹോദരന്മാർ വേദംനിമിത്തം മരണത്തിനു വിധിക്കപ്പെട്ടു കാരാഗൃഹത്തിലാക്കപ്പെട്ടിരുന്നു. അവരുടെ മാതാപിതാക്കന്മാരുടെയും ബന്ധുമിത്രങ്ങളുടെയും പ്രലപനങ്ങളും കണ്ണുനീരുകളും അവരെ തെല്ലു ചഞ്ചലിപ്പിക്കുകയുണ്ടായി. വി. സെബസ്ത്യാൻ അതു കണ്ടു ഒരു ഉത്തമ പ്രബോധനമൂലം വേദത്തെ പ്രതി ജീവനെ പരിത്യജിക്കുന്നതിനു അവരെ ധൈൎയ്യപ്പെടുത്തി. അതു, കേട്ടവരേയൊക്കെയും വിസ്മയഭരിതന്മാരാക്കിത്തീൎത്തു. കേൾവിക്കാരിൽ ഒരുത്തിയും ൬-സംവത്സരങ്ങളായിട്ടു ഊമയും അവിടത്തെ പ്രധാനാധിപനായ നിക്കസ്ത്രോത്തിന്റെ ഭാൎയ്യയുമായിരുന്ന സൊയെ വി. സെബസ്ത്യാൻ പ്രബോധനം നിറുത്തിയ ഉടനെ അദ്ദേഹത്തിന്റെ കാല്ക്കൽവീണു സംസാരവശം ദൈവത്തിൽനിന്നു ലഭിച്ചുകൊടുക്കാൻ കൃപയുണ്ടാകണമെന്നു ആംഗ്യങ്ങൾ കാണിച്ചു അൎത്ഥിച്ചു. അദ്ദേഹത്തിനു അവളുടെമേൽ അനുകമ്പതോന്നി അവളുടെമേൽ സ്ലീവായടയാളം വരച്ചയുടനെ അവൾ വ്യക്തമായി സംസാരിച്ചുതുടങ്ങി. ഏതന്മൂലം സൊയെയും ഭൎത്താവും ക്രീസ്തീയവേദം വിശ്വസിച്ചു. അവരെ തുടൎന്നു മാൎക്കിന്റെയും മൎസ്സിനിന്റെയും മാതാപിതാക്കന്മാരും പാറാവുകാവൽക്കാരനായ ക്ലാവുദിയും വേറെ ൧൬ പേരും സത്യവിശ്വാസികളായി. കാരാഗൃഹത്തിന്റെ അധിപനായ നിക്കൊ

സ്ത്രാത്തു് അവരെ സ്വഭവനത്തിലെക്ക കൊണ്ടുപോയി പൊലിക്കാപ്പ് എന്ന ഒരു ഉത്തമപുരോഹിതനെകൊണ്ട ഉപദേശിപ്പിച്ചു് അദ്ധ്യാത്മികസ്നാനം ചെയ്യിച്ചു. സ്നാനമേററതിനോടെ മാക്കിൻെറയും മർസ്സിൻെറയും പിതാവായ ത്രൻക്ലൃന്നെ ബാധിച്ചിരുന്ന വാതരക്തരോഗംമാറി. അതെരോഗത്താൽബാധിതനും റോമാപുരിയുടെ അധികാരിയുമായ ക്രേമാസ് ത്രൻക്ലൃൻ സുഖംപ്രാപിച്ചതുകേട്ട തൻെറ രോഗശമനത്തിന്നായി ക്രീസ്തുമതം സംബന്ധിച്ച ഉപദേശങ്ങൾ പഠിക്കാൻ തീരുമാനിച്ചു. വി. സെബസ്ത്യാൻ ആ അധികൃതൻെറ അരമനയിൽ ചെന്നു വേണ്ട ഉപദേശങ്ങൾ കൊടുത്തു് അയാളെ സുഖപ്പെടുത്തുകയും അയ്യാൾക്കും അയ്യാളുടെ പുത്രനും അദ്ധ്യാത്മികസ്നാനം കൊടുക്കുകയും ചെയ്തു. ക്രോമാസ് തനിക്കു സിദ്ധിച്ച അത്ഭുതവിധമായ സ്വാസ്ഥ്യത്തിൻെറ കൃതജ്ഞതയായി സ്നാനം ഏററവരെയൊക്കെയും കാരാഗൃഹവാസത്തിൽനിന്നു മോചിക്കുകയും തൻെറ അടിമകളെ സ്വതന്ത്രന്മാരാക്കുകയും ഉദ്യോഗം രാജിവെക്കുകയും ചെയ്തു.


കാരൻ ചക്രവത്തി ഇല്ലിരിക്കിൽവച്ചു കൊല്ലപ്പെട്ടു. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ദിയൊക്ലെസ്യാൻ ചക്രവത്തിയായി. ഇദ്ദേഹം അടുത്തവഷം തൻെറ സഹകാരിയായിട്ടു മക്സിമിൻ ഹെക്ക്ലിൻ എന്നായാളെ തെരിഞ്ഞെടുക്കുകയുണ്ടായി. ഈ പ്രവരൻ ക്രിസ്ത്യാനികൾക്കു വിരോധമായി യാതൊരു ശാസനാപത്രവും പുറപ്പെടുവിക്കുകയുണ്ടായില്ലെങ്കിലും പ്രദേശാധികാരികൾ പണ്ടേപോലെ ക്രിസ്ത്യാനികളെ ഹിംസിച്ചുവന്നു. അദ്ദേഹം റോമായിൽ വന്നശേഷം വി. സെബസ്ത്യാൻെറ ഗുണഗണങ്ങളെ ഗ്രഹിച്ചു് അദ്ദേഹത്തെ മാനിക്കുകയും, തൻെറ മെയ്ക്കാവൽ സൈന്യത്തിൻെറ മേധാവിയായിയാക്കുകയും ചെയ്തു.

അക്കാലത്തിൽതന്നെ ക്രിസ്ത്യാനിയായതിനോടുകൂടെ അത്ഭുതവിധത്തിൽ സ്വാസ്ഥത പ്രാപിച്ച റോമാനഗരാധികാരിയായ ക്രോമാസ് ചക്രവത്തിയുടെ അനുമതിയോടെ ഉൾപ്രദേശത്തുചെന്നു താമസിക്കുന്നതിന്നു തീച്ചപ്പെടുത്തിയിരുന്നതിനാൽ

നവമായി അധ്യാത്മികസ്ഥാനം ഏററവരെയും തന്നോടുകൂടെ കൊണ്ടുപോകുവാൻ തീൎച്ചപ്പെടുത്തി. ഇവർ പൂൎണ്ണ ക്രിസ്ത്യാനികളാകേണ്ടതിന്നു വേണ്ടവകകളൊക്കെയും തങ്ങളെ പഠിപ്പിക്കാൻ തക്കവരായ വി. സെബെസ്ത്യാനെയൊ ഉത്തമപുരോഹിതനായ പൊലികാപ്പ് എന്ന ദേഹത്തെയൊ തങ്ങളുടെ ഗുരുവായി കിട്ടിയാൽ കൊള്ളാമെന്നു ആശിച്ചുകൊണ്ടിരിക്കുകയായിരുന്നു. നഗരത്തിൽതന്നെ താമസിക്കുന്നതായാൽ ഏറെ താമസിയാതെതന്നെ വേദത്തെപ്രതി മരിക്കാൻ എളുപ്പമുണ്ടാകുമെന്നു അവൎക്കു രണ്ടുപേൎക്കും തോന്നിയിരുന്നതിനാൽ അവൎക്കു രണ്ടുപേൎക്കും പോകാൻ നല്ല സമ്മതമുണ്ടായിരുന്നില്ല. തന്നിമിത്തം അന്നു മാൎപ്പാപ്പായായിരുന്ന കായുസ് തിരുമനസ്സിനെ കാൎയ്യം ബോധിപ്പിച്ചു. ആ തിരുമനസ്സുകൊണ്ടു വി. സെബസ്ത്യാന്റെ ഉദ്യോഗനില ക്രിസ്ത്യാനികളെ സഹായിക്കുന്നതിന്നു കൂടുതൽ അനുകൂലിച്ചിരുന്നതാകകൊണ്ടു പൊലിക്കാപ്പ് എന്ന ദേഹം അവരോടു കൂടെ പോകാൻ തീരുമാനിച്ചു. ഇതിന്മേൽ വിമൎശിച്ചു വി. ആഗസ്തിൻ എന്നദ്ദേഹം "ഈശോമിശിഹായുടെ ആചാൎയ്യന്മാരിൽ ഈവിധ മത്സരം കാണുന്നതു എത്രയോ ആനന്ദകരമായിരിക്കും എന്നു എഴുതിയിരിക്കുന്നു.

൨൮൬-ൽ മുമ്പിലത്തെതിൽ ഭയങ്കരതരമായ വേദഹിംസ ഉപക്രമിച്ച് ചക്രവൎത്തിയുടെ അരമനയിലും പരിവാരഗണത്തിലുമുള്ളവരെ കൂടിപിടിച്ചു തുടങ്ങി. ഒന്നാമതായി പിടിക്കപ്പെട്ടതു വിശുദ്ധ പത്രോസിന്റെയും പൌലൊസിന്റെയും തിരുനാൾ ദിവസം അവരുടെ സമാധിയിങ്കൽ ആരാധനചെയ്തുകൊണ്ടിരുന്ന സോയെ ആണ്. മിശിഹായുടെ ഈ ദാസിയെ അവർ ഒരു വലിയ അഗ്നികുണ്ഡത്തിന്മീതെ തലകീഴായി തൂക്കിയിട്ടുകൊന്നു. ഇങ്ങനെ ഒരു അബലവേദത്തെപ്രതി മരിച്ചതു ത്രൻക്വില്ല്യൻ അറിഞ്ഞു ധൈൎയ്യം അവലംബിച്ചു വി. പൌലൊസിന്റെ കുഴിമാടത്തുങ്കൽചെന്നു നമസ്കരിച്ചുകൊണ്ടിരിക്കുകയിൽ മതദ്വേഷികൾ കല്ലെറിയുകയും അദ്ദേഹം കല്ലേറേററു മരിക്കുകയും ചെയ്തു. നിക്കൊസ്ത്രാത്തും, ക്ലാവുദിയും, കാസ്തോറും, വിക്തൊരിനും പിടിക്കപ്പെട്ടു മൂന്നുപ്രാവശ്യം പീഡിക്കപ്പെട്ടു ശേഷം സമുദ്ര

ത്തിലേക്കു എറിയപ്പെട്ടു. അങ്ങനെ അവർ പരലോകഗതരായി. തിബൂർസിയെ വഞ്ചകനായ സഹോദരൻ ഒററികൊടുത്തു ശിരച്ഛേദനം ചെയ്തു കൊന്നു. ഈ വഞ്ചകൻതന്നെ കാസ്തൂലിനെയും കാട്ടികൊടുക്കുകയും അവർ അദ്ദേഹത്തെ ഞരമ്പുകൾ ഭേദിക്കുന്ന യന്ത്രത്തിൽ പീഡിപ്പിച്ചശേഷം ജീവനോടെ കുഴിച്ചിടുകയും ചെയ്തു. മാൎക്കിനെയും മൎസ്സിലിനെയും ഹിംസകർ ഒരു സ്തംഭത്തോടുചേൎത്തു ആണികളാൽ തറച്ചിട്ടിട്ടു ൨൪ മണിക്കൂർ കഴിഞ്ഞിട്ടും മരിക്കാതിരുന്നതിനാൽ കുന്തം കൊണ്ടു കുത്തി നമാവശേഷം വരുത്തി.



ഇത്രവളരെപേരെ സ്വൎഗ്ഗത്തിലേക്കു അയച്ച വി. സെബസ്ത്യാൻ അതെമാൎഗ്ഗത്തിൽകൂടിതന്നെ തനിക്കും അവരോടുകൂടെ കഴിയുംവേഗം ചെന്നുചേരണമെന്നു ആഗ്രഹിച്ചുവന്നു. അതു സാധിക്കുന്നതിന്നു അധികനാൾ വേണ്ടിവന്നില്ല. സെബസ്ത്യാൻ ഒരു ക്രിസ്ത്യാനിയാണെന്നു ചക്രവൎത്തിക്കു അറിവുകി

ട്ടി. ഉടൻതന്നെ ചക്രവത്തി അദ്ദേഹത്തെ വരുത്തുകയും വള്ളരെ ഉപകാരങ്ങളും അനുഗ്രഹങ്ങളും തന്നിൽനിന്ന കൈക്കൊണ്ടിരിക്കുകയിൽ ഇത്ര ശക്തിയായ കൃതഘ്നത പ്രകാശിപ്പിച്ചതിനെകുറിച്ച അദ്ദേഹത്തെ ശാസിക്കുകയും ചെയ്തശേഷം അദ്ദേഹത്തെ കൊണ്ടുചെന്ന അസ്ത്രം എയ്ത്ത. കൊല്ലുവാൻ മൌറീത്തരായ (ആഫ്രിക്കാക്കാരായ) വില്ലാളികളോട കല്പിച്ചു. അവർ അദ്ദേഹത്തെ കൊണ്ടുപോയി സൎവ്വാംഗവും അമ്പുകൾ ഏല്പിച്ചതിനാൽ അദ്ദേഹം മൂൎച്ഛിച്ച തളൎന്നു കണ്ടു മരിച്ചുവെന്ന വിചാരിച്ചു അവിടെതന്നെ ഇട്ടുംവെച്ചു പോയി. വെദത്തെപ്രതി പ്രാണത്യാഗിയായ കസ്തൂലിന്റെ വിധവ ആ തിരുപ്രേതം എടുപ്പിച്ചു അടക്കുന്നതിന്ന ചെന്നപ്പോൾ ജീവനുള്ളതായി കണ്ടു. ആയതിനാൽ അവർ രഹസ്യത്തിൽ അദ്ദേഹത്തെ അവിടെനിന്നെടുപ്പിച്ച സ്വഭവനത്തിൽ കൊണ്ടുപോയി പരിചരിച്ചു രക്ഷിച്ചു. ഏതാനും ദിവസംകൊണ്ടു വി. സെബാസ്ത്യൻ സ്വാസ്ഥ്യം പ്രാപിച്ചു. അനന്തരം മററുള്ളവർ ഇനിയെങ്കിലും വെളിപ്പെടരുതെന്ന അദ്ദേഹത്തോട ഉപദേശിച്ചുവെങ്കിലും അതിനെ വകവെക്കാതെ ഒരു ദിവസം ചക്രവത്തി അമ്പലത്തിലേക്കു പോകുമ്പോൾ വഴിയിൽനിന്നുകൊണ്ടു സാമ്രാജ്യത്തിന്റെ അഭിവൃദ്ധിക്കും സുസ്ഥിരതയ്ക്കും വേണ്ടി പ്രാൎത്ഥിക്കുന്നതും നാടുവാഴികളോടും രാജ്യത്തോടും ദൃഢഭക്തന്മാരായി വൎത്തിക്കുന്നതും തങ്ങളുടെ ധൎമ്മമായി കരുതിവരുന്ന ക്രിസ്ത്യാനികളെ ബാധിക്കുന്നതിനെയും അവൎക്ക സ്വാതന്ത്ര്യം അനുവദിക്കാത്തതിനെയുംപററി ശക്തിമത്തായി അപവാദിക്കുകയുണ്ടായി. തന്റെ ആജ്ഞാനുസാരം വധിക്കപ്പെട്ട സെബസ്ത്യാൻതന്നെയാണു തന്നോട ഇപ്രകാരം വാദിക്കുന്നതെന്ന ചക്രവത്തി ഗ്രഹിച്ചപ്പോൾ വള്ളരെ വിസ്മയിച്ചുവെങ്കിലും അദ്ദേഹത്തിന്റെ ഈ പ്രവൃത്തി ചക്രവത്തിയെ രോഷാവേശിതനായി തീൎക്കുകയാണു ചെയ്തതു. ആയതിനാൽ ഉടൻതന്നെ അദ്ദേഹത്തെ അരമന വളപ്പിനകത്തു കൊണ്ടുചെന്ന ഗദകൊണ്ടു അടിച്ചു കൊല്ലുന്നതിന്ന ചക്രവത്തി കല്പിക്കുകയും അപ്രകാരം ൨൮൮-ാം കാലം മകരം ൧൯-ാം നു- അദ്ദേഹം വധിക്കപ്പെടുകയും ചെയ്തു. വി. സെബസ്ത്യാനെ

അത്യന്തം സ്നേഹിച്ചുവന്ന മെയ്ക്കാവൽ പട്ടാളം ഈ സംഗതിയെ ഗ്രഹിച്ചു ലഹളകൾ ഉണ്ടാക്കാതിരിക്കാൻവേണ്ടി അദ്ദേഹം ഒരു ക്രിസ്ത്യാനിയായിരുന്നുവെന്നുള്ള ഏകകാരണനിമിത്തമാണു കൊല്ലപ്പെടാൻ ഇടയായതു് എന്നു ചക്രവർത്തി പ്രസിദ്ധം ചെയ്തു.

സാദ്ധ്യം:— അവസരം നേരിടുമ്പോൾ തണ്യ ക്രിസ്ത്യാനികളോടും ഇതരമതസ്ഥന്മാരോടും സദ്ബുദ്ധി ഉപദേശിക്കണം.

---

## മകരം (ജനവരി) ൨൧-ാം നു-

കന്യകയും വേദത്തെപ്രതി പ്രാണത്യാഗിനീയുമായ വി. ആഗ്നെസ് (നംർ)

റോമാപുരിയിലെ ഒരു ശ്രേഷ്ഠവംശജയായ ആഗ്നെസമ്മ ചെറുപ്പത്തിൽ തന്നെ തന്റെ വിശുദ്ധതയെ ഈശോമിശിഹായ്ക്കു പ്രതിഷ്ഠിക്കയുണ്ടായി. ആഗ്നെസിന്റെ വംശാവസ്ഥയും രൂപലാവണ്യവും ധനസ്ഥിതിയും നിമിത്തം പ്രധാന പ്രഭുവംശജന്മാരായ യുവാക്കന്മാൎക്ക അവളെ വിവാഹം ചെയ്യണമെന്നുള്ള മോഹം ജനിച്ചു. അതിന്നു ആ അമ്മയോടു ആവശ്യപ്പെട്ടപ്പോൾ ആ വധൂടി "താൻ അദൃശ്യനും സ്വൎഗ്ഗീയനുമായ ഒരുവനു തന്റെ വിശുദ്ധത പ്രതിഷ്ഠിച്ചുപോയി" യെന്നാണു് മറുപടി പറഞ്ഞതു്. എന്നിട്ടും ആ കാമുകന്മാർ ആ യുവതിയെ തങ്ങളുടെ അഭീഷ്ടത്തിന്നു സമ്മതിപ്പിക്കാൻ പല ഉപായങ്ങളും പ്രയോഗിച്ചു നോക്കി. അതു ഒന്നു കൊണ്ടും സാധിക്കുന്നില്ലായെന്നു കണ്ടപ്പോൾ അവൾ ഒരു ക്രിസ്ത്യാനിയാകുന്നെന്നുള്ള വാസ്തവം രാജാധികാരിയെ അവർ ബോധിപ്പിച്ചു. അധികാരി നയോപായങ്ങളാൽ അവളെക്കൊണ്ടു ക്രിസ്തുമതം അപലപിപ്പിക്കുന്നതിന്നു ശ്രമിച്ചിട്ടു ഒന്നും ചെല്ലുന്നില്ലായെന്നുകണ്ടു അവളെ ഭയപ്പെടുത്തി സമ്മതിപ്പിക്കുന്നതിന്നു വേണ്ടി അവളെ പീഡിപ്പിക്കുന്നതിനുള്ള തീകത്തിക്കാനും ആണി കുരുടാവു മുതലായവ ഒരുക്കുവാനും കല്പിച്ചു. പക്ഷെ അവയൊന്നും അവളെ ലവ

ലേശം ഭയപ്പെടുത്തുകയുണ്ടായില്ല. അനന്തരം അവർ അവളെ ദേവന്മാരുടെ അമ്പലത്തിലേക്ക് കൊണ്ടുചെന്നു ധൂപം അർപ്പിക്കാൻ കല്പിച്ചു. അവിടെ ചെന്നശേഷം ധൂപം അർപ്പിക്കുന്നതിനുപകരം സ്ലീവായടയാളം വരക്കുകയാണ് അവൾ ചെയ്തതു്. അതിന്റെശേഷം അവളെ അനുവിധേയയാക്കാൻ വേണ്ടി വേശ്യാഭവനത്തിലേക്കു കൊണ്ടുപോയി. ആ വനിത അത്യന്തം ആദരിക്കുന്ന കന്യാത്വത്തെ ഭംജിപ്പിക്കുന്നുണ്ടെന്നു അധികാരി ഭയപ്പെടുത്തിപറഞ്ഞു. അതിന്നു ആഗ്നെസ് "ഈശോകർത്താവ് തന്റെ മണവാട്ടികളുടെ വിശുദ്ധതമേൽ അത്യന്തം വൈരാഗ്യമുള്ളവനാണ്. അവിടുന്നു അതിന്നു ഭംഗംവരുത്തുവാൻ സമ്മതിക്കുന്നതല്ല. അവിടുന്നു തന്നെയാണ് അതിനെ പാലിക്കുന്നതും സംരക്ഷിക്കുന്നതും. നിങ്ങൾക്കു എന്റെ രക്തത്തെ ചിന്തുവാൻ സാധിച്ചേക്കും. മ്ശിഹാകർത്താവിന്നു പ്രതിഷ്ഠിതമായ ഈ ശരീരത്തെ അപവിത്രമാക്കാൻ നിങ്ങളെക്കൊണ്ടു ഒരിക്കലും സാധിക്കുന്നതല്ല," എന്നു പ്രത്യുത്തരം പറഞ്ഞു. അതുകേട്ട അധികാരി കുപിതനായി അവളെ കൊണ്ടുചെന്നു വേശ്യാഭവനത്തിലാക്കി ഏതുവിധേനയെങ്കിലും അവളുടെ ചാരിത്രഭംഗം വരുത്തുവാൻ ആജ്ഞാപിച്ചു. പല യുവാക്കന്മാരും തങ്ങളുടെ അശുചിയായ കാമവികാരത്തെ സംതൃപ്തിപ്പെടുത്തുവാൻ അവിടേക്കു ഓടിക്കൂടി. പക്ഷെ ആ തരുണിയുടെ മുഖത്തു വിലസിക്കൊണ്ടിരുന്ന ഒരു അസാമാന്യ ജ്യോതിസ്സും ഗൌരവവും നിമിത്തം അവർ പരവശരായിതീൎന്നു് അവളുടെ സമീപെ പോലും അടുക്കുന്നതിനു അവൎക്കു സാധിച്ചില്ല. അവളോടു അടുക്കുവാൻ തുനിഞ്ഞ അവരിൽ ഒരുവൻ വിദ്യുത് കിരണങ്ങൾ പാഞ്ഞുകണക്കെ കണ്ണുകെട്ട നിലംപതിക്കുകയാണുണ്ടായതു്.

അന്നേരെ അവളുടെ കാമുകന്മാരിൽ പ്രമുഖൻ അവൻ കാംക്ഷിച്ച ഇര കിട്ടാതായതിനാൽ പ്രതികാരാൎത്ഥം അവൾക്കു വിരോധമായി അധികാരിയെ പ്രേരിപ്പിച്ചിരുന്നു. ആ പ്രേരണ, അയാൾക്കു ആവശ്യമുണ്ടായിരുന്നില്ല. ആ അബലയായതരുണി, തന്നെ അനാദരിക്കുകയും ലജ്ജിപ്പിക്കുകയും ചെയ്യുകയാൽ ആ

വനിതയെ ശിരഃഛേദനം ചെയ്യുവാൻ അധികാരി വിധി പ്രസ്താവിച്ചു. തലവെട്ടാനുള്ള ദണ്ഡകന്മാരെ അവൾ കണ്ടപ്പോൾ അത്യന്തം സന്തോഷിച്ചു. വധസ്ഥലത്തേക്കു വി. ആഗ്നെസ് പോകുന്ന പോക്കുകണ്ടാൽ ഒരു മണവറയിലേക്കു പോകുന്ന ഒരു നവോഢയെപ്പോലെ തോന്നിച്ചിരുന്നുവെന്നു വി. അമ്പ്രോസി എന്ന ദേഹം എഴുതിയിരിക്കുന്നു. ദിയോക്ലേസ്യൻ ൩൦൩-ൽ ഉജ്ജ്വലിപ്പിച്ച വേദഹിംസകാലത്തു വി. ആഗ്നേസിനു ൧൩-വയസ്സുമാത്രമെ പ്രായമുണ്ടായിരുന്നുള്ളുവെന്നാണ് വി. അമ്പ്രേസിയു



.വി. ആഗ്നെസ് വെട്ടേററു മരിക്കാൻ സന്നദ്ധയായി മുട്ടുകുത്തി നില്ക്കുന്നതു്.

ടെയും വി. ആഗസ്തീന്റെയും പ്രസ്താവന. കുലസ്ഥലത്തു ചെന്നായുടനെ അവൾ ഒരു ചെറിയ പ്രാൎത്ഥന തന്റെ ദിവ്യ മണവാളനോടു ചെയ്തശേഷം ദൈവത്തെ ആരാധിക്കുന്നതിന്നും തന്റെ

ബലിയെ പൂൎത്തിയാക്കുന്നതിലേയ്ക്കുമുള്ള വെട്ടു ഏല്ക്കുന്നതിന്നുമാ യിട്ടു മുട്ടുകുത്തി തലകുനിഞ്ഞു നിന്നു. കൌമാരപ്രായയീയായ ആ തരുണി ശൃംഖലകളാൽ ബന്ധിതയായും വിറക്കുന്ന ആരകച്ചാ രന്മാരുടെ വാളിന്നുകീഴെ നിശ്ചലയായും സ്ഥിതിചെയ്യുന്നതുക ണ്ടു, സകലരും കണ്ണുനീർ വാൎത്തുപോയി. ആ വിശുദ്ധയുടെ തി രുശരീരം റോമായോടു അടുത്തുള്ള നോമെന്തോ വഴിക്കു സമീപെ സംസ്കരിക്കപ്പെട്ടു.

സാദ്ധ്യം—വിശുദ്ധത തങ്ങളുടെ ദിവ്യമണവാളനു പ്രതി ഷ്ഠിച്ചവർ അതിനെ ഭംഗം കൂടാതെ പാലിക്കണം.

---

## മകരം (ജനവരി) ൨൨-ാംനു-.

വേദത്തെപ്രതി പ്രാണത്യാഗിയായ വി. വിൻസെന്തു്. (ൻ൦ർ.)

ഈശോ മ്ശിഹായെപ്രതി കഠിനബാധകൾ സഹിച്ചു മ രിച്ച വേദസാക്ഷികളിൽ ഒരുവനാണു ഈ വി. വിൻസെന്തു്. ഇദ്ദേഹം എസ്പാഞ്ഞ്യായിലുള്ള സർഗോസാ പട്ടണത്തിലാണു് ജനിച്ചതു്. ആ പട്ടണത്തിൻെറ മെത്രാനായ വലെറി എന്ന ദേഹം വിൻസെന്തിനെ വേദാഗമങ്ങളും ദൈവഭക്തിക്കടുത്ത മാ ൎഗ്ഗങ്ങളും പഠിപ്പിച്ചശേഷം ദിയാക്കൊൻ (ആറു പട്ടക്കാരൻ) ആക്കുകയും അദ്ദേഹത്തിൻെറ യൌവനപ്രായത്തെ അവഗ ണിച്ചു് ദൈവവാക്യം പ്രസംഗിക്കുന്നതിനു നിയമിക്കുകയും ചെ യ്തു. അതിക്രൂര വേദഹിംസകന്മാരിൽ ഒരുവനായ ദേസിയൻ ആയിരുന്ന എസ്പാഞ്ഞ്യായിലെ അക്കാലത്തെ രാജ്യാധികാരി. ൻ൦ൻ-ൽ ചക്രവൎത്തികളായ നിയോക്ലേസിയനും മാക്സിമിയ നും ക്രിസ്ത്യാനികൾക്കു എതിരായി ഒരു രാജവിളംബരം പ്രസി ദ്ധം ചെയ്യുകയാൽ ദേസിയൻ വലേരിയേയും വിൻസെന്തിനേ യും പിടിച്ചു, ആദ്യം സർഗോസായിൽതന്നെവെച്ചു വളരെ പീ ഡിപ്പിച്ചു; അനന്തരം വാലെൻസ്യാ പട്ടണത്തിലേക്കു കൊണ്ടു

പോയി മഹാ കൎക്കശമായ ഒരു കാരാഗൃഹത്തിലാക്കി. അവി ടെ ശൃംഖലകളാൽ ബന്ധിതന്മാരായും ആഹാരമില്ലാതെയും ദീൎഘകാലം അവർ കഷ്ടപ്പെട്ടു. ഈ ഉപായത്താൽ അവ രുടെ സ്ഥിരതയെ ഭഞ്ജിക്കാമെന്നാണ അധികാരി കരുതിയത്. പക്ഷെ അതു സാധിച്ചില്ല. അവർ മുമ്പിലത്തേതിലും സ്ഥിര ന്മാരും ദൃഢഗാത്രന്മാരുമായിട്ടാണ് കാണപ്പെട്ടത്. അതു ത ന്റെ ഉത്തരവനുസരിച്ച് പാറാവു സൂക്ഷക്കാരൻ പ്രവൎത്തിക്കാ ഞ്ഞിട്ടാണെന്ന് ദേസിയന്ന തോന്നി അയ്യാളെ ശാസിച്ചശേഷം അവരെ ഭയപ്പെടുത്തി വിധേയന്മാരാക്കാൻ നോക്കി. അധികാ രിയുടെ ഭീഷണവാക്കുകൾക്ക് വലേരിമെത്രാൻ ഒന്നും പ്രതിവാ ദിക്കുന്നില്ലായെന്ന വി: വിൻസെന്തു കണ്ടു, "പിതാവ് അനുവദി ക്കുന്ന പക്ഷം ഞാൻ വേണ്ടസമാധാനം കൊടുക്കാം," എന്ന പറ ഞ്ഞു. അപ്പോൾ വി: വലേരി ഇപ്രകാരം കല്പിക്കയുണ്ടായി. "എ ന്റെ മകനെ ദൈവവചനം അറിയിക്കാൻ മുമ്പെതന്നെ ഞാൻ നിന്നെ ചുമതലപ്പെടുത്തിയിരിക്കുകയാണല്ലോ. ഇപ്പോഴും നമ്മു ടെ വിശ്വാസത്തിന്റെ ന്യായങ്ങളെ ബോദ്ധ്യപ്പെടുത്തുവാനും പ്രതിവാദിക്കാനും ഞാൻ നിന്നെ അധികാരപ്പെടുത്തുന്നു." അ പ്പോൾ വി: വിൻസന്തു, "ഞങ്ങൾ രണ്ടുപേരും ക്രിസ്ത്യാനികളാ ണ്. ഏകം മാത്രമായിരിക്കുന്ന സത്യദൈവത്തെയാണ് ഞങ്ങ ൾ ആരാധിക്കുന്നതു്. അദ്ദേഹത്തെപ്രതി ഞങ്ങൾ എന്തും സ ഹിക്കാൻ സന്നദ്ധരായിരിക്കുന്നു" എന്ന പറഞ്ഞു അപ്പോൾ ദേസിയൻ വി: വലേരിയെ രാജ്യം കടത്താനും വി: വിൻസന്തി നെ കഴിയുന്നത്ര ശരീരബാധകളൊക്കയും ഏല്പിക്കാനും തീൎച്ച പ്പെടുത്തി. ആദ്യംതന്നെ അദ്ദേഹത്തെ ഒരു സംപീഡനയന്ത്ര ത്തിൽ ബന്ധിച്ച് കൈകളും കാലിനും കയറുകെട്ടി വലിക്കാൻ ദ ണ്ഡകന്മാരോടു ആജ്ഞാപിച്ചു. അവർ അവരുടെ ശക്തിയെ ല്ലാം പ്രയോഗിച്ചു വലിക്കുകയാൽ ആ അവയവങ്ങളുടെ സന്ധി യെല്ലാം വേർവിട്ടുപോയി. അതിനോടുകൂടെ ഇരുമ്പു കൊളുത്തു കൾ കൊണ്ട് അദ്ദേഹത്തിന്റെ ശരീരത്തെ കീറുകയുണ്ടായി. ആ സമയത്തു് വി: വിൻസന്തു് അവൎക്ക ശക്തിയും ധൈൎയ്യവുമി ല്ലായെന്ന പറഞ്ഞു ദണ്ഡകന്മാരെ അപഹസിക്കുകയാണ ചെ

സ്സിരുന്നതു്. അതു് ദേസിയൻ കേട്ട അവർ ദയന്യമായിട്ടാണു് വി. വിൻസെന്തിനോട്ടു് പ്രവൎത്തിക്കുന്നതെന്നു് അയാൾക്കു തോന്നുകയാൽ അവരെ പിടിച്ചു അടിപ്പിച്ചു. തന്നിമിത്തം വി: വിൻസെന്തിന്നു് ഒരു ഉപശമനം കിട്ടി. അനന്തരം അധികാരിക്കു തൃപ്തി തോന്നത്തക്കവണ്ണം കൂടുതൽ ശക്തിയോടെ അവർ അദ്ദേഹത്തെ ബാധിച്ചു. വിശ്രമിക്കുന്നതിന്നും, വി: വിൻസെന്തു് അധികവേദന അനുഭവിക്കുന്നതിനുവേണ്ടി മുറിവുകൾ നീരു കൊള്ളുന്നതിന്നുമായിട്ടു് രണ്ടുപ്രാവശ്യം ബാധ നിൎത്തിവെച്ചു. അതിന്റെ ശേഷം അതിഭയങ്കരമാംവണ്ണം അദ്ദേഹത്തെ പീഡിപ്പിച്ചതിനാൽ ശരീരത്തിന്റെ പല സ്ഥലങ്ങളിലും അസ്ഥികളും അന്തൎഭാഗങ്ങളും വെളിക്കു കാണാറായിരുന്നു. എന്നാൽ ദണ്ഡകന്മാർ അദ്ദേഹത്തിന്റെ ശരീരത്തെ എത്ര അധികമായി ബാധിച്ചിരുന്നുവോ അത്രയുമധികം ദൈവം ആ വിശുദ്ധന്റെ ആത്മത്തെ സ്വൎഗ്ഗീയാനന്ദങ്ങളാൽ പൂരിപ്പിക്കാൻ ചിത്തമായതിനാൽ അദ്ദേഹത്തിന്റെ മുഖത്തു് ഒരു പ്രസാദം വിലസിക്കൊണ്ടിരുന്നു. ആ വേദസാക്ഷിയുടെ ശരീരമാസകലം രക്തം പ്രവഹിക്കുകയും അദ്ദേഹം ഭയങ്കരാവസ്ഥ പ്രാപിക്കുകയും ചെയ്തിരുന്നിട്ടും ദൃഢപ്രതിജ്ഞയോടെ സ്ഥിതി ചെയ്യുന്നതുകണ്ടു് അധികാരി അത്ഭുതപ്പെട്ടുകയും തോററുപോയിയെന്നു സമ്മതിക്കുകയും അയാളുടെ ഉഗ്ര കോപം ഒന്നു ശമിക്കുകയും ചെയ്തു. അതിനാൽ ബാധകൾ നിൎത്തിവെക്കാൻ കല്പിച്ചു. അനന്തരം സൌമ്യതകൊണ്ടു് വിധേയനാക്കാമെന്നു കരുതി അതിന്നായിട്ടു ശ്രമിച്ചു തുടങ്ങി. വി. വിൻസെന്തിനോട്ടു് അധികാരി "നിന്റെമേൽ തന്നെ നിനക്കു അനുകമ്പ തോന്നി ദേവന്മാൎക്കു് നീ പൂജിക്കുക; അതു ചെയ്യുവാൻ നിനക്കു മനസ്സില്ലാത്തപക്ഷം ഈയിടക്കുണ്ടായ, ചക്രവൎത്തിയുടെ അനുശാസനാനുസാരം നിന്റെ പക്കലിരിക്കുന്ന വേദാഗമം ദഹിപ്പിക്കുന്നതിന്നു എന്റെ പക്കൽ ഏല്പിക്കുക" എന്നു പറഞ്ഞു. അതിന്നു അദ്ദേഹം കൊടുത്ത മറുവടി "നിങ്ങളുടെ ഈ അനുകമ്പയേക്കാൾ കുറച്ചേ നിങ്ങളുടെ ബാധകളെ ഞാൻ ഭയപ്പെട്ടുന്നുള്ളൂ" എന്നാണു്. ഇതു കേട്ടപ്പോൾ ദേസിയനു മുമ്പിലത്തേക്കാൾ കോപം വൎദ്ധിക്കുകയും എല്ലായ്പ

ഷ്ഠം വ്യഥാകരമായ അഗ്നിബാധ നടത്തുവാൻ ആജ്ഞാപിക്കുക യുമാണ ചെയ്തതു്. ഇതു് അറുപ്പുവാളും മുള്ളുകളും ആകത്തക്ക വണ്ണം ഇരുമ്പു കമ്പികൾ ചേത്തുണ്ടാക്കിയ ഒരു മഞ്ചത്തിന്മേൽ കിടത്തിയശേഷം തീവെച്ചു ആ കമ്പികൾ പഴുപ്പിച്ചു പീഡിപ്പിക്കുന്ന ഒരു യാതനയാണു്. കത്താവിനെപ്രതി പാടുപെടുന്നതിന്നായി ദാഹിച്ചിരുന്ന വി. വിൻസെന്തു് അതു കേട്ടയുടനെ നിർഭയം അതിന്നു സന്നദ്ധനായി മഞ്ചത്തിൽ കയറുവാൻ അടുത്തു. ദണ്ഡകന്മാർ അദ്ദേഹത്തെപ്പിടിച്ചു ആ ഭയങ്കര യന്ത്രത്തിന്മേൽ കിടത്തി ബന്ധിച്ചു തീയുമിട്ടു. തീയുടെ ഭാഗത്തേക്കല്ലാതുള്ള ശരീരഭാഗങ്ങളെ കശകൾകൊണ്ടു അടിച്ചും പഴുപ്പിച്ച കമ്പികൾവെച്ചും വ്രണപ്പെടുത്തി. ക്രൂരാതെയും അടിച്ചുപൊട്ടിച്ചും ചുട്ടുപൊള്ളിച്ചുമിരുന്ന ഇടങ്ങളിലെല്ലാം ഉപ്പു ഉരസിയും അവർണ്ണ്യവേദനയെ ആ വേദസാക്ഷിയെ അവർ അനുഭവിപ്പിച്ചിരുന്നു. ശരീരത്തിൽനിന്നൊലിച്ചൊഴുകിയിരുന്ന കൊഴുപ്പു, അഗ്നിയെ പോഷിപ്പിച്ചിരുന്നതിനാൽ അദ്ദേഹത്തിന്റെ വ്യഥയെ പ്രവൃദ്ധമാക്കുകയാണു് ചെയ്തിരുന്നതു്. ഈ വിധ ബാധകളെ ഓക്കുന്നതുതന്നെ ഭയാനകമായിരിക്കെ ഈശോ കത്താവിന്റെ ആ ദാസന്റെ സഹനശക്തി അവ വദ്ധിപ്പിച്ചിരുന്നു. എത്രയധികം അദ്ദേഹം ബാധകൾ അനുഭവിച്ചിരുന്നോ, അത്രയുമധികം ആനന്ദവും തൃപ്തിയുമാണ മുഖകമലത്തിൽ പ്രശോഭിച്ചിരുന്നതു്. തന്നിമിത്തം അധികാരി ലജ്ജപൂണ്ടും കോപാവേശിതനായും വിൻസെന്തു് എന്താണ പറയുന്നതെന്നും ചെയ്യുന്നതെന്നും ഇടക്കിടക്കു് ദണ്ഡകന്മാരോടു അന്വേഷിച്ചുകൊണ്ടിരുന്നു. അവരാവട്ടെ പൂവ്വപ്രതിജ്ഞയിൽ സ്ഥിരപ്പെടുകയും, ബാധകൾ അദ്ദേഹത്തിന്റെ സ്ഥിരതയെ വദ്ധിപ്പിക്കുകയാണ ചെയ്യുന്നതെന്ന അറിയിച്ചു. വാസ്തവത്തിൽ ആ അജയനായ വേദസാക്ഷി ആകാശത്തിലേക്കു നേത്രങ്ങളെ ഉയത്തി ദൈവത്തോടുള്ള ധ്യാനയോഗത്തിൽ നിമഗ്നനായിരിക്കുകയായിരുന്നു.

അധികാരി ഭഗ്നോദ്യമനായി അനന്തരം, അദ്ദേഹത്തെ ആ മഞ്ചത്തിൽനിന്നിറക്കി കാരാഗൃഹത്തിലേക്കു കൊണ്ടുപോകാനും

പൊട്ടിയ ഓട്ടുകളിന്മേൽ കിടത്താനും, കാലുകൾ ആമത്തിൽ ബന്ധിക്കാനും, കാണാനാകട്ടെ സംസാരിക്കാനാകട്ടെ ആരെയും അനുവദിക്കരുതെന്നും കല്പിച്ചു. ദൈവം അങ്ങേദാസനെ കൈവിട്ടില്ല. സ്വർഗ്ഗത്തിൽനിന്നു ദൈവദൂതന്മാരെ അയച്ചു അദ്ദേഹത്തെ ആശ്വസിപ്പിക്കയും ആനന്ദിപ്പിക്കുകയും ചെയ്തു. വന്ന ദൈവദൂതന്മാരോടു കൂടെ അദ്ദേഹം ദൈവസ്തോത്രങ്ങളെ പാടിക്കൊണ്ടു് സ്ഥിതിചെയ്തിരുന്നു. കാവൽക്കാരൻ വാതായനത്തിന്റെ വിള്ളലിൽ കൂടെ നോക്കിയപ്പോൾ. പാറാവു സ്വർഗീയവെട്ടത്താൽ പ്രകാശിക്കുന്നതായും ആ വിശുദ്ധൻ സങ്കീർത്തനങ്ങൾ പാടിക്കൊണ്ടു നടക്കുന്നതായും കണ്ടു് സത്യവേദം വിശ്വസിക്കുകയും അദ്ധ്യാത്മികസ്നാനം സ്വീകരിക്കുകയും ചെയ്തു. ഈ സംഭവം ദേസിയനെ ഒരു ശൂലം കൊണ്ടു കുത്തിയകണക്കാക്കിത്തീർക്കയും വെറികൊണ്ടു അയാൾ അശ്രുധാരകളെ ഒഴുക്കുകയും ചെയ്തു. അനന്തരം ആ വിശുദ്ധനെ പീഡിപ്പിക്കാൻ അയാൾ തുനിഞ്ഞില്ല; എന്നുമാത്രമല്ല ആക്കെങ്കിലും വന്നുകണ്ടു ആശ്വസിപ്പിക്കാൻ അനുവാദം കൊടുക്കുകയും ചെയ്തു. ആകയാൽ വിശ്വാസികൾ വന്നു കണ്ണുനീർ ഒഴുക്കിക്കൊണ്ടു ആ വിശുദ്ധന്റെ വ്രണങ്ങളെ ചുംബിക്കുകയും, ശീലകളിൽ അദ്ദേഹത്തിന്റെ രക്തം തുടച്ചെടുത്തു പൂജ്യമായി കൊണ്ടുപോകുകയുംചെയ്തു. അനന്തരം അവർ അദ്ദേഹത്തെ എടുത്തു് ഒരു മൃദുവായ കിടക്കയിൽ കിടത്തി. പക്ഷെ കിടത്തിയ ഉടനെ അദ്ദേഹം അന്ത്യശ്വാസംവിട്ടു മരണംപ്രാപിച്ചു. ൩൦൪-ാം കാലം മകരം ൨൨-ാംനു- അദ്ദേഹം മരിച്ചുവെന്നാണു് അഭിപ്രായം.

ആ വിശുദ്ധന്റെ മൃതശരീരം ദേസിയന്റെ ആജ്ഞാനുസരണം കാടുപിടിച്ചുകിടന്ന ഒരു കച്ഛപ്രദേശത്തു അവർ കൊണ്ടു ചെന്നെറിഞ്ഞുകളഞ്ഞു. പക്ഷെ ദൈവം ഒരു കാകോലപക്ഷിമുഖേന വന്യമൃഗങ്ങളും പക്ഷികളും അതിനെ തൊടാതിരിക്കാൻ സംഗതിയാക്കി. അതിനാൽ അവർ അതിനെ അവിടെനിന്നെടുത്തു് ഒരു ചാക്കിൽകെട്ടി സമുദ്രത്തിലേക്കിട്ടു. എന്നാറെ



വ്രണപ്പെട്ടു് പാറാവിൽ കിടക്കുന്ന വി. വിൻസെന്തിന്റെ ദൈവ
ദൂതന്മാർവന്നു് ആശ്വസിപ്പിക്കുന്നതു്.

യും ദൈവവിചാരണയാൽ അതു താണുപോകാതെ കരക്കണഞ്ഞു. രണ്ടു ക്രിസ്ത്യാനികൾക്കു ദൈവം അതു അറിയിച്ചുകൊടുക്കുകയും അവർ ആ തിരുശരീരമെടുത്തു വാലെൻസ്യാപട്ടണത്തിന്റെ കോട്ടയ്ക്കുപുറത്തു സംസ്കരിക്കയുംചെയ്തു.

സാദ്ധ്യം—നമുക്കു നേരിടുന്ന ദുഃഖദുരിതാപത്തുകളിൽ മനം ക്ഷോഭിക്കാതെ ദൈവസഹായം അർത്ഥിക്കണം.

# മകരം (ജനുവരി) ൨൩-ാം നു-.

## വി. റെയിമൂന്തു്. (൧൨൭൫.)

വി. റെയിമൂന്തു് അർഗോന്യാ രാജഗോത്രക്കാരോടു ചാർച്ച്യുള്ള പ്രഭുകുടുംബത്തിലും എസ്പാഞ്ഞ്യോന്യദേശത്തു കത്തലോന്യായിലുള്ള പെഞ്ഞഫോർത്തു് കോട്ടയിലുമാണു ജാതനായതു്. പഠനത്തിൽ മഹാസമർത്ഥനായിരുന്നു. അദ്ദേഹത്തിൻെറ ൨൦-ാമത്തെ വയസ്സിൽ ബാർസിലോനാ പട്ടണത്തിൽ ആദായമൊന്നും പററാതെയും മഹാ കീർത്തിയോടെയും തത്വശാസ്ത്രം പഠിപ്പിച്ചുവന്നു. പല മഹാശാസ്ത്രികളും ശാസ്ത്രസംബന്ധമായ അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങളെ ഗ്രഹിക്കുന്നതിന്നായി അദ്ദേഹത്തിൻെറ പക്കൽ വന്നിരുന്നു. തൻെറ ശിഷ്യരുടെ ഹൃദയങ്ങളിൽ സ്ഥിരമായ പുണ്യങ്ങളുടേയും ഐക്യതയുടേയും പരോപകാരപ്രദങ്ങളായുള്ള ധർമ്മങ്ങളുടേയും ബീജം വിതക്കുന്നതിന്നായിരുന്നു അദ്ദേഹം അത്യുത്സാഹം പ്രദർശിപ്പിച്ചുവന്നതു്. അദ്ദേഹത്തിൻെറ ൩൦-ാംവയസ്സിൽ അവിടം വിട്ടു് ഇത്താല്യായിലുള്ള ബോലോഞ്ഞ പട്ടണത്തിലെ സർവ്വകലാശാലയിൽചേന്നു് സഭാനിയമങ്ങളിലും രാജ്യനിയമങ്ങളിലും പണ്ഡിതപദം പ്രാപിക്കുകയും അനന്തരം ബാർസിലോനായിൽ എന്നതുപോലെ പ്രതിഫലം ഒന്നും പററാതെ ആ ശാസ്ത്രങ്ങൾ അവിടെ പഠിപ്പിച്ചുവരുകയുംചെയ്തു. ൧൨൧൯-ൽ ബാർസിലോനായുടെ മെത്രാൻ റോമായിലേക്കു പോയി മടങ്ങുകയിൽ ബൊലൊഞ്ഞായിൽ ചെന്നു വി. റെയിമൂന്തിനെ കൂടെകൊണ്ടുപോയി ഉന്നതങ്ങളായ ചില സ്ഥാനങ്ങളിലാക്കി. ആ ഉന്നതസ്ഥാനങ്ങളിൽ അദ്ദേഹം വൈദികക്ക് ശുദ്ധിയുടേയും ആകാംക്ഷയുടേയും ഭക്തി പ്രവൃത്തികളുടേയും, ദരിദ്രരോടുള്ള അനുകമ്പയുടേയും ഒരു ഉത്തമ ദൃഷ്ടാന്തമായി പരിലസിച്ചിരുന്നു. ൧൨൨൨-ലും അദ്ദേഹത്തിൻെറ ൪൭-ാം വയസ്സിലും അദ്ദേഹം ദൊമ്മിനിക്കൻ സഭയിലെ ഒരു അംഗമായി. അവിടെ നവസന്ന്യാസ ഭവനത്തിൽ, ശേഷം നവസന്ന്യാസികളെ അപേക്ഷിച്ചു കൂടുതൽ മനോദൈന്യതയോ

ടെയും അനുസരണയോടെയും ശുശ്രൂഷാന്തിയോടെയുമാണു് വൎത്തി ച്ചുവന്നതു്. ദൈവമായ ഈശോകൎത്താവിൻെറ അനുസരണ യെ അനുകരിച്ചു് എല്ലാവൎക്കും വിധേയനായും സ്വേച്ഛാ പ്രവ ൎത്തനത്താൽ ഉളവാകുന്ന നാശങ്ങളെ കണ്ടു അവയെ തടയുവാ ൻ വേണ്ടി തൻെറ ആത്മനിയന്ത്രന്മാരുടെ ആദേശങ്ങൾക്കു പൂൎണ്ണമായ അനുസരണയുള്ളവനായും അദ്ദേഹം ജീവിച്ചുവന്നു. ഇങ്ങനെയുള്ള മൂലത്തിന്മേലാണു് അദ്ദേഹം അത്യധികം ആശി ച്ചിരുന്ന പുണ്യപൂൎണതയുടെ ഉന്നതപദവിയിൽ കയറുവാൻ ആരംഭിച്ചതു്. ഇപ്രകാരം സ്വപരിത്യാഗം കൊണ്ടു ആരംഭിച്ച വേല ധ്യാനയോഗവരങ്ങളാൽ പൂൎത്തിയാക്കാൻ ദൈവം തിരുമന സ്സായി. ഉപാദ്ധ്യായനായിട്ടു് ജോലി ചെയ്തിരുന്ന കാലങ്ങളിൽ അന്വേഷിച്ചിരുന്ന സ്വതൃപ്തിയേയും സന്തോഷത്തെയും പററി അത്യന്തം അദ്ദേഹം മനസ്താപിക്കുകയും അതിൻെറ പരിഹാരാ ൎത്ഥം ഏതെങ്കിലും പ്രായശ്ചിത്തം കല്പിപ്പാറാകണമെന്നു ശ്രേ ഷ്ഠന്മാരോടു യാചിക്കുകയും ചെയ്തു. പക്ഷെ അവർ അതിന്നു കല്പിച്ച പ്രായശ്ചിത്തം അദ്ദേഹത്തിൻെറ ആഗ്രഹാനുസരണ മായ ഒന്നായിരുന്നില്ല. അവർ പ്രായശ്ചിത്തമായി ആജ്ഞാ പിച്ചതു്, പാപസങ്കീൎത്തനം കേൾക്കുന്ന പുരോഹിതന്മാരുടേ യും ധൎമ്മശാസ്ത്രാൎത്ഥികളുടേയും ഉപയോഗാൎത്ഥം മനസ്സാക്ഷി യെ സംബന്ധിച്ച സാംഭവങ്ങളെ ശേഖരിച്ചു നിരൂപണം ചെ യ്തു് ഒരു പ്രബന്ധം (അധികരണഗ്രന്ഥം) ചമക്കണമെന്നായിരു ന്നു. അങ്ങിനെയുണ്ടായതാണു അദ്ദേഹത്തിൻെറ “സൂമാ” എ ന്നു പറയപ്പെടുന്ന ഗ്രന്ഥം. ആ തരത്തിൽപെട്ട കൃതികളിൽ അതു് ഒന്നാമത്തെതാണു്.

വി. റെയിമൂന്തു് ഏകാന്താശ്രമധൎമ്മവൃത്തിയിൽ മാത്ര മല്ല ഉദ്യോഗപ്പെട്ടിരുന്നതു്. പ്രസംഗിക്കുന്നതിലും ഉപദേശിക്കു ന്നതിലും പാപസങ്കീൎത്തനം കേൾക്കുന്നതിലും പതിതരേയും മ ഹമ്മദീയരേയും യൂദന്മാരേയും മനസാന്തരപ്പെടുത്തുന്നതിലും ഉദ്യുക്തനായിരുന്നു. അദ്ദേഹത്തോടാണു അറഗോണാ ദേശ ത്തിൻെറ നാടുവാഴിയായ യാക്കോബും വി. പത്രോസു നൊലാ

സ്സ്ന്നാ പുണ്യവാനും പാപസങ്കീൎത്തനം ചെയ്തുവന്നതു്. വി. റെയിമുന്തിനോടു ആലോചിച്ചാണു ഈ പുണ്യവാൻ അടിമകളെ വീണ്ടുകൊള്ളുന്ന, അനുഗ്രഹമാതാവിന്റെ സന്ന്യാസസഭ സ്ഥാപിച്ചതു്. വി. റെയിമുന്തു് എസ്സാഞ്ഞ്യാദേശത്തു പല സ്ഥലങ്ങളിൽ അക്കാലങ്ങളിൽ ആധിപത്യം നടത്തിവന്ന മഹമ്മദിയരുടെ സാഹസങ്ങളെ അമൎത്തുന്നതിന്നു ക്രിസ്ത്യാധിപതികളെ പ്രസംഗങ്ങൾമൂലം പ്രേരിപ്പിക്കുകയുണ്ടായി. ഇവയാണു അവരെ ആ ദേശത്തുനിന്നു നിശ്ശേഷം ധ്വംസനം ചെയ്യുന്നതിനുള്ള ആദ്യബീജങ്ങളായി ഭവിച്ചതു്. മഹമ്മദിയരുടെ ദാസ്യത്തിലകപ്പെട്ട ക്രിസ്ത്യാനികൾ, അവരോടുള്ള സംസൎഗ്ഗവും അവരുടെ പ്രേരണയുംനിമിത്തം ആദ്ധ്യാത്മികജീവിതത്തിൽ വലിയ അധഃപതനം പ്രാപിച്ചിരുന്നു. അവരുടെ ഉദ്ധാരണാൎത്ഥമുള്ള അദ്ദേഹത്തിന്റെ പ്രയത്നങ്ങളാണു പ്രത്യേകം ഫലപ്രദമായിതീൎന്നതു്. ആ ക്രിസ്ത്യാനികളോടു മഹാ തീക്ഷ്ണതയോടും സ്വൎഗ്ഗീയവാഗ്മിത്വത്തോടും, ശാരീരികദാസ്യത്തിൽനിന്നു് വിമോചിതരാകണമെങ്കിൽ തങ്ങളുടെ ആദ്ധ്യാത്മിക ശത്രുക്കളെ ജയിക്കുകയും, ദൈവത്തെ തങ്ങളുടെ വൈരിയാക്കിത്തീൎക്കുന്ന പാപത്തെ ഇല്ലാതാക്കുകയും ചെയ്യണമെന്നു ഉപദേശിച്ചുകൊണ്ടു കത്തലോന്യാ അറഗോണാ, കസ്തീല്യാ മുതലായ പ്രദേശങ്ങളിൽ ചുററിസഞ്ചരിച്ചുവന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങളാൽ ഉദ്ഭൂതമായ ജീവിതനവീകരണം അതിശയനീയമായിരുന്നു. തന്മൂലം ദൈവാനുഗ്രഹം അവരുടെമേൽ വൎഷിക്കുകയും, മഹമ്മദിയരോടുള്ള യുദ്ധത്തിൽ വിജയികളായി ഭവിക്കുകയും ചെയ്തു. മാർപാപ്പായായ ഗ്രെഗൊരിനവമൻ ൧൨൩൦-ൽ അദ്ദേഹത്തെ റോമായിലേക്കു വിളിച്ചു് ഗൗരവതരങ്ങളായ ചില ഉദ്യോഗങ്ങളിൽ ഏൎപ്പെടുത്തുകയുണ്ടായി. പക്ഷെ അദ്ദേഹം ആ ഉദ്യോഗങ്ങളുടെ മഹിമകളെ പരിഗണിക്കാതെ സാധുക്കളുടെ സംരക്ഷകനായിട്ടു വൎത്തിച്ചുവന്നതിനാൽ പരിശുദ്ധ പിതാവു പോലും, അദ്ദേഹത്തെ അഗതികളുടെ പിതാവെന്നാണു് സംബോധന ചെയ്തുവന്നതു്. ൧൨൩൮-ൽ ഗ്രസ്യാനെന്നദ്ദേഹം ക്രട്ടി

ച്ചേർത്തുണ്ടാക്കിയ സഭാ നിയമശേഖരഗ്രന്ഥത്തിന്റെ ശേഷമു ണ്ടായിട്ടുള്ള മാർപാപ്പാമ്മാരുടേയും സഭാ സംഘങ്ങളുടേയും നിശ്ചയങ്ങളെ ശേഖരിച്ചു ഒരു നിയമഗ്രന്ഥമുണ്ടാക്കണമെന്നു് ആ തിരുമനസ്സിന്നു് വി. റെയിമുന്തിനോടു ആജ്ഞാപിച്ചതു അനുസരിച്ചു, അദ്ദേഹം മൂന്നു വൎഷംകൊണ്ടു ഒരു നിയമ സം ഹിത എഴുതിത്തീൎത്തു. ഇതാണു "ദെക്രെത്താലെസ്" എന്ന നാ മത്തിൽ അറിയപ്പെട്ടിരിക്കുന്ന ൫-സൎഗ്ഗങ്ങളുള്ള നിയമഗ്രന്ഥം. ആധുനികകാലത്തുണ്ടായിട്ടുള്ള പുതിയ കാനോൻ നിയമപുസ്തക മൊഴിച്ചാൽ നല്ലവണ്ണം ക്രമീകരിക്കപ്പെട്ട ഒരു നിയമശേഖര മാണതു്. തന്നിമിത്തം നിയമജ്ഞന്മാർ പ്രമാണിക്കുന്നതും ഉദ്ധ രിക്കുന്നതുമിതിനെയാണു്. ൧൨൩൫-ൽ മാർപാപ്പാ വി. റെ യിമുന്തിനെ തറഗോനായുടെ മെത്രാനായിട്ടു നാമകരണം ചെ യ്യുകയുണ്ടായി. ആ ശ്രേഷ്ഠസ്ഥാനം തന്നിൽനിന്നൊഴിക്കാറാക ണമെന്നു കരഞ്ഞുകൊണ്ടു അദ്ദേഹം അപേക്ഷിച്ചിട്ടും ഒഴിക്കാ ഞ്ഞതിനാൽ അദ്ദേഹം രോഗബാധിതനായിതീൎന്നു. അപ്പോൾ മാർപാപ്പാ ആ സ്ഥാനം അദ്ദേഹത്തിൽനിന്നൊഴിക്കുകയും ദേഹ സുഖാൎത്ഥം സ്വദേശത്തേക്കു പോകുന്നതിന്നു അനുവദിക്കുകയും ചെയ്തു. അദ്ദേഹം മടങ്ങി വന്നതിന്റെ ശേഷം മുമ്പിലത്തെ പ്പോലെ ഏകാന്താശ്രമധൎമ്മങ്ങളിലും വൈദിക പ്രവൃത്തികളി ലും കാലം വിനിയോഗിച്ചുവന്നു. ഞായറാഴ്ച ഒഴികെ മററു ദി വസങ്ങളിൽ സ്വല്പം വല്ലതും മാത്രമെ ഭക്ഷിച്ചിരുന്നുള്ളു. ശേ ഷംപേർ അദ്ദേഹത്തെ ശ്ലാഘിച്ചിരുന്നുവെങ്കിലും തനിക്കു, താൻ എപ്പോഴും തുച്ഛനായിരുന്നു. പാഠശാലകളിൽ ഒരു അദ്ധ്യേ താവിനേയും ആശ്രമത്തിൽ ഒരു നവസന്യാസിയേയുംപോലെ എപ്പോഴും വൎത്തിച്ചുവന്നു. കൂട്ടമായൊ തനിച്ചൊ നമസ്കരിക്കു മ്പോൾ ദൈവസ്നേഹാധിക്യത്താൽ അശ്രുധാരകൾ ഒഴുകിയിരു ന്നു. എപ്പോഴും സൌമ്യതയും സ്നേഹവും ആരോടും പ്രദൎശി പ്പിച്ചുവന്നു. അദ്ദേഹം മാനസാന്തരപ്പെടുത്തിയിട്ടുള്ളവരുടെ സം ഖ്യ അതിന്നു വരംനൽകിയ ദൈവം മാത്രമാണു് ഗ്രഹിച്ചിരിക്കു ന്നതു്. സഭാ കാൎയ്യങ്ങൾക്കും രാജ്യകാൎയ്യങ്ങൾക്കുമായി പലപ്പോ ഴും ശ്ലാഘ്യാൎഹമാംവണ്ണം ദൌത്യം വഹിക്കയുണ്ടായി. ൧൨൩൮-ൽ

തന്റെ സഭയുടെ അതിശ്രേഷ്ഠനായി നിയമിക്കപ്പെട്ടിരിക്കുന്നു വെന്നുള്ള ദൂത്യം കിട്ടിയപ്പോൾ വിസ്മയാകുലനായി കരഞ്ഞും പിഴിഞ്ഞുംകൊണ്ടു ആ ഭാരം തന്നിൽനിന്നു വിടുത്തണമേയെന്ന് അപേക്ഷിച്ചിട്ടും അങ്ങിനെ ചെയ്യായ്കയാൽ ആജ്ഞാധികാരം ഭയന്നുമാത്രമാണ് ആ ഉദ്യോഗം സ്വീകരിക്കയുണ്ടായതു്. ആ ഉദ്യോഗധൎമ്മമായ സഭാംഗങ്ങളുടെ സംദൎശനം, കാൽനടയായും തന്റെ ആദ്ധ്യാത്മിക പ്രവൃത്തികൾക്കു യാതൊരു വിഘ്നം വരുത്താതെയും നിൎവ്വഹിക്കയുണ്ടായി. സന്ന്യാസികളിലെല്ലാവരിലും ഏകാന്തവാസത്തിലും ക്രമാനുഷ്ഠാനത്തിലും സ്വാനിഗ്രഹത്തിലും ജപധ്യാനത്തിലും ആദ്ധ്യാത്മിക വിഷയങ്ങളുടെ അദ്ധ്യയനത്തിലും പ്രേഷകവേലകളിലും പ്രത്യേകം പ്രസംഗിക്കുന്നതിലും അഭിരുചി ജനിപ്പിച്ചു. ആ സഭയുടെ നിയമ സംഹിതയെ ക്രമീകരിച്ച് സംശയഗ്രസ്തങ്ങളായ ഭാഗങ്ങളെ വിശദമായി വ്യാഖ്യാനിച്ചു എഴുതി. ൧൨൩൮-ൽ പാരിസിൽ കൂടിയ പൊതു സംഘത്തെക്കൊണ്ടു സഭയുടെ അതിശ്രേഷ്ഠന മതിയായ കാരണമുള്ളപക്ഷം ശ്രേഷ്ഠസ്ഥാനം രാജിവെക്കാമെന്നൊരു ഖണ്ഡം നിൎമ്മിപ്പിച്ചു. അതു തന്റെ കാൎയ്യത്തിൽ പ്രായോഗികമാക്കി രണ്ടു സംവത്സരത്തെ സഭാഭരണശേഷം താൻ ൬൫-വയസ്സായിരിക്കുന്നു എന്നുള്ള കാരണം വാദിച്ചു അതിശ്രേഷ്ഠസ്ഥാനം രാജിവെക്കുകയും മുമ്പിലത്തേപ്പോലെ സാധാരണ ഒരു സന്ന്യാസിയായി വൎത്തിച്ചുവരുകയും ചെയ്തു. ഈ കാലങ്ങളിൽ മുഹമ്മദിയരെ മാനസാന്തരപ്പെടുത്തുന്നതിനു അദ്ദേഹം ഒട്ടധികം പ്രയാസപ്പെടുകയുണ്ടായി. ഇദ്ദേഹമാണു വി. തോമാസിനെ (1) "പുറജാതിക്കാരുടെ വാദമുഖഖണ്ഡനം." (2) എന്നു കൃതിയെ രചിക്കുന്നതിനു പ്രേരിപ്പിച്ചതു്. മഹമ്മദിയരുടേയും യൂദന്മാരുടേയും മാനസാന്തരത്തിന്നു തന്റെ സഭക്കാർ പ്രാപ്തരായിത്തീരുവാൻ വേണ്ടി അറബി ഭാഷയും എബ്രായഭാഷയും തങ്ങളുടെ മഠങ്ങളിൽ പഠിപ്പിക്കാൻ വേണ്ട ഏൎപ്പാടുകൾ ചെ

(1.) തോമാ മല്പാനെന്നു സാധാരണയായി പറഞ്ഞുവരുന്ന വിശ്രുതനും പ്രഖ്യാതനുമായ ദൈവശാസ്ത്രജ്ഞൻ (St. Thomas Aquinas.

(2) (Summa Contra Gentiles) എന്ന ദേഹത്തിന്റെ ഗ്രന്ഥം.

ഷ്യക്കയും മഹമ്മദിയ ദേശങ്ങളിൽ ദോമ്നിക്കൻ സഭാമഠങ്ങളെ സ്ഥാപിക്കുകയും ചെയ്തു. ൧൨൫൬-ൽ അദ്ദേഹം ശ്രേഷ്ഠന എഴുതിയ ഒരു എഴുത്തിൽ ൧൦൦൦൦-മഹമ്മദിയർ ആദ്ധ്യാത്മികസ്നാനം സ്വീകരിക്കുകയുണ്ടായി എന്ന് പറഞ്ഞിരിക്കുന്നു. യക്കൊബ് രാജാവ് ആ വിശുദ്ധനെ മജോക്ക ദ്വീപിലേക്കു കൊണ്ടുപോകുകയാൽ അവിടത്തെ വേദാഭിവൃദ്ധിക്കുവേണ്ടി അദ്ദേഹം വളരെ കഷ്ടപ്പെട്ടു വേല ചെയ്തുവന്നു. പക്ഷെ, ആ ഭൂപതി പല സദ്ഗുണ സമ്പന്നനായിരുന്നുവെങ്കിലും ക്രമവിരുദ്ധമായി പാർപ്പിച്ചിരുന്ന സ്ത്രീകളെ പരിത്യജിക്കണമെന്നു ആ വി



ഈ വിശുദ്ധൻ തന്റെ വസ്ത്രത്തെ കടലിൽ വിരിച്ചിട്ട് യാത്രചെയ്യുന്നതു്.

ശുദ്ധൻ ഉപദേശിച്ചിട്ടു അതു അനുസരിക്കുന്നില്ലായെന്നു കണ്ടപ്പോൾ ആ ദ്വീപുവിട്ടു പോകുവാൻ തീർച്ചപ്പെടുത്തി. അതു ആ ഭൂപാലൻ അറിഞ്ഞു് അദ്ദേഹത്തിന്റെ നിർഗ്ഗമനത്തെ തട

യുന്നതിന്നു വേണ്ടി അദ്ദേഹത്തിനു കപ്പലൊ ഏതുതരത്തിൽ പെട്ട ജലവാഹനമൊ കൊടുത്തുപോകരുതെന്നു മരണശിക്ഷയിൻകീഴ വിലക്കി. ആ പുണ്യവാനാവട്ടെ തന്റെ കൂട്ടുകാരനോടു "ഈ ലോകാധിപതി ഇവിടം വിടുന്നതിനുള്ള മാൎഗ്ഗങ്ങളെ തടയുകയാണു്. സ്വൎഗ്ഗീയരാജാവു് അതിനെ ഏറ്റുനപ്പെടുത്തിത്തരും" എന്നുപറഞ്ഞു അദ്ദേഹത്തേയും കൂട്ടിക്കൊണ്ടു കടൽതീരത്തേയ്ക്കുചെന്നു് തന്റെ പുറയങ്കി കടലിൽ വിരിച്ചിട്ടു ഒരു വടിമേൽ അതിന്റെ അററം പിടിപ്പിച്ചു് സ്ലീവായടയാളം വരച്ചശേഷം അതിന്മേൽ കയറിനിന്നു. ആ നവീനവാഹനം ൬൦-കാതം ൬-മണിക്കൂർ നേരംകൊണ്ടു ഓടി അദ്ദേഹത്തെ കൊണ്ടുചെന്നു ബർസിലോനാ തുറമുഖത്തു അടുപ്പിച്ചു. അതുകണ്ടു് വിസ്മയഭരിതന്മാരായി ജനങ്ങൾ ഓടി കൂട്ടുകയുണ്ടായി. ആ പുരുഷാരത്തെ ഒഴിഞ്ഞു അദ്ദേഹം തന്റെ ആശ്രമത്തിലേക്കു ചെന്നുചേൎന്നു. ഈ സംഭവത്തിന്റെ സ്മാരകമായി അവിടെ ഒരു സ്തംഭവും പ്രാൎത്ഥനാലയവും പണിയപ്പെട്ടിട്ടുണ്ടു്. ഇതിനോടെ യാക്കൊബു് രാജാവു് മാനസാന്തരപ്പെടുകയും ആ വിശുദ്ധൻ മരിക്കുന്നതുവരെ അദ്ദേഹത്തിന്റെ നിൎദ്ദേശാനുസാരം രാജ്യകാൎയ്യങ്ങളും സദാകാൎയ്യങ്ങളും സ്തുത്യൎഹമാംവണ്ണം നടത്തിവരുകയുംചെയ്തു. വി. റെയിമൂന്തു് രാവുംപകലും തപഃക്രിയകൾക്കും നമസ്കാരങ്ങൾക്കുമായി വിനിയോഗിച്ചു് അടുത്തു വരുവാനിരുന്ന നിത്യജീവിതത്തിലേക്കുള്ള യാത്രക്കായി ഒരുക്കംചെയ്തുവന്നു. അദ്ദേഹത്തിന്റെ അന്ത്യാസ്വാസ്ഥ്യത്തിൽ കസ്തില്യായുടെ രാജാവും രാജ്ഞിയും പുത്രമിത്രങ്ങളോടും അരഗോനായുടെ രാജാവു് ഉദ്യോഗസമൂഹങ്ങളോടും കൂടെ അദ്ദേഹത്തെ വന്നുകണ്ടു് ആശിസ് വാങ്ങിക്കുകയുണ്ടായി. അന്ത്യസംസ്കാരങ്ങളെല്ലാം ഭക്തിപൂൎവ്വകം സ്വീകരിച്ചു ദൈവസ്നേഹോച്ഛ്വാസങ്ങളോടുകൂടെ ൧൨൭൫-ാംകാലം മകരമാസം ൬-ാംനു- കൎത്താവിൽ ദീൎഘനിദ്ര പ്രാപിച്ചു. അദ്ദേഹത്തിന്റെ പ്രേതസംസ്കാരത്തിൽ മുൻ പ്രസ്താവിച്ച രാജാക്കന്മാരും അവരുടെ പുത്രകളത്രമിത്രങ്ങളും സം

ബന്ധിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ശവകുടീരത്തിങ്കൽ അ നവധി അത്ഭുതങ്ങൾ സംഭവിക്കുകയാൽ അതു അത്യധികം യ ശസ്കരമായി തീൎന്നിരിക്കുകയാണു്.

സാദ്ധ്യം — ആർ തങ്ങളെത്തന്നെ താഴ്ത്തി തങ്ങൾക്കു ലോ കത്തിന്നും മരിച്ചവരായിരിക്കുമോ അവർ ശുദ്ധന്മാരായിത്തീരും. ആയതിനാൽ നാം നമ്മെത്തന്നെ താഴ്ത്തുകയും തങ്ങൾക്കു ലോകത്തിന്നും മരിച്ചവരാകുകയും ചെയ്യണം.

---

## മകരം (ജനുവരി) ൨൪-ാം നു-.

മെത്രാനും വേദത്തെപ്രതി പ്രാണത്യാഗിയുമായ വി. തിമത്തെ.

വി. തിമാത്തെയുടെ മാതാവു് എവുനിക്കാ എന്നൊരു യ ഹൂദയും പിതാവു് ഒരു വിഗ്രഹസേവകനുമായിരുന്നു. ഇവർ രണ്ടു പേരും ലിക്കൊന്ന്യാക്കാരാണു്. ലിസ്ത്രായിലാണു അവർ വസിച്ചു വന്നതു്. എവുനിക്കായും ഈ വിശുദ്ധന്റെ മഹാമാതാവും ക്രിസ്തീയവേദത്തിന്റെ ആരംഭകാലത്തുതന്നെ അതു കൈക്കൊ ള്ളുകയുണ്ടായി. വി. പൌലോസ് അവരുടെ വിശ്വാസത്തെ പ്രശംസിച്ചു് എഴുതിയിട്ടുണ്ടു്. തിമാത്തെ ബാല്യംമുതല്ക്കേ, വേ ദാഗമം അദ്ധ്യയനം ചെയ്തുവന്നു. വി. പൌലോസ് ൫൧-ൽ ലിക്കൊന്ന്യായിൽ ചെന്നു പ്രസംഗിക്കുകയിൽ അവിടെ ഉണ്ടാ യിരുന്ന ക്രിസ്തീയ സഹോദരങ്ങളിൽനിന്നു, കൌമാരദശയിൽ എത്തിയിരുന്ന തിമാത്തെയെപ്പററി ഒരു നല്ല അഭിപ്രായം കിട്ടി യിരുന്നതിനാൽ, തന്നെ വിട്ടുപോയ വി. വർണവാസ്സു പകരം സുവിശേഷവേലകളിൽ തന്റെ കൂട്ടുകാരനായിട്ടു വി. തിമാത്തെ യെ കൂട്ടി. പഴയ നിയമത്തിലെ ആചാര നിബന്ധനകൾ മ്ശി ഹായുടെ കാലശേഷം നിർബന്ധിതങ്ങളല്ലായിരുന്നു എങ്കിലും യൂദന്മാൎക്കു സമ്മതനാകാൻവേണ്ടി അയാളെ ആ വി. പ്രേഷി തൻ പരിഛേദിപ്പിച്ചു. ഇതു് ആ പ്രേഷിതന്റെ വിവേകത്തി ന്റെയും ഭൂതാനുകമ്പയുടേയും പ്രവൃത്തിയല്ലാതെ മററൊന്നുമ

ല്ലായിരുന്നുവെന്നു വി. ക്രിസൊസ്റ്റൊം എഴുതിയിരിക്കുന്നു. വി. തീത്തൊസ് പുറജാതിക്കാരായ മാതാപിതാക്കന്മാരിൽ നിന്നു ജനിച്ചവനായിരുന്നിട്ടും പരിച്ഛേദനം ആവശ്യമാണെന്നു ശഠിച്ചിരുന്നവരുടെ വാദത്തെ ഖണ്ഡിക്കുവാൻവേണ്ടി അദ്ദേഹത്തിൻെറ കാൎയ്യത്തിൽ അതു നിരാകരിക്കുകയാണു ആ ശ്ലീഹാ ചെയ്തതു്.

വി. പൌലോസ് തിമാത്തെയൻെറമേൽ കൈവെച്ചു ദൈവവചനം പ്രസംഗിക്കാൻ ഏൎപ്പെടുത്തി. അദ്ദേഹത്തെ ഒരു വെറും ശിഷ്യനും വാത്സല്യപുത്രനുമായിട്ടു മാത്രമല്ല, പിന്നയോ ഒരു സഹോദരനും കൂട്ടുകാരനുമായിട്ടുംകൂടി ആ ശ്ലീഹാ കരുതിവന്നു. വി. പൌലോസ് വി. തിമാത്തെയെ ദൈവത്തിൻെറ മനുഷ്യനെന്നും, ഫ്ലിപ്പായക്കാൎക്കുള്ള തൻെറ ലേഖനത്തിൽ തൻെറ അഭിപ്രായങ്ങളോടും മനസ്സിനോടും ഉത്തമാംവണ്ണം യോജിച്ചിരിക്കുന്ന ഒരാളാണെന്നുമാണു് പറഞ്ഞിരിക്കുന്നതു്.

വി. പൌലോസ് ലൂസ്ത്രായെ വിട്ടു തൻെറ ശിഷ്യനോടുകൂടെ ആസ്യായിലെ ശേഷം പ്രദേശങ്ങളിൽ ചുററി സഞ്ചരിച്ചശേഷം മക്കദോന്യായിലേക്കു കപ്പൽ കയറി. അവിടെ ചെന്നു ഫ്ലിപ്യാ, ഥെസലോനിക്യാ, ബെറെയാ എന്നീ പട്ടണങ്ങളിൽ പ്രസംഗിച്ചു. യൂദന്മാരുണ്ടാക്കിയ സംരംഭം നിമിത്തം ബേറെയായെ വിട്ടു പോരുന്നതിനു ആ ശ്ലീഹാ നിൎബന്ധിതനായപ്പോൾ അവിടെ നവമായി വേദം സ്വീകരിച്ചവരെ ഉറപ്പിക്കുന്നതിന്നായിട്ടു തിമാത്തെയെ അവിടെ ആക്കിയാണു് അദ്ദേഹം പോന്നതു്. അതിൻെറശേഷം ഥെസലോനിക്യായിൽ കഠിനവേദഹിംസ ആരംഭിച്ചപ്പോൾ അവിടെയുള്ള ക്രിസ്ത്യാനികളെ ആശ്വസിപ്പിക്കുന്നതിന്നും ധൈൎയ്യപ്പെടുത്തുന്നതിന്നുമായിട്ടു അവിടേക്കു അദ്ദേഹത്തെ അയക്കുകയുണ്ടായി. അവിടെ നിന്നു അദ്ദേഹം കൊറിന്ത്യായിൽചെന്നു വി. പൌലോസിനെ കണ്ടു വിവരങ്ങൾ അറിയിച്ചു. അപ്പോളാണു, അവൎക്കുള്ള ആദ്യലേഖനം വി. പൌലോസ് എഴുതിയതു്. അനന്തരം കോറിന്ത്യായിലെ അക്രമങ്ങളെ പരിഹരിക്കുന്നതിനും ആ ശ്ലീഹാ

ന്നൻ അവിടെ പ്രസംഗിച്ച സത്യങ്ങളെ അവരെ ഓൎമ്മിപ്പിക്കു ന്നതിന്നുമായിട്ട അദ്ദേഹത്തെ അവിടേയ്ക്കു നിയോഗിച്ചു. അവ ൎക്കുള്ള തൻെറ ലേഖനത്തിൽ ആ ശ്ലീഹ വി. തിമൊത്തെ യെ വളരെ ശ്ലാഘിച്ചിട്ടുണ്ട്. തൻെറ ശിഷ്യൻ തിരിച്ചു വരുവാൻ ആസ്യായിൽ വി. പൌലോസ് പാൎത്തിരുന്നശേഷം അദ്ദേഹം വന്നപ്പോൾ ഒന്നിച്ചു മക്കദോന്യായിലേക്കും ആക്കായിലേക്കും യാത്രചെയ്തു. ഫ്ലിപ്പിയിൽവെച്ചു തമ്മിൽ പിരിഞ്ഞു. പിന്നെ ത്രൊവായിൽ ഒന്നിച്ചുചേൎന്നു. അവിടെ നിന്നു വി: പൌലോസു പലസ്തിനായിലേക്കു പോകുകയും അവിടെ വെച്ച് ബന്ധനത്തി ലാകുകയും റോമായിലേക്കു അയക്കപ്പെടുകയും ചെയ്തു. ഈ കാല ങ്ങളിൽ (൬൧-ലും ൬൨-ലും) ഫിലമോനും, ഫ്ലിപ്പായകാൎക്കും ഥെസലോനിക്കും ആ ശ്ലീഹ എഴുതിയ ലേഖനങ്ങളുടെ ആരംഭത്തിൽ തിമൊത്തെയെ കൂടി അനുസ്മരിപ്പിക്കുന്നതു കൊണ്ട് അദ്ദേഹം ആ ശ്ലീഹായോടുകൂടെ ഉണ്ടായിരുന്നുവെന്ന് ഊഹി ക്കപ്പെടുന്നു. വി. തിമൊത്തെ തന്നെയും മ്ശിഹായെപ്രതി കാരാ ഗൃഹവാസിയായി ഭവിക്കുകയും ധൈൎയ്യസമേതം മ്ശിഹായെ കീ ൎത്തനം ചെയ്യുകയും ഏററുപറയുകയും ചെയ്തു. പക്ഷെ അധി കനാൾ അദ്ദേഹം കാരാഗൃഹത്തിൽ കിടക്കാൻ ഇടയായില്ല. കാ ലവിളംബമെന്യെ മോചനം ലഭിച്ചു. പരിശുദ്ധാത്മാവിൻെറ പ്രത്യേക പ്രേരണയാലും പ്രവാക്യാനുസൃതവും തിമൊത്തെ പ്രാ പിച്ച മെത്രാൻ സ്ഥാനത്തിൻെറ കൈവെപ്പോടുകൂടെ ആ സാംഗ്യയുടെ (1)വരപ്രസാദത്തിനും പുറമെ അത്ഭുതം പ്രവൎത്തി ക്കാനുള്ള വരവും മററു സൌജന്യ ദൈവദാനങ്ങളും അദ്ദേഹ ത്തിനു ലഭിക്കയുണ്ടായി. വി. പൌലോസ് ൬൪-ൽ കാരാഗൃ ഹത്തിൽനിന്നു മോചിതനായി മടങ്ങിയപ്പോൾ വി. തിമൊത്തെ യെ എപ്പെസൂസിലെ സഭയെ ഭരിക്കുന്നതിന്നും അവിടെ ഉണ്ടാ യ അബദ്ധോപദേശികളെ പ്രതിഷേധിക്കുന്നതിന്നും മെത്രാന്മാ രേയും പട്ടക്കാരെയും ദിയാക്കൊന്മാരേയും വാഴിച്ചാക്കുന്നതിന്നു

(1) സാംഗ്യ, കൎമ്മം, ക്രൂദാശ എന്ന അൎത്ഥത്തിൽ ഉപാദ്ധ്യായ ബ്രഹ്മബ ന്ധു ഉപയോഗിച്ചിട്ടുണ്ട്. കൎണ്ണാടക ഭാഷയിലും നടപ്പുണ്ട്. അതിനാലാണ് ക്രൂദാശയെന്നുള്ള അൎത്ഥത്തിൽ ഇവിടെ സ്വീകരിച്ചിട്ടുള്ളത്.

മായിട്ട് ആ പ്രേഷിതനാൽ നിയോഗിക്കപ്പെട്ടു. അന്ന വി. യോഹന്നാൻ അവിടെ ചെന്നിട്ടില്ലായിരുന്നു.

വി. പൌലോസു ഈ തൻെറ പ്രിയ ശിഷ്യന്ന രണ്ടു ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. ഒന്നാമത്തെ ലേഖനത്തിൽ തൻെറ വാത്സല്യ ശിഷ്യനോടു ആ പ്രേഷിതനുള്ള സ്നേഹനൈർമ്മല്യത്തെ പ്രത്യക്ഷപ്പെടുത്തുന്നു. റോമായിലെ കാരഗൃഹത്തിൽ നിന്ന് ൬൬-ൽ എഴുതിയ രണ്ടാമത്തെ ലേഖനത്തിൽ, വി. തിമാത്തെ റോമായിൽ വന്നു തന്നെ കാണുവാൻ ആഗ്രഹിക്കുന്നുവെന്നു പറയുകയും അദ്ദേഹത്തിന്നു നല്കപ്പെട്ട പരിശുദ്ധാത്മാവിൻെറ വരങ്ങളെ പുലർത്തുവാൻ പ്രേരിപ്പിക്കുകയും അദ്ദേഹത്തെ ധൈര്യപ്പെടുത്തുകയും അക്കാലത്തെ പാഷണ്ഡികളെ സം



വിലങ്ങുകളാൽ ബന്ധിതനായിരിക്കുന്ന വി. പൌലോസിനെ.
വി. തിമാത്തെ കണ്ടു ആ വിശുദ്ധ പ്രേഷിതൻെറ
വിലങ്ങുകളെ ചുംബനം ചെയ്യുന്നതു്.

ബന്ധിച്ചുള്ള ഉപദേശം നല്കുകയും ഭാവിയിലുണ്ടാകുവാനിരിക്കുന്ന ദുർബോധകന്മാരുടെ ലക്ഷണങ്ങളെ വൎണ്ണിക്കുകയും ചെയ്യുന്നു.

എപ്പെസൊസിലെ ആദ്യ മെത്രാൻ വി. തിമാത്തെ ആയിരുന്നുവെന്നാണ് എല്ലാ കാലങ്ങളിലും ഗണിക്കപ്പെട്ടുപോരുന്നത്. സുവിശേഷകനായ വി. യോഹന്നാൻ ഒരു ശ്ലീഹായായിട്ടാണ് (പ്രേഷിതൻ) ആ സ്ഥാനത്തെ അലങ്കരിച്ചിരുന്നത്. നേവാ ചക്രവത്തിയുടെ കാലത്ത് ആ പ്രേഷിതനെ പിടിച്ചു പാത്തമൊൻ ദ്വീപിലേക്കു അയച്ച കാലത്ത് (൯൭-ൽ) അജ്ഞാനികളുടെ ഒരു മഹോത്സവ ദിവസം അവരുടെ വിഗ്രഹാരാധനക്കടുത്ത ചില പ്രവൃത്തികളെ വി: തിമാത്തെ പ്രതിഷേധിക്ക നിമിത്തം അവർ അദ്ദേഹത്തെ കല്ലെറിഞ്ഞും തല്ലിയും കൊല്ലുകയാണു ചെയ്തതെന്നു ചരിത്രകാരൻ എഴുതിയിരിക്കുന്നു. അദ്ദേഹത്തിൻെറ തിരുശേഷിപ്പുകൾ ൩൫൬-ൽ കൊൺസ്റ്റന്തിൻ പുരിക്കു കൊണ്ടുപോകപ്പെട്ടു. അവകൾ വഴിയായി പല അത്ഭുതങ്ങളും സംഭവിക്കുന്നുവെന്നും, പിശാചുക്കൾ ഭയവിഹ്വലന്മാരായി അവ കാണുമ്പോൾ ഓളിയിടുന്നുവെന്നും വിശുദ്ധന്മാരായ ഇറാണിമും ക്രിസൊസ്റ്റോം മുതലായ മഹാ പിതാക്കന്മാർ സാക്ഷിച്ചിരിക്കുന്നു.

സാദ്ധ്യം—വി: തിമാത്തെയെപ്പോലെ നാമും മേലുള്ളവരുടെ ബുദ്ധ്യുപദേശമനുസരിച്ച് വ്യാപരിക്കണം.

---

# മകരം (ജനവരി) ൨൫-ാംനു.

---

വി: പൌലോസിൻെറ മാനസാന്തരം. (൩൪)

ശാവോലെന്നായിരുന്ന പൌലോസിൻെറ ആദ്യത്തെ പേര്. ഈ മഹാ പ്രേഷിതൻ ബനിയാമ്മിൻെറ ഗോത്രത്തിൽ പെട്ട ഒരു യൂദനായിരുന്നു. അദ്ദേഹം പിറന്ന എട്ടാം ദിവസം

ലോകമ്മം ഏല്ക്കുകയും ശാവോൽ എന്ന നാമം ഇടപ്പെട്ടുകയും ചെയ്തു. അദ്ദേഹത്തിന്റെ പിതാവ് ഫ്രീശന്മാരുടെ (1) വർഗ്ഗത്തിൽപെട്ടവനും കിലിക്യായിലെ താർഡൊസ് പട്ടണവാസിയുമായിരുന്നു. വിദ്യാഭ്യാസത്തിനുള്ള കാലമായപ്പോൾ അദ്ദേഹത്തെ അച്ഛൻ ഓറശ്ലേമിലേക്കു അയച്ചു. അവിടെ ജ്ഞാനം കൊണ്ടും വംശംകൊണ്ടും പ്രഖ്യാതനായ ഗമാലിയേൽ എന്ന ഉപാദ്ധ്യായന്റെ പാദത്തുങ്കൽ ഇരുന്ന് മൂശയുടെ സംഹിതയിൽ നല്ലവണ്ണം ശിക്ഷിതനായി. ശാവോൽ തന്റെ സമപ്രായക്കാരെ അപേക്ഷിച്ച് യഹൂദ നിയമങ്ങളിലും പാരമ്പര്യങ്ങളിലും അതി തീക്ഷ്ണതയുള്ളവനായിരുന്നു. ഈ അന്ധ തീക്ഷ്ണത അദ്ദേഹത്തെ ക്രീസ്തീയവേദ നിഷേധകനും സത്യ വിശ്വാസികളുടെ ഹിംസകനുമാക്കിത്തീർത്തു. വി. എസ്തപ്പാനെ കല്ലെറിഞ്ഞുകൊന്നവരുടെ വസ്ത്രങ്ങളെ സൂക്ഷിച്ചിരുന്നുകൊണ്ടു് ആ പാതകത്തിന് അയ്യാൾ സഹകരിക്കുകയാൽ വി. ആഗസ്തീൻ എഴുതിയിരിക്കും പ്രകാരം അയാൾ ശേഷമെല്ലാവരുടേയും കൈകൊണ്ടു് ആ വിശുദ്ധനെ കല്ലെറിയുകയാണു ചെയ്തതു്. വേദത്തെ പ്രതി പ്രാണത്യാഗിയായ വി. എസ്തപ്പാന്റെ മരണം കഴിഞ്ഞു ഏറെ താമസിയാതെതന്നെ ഉണ്ടായ ശാവോലിന്റെ മാനസാന്തരം, ആ വേദസാക്ഷി തന്റെ ശത്രുക്കൾക്കുവേണ്ടി ചെയ്ത പ്രാർത്ഥനയുടെ ഫലമായിരുന്നുവെന്ന് ആ മഹാമെത്രാൻ എഴുതിയിരിക്കുന്നു. അദ്ദേഹം എഴുതിയിരിക്കുന്നതാവിതു്. "എസ്തപ്പാന്റെ പ്രാർത്ഥനകൊണ്ടാണു തിരുസഭയ്ക്കു പൌലോസിനെ കിട്ടുന്നതിന്നു സംഗതിയായതു്. അദ്ദേഹം പ്രാർത്ഥിച്ചിരുന്നില്ലായെങ്കിൽ തിരുസഭയ്ക്കു പൌലോസിനെ കിട്ടുകയില്ലായിരുന്നു." യൂദന്മാർ ക്രിസ്ത്യാനികളെ കഠിനമായി ഹിംസിക്കാൻ തുടങ്ങി. ആ അവസരത്തിൽ ശാവോലാണ് കൂടുതൽ ധാർഷ്ട്യം പ്രവൎത്തിച്ചവനാതു്. അയാൾ ക്രിസ്ത്യാനികളെ അവരുടെ ഭവനങ്ങളിൽ നിന്നു പിടിച്ചു വിലങ്ങുവെച്ചു കൊണ്ടുപോയി കാരാഗൃഹത്തിലാക്കുകയും

(1) യൂദജനത്തിലെ ഒരു വർഗ്ഗം. ഇവർ പല തരക്കാരാണുള്ളതു്.

ദേഹോപദ്രവം ഏല്പിക്കുകയും മററു പലവിധത്തിൽ ബാധിക്കു കയും ചെയ്തുവന്നു. തന്നിമിത്തം അയാളുടെ നാമംപോലും അ വൎക്കു ഭയാനകമായിരുന്നു. മനുഷ്യോദ്യമം എത്രയോ വ്യൎത്ഥമായി ഭവിക്കുന്നു. വി. എസ്തപ്പാനെൻറയും ശേഷം ക്രിസ്ത്യാനികളുടേയും പ്രാൎത്ഥനനിമിത്താ ദൈവം അനുകമ്പിതനായി ശാവോലിൽ അവിടത്തെ അനുഗ്രഹവും സഹനതയും പ്രത്യക്ഷീകരിക്കാൻ തി രുമനസ്സായി. അയാളുടെ അന്ധമത്തതയുടെ ഉച്ചവേഗതയിൽ അയാളെ പിടിച്ച് ദൈവ മഹത്വത്തിൻെറ ഒരു തെരഞ്ഞെടു ക്കപ്പെട്ട പാത്രവും, വി. എസ്തപ്പാൻപോലും പ്രവൎത്തിച്ചിട്ടില്ലാ ത്തവണ്ണം ക്രിസ്തുവേദപ്രചാരണാൎത്ഥം വേലചെയ്യുന്ന ഒരു പ്രേ ഷിതനുമാക്കിത്തീൎത്തു. ദമസൊക്ക് പട്ടണത്തിലുള്ള ക്രിസ്ത്യാനി കളെ പിടിച്ച് വിലങ്ങുവെച്ച് ഓറശ്ലേമിലേക്കു കൊണ്ടുവരുന്നതി ന്നായിട്ട് ആളുകളേയും കൂട്ടിക്കൊണ്ടു അയാൾ അവിടേക്കു പോ കുകയിൽ പട്ടണത്തിന്നു അടുക്കാറായപ്പോൾ മദ്ധ്യാഹ്ന സമയ ത്തു് സൂൎയ്യകിരണങ്ങളെ ജയിക്കത്തക്ക ഒരു പ്രകാശം ഉദിക്കുകയും ശാവോലിനെയും പരിവാരങ്ങളേയും ആവരണം ചെയ്യുകയും ചെയ്തു. അവരെല്ലാവരും ആ ജ്യോതിസ്സു കണ്ടു് ഭയവിഹ്വല ന്മാരായി നിലംപതിച്ചു. അപ്പോൾ ഒരു സ്വരം ഉണ്ടായി. എ ല്ലാവരും അതുകേട്ടുവെങ്കിലും ശാവോലിന്നല്ലാതെ മററാൎക്കും അ തു മനസ്സിലായില്ല. വ്യക്തമായി ശാവോലിന് അതു മനസ്സി ലായി. ആ സ്വരം "ശാവോലെ ശാവോലെ നീ എന്തെ എ ന്നെ ബാധിക്കുന്നു" എന്നായിരുന്നു. അതിനു ശാവോൽ "നീ ആരാകുന്നുവെന്നു ചോദിച്ചു." അപ്പോൾ അയാളോടു് കൎത്താ വ് "ഞാൻ നീ ഉപദ്രവിക്കുന്ന നസ്രായക്കാരൻ ഈശോയാണ്. എൻെറ സഭയെ പീഡിപ്പിക്കുന്നതു് നിനക്കു നന്നല്ല, നീ അതി ന്നെ നശിപ്പിക്കാൻ ശ്രമിച്ചാലും അതു് വൎദ്ധിക്കും" എന്നു അരു ളിച്ചെയ്തു. ആ സൌമ്യശാസന ശാവോലിൻെറ ഹൃദയകാഠി ന്യതയെ ശാന്തപ്പെടുത്തുകയും മത്തതയെ ശമിപ്പിക്കുകയും അ യാളെ ഒരു നവ മനുഷ്യനായി തീൎക്കുകയും ചെയ്തു. തന്നിമിത്തം ശാവോൽ "ഞാൻ എന്തു ചെയ്യണമെന്നാണ് അവിടത്തെ ചി ത്തം" എന്നു ചോദിച്ചു. അതിന്നു് ഈശോ കൎത്താവ് "നി

എഴുന്നേററു് ദമസോക്കിലേക്കു പോകുക. അവിടെ എൻെറ ഒരു ദാസനുണ്ടു്. അയാൾ നീ ചെയ്യേണ്ടതെന്താണെന്നു് നിന്നെ ഉപദേശിക്കും" എന്നു കല്പിച്ചു. അതുകേട്ടു ശാവോൽ എഴുന്നേററു. പക്ഷെ അയാളുടെ കണ്ണുകൾ തുറന്നിരുന്നുവെങ്കിലും യാതൊന്നും കണ്ടിരുന്നില്ല. ആ നേത്രാന്ധത അയാളുടെ ആത്മാന്ധതയെ സൂചിപ്പിക്കുന്നതായിരുന്നു. മേലാൽ ലോകത്തിനു് താൻ മരിച്ചവനാകണമെന്നും സ്വൎഗ്ഗീയവിഷയങ്ങളുടെ ധ്യാനങ്ങളിലാണു് ഇനി ഉദ്യോഗപ്പെടേണ്ടതെന്നും അതുവഴിയായി അദ്ദേഹത്തിനു മനസ്സിലായി. പട്ടണത്തിലേക്കു അയാളെ പിടിച്ചുകൊണ്ടു പോകേണ്ടിവന്നു. അവിടെ യൂദാസ് എന്ന ഒരു യൂദൻെറ ഭവനത്തിൽ ഒന്നും തിന്നാതെയും കുടിക്കാതെയും മൂന്നു ദിവസം കഴിച്ചുകൂട്ടി. ഈ മൂന്നു ദിവസങ്ങൾ പശ്ചാത്താപത്തിൽ കഴിച്ചു. മ്ശിഹായുടെ പ്രതിയോഗിയായി വൎത്തിച്ചതിനെപ്പററി മനസ്താപപ്പെട്ടിരുന്നു. ഈ മനസ്താപവും പശ്ചാത്താപവും പിന്നീടും പലപ്പോഴും അദ്ദേഹം പ്രത്യക്ഷീകരിച്ചും വന്നു. മാനസാന്തരപ്പെടുന്ന സാമാന്യ പാപികളെപ്പോലെ ക്രമേണയല്ലായിരുന്നു അദ്ദേഹത്തിൻെറ മാനസാന്തരം. ഒരു മാത്രയിൽ ദൈവപ്രസാദവരം അദ്ദേഹത്തെ വശംവദനാക്കുകയാണുണ്ടായതു്. എങ്കിലും അദ്ദേഹത്തിലുണ്ടായിരുന്ന പഴയ മനുഷ്യസ്വഭാവത്തെ പാടെ ഉന്മൂലനം ചെയ്യുന്നതിനും ലൌകികാശകളെ നിൎമ്മൂലമാക്കുന്നതിന്നും ദൈവം ഉദ്ദേശിച്ച പ്രവൃത്തികൾക്കു് ഉതകുന്നതിന്നും തന്നോടുതന്നെ യുദ്ധം ചെയ്യേണ്ടിയും പല പരിശോധനകളും ക്ലേശങ്ങളും സഹിക്കേണ്ടിയുമിരുന്നു.

ദമസോക്കിൽ പുണ്യപൂൎണ്ണനും സൽകൎമ്മങ്ങൾ നിമിത്തം യൂദന്മാൎക്കുപോലും സുസമ്മതനുമായ അനനിയ എന്നൊരു മ്ശിഹായുടെ ദാസനുണ്ടായിരുന്നു. അദ്ദേഹത്തിനു കൎത്താവു പ്രത്യക്ഷനായി ആ പട്ടണത്തിലുള്ള യൂദാസ് എന്നയാളുടെ ഭവനത്തിൽ നമസ്കാരത്തിൽ നിമഗ്നനായിരിക്കുന്ന ശാവോലിനെ അന്വേഷിച്ചുപോകാൻ കല്പിച്ചു. ശാവോൽ എന്ന നാമം കേട്ട



വി. പൌലോസു ക്രിസ്ത്യാനികളെ പിടിക്കുന്നതിന്നു കുതിര കയറി
പോകുംവഴിക്കു സ്വൎഗ്ഗീയ പ്രകാശത്താൽ നിലത്തു വീണു കിടക്കുന്നതു്.

മാത്രയിൽ അനനിയ പരിഭ്രമിച്ചു. എന്തുകൊണ്ടെന്നാൽ ഓറ ശ്ലേമിലുള്ള വിശ്വാസികളോടു ശാവോൽ പ്രവൎത്തിച്ച അക്രമങ്ങളും ഏതു ഉദ്ദേശത്തോടുകൂടിയാണു അയാൾ അവിടെ വന്നിരിക്കുന്നതെന്നുള്ളതും അദ്ദേഹം ഗ്രഹിച്ചിരുന്നു. കൎത്താവു അതേ കല്പനതന്നെ ആവൎത്തിച്ചുകൊണ്ടു അദ്ദേഹത്തിന്റെ പരിഭ്രമത്തെ ശമിപ്പിക്കുമാറു "നീ ചെല്ലുക പുറജാതിക്കാരുടേയും ഭൂപതികളുടേയും ഇസ്രായേൽ പുത്രന്മാരുടേയും സമക്ഷം എന്റെ നാമം പ്രചരിപ്പിക്കുന്നതിനു ഞാൻ തെരഞ്ഞെടുത്തിരിക്കുന്ന ഒരു പാത്രമാകുന്നു അവൻ; എന്റെ നാമത്തെപ്രതി അവൻ എത്രയധികം കഷ്ടതകളും ക്ലേശങ്ങളും സഹിക്കാനിരിക്കുന്നുവെന്നു ഞാൻ കാണിച്ചുതരാം" എന്നു അരുളിച്ചെയ്തു. അതേസമയത്തു ശാവോലിനും, ഒരു മനുഷ്യൻവന്നു് തന്റെ മേൽ കരം വെ

യ്യുന്നതായും അതോടുകൂടെ കാഴ്ചപ്രാപിച്ചതായും ഒരു കാഴ്ചയു ണ്ടായി. അനന്തരം കർത്താവിൻെറ ആദേശാനുസൃതം ശാവോലി നെ അന്വേഷിച്ച് പുറപ്പെട്ടു. അയാളെ കണ്ടെത്തിയശേഷം തൻെറ കരങ്ങളെ അയാളുടെ മേൽവെച്ചുകൊണ്ട് "എൻെറ സഹോദരനായ ശാവോലെ, നീ പോരുന്ന വഴിക്ക് ദശിതനായ ഈശോ കത്താവു് നിനക്കു കാഴ്ച നൽകുന്നതിന്നായിട്ടും പരിശു ദ്ധാത്മാവിനാൽ നീ പൂരിതനാകുന്നതിനായിട്ടും എന്നെ അയ ച്ചിരിക്കുകയാണ്", എന്നുപറഞ്ഞു. തൽക്ഷണംതന്നെ ശാവോലി ൻെറ നേത്രങ്ങളിൽനിന്നു ചെതുമ്പൽപോലെയുള്ള ഒരു സാധ നം വീഴുകയും അയാൾ കാഴ്ച പ്രാപിക്കുകയും ചെയ്തു. ശാവോൽ ഉടനെ എഴുന്നേററു, സ്നാനം ഏല്ക്കുകയും ആഹാരം അനുഭവിക്കു കയും സ്വാസ്ഥ്യത പ്രാപിക്കുകയുമുണ്ടായി. ദമസോക്കിലുള്ള ശി ഷ്യവർഗ്ഗത്തോടുകൂടെ ഏതാനും ദിവസം കഴിച്ചുകൂട്ടിയശേഷം യൂദ സഭാമുമ്പാകെ പ്രസംഗിക്കുകയും നസ്രായക്കാരൻ ഈശോ ദൈ വപുത്രനാണെന്നു സാക്ഷീകരിക്കുകയും ചെയ്തുവന്നു. അതു കേട്ട വരൊക്കെയും വിസ്മയിക്കുകയും "ഈശോയുടെ നാമം വിളിച്ചിരു ന്നവരെയൊക്കെയും ഓറശ്ലമിൽ ബാധിച്ചിരുന്നവനും അതി നായിട്ടുതന്നെ ഇവിടേക്കു വന്നവനും ഇവനല്ലേ" എന്നു പറ ഞ്ഞിരുന്നു. ഇങ്ങിനേയാണ് ക്രിസ്തുവേദനിഷേധകനും ഹിംസക നുമായിരുന്ന ശാവോൽ പിന്നീടു പൌലോസെന്ന നാമം സ്വീ കരിച്ച് ഒരു പ്രേഷകനും ക്രിസ്തുവേദ പ്രചരണാർത്ഥം കഷ്ടപ്പെ ട്ടു വേലചെയ്യുന്ന ഒരു പ്രധാന പ്രവർത്തകനുമായി തീൎന്നതു്.

സാദ്ധ്യം—നാം ദൈവം തോന്നിയ്ക്കുന്ന നല്ല വിചാരങ്ങൾ ക്കു വിധേയന്മാരായി വർത്തിക്കണം.

---

## മകരം (ജനുവരി) ൨൬-ാംനു-.

വേദത്തെപ്രതി പ്രാണത്യാഗിയും സ്മിർണായുടെ മെത്രാനുമായ
വി. പൊലിക്കാർപ്പ്. (ഫ്രാൻ)

ഈ വിശുദ്ധൻ നന്നാ ചെറുപ്പമായിരിക്കുമ്പോൾ തന്നെ ക്രിസ്തുമതം സ്വീകരിക്കുകയുണ്ടായി. ലോകരക്ഷിതാവായ ഈ

രക്ഷാനാഥന്റെ ശരീരത്തോടുകൂടെ കണ്ടിട്ടുള്ളവരോട് സംസൎഗ്ഗം ചെയ്യുന്നതിനുള്ള ഭാഗ്യം അദ്ദേഹത്തിനു സിദ്ധിച്ചു. സുവിശേഷകനായ വി. യോഹന്നാനോട് വി. പൊലിക്കാപ്പ് ബന്ധിതനായിരുന്നതിനും പുറമെ ആ പ്രേഷിതൻ തന്നെയാണ് അദ്ദേഹത്തെ അഭിഷേകംചെയ്ത് സ്മിൎണായുടെ മെത്രാനായിട്ട ആക്കിയത്. വെളിപാട് ആഗമത്തിൽ നമ്മുടെ കത്താവ് ശാസിച്ചിട്ടുള്ള ദൈവദൂതന്മാരുടെ അഥവാ മെത്രാന്മാരുടെ ഗണത്തിൽ ഇദ്ദേഹം ഉൾപ്പെട്ടിട്ടില്ലായെന്നാണ് പൊതുവിശ്വാസം. ഇദ്ദേഹത്തിന്റെ ഒരു ശിഷ്യനായ വി. ഇരനെ എന്ന ദേഹം പതിതനായ പ്ലേറിൻ എന്നയാൾക്ക് എഴുതിയതും എവുസേബി ഉദ്ധരിച്ചിരിക്കുന്നതുമായ ഒരു എഴുത്തു ഈ വിശുദ്ധന്റെ ഉത്തമഗുണങ്ങളെ നമുക്ക വെളിപ്പെടുത്തുന്നുണ്ട്. വി. ഇരനെ പ്രസ്താവിക്കുന്നതാവിത്: "നിന്റെ ഉപദേശം, നമുക്ക മുമ്പു ജീവിച്ചിരുന്ന മെത്രാന്മാരുടെ ബോധനയിൽ നിന്നുള്ളതല്ല......സിദ്ധനായ പൊലിക്കാപ്പ് ഇരുന്നു ദൈവവചനം പ്രസംഗിച്ച സ്ഥലംപോലും എനിക്കു പറയുവാൻ സാധിക്കും. അദ്ദേഹത്തിന്റെ വ്യാപാരശുദ്ധതയും മഹത്വഭാവവും എന്റെ സ്മരണയിൽ സദാ പ്രസന്നങ്ങളായിരിക്കുന്നു. വി. യോഹന്നാനോടും നമ്മുടെ കത്താവിനെ കണ്ടിട്ടുള്ള ശേഷം ഭാഗ്യവാന്മാരോടും നടന്നിട്ടുള്ള സംഭാഷണങ്ങൾ നമ്മോട അദ്ദേഹം വിവരിക്കുന്നതും അവരിൽനിന്നു പഠിച്ചറിഞ്ഞിട്ടുള്ള ഉപദേശങ്ങളും അത്ഭുതങ്ങളും പറഞ്ഞു കേൾപ്പിക്കുന്നതും കേൾക്കുന്നതായി എനിക്കു തോന്നുന്നു. നീ ഉപദേശിക്കുന്ന ഉപദേശങ്ങൾ ആ വിശുദ്ധ മെത്രാൻ കേൾക്കാൻ സംഗതിയാകുന്നപക്ഷം അദ്ദേഹം ചെയ്യുമാറുള്ളതുപോലെ ഇങ്ങനെയുള്ള ഉപദേശങ്ങൾ കേൾക്കുന്നതിന്ന് എന്ത്യേ എന്റെ നല്ല ദൈവമെ എന്നെ ജീവിപ്പിച്ചു എന്നു പറഞ്ഞുകൊണ്ട് ചെവികൾ രണ്ടും പൊത്തി ഓടിപ്പോകുമായിരുന്നുവെന്നു തീച്ചയായി എനിക്കു പറയാം."

വി. ഇഗ്നാത്തിയെ വേദത്തെപ്രതി കൊല്ലുന്നതിന്നായിട്ട് റോമാ പടയാളികൾ അന്ത്യോഖ്യായിൽ നിന്ന് റോമായിലേക്ക്

കൊണ്ടുപോകും വഴിക്ക് സ്മിർണായിൽ ഇറക്കുകയുണ്ടായി. അപ്പോൾ പൊലിക്കാൎപ്പും അദ്ദേഹവുമായി ദീൎഘനേരത്തേക്ക് സംഭാഷണം നടത്തുകയും ആ വിശുദ്ധനെ ബന്ധിച്ചിരുന്ന ശൃംഖലകളെ വി. പൊലിക്കാൎപ്പ് മഹാ പൂജ്യതയോടെ ചുംബിക്കുകയും ചെയ്തു. അദ്ദേഹം ഫിലിപ്പിയക്ക് ഒരുലേഖനമെഴുതിയിട്ടുണ്ട്. അത് ഉത്തമപ്രബോധനങ്ങളെ അടക്കിക്കൊള്ളുന്ന ഒന്നാകുന്നു. അത് ഇപ്പോഴുമുണ്ട്. ൧൫൮-ൽ ആ വിശുദ്ധൻ പെസഹാ മഹോത്സവം സംബന്ധിച്ചുള്ള വാദകാൎയ്യത്തിന്നായി അനിസെത്തൂസ് മാർപാപ്പായെ സന്ദൎശിക്കുകയുണ്ടായി. പെസഹാ മഹോത്സവാചരണത്തെ സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങൾകൊണ്ട് അവർ തമ്മിലുണ്ടായിരുന്ന അന്യോന്യ സ്നേഹത്തിന് ഭംഗം സംഭവിക്കുകയുണ്ടായില്ല. റോമായിൽ താമസിച്ചിരുന്ന കാലങ്ങളിൽ അദ്ദേഹം ഒട്ടു അധികം പാഷണ്ഡികളെ മാനസാന്തരപ്പെടുത്തി. ഒരു ദിവസം ആ വിശുദ്ധനു പരിചിതനും പിന്നീട് പാഷണ്ഡനായി ഭവിച്ചവനുമായ മർസിയോൻ അദ്ദേഹത്തെ കണ്ടപ്പോൾ അയാളെ അറിയുന്നുണ്ടോയെന്നു ആ പതിതൻ ചോദിച്ചു. അപ്പോൾ വി. പൊലിക്കാൎപ്പ് "ഉവ്വ്, പിശാചിന്റെ മൂത്ത മകനാണ് നീ ഇപ്പോൾ എന്ന് എനിക്കറിയാം" എന്ന് ആ വിശുദ്ധൻ ഉത്തരിക്കുകയുണ്ടായിയെന്ന് വി. ഇറാണിം എഴുതിയിരിക്കുന്നു.

മാൎക്കൌറെലിയന്റെയും ലൂസിവേരുവിന്റെയും, രാജ്യഭരണത്തിന്റെ ആറാം സംവത്സരം ആസ്യായിലെ ക്രിസ്ത്യാനികൾക്ക് അതിഘോരതമമായ ഒരു വേദഹിംസ ഉദ്ഭൂതമായി. അവിടങ്ങളിലെ ക്രിസ്ത്യാനികളുടെ ശരീരം, നാഡിഞരമ്പുകളും അഭ്യന്തരഭാഗങ്ങളും വെളിക്കു കാണത്തക്കവണ്ണമാണ്, അടിച്ചു പൊളിച്ചിരുന്നതെങ്കിലും അവർ ആ പീഡകളെ പററി മുറയിടാതെ മഹാ ധൈൎയ്യസമേതം സഹിച്ചുവന്നു. ഈ വിധ ധൈൎയ്യം വിഗ്രഹസേവകന്മാർ കണ്ടു് ലജ്ജിച്ച് ഇതിനുള്ള കാരണം വി. പൊലിക്കാൎപ്പാണെന്ന് അവൎക്കു തോന്നുകയാൽ അവർ മുക്തകണ്ഠം "ഈ ദുഷ്ടന്മാരെ വിട്ടയക്കുക. പൊലിക്കാൎപ്പ് കൊണ്ടുവരപ്പെടട്ടെ" എന്നു വിളിച്ചു പറഞ്ഞു. ആ വിശുദ്ധൻ നാട്ടുപുറത്തുചെന്നു താമസിച്ച് ജപതപഃക്രിയകളിൽ രാവും പ

കല്യം വിനിയോഗിച്ചു വരുകയായിരുന്നു. അവർ അദ്ദേഹത്തെ അന്വേഷിച്ചുകണ്ടെത്തി ഒരു കഴുതപ്പുറത്തു കയററി കൊണ്ടു വരും വഴിക്ക് നഗരാധികാരി കയറിചെന്ന വണ്ടിയിൽ കയററി ഇരുത്തി. കുറേകഴിഞ്ഞപ്പോൾ അദ്ദേഹത്തെകൊണ്ടു വേദം ഉപേക്ഷിപ്പിക്കാൻ വേണ്ടി ഓരോവിധ മുട്ടനങ്ങൾ തുടങ്ങുകയും ഒടുവിൽ അദ്ദേഹത്തെ വണ്ടിയിൽനിന്നു നിലത്തു തള്ളിയിടുകയും ചെയ്തു. ആ വീഴ്ചകൊണ്ടു അദ്ദേഹത്തിൻെറ കാലിനു കേടുപററി. അതൊക്കയും അദ്ദേഹം ക്ഷമയോടെ സഹിച്ചു നടന്ന് രംഗസ്ഥലത്തു * ചെന്നുചേൎന്നപ്പോൾ "നീ ധൈൎയ്യമായിരിക്കുക, ഭയപ്പെടണ്ട" എന്നൊരു സ്വൎഗ്ഗീയസ്വരം കേൾക്കപ്പെട്ടു. അവിടെ നിന്നിരുന്ന ക്രിസ്ത്യാനികളെല്ലാവരുംതന്നെ ആ സ്വരം കേൾക്കുകയുണ്ടായി. അനന്തരം രാജ്യാധികാരി ചക്രവൎത്തിയുടെ കല്പനയ്ക്കു വിധേയനാകാൻ ആ വിശുദ്ധനെ നിബന്ധിച്ച് "കേസറിൻെറ കുലദേവനെ പിടിച്ചു സത്യം ചെയ്യുക; മ്ശിഹായെദുഷിക്കുക; എന്നാൽ ഞാൻ നിന്നെ വിട്ടയക്കാം"എന്നു പറഞ്ഞു. അതിനു ആ വിശുദ്ധൻ "ഞാൻ മ്ശിഹായെ സേവിച്ചു തുടങ്ങിയിട്ടു ൮൦ വൎഷങ്ങളായി. അദ്ദേഹം എനിക്കു യാതൊരു അപകാരവും ചെയ്തിട്ടില്ല; പ്രത്യുത അനവധി ഉപകാരങ്ങളാണ് ചെയ്തിട്ടുള്ളതു്. ഇപ്പോൾ അദ്ദേഹത്തെ ദുഷിക്കണമെന്നോ? അതു് എന്നെക്കൊണ്ട് സാദ്ധ്യമല്ല. ഞാൻ ചെയ്യുകയുമില്ല. ഞാൻ ഒരു ക്രിസ്ത്യാനിയാണ്. ക്രിസ്ത്യാനികളുടെ ഉപദേശമിന്നതാണെന്ന് നിങ്ങൾ ഗ്രഹിച്ചിട്ടില്ലായിരിക്കാം. ഒരു ദിവസമനുവദിച്ചാൽ ഞാൻ അതു പഠിപ്പിക്കാം" എന്നു ഉത്തരം പറഞ്ഞു. അപ്പോൾ അധികാരി "ജനങ്ങളെ പറഞ്ഞു സമ്മതിപ്പിക്കുക" എന്നുപറഞ്ഞു. അതിന് വി. പൊലിക്കാപ്പ് "വേദത്തിന് എതിരല്ലാത്ത

---

* റോമക്കാൎക്കെന്നപോലെ (ക്രിസ്തുമതം പ്രചരിക്കുന്നതിനു മുമ്പു്) സ്മിർണാക്കാൎക്കും കുററക്കാരെയും അടിമകളെയും വന്യ മൃഗങ്ങൾ കടിച്ചു കീറി തിന്നുന്നതു കാണുന്നതു് ഒരു ആനന്ദമായിരുന്നു. ഇതിനുള്ള സ്ഥലത്തിന്നാണ് രംഗസ്ഥലമെന്നു ഇവിടെ പറഞ്ഞിരിക്കുന്നതു്. ഇവിടെ മല്ലന്മാർ അവരുടെ മല്ലയുദ്ധോത്സവം നടത്തിവന്നു.

കാൎയ്യങ്ങളിൽ അധികാരികളെ ആദരിക്കണമെന്നും ബഹുമാനിക്കണമെന്നുമാകുന്നു ഞങ്ങളുടെ ഉപദേശം. ഈ ജനത്തോട് സമാധാനം പറയുന്നതിന്നു അവർ എന്റെ വിധികൎത്താക്കന്മാരല്ല" എന്നു വാദിച്ചു. അപ്പോൾ അധികാരി ഗൌരവഭാവത്തിൽ വന്യമൃഗങ്ങൾക്ക് ഇരയായി ഇടപ്പെടുമെന്നും തീയിലിട്ടു ദഹിപ്പിക്കപ്പെടുമെന്നും ഭയപ്പെടുത്തി. അതിനു പൊലിക്കാപ്പ് "നിങ്ങൾ ഭയപ്പെടുത്തി പറയുന്ന തീ കുറേനേരത്തേക്കു കത്തിയശേഷം കെട്ടുപോകും. പക്ഷെ വരുവാനിരിക്കുന്ന വിധിയെ പററിയും ദുഷ്ടന്മാരെ ദഹിപ്പിക്കുന്നതിന്നു ദൈവനീതി ഉജ്ജ്വലിപ്പിക്കുന്ന ആ നിത്യാഗ്നിയെകുറിച്ചും അവിടേക്കു അറിഞ്ഞുകൂടാ. എന്തിനു താമസിക്കുന്നു, അവിടെക്കു ബോധിച്ചതു ചെയ്യാം" എന്നു പറഞ്ഞു. അപ്പോൾ അധികാരി ഘോഷകന്മാരെക്കൊണ്ട് പൊലിക്കാപ്പ് ക്രിസ്ത്യാനിയാണെന്നു സമ്മതിച്ചു പറഞ്ഞിരിക്കുന്നുവെന്നു മൂന്നു പ്രാവശ്യം വിളിച്ചു പറയിപ്പിച്ചു. വിഗ്രഹസേവകന്മാർ അതു കേട്ടു "ഇയ്യാൾ വധിക്കപ്പെടുന്നതിന്നു യോഗ്യനാകുന്നു. ഇവനാണ് ആസ്യായിലെ പ്രബോധകനും ക്രിസ്ത്യാനികളുടെ പിതാവും ദേവന്മാരുടെ വിനാശകനും" എന്ന് ആൎപ്പിട്ടു. വിനോദകാലം കഴിഞ്ഞു പോയിരുന്നതിനാൽ അദ്ദേഹത്തെ വന്യമൃഗങ്ങൾക്ക് ഇട്ടു കൊടുക്കാൻ സാധിച്ചില്ല. ആയതിനാൽ പിന്നെ ജീവനോടുകൂടെ ദഹിപ്പിക്കുവാനുള്ള ഒരുക്കങ്ങൾ തുടങ്ങി.

ദണ്ഡകന്മാർ അദ്ദേഹത്തെ ഒരു സ്തംഭത്തോടു ബന്ധിക്കുവാൻ ഭാവിച്ചു. അതു നിഷ്പ്രയോജനമാണെന്നു അദ്ദേഹം പറയുകയാൽ അദ്ദേഹത്തിന്റെ കരങ്ങൾ മാത്രമെ അവർ കെട്ടുകയുണ്ടായുള്ളു. അപ്പോൾ ആ വിശുദ്ധൻ നേത്രങ്ങളെ ആകാശത്തേക്കു ഉയൎത്തിക്കൊണ്ടു വേദത്തെപ്രതി പ്രാണനെ ത്യജിക്കുന്നതിനുള്ള ഭാഗ്യം സിദ്ധിച്ചവരുടെ ഗണത്തിൽ തന്നെയും ചേൎക്കാൻ ദൈവം തിരുമനസ്സായതിനേയും, മ്ശിഹായുടെ കഷ്ടാനുഭവങ്ങൾക്കു തന്നെയും ഭാഗഭാക്കാക്കിയതിനേയും കുറിച്ചു ദൈവത്തിന്നു സ്തോത്രം ചെയ്യുകയുണ്ടായി. അതുകഴിഞ്ഞപ്പോഴെയ്ക്കു ചിത ഒന്നു തയ്യാറായി. അതു ഉയരത്തിൽ കത്തിജ്വലിച്ചപ്പോൾ

അതിലേക്കു ആ വിശുദ്ധനെ എടുത്തിട്ടു. പക്ഷെ ആ അഗ്നി ജ്വാല കാററുപിടിച്ച ഒരു ഓട്ടപ്പാസമം കമാനത്രൂപത്തിൽ ആ ദ്ദേഹത്തിൻെറ ചുററും ജ്വലിച്ചിരുന്നതല്ലാതെ ആ സിദ്ധൻെറ ദേഹത്തെ അശേഷം സ്പൎശിക്കുകയുണ്ടായില്ല. ദണ്ഡകന്മാർ അ തുകണ്ടു ശൂലമെടുത്തു ആ മഹാത്മാവിനെ കുത്തിക്കൊന്നു. തീ കെട്ടു കഴിഞ്ഞപ്പോൾ ക്രിസ്ത്യാനികൾ ശേഷിച്ച അസ്ഥിശകല ങ്ങളെ പൂജ്യതയോടെ എടുത്തുകൊണ്ടുപോയി ഒരു അമൂല്യ നി ക്ഷേപംകൂടുന്നകു സൂക്ഷിക്കയുണ്ടായി.



ഈ വിശുദ്ധനെ അഗ്നിയിലിട്ടപ്പോൾ അദ്ദേഹത്തെ അഗ്നി അശേഷം സ്പൎശിക്കാതിരിക്കുന്നതു വിഗ്രഹസേവകന്മാർ കണ്ടു അതിശയിക്കുന്നതു്.

സാദ്ധ്യം—പാഷണ്ഡികളെ പിശാചിൻെറ ദൂതന്മാരായി കരുതി വജ്ജിക്കണം.

# മകരം (ജനുവരി) ൨൭-ാം നു-:

## കൊൺസ്തന്തീൻ പുരിയിലെ മെത്രാപ്പോലിത്തായും വേദപാരകനുമായ വി. യോഹന്നാൻ ക്രിസോസ്തം (൪൦൭)

തന്റെ വാക്പാടവം നിമിത്തം ക്രിസൊസ്തം അഥവാ "സ്വർണ്ണവായുള്ളവൻ" എന്ന അഭിധാനം സിദ്ധിച്ച ഈ യോഹന്നാൻ (൩൪൭-ൽ) അന്ത്യോഖ്യായിലാണ് ജനിച്ചതു്. അദ്ദേഹത്തിന്റെ ബാല്യദശയിൽ തന്നെ, സുറിയായിലെ റോമാ കുതിരപ്പട്ടാളത്തിന്റെ പ്രധാന നായകനായിരുന്ന അദ്ദേഹത്തിന്റെ പിതാവു് ദേഹവിയോഗം പ്രാപിച്ചു. തന്നിമിത്തം ഇരുപതാം വയസ്സിൽ ഒരു വിധവയായി ഭവിച്ച അദ്ദേഹത്തിന്റെ മാതാവു് പുനർവിവാഹത്തിന്നായി ആലോചിക്കാതെ സ്വപുത്രനെ ക്രീസ്തീയ തത്വങ്ങൾ ഉത്തമമാംവണ്ണം പഠിപ്പിക്കുന്നതിൽ ഉദ്യുക്തയായിരുന്നു. അവരേക്കാൾ അധിക യോഗ്യയായ ഒരു മാതാവു് ഉണ്ടായിട്ടില്ലായെന്നു പറയപ്പെടുവാൻ തക്കവണ്ണമായിരുന്നു അവരുടെ പ്രവൃത്തികൾ. വിഗ്രഹസേവകന്മാർ പോലും ആ മഹതിയുടെ പുണ്യശ്രേണികളെ ശ്ലാഘിച്ചുവന്നു. അവരുടെ പുണ്യഗുണങ്ങളെ കണ്ടറിഞ്ഞിരുന്ന ഒരു പ്രഖ്യാതനായ ശാസ്ത്രി "എത്രയോ വിസ്മയജനികകളായ സ്ത്രീരത്നങ്ങളെയാണു ക്രീസ്തുമതം ഉത്പാദിപ്പിക്കുന്നതു്" എന്നെഴുതിയിരിക്കുന്നു.

യോഹന്നാൻ മഹാസമർത്ഥന്മാരായ ഉപാദ്ധ്യായന്മാരുടെകീഴ് വക്തൃത്വവും, തത്വശാസ്ത്രവും, അദ്ധ്യയനം ചെയ്യുകയും അചിരേണ അവയിൽ മഹാപാണ്ഡിത്യം പ്രാപിക്കുകയും ചെയ്തു. അനന്തരം ന്യായവാദസഭയിൽ ഉദ്യോഗപ്പെടുകയും എവരുടെയും ശ്ലാഘയ്ക്കു അർഹനാകത്തക്കവണ്ണം പ്രശോഭിക്കുകയുമുണ്ടായി. യൌവനക്കു പ്രകൃത്യാവാസനയുള്ള ലോകോല്ലാസങ്ങൾ അദ്ദേഹത്തേയും ആരംഭത്തിൽ ആകൎഷിക്കാതിരുന്നില്ല. പക്ഷെ തദ്വാരാ ഉദ്ഭൂതങ്ങളാകുന്ന അപകടങ്ങളെ താമസം വിനാ അദ്ദേഹം ഗ്രഹിക്കുകയും കുറെ കഴിഞ്ഞപ്പോൾ ലോകത്തെ മുഴുവനായിട്ടു ഉപേക്ഷിച്ചു ലൌകികാശകളെ നിശ്ശേഷം ഉന്മൂലനം ചെയ്യുന്ന ഒരു ജീവി

ത്തിയെ അവലംബിക്കാൻ തീൎച്ചപ്പെടുത്തുകയും ചെയ്തു. ആ മനോനിശ്ചയത്തെ ഭേദപ്പെടുത്താൻ അദ്ദേഹത്തിന്റെ സ്നേഹിതന്മാർ പണിപ്പെടാതിരുന്നില്ല. പക്ഷെ അവരുടെ പ്രയത്നങ്ങളൊക്കയും നിഷ്ഫലമായിത്തന്നെ ഭവിച്ചതു്. അക്കാലത്തു് അന്ത്യോഖ്യായിലെ മെത്രാനായിരുന്ന മെലേത്തി എന്ന ദേഹം യോഹന്നാന്റെ അസാമാന്യ ഗുണഗണങ്ങളെ ഗ്രഹിച്ചിരുന്നതിനാൽ വൈദികാന്തസ്സിലെ ചെറിയ പട്ടങ്ങൾ കൊടുത്തു അദ്ദേഹത്തെ തന്റെ പള്ളിയിലെ പാഠകനാക്കി. പക്ഷെ തന്നോടുകൂടെ താമസിക്കണമെന്നുള്ള അദ്ദേഹത്തിന്റെ മാതാവിന്റെ നിർബന്ധപൂൎവ്വകമായ അപേക്ഷനിമിത്തം ആ ഉദ്യോഗം വിടേണ്ടിവന്നു. അതിന്റെശേഷം നാലുവൎഷം കഴിഞ്ഞപ്പോൾ അന്ത്യോഖ്യാ പട്ടണത്തിനു സമീപേയുള്ള മലകളിൽ താമസിച്ചു് തപോവൃത്തി അനുഷ്ഠിച്ചുവന്ന വാനപ്രസ്ഥന്മാരോടു ചേൎന്നു ജീവിതവൃത്തി കഴിക്കണമെന്നുള്ള മഹാമോഹം അദ്ദേഹത്തിൽ അങ്കുരിക്കുകയാൽ അവിടെചെന്നു പാൎക്കുകയും മഹാ തപഃക്രിയകളെ ചെയ്തുവരുകയും ചെയ്തു. ക്രിസ്തീയ ജീവിത മുറയിൽ ജാഗരൂകന്മാരായിരിക്കാൻവേണ്ടി പ്രതിദിനം സന്ധ്യാനമസ്കാരത്തിന്റെ ശേഷം അവസാന വിധിയെപ്പററി അവർ ഗാഢമായി ചിന്തിക്ക പതിവായിരുന്നു. ഈ ധൎമ്മപ്രവൃത്തി മഹാ ഉപകാരപ്രദമാണെന്നു വി. യോഹന്നാൻ അനുഭവസിദ്ധികൊണ്ടു ഗ്രഹിച്ചു് എല്ലായ്പോഴും അതു അനുസരിച്ചുവന്നു. അദ്ദേഹം രചിച്ചിട്ടുള്ള പുസ്തകങ്ങളിൽ ഈ പുണ്യാഭ്യസനവും നിദ്രക്കു മുമ്പുള്ള ആത്മാവസ്ഥയുടെ പരിശോധനയും ശക്തിമത്തായി പ്രേരിപ്പിക്കുന്നുമുണ്ടു്. അവസാനംവരെ സന്മാൎഗ്ഗിയായിരിക്കുമോ എന്നുള്ള ആകുലചിന്ത അക്കാലങ്ങളിൽ അദ്ദേഹത്തെ അത്യന്തം ക്ലേശിപ്പിക്കുകയുണ്ടായി. എന്നുവരുകിലും സന്മാൎഗ്ഗത്തിൽനിന്നു വ്യതീതനാകാതെ ധൈൎയ്യസമേതം അതിനോടു യുദ്ധംചെയ്തു ജയിച്ചു. വാസ്തവാവസ്ഥയിൽ നിന്നെതിനെക്കാൾ ഭയത്തിൽനിന്നു് ഉദ്ഭവിക്കുന്ന മനോരാജ്യങ്ങളിൽ നിന്നു ഉണ്ടാകുന്ന ഇത്തരം പരിശോധന

കളെ അവഗണിക്കുകയാണ് അവയെ ജയിക്കുന്നതിനുള്ള ഉത്തമമാൎഗ്ഗമെന്ന് അദ്ദേഹം പരിചയം കൊണ്ടു ഗ്രഹിച്ചു. അദ്ദേഹം അവിടെ പാൎത്തുവന്ന ഗുഹയിലെ ശീതം അദ്ദേഹത്തിനു ശരീരാസ്വാസ്ഥ്യത്തെ ജനിപ്പിക്കുകയാൽ അവിടംവിട്ടു് അന്ത്യോഖ്യായിലേക്കു് പോകുന്നതിനു നിൎബ്ബന്ധിതനായി. അവിടെ വെച്ചു് മെലെത്തി മെത്രാൻതിരുമനസ്സിന്നു അദ്ദേഹത്തിനു ദിയാക്കോൻ (ആറു) പട്ടം കൊടുത്തു. അദ്ദേഹത്തിന്റെ അനന്തരഗാമിയായ ഫ്ളവ്യാൻ എന്ന ദേഹം വി. യോഹന്നാനെ പുരോഹിതസ്ഥാനത്തിലേക്കു ഉയൎത്തുകയും അദ്ദേഹത്തിന്റെ പ്രതിപുരുഷനും അവിടത്തെ പ്രാസംഗികനുമായി സ്ഥാപിക്കുകയും ചെയ്തു. അദ്ദേഹം ആഴ്ചയിൽ പല ദിവസവും ചില ദിവസങ്ങളിൽ പല പ്രാവശ്യവും പ്രസംഗിച്ചുവന്നു. അദ്ദേഹത്തിന്റെ പ്രസംഗവിഷയം പലപ്പോഴും ദുൎഗ്ഗുണങ്ങളുടേയും വേരൂന്നി പോയിരുന്ന ദുൎമ്മൎയ്യാദകളുടേയും ഉന്മൂലനമാൎഗ്ഗങ്ങളായിരുന്നു.

അക്കാലത്തു അന്ത്യോഖ്യാ നിവാസികൾ ധെയോദൊസി ചക്രവൎത്തിക്കു എതിരായി കലഹിച്ചു ചക്രവൎത്തിക്കു മഹാ അപമാനകരമായ ഒരു പ്രവൃത്തി നടത്തുകയുണ്ടായി. തന്നിമിത്തം കുപിതനായ ചക്രവൎത്തിയെ സമാധാനപ്പെടുത്തുന്നതിന്നു് ഫ്ളവ്യാൻ എന്ന ദേഹം കൊൺസ്തന്തീൻപുരിക്കു യാത്ര ചെയ്തു. ആ യാത്ര ഫലപ്രദമാകണമെങ്കിൽ പട്ടണവാസികൾ ദൈവത്തെ പ്രാൎത്ഥിക്കുകയും ആശ്രയിക്കുകയും തങ്ങളുടെ പാപങ്ങളെപ്രതി പ്രായശ്ചിത്തം ചെയ്യുകയും ചെയ്യണമെന്നു വി. യോഹന്നാൻ അവരെ ഉപദേശിക്കുകയും അവർ അപ്രകാരം ചെയ്യുകയും ചെയ്യുകയുണ്ടായി. തന്നിമിത്തം അവരുടെ അപരാധം ക്ഷമിക്കപ്പെടുകയും അതിനാൽ അവൎക്കുണ്ടായ ആനന്ദത്തിൽ വി. യോഹന്നാനും ഭാഗഭാക്കാകുകയും ചെയ്തു.

൩൯൭-ൽ കൊൻസ്തന്തീൻ പുരിയിലെ മെത്രാപോലിത്താ കാലം ചെയ്തപ്പോൾ അന്നത്തെ ചക്രവൎത്തിയായ അക്കാദി ഈ പുണ്യവാനെ തൽസ്ഥാനത്തിലാക്കുന്നതിന്നു തീൎച്ചപ്പെടുത്തി. അന്ത്യോഖ്യാക്കാൎക്കു് വി. യോഹന്നാനോടു് ഉണ്ടായിരുന്ന പ്രേമസ്ഥായി അത്യധികമായിരുന്നതിനാൽ മുമ്പുകൂട്ടി അവർ അതു

അറിഞ്ഞിരുന്നുവെങ്കിൽ അദ്ദേഹത്തെ വിട്ടയക്കുന്ന കാൎയ്യം പ്രയാസമായി വന്നേനെ. രഹസ്യമായിട്ടും നിൎബന്ധപൂൎവ്വകവുമാണ് ചക്രവൎത്തിയുടെ ദൂതന്മാർ അദ്ദേഹത്തെ കൊൺസ്റ്റന്റീൻ പുരിക്കു കൊണ്ടുപോകുകയുണ്ടായതു്. ൩൯൮-ാം കാലം ഫെബ്രുവരി മാസം ൨൬-ാംനു- അവിടെ വെച്ചു മെത്രാനായി അഭിഷേചിക്കപ്പെട്ടു. ആ ഉന്നതോദ്യോഗത്തിൽ സ്ഥാപിക്കപ്പെട്ട ശേഷം അദ്ദേഹത്തിന്റെ ഒന്നാമത്തെ ഉദ്യമം സ്വന്ത അരമന കാൎയ്യങ്ങളെ വ്യവസ്ഥ ചെയ്യുന്നതും വൈദികരെ നന്നാക്കുന്നതുമായിരുന്നു. അതിന്നായിട്ടു ഒരു നിയമം എഴുതിയുണ്ടാക്കുകയും അദ്ദേഹം തന്നെ അതിനെ ബഹു നിഷ്കൃഷ്ടാപൂൎവ്വകം അനുസരിച്ചു മാതൃക കാണിച്ചു കൊടുക്കുകയും ചെയ്തു. അനന്തരം ജനങ്ങളുടെയിടയിൽ നടപ്പായി വന്ന ദുരാചാരങ്ങളേയും പ്രത്യേകം സ്ത്രീകളുടെ വസ്ത്രധാരണത്തിലും മററുമുണ്ടായരുന്ന മൎയ്യാദഹീനതയേയും മററും പ്രതിഖണ്ഡിച്ചു പ്രസംഗിച്ചു തുടങ്ങി. അതിന്നു അവർ ഞങ്ങൾ പാപത്തിന്നു ആരെയും പ്രേരിപ്പിക്കുന്നില്ലായെന്നു പ്രതിവാദിച്ചപ്പോൾ പുണ്യവാൻ പറഞ്ഞ മറുപടി ഇതാണ:- "അന്യവരുടെ ഹൃദയങ്ങളിൽ ദുരനുരാഗം അങ്കുരിക്കാൻ കാരണം കൊടുക്കുന്ന നിങ്ങൾ നിൎദ്ദോഷകളാണെന്നാണോ പറയുന്നതു്? നിങ്ങളുടെ വേഷഭാവനകൊണ്ടു് അവരെ അനുരാഗത്തിന്നു ആകൎഷിക്കുകയല്ലെ ചെയ്യുന്നതു്? അപായകരമായ കുത്തു കുത്തുകയാണ്; ആത്മാവു മരിക്കത്തക്കവണ്ണം മുറിപ്പെടുത്തുകയാണ് ഈദൃശപ്രവൃത്തികളാൽ നിങ്ങൾ ചെയ്യുന്നതു്. ആരാണ് അധികം അപരാധി? വിഷം സേവിക്കുന്നവനൊ? അതു ചട്ടം കെട്ടി വെച്ചു നീട്ടിക്കൊടുക്കുന്നവനൊ? പാപത്തിന്നു കാരണഭൂതകളായ നിങ്ങൾ മരണകരമായ പാനപാത്രത്തെ ഒരുക്കുന്നു; മരണകരമായ പാനീയത്തെ വെച്ചു നീട്ടിക്കൊടുക്കുകയാണ ചെയ്യുന്നതു്." ഉത്തമ ക്രിസ്ത്യാനികൾ വിലപിക്കുന്ന ഈ വിധത്തിലുള്ള ദോഷങ്ങളും അക്രമങ്ങളും ഇങ്ങനെയുള്ള ഉപദേശങ്ങളും പ്രസംഗങ്ങളും കൊണ്ടു് ഇല്ലായ്മ ചെയ്യുന്നതിനുള്ള ഭാഗ്യം അദ്ദേഹത്തിന്നു സിദ്ധിച്ചു. അനവധി വിഗ്രഹസേവകന്മാരെയും പതിതരെയും അദ്ദേഹം മാനസാന്തരപ്പെടുത്തി. അദ്ദേഹത്തിന്റെ ഉ

പദേശങ്ങളിൽ നമസ്കാരത്തിൻെറ ആവശ്യകതയെ ബലമായി വാദിക്കുകയും വൈദികരോട് ശേഷം പേരും അതിൽ സംബന്ധിക്കുന്നതിന്ന രാത്രികാലങ്ങളിൽ നിദ്രയിൽനിന്ന എഴുന്നേല്ക്കണമെന്ന പ്രേരിപ്പിക്കുകയും ചെയ്തുവന്നു. ദിവ്യ കാരുണ്യമെന്ന സൽപ്രസാദം വഴിയായി ഈശോമ്ശിഹാ നമ്മോടു കാണിക്കുന്ന സ്നേഹത്തെ സംബന്ധിച്ചും അതു കൂടക്കൂടെ ഉൾകൊള്ളേണ്ടതിനെക്കുറിച്ചും കൂടുതൽ ശക്തിമത്തായിട്ടാണ് ആ വിശുദ്ധൻ ധൎമ്മോപദേശം ചെയ്തുവന്നത്.

ചില മെത്രാന്മാർ പ്രധാനമായി ദ്രവ്യാശയെ ആസ്പദമാക്കി അദ്ധ്യാത്മിക പ്രവൃത്തികൾ നിൎവ്വഹിച്ചുവരുന്നത് ആ വിശുദ്ധ മെത്രാപോലിത്ത മനസ്സിലാക്കി അതു നിൎത്തൽ ചെയ്യുന്നതിന്ന ഒരു സംഘം വിളിച്ചുകൂട്ടി ആലോചിച്ചു ചില നിശ്ചയങ്ങൾ ചെയ്തു. ആ കാൎയ്യത്തിൽ അപരാധന്മാരായിരുന്ന ചില മെത്രാന്മാരും, ആ വിശുദ്ധൻെറ പ്രസംഗങ്ങളും പ്രവൃത്തികളും രസിക്കാഞ്ഞ ചില ലൌകികരും ചേൎന്ന് അദ്ദേഹത്തെ നിഷ്കാസനം ചെയ്യുവാൻ തീൎച്ചപ്പെടുത്തി. അതിന ഒരു പ്രവൎത്തകയായി അവർ കണ്ടെത്തിയത്, എവുദൊക്യാ ചക്രവൎത്തിനിയെ തന്നെയാണ്. ആ വിശുദ്ധ മെത്രാപോലിത്താ സ്ത്രീകളുടെ വസ്ത്രാഭരണങ്ങളുടെ ഉടുഭാവനയെ ആക്ഷേപിച്ചു പൊതുവെ പ്രസംഗിച്ചത് ആ രാജ്ഞിയെ പ്രത്യേകം ഉദ്ദേശിച്ചാണെന്ന ചക്രവൎത്തിനിയെ പറഞ്ഞു ധരിപ്പിച്ചു. കൂടാതെയും ഇല്ലാത്ത ചില കുററങ്ങൾ ആ വിശുദ്ധനെ കുറിച്ചു പറഞ്ഞു നടത്തി. ഇങ്ങനെ ആ വിശുദ്ധ മെത്രാന വിരോധികൾ ഉണ്ടാകുകയും അവർ പ്രബലപ്പെടുകയും ചെയ്തു. അവർ ഒരു സംഘം കൂടി അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി. ചക്രവൎത്തിനിയുടെ പ്രേരണയ്ക്കു ചക്രവൎത്തിയും വശംവദനായി അദ്ദേഹത്തെ നാടുകടത്തുന്നതിന്ന കല്പിച്ചു. പക്ഷെ അദ്ദേഹം ആ നഗരം വിട്ടരാത്രിതന്നെ ഒരു മഹാഭയങ്കരമായഭൂകമ്പം അവിടെ ഉണ്ടായതിനോടുകൂടെ ചക്രവൎത്തിക്ക സ്വാസ്ഥ്യമില്ലാതായി. അതു ആ വിശുദ്ധനോടു പ്രവൎത്തിച്ച അന്യായപ്രവൃത്തിയുടെ ശിക്ഷയാണെന്ന് ബോധപ്പെട്ട് ആ വിശുദ്ധ മെത്രാപ്പോലിത്തായെ വീണ്ടും വിളിപ്പിച്ചു. അദ്ദേഹത്തിൻെറ ശാ

ത്രുക്കൾ ലജ്ജപൂണ്ട് ഓടി തുടങ്ങി. എന്നു വരുകില്ലും സമാധാനം ദീൎഘകാലം നീളിച്ചില്ല.

ചക്രവൎത്തിനിയുടെ ബഹുമാനാൎത്ഥം ഒരു പ്രതിമയുണ്ടാക്കി അവിടത്തെ പ്രധാന ഒരു ദേവാലയത്തിൻമുമ്പാകെ ഒരു സ്തംഭത്തിന്മേൽ സ്ഥാപിക്കയുണ്ടായി. അതിന്റെ പ്രതിഷ്ഠ ദിവസത്തെത്തുടൎന്ന് പലതരം കളികളും വിനോദങ്ങളും അവിടെ നടന്നുവന്നു. അതിൽനിന്നുണ്ടായ ആരവം ദേവാലയത്തിലെ ദിവ്യ



ഈ വിശുദ്ധൻ രാജ്യഭ്രഷ്ടനാക്കപ്പെട്ടപ്പോൾ രാജസേവകന്മാർ നിഷ്ഠൂരമാംവണ്ണം അദ്ദേഹത്തെ വലിച്ചിഴച്ചു കൊണ്ടുപോകുന്നത്.

കൎമ്മങ്ങൾക്കു വിഘാതം വരുത്തിയിരുന്നതിനും പുറമെ, ആ വിനോദങ്ങൾ മൌഢ്യങ്ങളും ഭക്തിഹീനങ്ങളുമായിരുന്നതിനാൽ, ആ വിശുദ്ധ മെത്രാപ്പോലീത്താ സ്വപ്രസിദ്ധമായ ധൈൎയ്യത്തോടെയും വാഗ്വൈഭവത്തോടെയും അവകളെ ആക്ഷേപിച്ചു പ്രസംഗിക്കുകയുണ്ടായി. അതിൽ അദ്ദേഹം കുററം ആരോപിച്ചതു ഒരു മനിക്കയനായ അതിന്റെ നായകനെയായിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ വിരോധികൾ ചക്രവൎത്തിനിയെ തെററിദ്ധരിപ്പി

ച്ചതിനാൽ ചക്രവൎത്തി വീണ്ടും അദ്ദേഹത്തെ രാജ്യഭ്രഷ്ടനാക്കി. ൪൦൪ ജൂൺ ൨൦-ാംനു- രാജസേവകന്മാർ ബിഥിന്യായിലുള്ള നിക്കിയായിലേക്ക അദ്ദേഹത്തെ കൊണ്ടുവന്നു. അവിടെ താമസിപ്പിക്കാതെ അനന്തരം കുക്കുസി പട്ടണത്തിലേയ്ക്കു കൊണ്ടുപോയി. യാത്രയുടെ ദൈൎഘ്യവും ആശ്വസിക്കാൻ അനുവദിക്കാഞ്ഞതുകൊണ്ടും, സേവകന്മാരുടെ നിൎദ്ദയനിമിത്തവും അദ്ദേഹം സഹിക്കേണ്ടിവന്ന കഷ്ടതകൾ അവൎണ്ണ്യങ്ങളായിരുന്നു. അതിനോടുകൂടി ഒരു ജ്വരവും നെഞ്ചുവേദനയും തുടങ്ങി. അവിടെ ചെന്നെത്തുന്നതിനു ൭൦ ദിവസം യാത്ര ചെയ്യേണ്ടിവന്നു. കുക്കസിലെ മെത്രാനും ജനങ്ങളും ആദരപൂൎവ്വകം അദ്ദേഹത്തെ, സ്വീകരിക്കുകയുണ്ടായി. വി. യോഹന്നാൻെറ അവിടത്തെ താമസകാലത്തു ഗോത്തരുടേയും പാൎസികരുടേയും ഫ്നിഷ്യരുടേയും ഇടങ്ങളിലേക്ക സത്യവേദബോധകരെ അയച്ചു ആ ജാതിക്കാരിൽ അനവധി ജനത്തെ സത്യ തിരു സഭയിലേക്ക ചേൎത്തു.

അദ്ദേഹത്തിൻെറ ശത്രുക്കളുടെ ദ്വേഷം ഇതുകൊണ്ടൊന്നും അവസാനിച്ചില്ല. അവിടെനിന്നു കരിങ്കടലിനു സമീപെയുള്ള അറബിസ എന്ന സ്ഥലത്തേക്ക കൊണ്ടുപോകാൻ ചക്രവൎത്തിയെ കൊണ്ടു ഉത്തരവിടിയിച്ചു. അതിന്നായിട്ടു നിയോഗതന്മാരായ രണ്ടു സേവകന്മാരോടു നിശ്ചിത ദിവസയിട്ടുകൊണ്ടു അവിടെ എത്തിക്കണമെന്നും ഉപദ്രവം ഏല്പിച്ചു മരിക്കാറാക്കണമെന്നും അവർ ചട്ടം കെട്ടി. പോകുംവഴിക്ക് കൊമേനെ എന്ന സ്ഥലത്തു ചെന്നപ്പോൾ ആ വിശുദ്ധൻെറ ശക്തി അശേഷം ക്ഷയിച്ചു. എന്നിട്ടും അവർ നിൎബന്ധിച്ചു നടത്തി. ഒട്ടും നടക്കാൻ പാടില്ലാതായപ്പോൾ വേദത്തെപ്രതി മരിച്ച വി. ബസിലിക്ക് എന്ന ദേഹത്തിൻെറ തിരു ശേഷിപ്പുകൾ സ്ഥാപിച്ചിരുന്നതും വൈദികർ തങ്ങളുടെ പ്രാൎത്ഥനാലയമാക്കിയിരുന്നതുമായ ഒരു സ്ഥലത്താണ് താമസിപ്പിച്ചത്. അവിടെ വെച്ചു ആ രക്തസാക്ഷി അദ്ദേഹത്തിനു പ്രത്യക്ഷനായി "സഹോദര ഭയപ്പെടേണ്ട; നാളെ നമുക്ക ഒന്നിച്ചിരിക്കാം" എന്നു അറിയിച്ചു. ഈ സംഭവം ആ വിശുദ്ധനെ ദിവ്യാനന്ദങ്ങളാൽ പൂരിപ്പിക്കുകയുണ്ടായി. രാജസേവകന്മാർ ൪൦ നാഴിക കൂടെ അദ്ദേഹത്തെ നട

ത്താൻ വളരെ പണിപ്പെട്ടു. അത്യാസന്നാവസ്ഥ പ്രാപിച്ചിരുന്നതിനാൽ സാധിച്ചില്ല. കുറെ കഴിഞ്ഞു അദ്ദേഹം ചരമഗതിയെ പ്രാപിച്ചു (൧൪൦൭ സെപ്തംബർ ൧൪-ാംനു.)മരണത്തിന്നു മുമ്പായി ആ വിശുദ്ധൻ ഉടുത്തിരുന്ന വസ്ത്രങ്ങൾ മാറി വെള്ളവസ്ത്രങ്ങൾ ധരിച്ചു ദിവ്യ ചെമ്മരിയാട്ടിൻകുട്ടിയുടെ കല്യാണത്തിന്നു സന്നദ്ധനാകുകയും ഉപവാസമായി നിന്നു ദിവ്യകാരുണ്യം ഉൾകൊകയും ചെയ്തു. ഉപകാരസ്മരണ സ്തോത്രങ്ങളുടെ ശേഷം അദ്ദേഹം ചെയ്തുവരാറുള്ളതു പോലെ "ദൈവം സകലത്തിലും മഹത്വപ്പെട്ടട്ടെ, ആമേൻ" എന്നു ഉച്ചരിച്ചു സ്ലീവായടയാളം വരച്ചു കഴിഞ്ഞയുടനെയാണ് സമാധാനത്തിൽ മരിച്ചത്.

തിരുസഭയിലെ വേദാന്തശാസ്ത്രികളിൽ വെച്ചു വി. യോഹന്നാൻ അധി പ്രഖ്യാതനാണെന്നാണ് വിശുദ്ധന്മാരായ ആഗസ്തിനും പെലുസിമിലെഇസിദൊരും, നിലും അഭിപ്രായപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തിൻെറ അഗാധമായ ജ്ഞാനം ലോകം മുഴുവനെയും പ്രശോഭിപ്പിക്കുകയും അദ്ദേഹത്തിൻെറ കൃതികൾ ബഹു ഗ്രഢമായ വിഷയങ്ങളെ നമുക്കു മനസ്സിലാക്കിത്തരികയും ചെയ്യുന്നു. അദ്ദേഹം ദൈവരഹസ്യങ്ങളുടെ വിവേകിയായ വഖ്യാതാവും സുധമ്മങ്ങളുടെ ദീപാഷ്ഠിയുമായി സ്ഥിതി ചെയ്യുന്നു.

സാരാംശം—പ്രതിദിനം ദിവ്യപൂജ കാണുന്നതിന്നും ദിവ്യ കാരുണ്യം ഉൾകൊള്ളുന്നതിന്നും നാം അത്യുത്സാഹം വെക്കണം.

## മകരം (ജനവരി) ൨൯-ാംനു.

തിരുസഭയുടെ വേദപാഠകനും അലക്സാന്ത്ര്യാ പട്ടണത്തിലെ പാത്രിയക്കിസുമായ വി. ക്രുറിൽ (൪൪൪).

ദൈവപുത്രൻെറ മനുഷ്യാവതാരസത്യത്തെ പരിരക്ഷിക്കുന്നതിന്നു ദൈവം നിയോഗിച്ച ഒരു മഹാത്മാവാണ് ഈ വിശുദ്ധ ക്രുറിൽ. "മനുഷ്യാവതാരമെന്ന പരമരഹസ്യത്തിൻെറ പാരംഗതനായി ഇദ്ദേഹ സ്ഥിതിചെയ്യുന്നു"

എന്നു വി. തോമാസ് അകപിനാ എന്ന വേദ ശാസ്ത്രജ്ഞൻ സാക്ഷീകരിക്കുന്നു. അദ്ദേഹത്തിൻെറ പിതൃവ്യനും അലക്സ ന്ത്ര്യായിലെ പാത്രിയക്കീസുമായ ഥെയെഫീൽ എന്ന ദേഹ ത്തിൻെറ കീഴാണ് ക്രുറിൽ വിദ്യാശാസ്ത്രങ്ങൾ അഭ്യസിച്ചതു്. പൂൎവ്വപിതാക്കന്മാരിൽ നിന്നു പഠിച്ചു ഗ്രഹിച്ചിട്ടില്ലാത്ത യാ തൊരുപദേശവും പ്രബോധിക്കുകയില്ലായെന്നു അദ്ദേഹം സ്ഥിര പ്രതിജ്ഞ ചെയ്തിരുന്നുവെന്നു അദ്ദേഹംതന്നെ എഴുതിയിരിക്കു ന്നു. വേദഭ്രഷ്ടനായ ജൂല്യൻ ചക്രവൎത്തിക്കു എതിരായി അദ്ദേ ഹം എഴുതിയിട്ടുള്ള ഗ്രന്ഥങ്ങൾ, ക്രിസ്ത്യേതിരന്മാരുടെ കൃതികൾ അദ്ദേഹം ധാരാളം പാരായണം ചെയ്തിട്ടുണ്ടായിരുന്നുവെന്നു പ്ര ത്യക്ഷീകരിക്കുന്നു. തൻെറ കൃതികളിൽ ഭാഷാലങ്കാരങ്ങളെ അവ ഗണിക്കുന്നതായിട്ടാണ് അദ്ദേഹം തന്നെ പറയുന്നതു്.

൪൧൨-ൽ ഥെയൊഫീൽ എന്ന ദേഹം നിൎയ്യാതനായ പ്പോൾ ക്രുറിൽ തൽസ്ഥാനത്തിലേക്കു ഉയൎത്തപ്പെട്ടു: ആ ശ്രേ ഷ്ഠപദം പ്രാപിച്ചയുടനെ അലക്സന്ത്ര്യായിലുണ്ടായിരുന്ന നൊ വിൎത്ത്യാൻപതിതരുടെ ദേവാലയങ്ങൾ പൂട്ടുന്നതിന്നും അവകളി ലെ തിരുപാത്രങ്ങളും അലങ്കാരങ്ങളും കൈവശപ്പെടുത്തുന്നതി ന്നും തൻെറ പ്രാഭവം ഉപയോഗിക്കുകയുണ്ടായി. ഇതിനെ സം ബന്ധിച്ചു് അവരുടെ ആദരവ്യകാരനായ സൊക്രെത്തെ എന്ന ചരിത്രകാരൻ അദ്ദേഹത്തെ ആക്ഷേപിക്കുന്നുണ്ടു. ഏതു കാരണ ത്താലും ഏതു അധികാരത്തോടെയുമാണു അതു പ്രവൎത്തിച്ചതെ ന്നു് നമുക്കു ഗ്രാഹ്യമല്ല. അതിൻെറ ശേഷം അലക്സാൻറർ മഹാ ൻെറ കാലം മുതല്ക്കു പ്രാഭവത്തോടെ അവിടെ കുടി പാൎത്തുവ ന്ന യഹൂദന്മാരെയെല്ലാം കലഹമുണ്ടാക്കുന്നുയെന്നുള്ള കാരണ ത്തിന്മേൽ അവിടെനിന്നു നിഷ്കാസനംചെയ്തു. ഈപ്രവൃത്തി അ വിടത്തെ രാജപ്രതിനിധിയെ മുഷിപ്പിച്ചുവെങ്കിലും തെയൊദോ സി ചക്രവൎത്തി അതിന്നു അനുകൂലിയായിരുന്നു. രാജപ്രതിനിധി ക്കു വരുത്തിയ ഇഷ്ടകേടിനെ പരിഹരിക്കാൻ താൻ സന്നദ്ധനാ ണെന്നു വി. ക്രുറിൽ അദ്ദേഹത്തെ അറിയിക്കുകയുണ്ടായി. പ ക്ഷെ ആ ഉദ്യോഗസ്ഥൻ അതിന്നു ഒരുമ്പെട്ടില്ല. ഇതു് പല അ നൎത്ഥങ്ങൾക്കും ഹേതുകമായി ഭവിച്ചു. വിഗ്രഹസേവകീയായ

ഹിപ്പാത്ത്യാ എന്നൊരു സ്ത്രീ ആ പട്ടണത്തിൽ ഒരു ശാസ്ത്രാലയം സ്ഥാപിച്ചു തത്വശാസ്ത്ര പ്രസംഗങ്ങൾ നടത്തി വന്നു. അവളുടെ പ്രഖ്യാതി സൎവ്വത്ര വ്യാപിക്കുകയും ആ പ്രസംഗങ്ങൾ കേൾക്കാനും അവൾക്കു ശിഷ്യപ്പെടുവാനുമായിട്ടു നാനാദേശങ്ങളിൽനിന്നും അദ്ധ്യേതാക്കൾ ധാരാളം വന്നുകൊണ്ടിരിക്കുകയും ചെയ്തു. പ്രഥമഗണനീയന്മാരായ തത്വശാസ്ത്രികൾ പോലും അവൾ പ്രത്യേകം പാരംഗിയായിരുന്ന പ്ലേത്തോയുടെ ദൎശനങ്ങൾ സംബന്ധിച്ചു ആലോചിക്കാനായി വന്നിരുന്നു. രാജ്യാധികാരി അവളെ അത്യന്തം ആദരിക്കുകയും പലപ്പോഴും സന്ദൎശനം അനുവദിക്കുകയും ചെയ്തുവന്നു. ലോകത്തിലുള്ള പട്ടണങ്ങളിൽ വച്ചു് അന്നു രണ്ടാം സ്ഥാനം അൎഹിച്ചിരുന്ന ആ നഗരത്തിലെ സാധാരണ ജനം ശേഷം നഗരവാസികളെ അപേക്ഷിച്ചു് നിബന്ധന അനുസരിക്കാത്ത ഒരു വകുപ്പായിരുന്നു. രാജാധികാരി തങ്ങളുടെ പാത്രിയക്കീസിനോടു രമ്യപ്പെടാതിരിക്കുന്നതു അവളുടെ പ്രേരണ കൊണ്ടാണെന്നു അവൎക്കു തോന്നി ഒരുദിവസം അവൾ വണ്ടികയറി വഴിയെ പോകുകയിൽ അവർ അവളെ വണ്ടിയിൽനിന്നു പിടിച്ചിട്ടു തല്ലി മുറിപ്പെടുത്തി. ഇതു സംഭവിച്ചതു ൪൧൫-ലാണു. അതിനെക്കുറിച്ചു നല്ലവരെല്ലാവരും വിശേഷാൽ സാധുവായ പാത്രിയക്കീസും സന്താപിക്കയുണ്ടായി. ഏതാനും കാലത്തെയ്ക്കു വി. ക്കുറിലിനു വി. ക്രിസോസ്തമിനെപ്പററി അബദ്ധധാരണയാണുണ്ടായിരുന്നതു്. അതു തന്റെ പിതൃവ്യനായ തെയോഫിലിൽ നിന്നു കിട്ടിയ ചില ദുരഭിപ്രായങ്ങൾ നിമിത്തമായിരുന്നു. പെലുസിമിലെ വി. ഇസിദോരെന്ന ദേഹത്തിന്റെയും മററു ചിലരുടേയും പ്രതിവാദങ്ങൾ കൊണ്ടു അതു നീങ്ങുകയും ആ വിശുദ്ധന്റെ നാമം സുസ്മരയ്ക്കു അൎഹന്മാരായ പിതാക്കന്മാരുടെ ഗണത്തിൽ ദൈവാലയത്തിലെ പട്ടികയിൽ അദ്ദേഹം ചേൎത്തെഴുതുകയും ചെയ്തു. അതിൽ പിന്നെയാണു മാൎപ്പാപ്പായിൽനിന്നു സംയോജ്യതയുടെ ലേഖനം അദ്ദേഹത്തിനു കിട്ടുകയുണ്ടായതു്. ൪൨൮-ൽ അന്ത്യോഖ്യാക്കാരനായ നെസ്തോർ കോൺസ്തന്തീൻ പുരിയിലെ മെത്രാപ്പോലീത്തായായി ഭവിച്ചു. അയാളും അയാളുടെ അനുയായികളും ദൈവപുത്രൻ മനുഷ്യനായി

ജനിച്ചിട്ടില്ല; കന്യാസ്ത്രീ മറിയത്തിൽ ഉദ്ഭവിച്ച മനുഷ്യവ്യക്തിയിൽ വസിക്ക മാത്രമെ ചെയ്തയുണ്ടായുള്ളു; തന്നിമിത്തം കന്യാസ്ത്രീമറിയത്തെ ദൈവത്തിന്റെ മാതാവെന്ന അഭിധാനം ചെയ്യുന്നതു് പരമാബദ്ധമാണെന്നു് ഉപദേശിക്കുകയും പഠിപ്പിക്കുകയും ചെയ്തുവന്നു. ഈ അബദ്ധം എഴുത്തുകളാലും അയാൾ പ്രചരിപ്പിക്കാതിരുന്നില്ല. ജനങ്ങൾ അതു കേട്ടു ഭ്രമിച്ചുതുടങ്ങി. വി. പ്രോക്ലും, പിന്നീടു ദൊരിലെയുമിലെ മെത്രാനായ വി. എവുസേബിയും മററു വൈദികരും അയാളോടു ഇതിനെ സംബന്ധിച്ചു പ്രതിവാദങ്ങൾ നടത്തിയിട്ടും അയാൾ സമ്മതിക്കുന്നില്ലായെന്നു കണ്ടപ്പോൾ അയ്യാളോടുള്ള ഐക്യം അവർ വിട്ടു അയാളുടെ ചില പ്രസംഗങ്ങൾ വി. കുറിലിനു കിട്ടി. അദ്ദേഹം അതു വായിച്ചു നോക്കിയപ്പോൾ ആ അബദ്ധം കണ്ടുപിടിക്കുകയും സൌമ്യതയോടെ അയാളെ ഉപദേശിക്കുകയും ചെയ്തു. പക്ഷെ ഫലമൊന്നുമുണ്ടായില്ല. അഹംഭാവത്തോടും നിന്ദ്യമായുമാണു് അതിനു നെസ്തോർ മറുപടി കൊടുത്തതു്. തന്നിമിത്തം ഉഭയ കക്ഷികളും സെലസ്തീൻ മാർപാപ്പായെ പരാതി ബോധിപ്പിച്ചു മാർപാപ്പാ ഒരു സംഘം റോമായിൽ കൂട്ടി പരിശോധന കഴിച്ചശേഷം നെസ്തോറിന്റെ ഉപദേശം അബദ്ധമാണെന്നു ആക്ഷേപിക്കുകയും ആ നിർണ്ണയത്തെ പററി നെസ്തോറിനു അറിവു കിട്ടിയ ശേഷം പത്തു ദിവസത്തിനകം അതു് അപലപിക്കാത്തപക്ഷം സഭാശിക്ഷകളും സ്ഥാനഭ്രഷ്ടും കല്പിക്കുന്നതാണെന്നു് അറിയിക്കുകയും അതു നടത്തുന്നതിനു അവിടത്തെ പ്രതി പുരുഷനായി വി. കൂറിലിനെ അധികാരപ്പെടുത്തുകയും ചെയ്തു. വി. കൂറിൽ സഭാശിക്ഷയുടെ മൂന്നാമത്തെ അറിയിപ്പോടുകൂടെ നെസ്തോറിന്റെ വിശ്വാസനൈർമ്മല്യത്തെ നിർണ്ണയിക്കുന്നതിനായിട്ടു ൧൨ പ്രമേയങ്ങൾ എഴുതിയുണ്ടാക്കി നെസ്തോർ ഒപ്പിട്ടയക്കുന്നതിനു കൊടുത്തയച്ചു. നെസ്തോർ അതിനു മനസ്സാകാതെ മൂഢതയോടെ ശഠിച്ചു നില്ക്കുന്നുവെന്നു കണ്ടപ്പോൾ ഒരു പൊതു ആലോചന സംഘം കൂടി കാര്യം നിർണ്ണയിക്കുന്നതിനു അദ്ദേഹം തീർച്ചപ്പെടുത്തി. അതു ൪൩൧-ാം കാലം എഫേസുസ് പട്ടണത്തിലാണു സമ്മേളിച്ചതു്: അതിൽ

൨൦൦ മെത്രാന്മാർ സംബന്ധിക്കുകയുണ്ടായി. വി. ക്രുറിൽ മാർപാപ്പായുടെ സ്ഥാനപതിയായി അതിന്റെ അദ്ധ്യക്ഷം വഹിച്ചു. മൂന്നു പ്രാവശ്യം നെസ്തോറിനെ അതിലേക്കു ക്ഷണിക്കയുണ്ടായി. അയാൾ ആ പട്ടണത്തിൽതന്നെ ഉണ്ടായിരുന്നുവെങ്കിലും ഹാജരായില്ല. ആയതിനാൽ പിന്നെ അവർ അയാളുടെ പ്രസംഗങ്ങൾ വായിച്ചു പരിശോധിച്ചും സാക്ഷികളെ വിസ്തരിച്ചും അയാളുടെ ഉപദേശം അബദ്ധമാണെന്നു തീരുമാനിക്കുകയും അയാളെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു. ആറു ദിവസം കഴിഞ്ഞപ്പോൾ ൪൧ പൌരസ്ത്യ മെത്രാന്മാരോടുകൂടെ അന്ത്യോഖ്യാ പാത്രിയക്കിസായ യോഹന്നാൻ എന്ന ദേഹം എഫേസൂസിലെത്തി. അവർ നെസ്തോറിന്റെ അബദ്ധോപദേശത്തെ അനുകൂലിച്ചിരുന്നില്ലായെങ്കിലും തങ്ങളുടെ സ്വദേശിയായ നെസ്തോർ നിർദ്ദോഷിയാണെന്നുള്ള ധാരണ നിമിത്തം അയാളോടു അനുകമ്പയുള്ളവരായിരുന്നതിനാൽ സംഘത്തിൽ സംബന്ധിക്കാതെ ഒരു പ്രത്യേക സംഘമായി ചേർന്നു വി. ക്രുറിലിനു ശിക്ഷകൾ കല്പിക്കാൻ തുനിഞ്ഞു. ഇരുകൂട്ടരും ചക്രവർത്തിയുടെ പക്കൽ ആവലാതി ബോധിപ്പിച്ചു. ചക്രവർത്തിയുടെ ആജ്ഞാനുസൃതം രണ്ടുപേരും പാറാവിലാക്കപ്പെട്ടു. അതിൽ കിടന്നു കൂടുതൽ ഉപദ്രവം സഹിക്കേണ്ടിവന്നതു് വി. ക്രുറിലായിരുന്നു മാത്രമല്ല പ്രതിയോഗികളുടെ സേവാബലനിമിത്തം വി. ക്രുറിലിനെ രാജ്യഭ്രഷ്ടനാക്കാൻ കൂടെയും ചക്രവർത്തി കരുതുകയുണ്ടായി. സെലസ്റ്റീൻ മാർപാപ്പായുടെ മൂന്നു സ്ഥാനപതികളായി രണ്ടു മെത്രാന്മാരും ഫിലിപ്പു് എന്നു ഒരു പട്ടക്കാരനും അവിടെ വന്നെത്തുവാൻ ഇടയായതുകൊണ്ടാണു് അതു തടയപ്പെട്ടതു്. സ്ഥാനപതികളുടെ ആഗമനത്തോടെ ക്രുറിലിനു അനുകൂലമായി കാര്യങ്ങൾ ഭേദപ്പെട്ടു. ആ സ്ഥാനപതികളുടെ പരിശോധനയിൽ നെസ്തോർ അപരാധനാണെന്നുള്ള വസ്തുത സ്ഥിരപ്പെടുകയും, വി. ക്രുറിലിന്റെ പ്രവൃത്തികളെ അവർ ശ്ലാഘിക്കുകയും അദ്ദേഹത്തിന്റെമേൽ ഉണ്ടായ വിധി അബദ്ധമാണെന്നു തീരുമാനിക്കുകയും ചെയ്തു. ഇങ്ങനെ ക്രുറിലിനു ആദരവായി കാര്യങ്ങൾ അവസാനിച്ചുവെങ്കിലും മുൻപറഞ്ഞ പൌരസ്ത്യമെത്രാന്മാർ ഏതാനും കാലം പിന്നെ

യും ഭിന്നിച്ചു നിന്നിരുന്നു. ഒടുവിൽ ൪൩൩-ൽ അവരും ക്രൂറിലിനോടു ചേൎന്നു നെസ്തോറിനെ ശപിച്ചു സത്യവിശ്വാസം സ്വീകരിക്കുകയുണ്ടായി. നെസ്തോർ സ്ഥാനഭ്രംശനാക്കപ്പെട്ടു അന്ത്യോഖ്യായിൽ സ്വന്ത ആശ്രമത്തിൽ താമസിച്ചുവന്നു. അന്ത്യോഖായുടെ മെത്രാനായ യോഹന്നാനും നെസ്തോറും മുമ്പു സൌഹാൎദ്ദത്തിലാണു വൎത്തിച്ചുവന്നിരുന്നതെങ്കിലും ദുൎബോധനയില്ലുള്ള അയ്യാളുടെ ശാഠ്യവും നിൎബന്ധവും കണ്ടു ചക്രവൎത്തിയോടു അപേക്ഷിച്ചു അയാളെ അവിടെനിന്നു നിഷ്കാസനം ചെയ്യിച്ചു. ചക്രവൎത്തി അയാളെ ദേശാന്തരിയായി ഉത്തര ഈജിപ്തിലുള്ള ഓസിസ് എന്ന സ്ഥലത്തേക്കു അയക്കുകയുണ്ടായി. അവിടെ കിടന്നു നിൎഭാഗ്യനായി അയ്യാർ അന്തരിച്ചു. ക്രൂറിൽ സാധുത്വവും പൌരുഷവും നിൎഭയത്വവും കൊണ്ടു തന്റെ പ്രതിയോഗിയെ ജയിച്ചു അലക്സാന്ത്ര്യായിലേക്കു മടങ്ങുകയും സത്യത്തെപ്രതി കഷ്ടനഷ്ടങ്ങൾ സഹിക്കാൻ സംഗതിയായതിനെ പററി കൃതാൎത്ഥനായി ദൈവത്തിനു സ്തോത്രം ചെയ്യുകയും ചെയ്തു. അതിന്റെ ശേഷം ൧൩ സംവത്സരം കത്തോലിക്കാ വിശ്വാസം നിഷ്കളങ്കം പാലിക്കുന്നതിലും തന്റെ അജഗണത്തിൽ സമാധാനവും ഐക്യവും പ്രവൎദ്ധിപ്പിക്കുന്നതിലും തന്റെ ഉദ്യോഗത്തിന്റെ കൎമ്മങ്ങളും ധൎമ്മങ്ങളും സ്തുത്യൎഹമാംവണ്ണം അനുഷ്ഠിക്കുന്നതിലും ഉദ്യുക്തനായിരുന്നു ൪൪൪-ൽ ചരമഗതിയെ പ്രാപിച്ചു. ഈ വിശുദ്ധനെ, "ലോകത്തിലെ മഹാവേദപാഠകനെന്നു", അലക്സാന്ത്ര്യരും, ഗൊപ്തരും, എത്യോപ്യരും ഒന്നുപോലെ പ്രഘോഷിക്കുന്നു. വി. സെലസ്തീൻ മാർപാപ്പാ "തിരുസഭയുടേയും സത്യവിശ്വാസത്തിന്റെ മഹാ പരിരക്ഷകനും ആധാരവുമായ ഒരു മഹാത്മാവാണു" എന്നാണു അഭിധാനം ചെയ്തിരിക്കുന്നതു.

ഈ വിശുദ്ധൻ പല ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടു. ദിവ്യ കാരണത്തോടു അദ്ദേഹത്തിനുണ്ടായിരുന്ന മഹാ ഭക്തി നിമിത്തം തന്റെ കൃതികളിൽ അതിന്റെ സ്വീകരണത്തിൽനിന്നുണ്ടാകുന്ന വിവിധങ്ങളായ ഗുണഗണങ്ങളെ പ്രത്യക്ഷീകരിക്കുകയും അതിനെ ഉൾക്കൊള്ളുമ്പോൾ അധ്യാത്മികമായി മാത്രമല്ല ശാരീരികമായും അതിനോടു നാം ഐക്യമാകുന്നുവെന്നും വാദിച്ചിരി

ക്കുകയും ചെയ്യുന്നു. തുല്യമായ ഒരു ഭക്തിയും ആദരവുമാണു പരിശുദ്ധ കന്യാസ്ത്രീ മറിയത്തോടും അദ്ദേഹത്തിനുണ്ടായിരുന്നതു്. തന്നിമിത്തം അദ്ദേഹത്തിൻെറ പത്താമത്തെ പ്രസംഗത്തിൽ ദൈവത്തിൻെറ. മാതാവെന്നുള്ള അത്യുന്നത നാമധേയത്താൽ ആ നാഥയെ അതിൽ പല ഭാഗങ്ങളിലും പ്രഘോഷിച്ചശേഷം ഈ വാക്യങ്ങളാൽ ആ മഹതിയെ അഭിവാദ്യം ചെയ്തിരിക്കുന്നു. "ദൈവത്തിൻെറ മാതാവായ മറിയമെ, നിനക്കു



ഈ മഹാത്മാവു ദൈവമാതാവിനെപ്പററി എഴുതിയുണ്ടാക്കിയ ഗ്രന്ഥങ്ങളെ പരിശോധിക്കുന്നതു്.

സ്വസ്തി. ലോകത്തിൻെറ മഹാ നിക്ഷേപവും കെടാത്ത ദീപവും കന്യകത്വത്തിൻെറ കിരീടവും, സത്യ വിശ്വാസത്തിൻെറ അധിപതിയും, നശിച്ചു പോകാത്ത ദൈവാലയവും യാതൊരു സ്ഥലവും അടക്കിക്കൊള്ളുവാൻ സാധിക്കാത്തവൻെറ ഭവനവും,

മാതാവും, കന്യകയും, അനുഗ്രഹിതനായി ദൈവനാമത്തിൽ വന്നാവുൻ ഉത്പാതിക്കുന്നതിനുള്ള കാരണവും നീ ആകുന്നു. അനുതിയില്ലാത്തവനും അഗ്രാഹ്യനുമായുള്ളോനെ നിന്റെ കന്യകോദരത്തിൽ ഉള്ളടക്കി വെച്ചിരുന്ന മറിയമെ നമഃ. നീവഴിയായി പരിശുദ്ധാത്മ ത്രീതപത്തിലെ മൂന്നാളുകളും സ്തുതിക്കപ്പെട്ടുകയും ആരാധിക്കപ്പെട്ടുകയും, നീവഴിയായി തിരു സ്ലിവാ, ബഹുമാനിക്കപ്പെട്ടുകയും, നീ വഴിയായി സ്വൎഗ്ഗം സന്തോഷിക്കുകയും, ദൈവദൂതന്മാരും അതി ദൈവദൂതന്മാരും ആനന്ദിക്കുകയും പിശാചുക്കൾ പലായനം ചെയ്യുകയും, പരിക്ഷകന്റ അപജയം വന്നുകൂടുകയും അതഃപ്പതിച്ച സൃഷ്ടികൾ സത്യം ഗ്രഹിച്ചു സ്വൎഗ്ഗം പ്രാപിക്കുകയും ആധ്യാത്മികസ്ഥാനം ഏല്ക്കുകയും ആനന്ദത്തിന്റെ തൈലം നൽകപ്പെട്ടുകയും ലോകമെങ്ങും ദൈവാലയങ്ങൾ സ്ഥാപിക്കപ്പെട്ടുകയും ജാതികൾ അനുതപിക്കുകയും ചെയ്യുന്നു. സംക്ഷേപണ നീ വഴിയായിട്ടാണ് അന്ധകാരത്തിലും മരണനിഴലിലും ഇരിക്കുന്നവൎക്ക് ദൈവത്തിന്റെ ഏകജാതൻ വെളിച്ചത്തെ പ്രകാശിപ്പിച്ചിട്ടുള്ളത്.........അതിസ്ലാഘ്യയായ മറിയത്തെ യോഗ്യമാംവണ്ണം പ്രഘോഷിക്കാൻ വശമുള്ളവൻ ആരാണുള്ളത്."

സാദ്ധ്യം നമ്മുടെ ദിവ്യ രക്ഷിതാവിന്റെ മാനുഷാവതാരത്തെ അനുസ്മരിപ്പിക്കുന്നതായ ത്രീകാലജപം മുടക്കം കൂടാതെയും ഭക്തിപൂൎവകവും ജപിക്കണം.

---

## മകരം (ജനുവരി) ൨൯-ാംനു-

മെത്രാനും വന്ദ്യനുമായ വി. ഫ്രാൻസീസ് സാലേസ് (ഫ്രന്ത്യ.വ.)

ഫ്രാൻസിസ് സാലേസ് ഫ്രാൻസിൽ ചേൎന്ന അന്നേസി പട്ടണത്തിനു സമീപമുള്ള സാലേസ് കോട്ടയിൽ മഹാ ദൈവഭക്തന്മാരായ മാതാപിതാക്കന്മാരിൽ നിന്നു ൧൫൬൭-ചിങ്ങമാസം ൨൧-ാംനു- ജാതനായി. അദ്ദേഹത്തെ ഗൎഭം ധരിച്ച ൭-ാം മാസത്തിലാണു പ്രസവിച്ചത്. തന്നിമിത്തം അദ്ദേഹത്തിന്റെ

വളത്തിൽ മാതാപിതാക്കന്മാർ ഒട്ടധികം ക്ലേശങ്ങൾ സഹി ക്കേണ്ടിവരികയും ഒന്നിലധികം പ്രാവശ്യം ഭിഷഗ്വരന്മാക്കപോലും അദ്ദേഹം ജീവിക്കുന്ന കാൎയ്യത്തെപ്പററി ശങ്കിക്കുകയും ചെയ്യുയുണ്ടായി. പ്രകൃത്യാ അദ്ദേഹം ബാല്യം മുതല്ക്കേ സുശീലനും കുശല ബുദ്ധിയും അടക്കമൊതുക്കമുള്ളവനും മാതാപിതാക്കന്മാരോടും ഗുരുക്കന്മാരോടും വളരെ അനുസരണയുള്ളവനുമായിരുന്നു. അദ്ദേഹത്തിൻെറ മാതാവു് ഈ സദ്ഗുണങ്ങളെ പോഷിപ്പിച്ചും വന്നു. അവർ ദേവാലയത്തിലേക്കു പോയിരുന്നപ്പോഴൊക്കെയും ആ ബാലനെ കൂടെ കൊണ്ടുപോകുകയും വേദാച്ചനം സംബന്ധിച്ച എല്ലാ കാൎയ്യങ്ങളിലും ഒരു ആദരവും അഭിരുചിയും തൻെറ വത്സലനിൽ ജനിപ്പിക്കുകയും, വിശുദ്ധന്മാരുടെ ജീവചരിത്രങ്ങളെ വായിച്ചു കേൾപ്പിച്ചു. ആ ബാലൻെറ ശക്തിക്കു അനുസൃതങ്ങളായ ചിന്തകളെ അനുമാനിക്കുകയും ചെയ്തുകൊണ്ടു ഉത്തമ ക്രിസ്തീയ ജീവിത വാഞ്ഛയെ തൻെറ പുത്രനിൽ പുലത്തിവന്നു. ആ മഹതി ദീനരെ സന്ദശിക്കാൻ പോയിരുന്നപ്പോഴും തൻെറ പ്രിയപുത്രനെ കൂടെ കൊണ്ടുപോകുകയും അവനെകൊണ്ടു സാധിക്കുന്ന ചില്ലറ പരികമ്മങ്ങളെ ചെയ്യിക്കുകയും അവക്കു കൊടുക്കാൻ കരുതിയിരുന്ന ധമ്മസഹായം അവൻെറ കയ്യിൽ കൊടുത്തു കൊടുപ്പിക്കുകയും ചെയ്യും. പുണ്യവതിയായ ആ മാതാവിൻെറ പ്രയത്നത്തിനു സകലത്തിനും അനുയോജിച്ചായിരുന്നു ഫ്റാൻസീസിൻെറ പ്രവൃത്തികളും. തൻെറ പ്രായം കവിഞ്ഞവിധമുള്ള ബോധയടത്തോടെയാണു ആ ബാലൻ തൻെറ ഭക്തികൃത്യങ്ങളെ നിറവേററി വന്നതു്. സാധുക്കളെ കണ്ടാൽ തൻെറ കൈവശമുള്ളതൊക്കയും അവക്കു കൊടുക്കും. ഒന്നുമില്ലാതെ വരുന്ന അവസരങ്ങളിൽ മാതാപിതാക്കന്മാരോടു യാചിച്ചു വല്ലതും വാങ്ങി അവക്കു കൊടുക്കാതിരിക്കയില്ല. അദ്ദേഹം മഹാ പരമാത്ഥിയായിരുന്നതിനാൽ ഒരിക്കലും ഒരു ചെറിയ നുണപോലും പറഞ്ഞിരുന്നില്ല. അങ്ങനെ ചെയ്യുന്നതിൽപരം എന്തു ശിക്ഷയെങ്കിലും അനുഭവിക്കാൻ സന്നദ്ധനായിരുന്നു. ഇപ്രകാരമായിരുന്നു അദ്ദേഹത്തിൻെറ ബാല്യത്തിലെ വ്യാപാരം.

പ്രാഥമിക വിദ്യാഭ്യാസം സ്വദേശത്തുതന്നെ ചെയ്തശേഷം മഹാ സമൎത്ഥന്മാരായ ഉപാദ്ധ്യായന്മാർ പഠിപ്പിച്ചുവന്നുവരിലെ വിദ്യാലയത്തിലേക്കു പിതാവു അദ്ദേഹത്തെ അയക്കുകയുണ്ടായി. അവിടെ സാഹിത്യവും തൎക്കശാസ്ത്രവും തത്വശാസ്ത്രവും പഠിച്ചറിഞ്ഞശേഷം ഒരു മാന്യൻ ഗ്രഹിച്ചറിഞ്ഞിരിക്കേണ്ട മുറകളും സംഗതികളും ഗ്രഹിപ്പിക്കുന്ന അവിടത്തെ വിദ്വത്പരിഷത്തിൽ പിതാവിന്റെ ആജ്ഞാനുസൃതം ചേൎന്നു. അതിൽ നടത്താറുള്ള വിവിധ പ്രവൃത്തികളിൽ അദ്ദേഹത്തിനു വലിയ രസമൊന്നുമുണ്ടായിരുന്നില്ലാ. എങ്കിലും പിന്നീടു എല്ലാദ്ദിക്കിലും അദ്ദേഹത്തിൽ വിലസിക്കൊണ്ടിരുന്ന സദ്ഗുണശീലം അതിൽ വെച്ചു പരിശീലിക്കയുണ്ടായി. ഈ വിധ ജോലികളുടെയിടയിൽ പോലും ഫ്രാൻസീസ് തന്റെ ഭക്തികൃത്യങ്ങളിൽ മഹാ ഉത്സാഹിയായിരുന്നു. വേദാഗമങ്ങളെ വായിച്ചു ധ്യാനിക്കുന്നതായിരുന്നു തന്റെ പരമ സന്തോഷം. ആ ദിവ്യഗ്രന്ഥം കഴിഞ്ഞാൽ പിന്നെ അദ്ദേഹത്തിനു ചിത്താകൎഷമായിരുന്നതു "അദ്ധ്യാത്മിക യുദ്ധം" എന്ന ചെറിയ പുസ്തകമാണ്. അതിനെ സദാ ദന്നോട്ടുകൂടെ കൊണ്ടു നടന്നിരുന്നു. അക്കാലത്തു അദ്ദേഹം കൂടക്കൂടെ നമസ്കരിക്കാൻ പോയിരുന്ന വി. എസ്തപ്പാന്റെ ദേവാലയത്തിൽ വെച്ചു ആയുഷ്കാലം മുഴുവനും വിരക്തനായിരിക്കുന്നുണ്ടെന്നുള്ള വ്രതം ചെയ്യുകയുണ്ടായി. അതേകാലത്തു മഹാ താപജനകമായ ഒരു പരിശോധന അദ്ദേഹത്തെ അത്യധികം കഷണിപ്പിച്ചു. ഒരു ഇരുണ്ട മേഘപടലം അദ്ദേഹത്തിന്റെ ഉള്ളിൽ കടന്നുകൂടുകയും, അതുവരെയും അദ്ദേഹം അനുഭവിച്ചുവന്ന സമാധാനത്തിനു പകരം മഹാ ഒരു ആകുലതയും നിരാശയും സ്ഥലം പിടിക്കുകയും ചെയ്തു. താൻ അത്യധികം സ്നേഹിച്ചിരുന്ന ദൈവം, തന്നെ നരകശിക്ഷാൎഹന്മാരുടെ ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുകയാണെന്നുള്ള ആകുലചിന്ത അദ്ദേഹത്തെ അത്യധികം ക്ലേശിപ്പിക്കയുണ്ടായി. ആ ഭയാനകമായ ചിന്ത എത്രമാത്രം അദ്ദേഹത്തെ പീഡിപ്പിച്ചിരുന്നുവെന്നു വൎണ്ണിക്കാൻ പ്രയാസം. അനുഭവസ്ഥന്മാൎക്കേ അതു ഗ്രഹിക്കാൻ സാധിക്കുകയുള്ളൂ. തന്നിമിത്തം രാവും പകലും അദ്ദേഹം കരഞ്ഞു വന്നു.

അദ്ദേഹത്തിന്റെ ശരീരം മെലിഞ്ഞു തൊലി അസ്ഥിയോടു ഒട്ടിപ്പോയി. തിന്നുന്നതിന്നും, കുടിക്കുന്നതിന്നും, ഉറങ്ങുന്നതിന്നും പാടില്ലെന്നായി. ഒടുവിൽ തിരമാലകൾ നീത്തി സമാധാനം വരുത്തുമാറു ദൈവം കടാക്ഷിച്ചു. ദൈവജനനിയുടെ ഒരു പടത്തിൻ മുമ്പാകെ മുട്ടുകുത്തി ആ ദിവ്യനാഥയോടു തന്റെ മരണശേഷം, എന്നന്നേയ്ക്കും ദ്വേഷിക്കേണ്ടിവരുമെന്ന ആ നല്ല ദൈവത്തെ ഇഹത്തിൽവെച്ചെങ്കിലും മുഴു ഹൃദയത്തോടെ സ്നേഹിക്കാൻ സംഗതിവരുത്തണമെ എന്നു പ്രാൎത്ഥിച്ചതിനോടുകൂടെ മനോധൈൎയ്യം പ്രാപിക്കുകയും വിഷാദം നീങ്ങുകയും പൂൎവ്വസമാധാനാവിൎഭാവമുണ്ടാകുകയും ചെയ്തു.

അനന്തരം ഫ്രവ്വർ-ൽ തന്റെ പിതാവു് അദ്ദേഹത്തെ അവിടെനിന്നു വിളിച്ചു നീതിശാസ്ത്രാദ്ധ്യായനത്തിന്നായി പാദ്വാ പട്ടണത്തിലേക്കയച്ചു. അവിടെ അദ്ധ്യായനം ചെയ്തുവന്ന യുവാക്കന്മാരുടെ വഷളത്വത്തിൽ പതിയാതെ ഫ്രാൻസിസ തന്റെ ആത്മ നിൎമ്മലതയെ നിഷ്കളങ്കം പാലിച്ചുവന്നു. ആ പഠനം പൂൎത്തിയാക്കിയ ശേഷം അദ്ദേഹം റോമാ പുരിയിലേക്കു പോയി. അതിന്റെ പ്രധാനോദ്ദേശം ആ മഹാ നഗരത്തിലുള്ള തിരുസ്ഥലങ്ങളെ സന്ദൎശിക്കേണ്ടതിലേക്കായിരുന്നു. റോമായിൽ നിന്നു ലോരെത്തിലേക്കു തിരുയാത്രയായി പോകുകയും ഇത്താല്യയിലെ പ്രധാന പട്ടണങ്ങളെ സന്ദൎശിക്കുകയും ചെയ്തു. അതു കഴിഞ്ഞു സ്വദേശത്തേക്കു തിരിച്ചു ചെന്നപ്പോൾ അദ്ദേഹത്തിന്റെ ബന്ധുമിത്രങ്ങൾ മഹാ ആനന്ദത്തോടെയും സന്തോഷത്തോടെയുമാണു അദ്ദേഹത്തെ സ്വീകരിക്കുകയുണ്ടായതു്. കുറേക്കാലമായിട്ടു വൈദികാന്തസ്സിൽ പ്രവേശിക്കണമെന്നുള്ള താല്പൎയ്യം അദ്ദേഹത്തിൽ അങ്കുരിച്ചിരുന്നു. പക്ഷെ അദ്ദേഹം ആ കുടുംബത്തിലെ ജ്യേഷ്ഠപുത്രനായിരുന്നതിനാൽ തന്റെ പിതാവിനു വേറെ ഉദ്ദേശങ്ങളാണു ഉണ്ടായിരുന്നതു്. പുണ്യവാൻ ആ വശ്യടൊത്തിന്നു അയാളെക്കൊണ്ടു വിവാഹം ചെയ്യിക്കുന്നതിന്നു ശാമ്പറി പ്രദേശത്തെ ആലോചന സഭയിൽ ഒരു ഉദ്യോഗത്തിലാകുന്നതിന്നു പിതാവു ഏൎപ്പാടു ചെയ്തു രണ്ടിനും ഫ്രാൻസീസ് വിസമ്മതിക്കയാണുണ്ടായതു്. അദ്ദേഹത്തിന്റെ മുട്ടി

ച്ചുള്ള അപേക്ഷ നിമിത്തം വൈദികാന്തസ്സിൽ പ്രവേശിക്കുന്നതിനുള്ള അനുവാദം ലഭിച്ചു. അതിൽ പ്രവേശിച്ചിട്ടു അധികം താമസിയാതെതന്നെ ജെനിവായിലെ പള്ളിയുടെ അധികൃതനാക്കപ്പെട്ടു. അനന്തരം അവിടത്തെ മെത്രാൻ അദ്ദേഹത്തിന്നു ആറു പട്ടം കൊടുത്തു ആ പള്ളിയിലെ ധർമ്മോപദേശിയായി നിയമിച്ചു. അദ്ദേഹത്തിൻെറ ആദ്യധർമ്മോപദേശങ്ങൾ ശ്ലാഘ്യങ്ങളും സൽഫലങ്ങളെ ഉളവാക്കുന്നവകളുമായിരുന്നു. അനന്തരം ഗുരുപട്ടം ഏല്ക്കുന്നതിന്നു ഭക്തിപുരസ്സരം മഹാതീക്ഷ്ണതയോടെ, അദ്ദേഹം സന്നദ്ധനായതിനാൽ അതിൻെറ പരിഗ്രഹണത്തോടെ പരിശുദ്ധാത്മാവിൽ നിന്നുള്ള പൌരോഹിത്യ വരങ്ങൾ സംപൂർണ്ണമായി പ്രാപിക്കുകയും പ്രതിദിനം ദിവ്യപൂജ അൎപ്പിക്കുന്നുണ്ടെന്നു അന്നു പ്രതിജ്ഞ ചെയ്യുകയും ചെയ്തു. ആ പ്രതിജ്ഞയെ ദൈവദൂതന്മാൎക്കു യോഗ്യമായ ഭയഭക്തിയോടെ പ്രതിദിനം ദിവ്യ പൂജ അൎപ്പിച്ചുകൊണ്ടു തൻെറ ആയുഷ്കാലം മുഴുവനും കൃത്യമായി അദ്ദേഹം അനുവൎത്തിച്ചുവന്നു. ദിവ്യപൂജാൎപ്പണാശേഷം തന്നോടു പാപസങ്കീൎത്തനം ചെയ്യുവാൻ അപേക്ഷിച്ചുവന്നവരുടെയൊക്കെയും പാപസങ്കീൎത്തനം കേൾക്കും. അനന്തരം ഗ്രാമവാസികളും തന്നിമിത്തം അജ്ഞന്മാരുമായവരെ ഉപദേശിക്കുന്നതിന്നായിട്ടു ഗ്രാമപ്രദേശങ്ങളിൽ ചുററി സഞ്ചരിക്കുകയും, ഒരു പിതാവെന്നപോലെ അവരോടു വൎത്തിക്കുകയും അവരെ തൻെറ മക്കളായിട്ടു കരുതി പ്രവൎത്തിക്കുകയും ചെയ്തുവന്നു. ഏതുവിധ വിരോധങ്ങളിലും അനിഷ്ടങ്ങളിലും അദ്ദേഹം കാണിച്ചുവന്ന ക്ഷമയും സൌമ്യതയും മാധുൎയ്യസ്വഭാവവും അവരുടെ സ്നേഹാദരവുകൾക്കു അദ്ദേഹത്തെ പാത്രീഭൂതനാക്കി.

ജെനിവായുടെ പരിസരപ്രദേശങ്ങളിൽ വ്യാപിച്ചിരുന്ന കാൽവീൻ പാഷണ്ഡോപദേശത്തെ നാമാവശേഷമാക്കേണ്ടതാണെന്നു പലൎക്കും തോന്നിയിരുന്നു. പക്ഷെ അതു അസാദ്ധ്യമായിട്ടാണു കാണപ്പെട്ടതു്. എങ്കിലും നമ്മുടെ കഥാനായകനും അദ്ദേഹത്തിൻെറ ഒരു സംബന്ധിയുംകൂടി ഫ്രബ്രർ-ൽ ദൈവത്തിൽ ശരണം പ്രാപിച്ചു് ആ ഉദ്യമത്തിന്നായി പുറപ്പെട്ടു പല കഷ്ടതകളും വിപത്തുകളും സഹിച്ചു ഏഴു കത്തോലിക്കർ മാത്രമുണ്ടായി

രുന്ന അവരുടെ പ്രധാന പട്ടണമായ ഥനോനിൽ ചെന്നുപററി. ആരംഭത്തിൽ കൽവീനർ അവരോടുള്ള സംഭാഷണം പോലും വ ജ്ജിച്ചുവന്നു. അദ്ദേഹത്തിന്നു ജീവഹാനിവരുത്തുവാൻകൂടി അവർ ഉദ്യമിക്കയുണ്ടായി. പക്ഷെ ആ വിഷമതകളൊക്കെ അദ്ദേഹ ത്തിൻെറ വേദാകാംക്ഷയെ പ്രവദ്ധിപ്പിച്ചതേയുള്ളു. ഒടുവിൽ സ ത്യം ജയിക്കുകയും അതിൻെറ പ്രശോഭ അന്ധകാരത്തെ ധ്വംസി ക്കുകയും ചെയ്തു. ക്രമേണ കൽവീനരുടെ ദുർഭിപ്രായം മാറുകയും അവർ കൂട്ടം കൂട്ടമായി ആ വിശുദ്ധൻെറ പ്രസംഗങ്ങൾ കേൾ ക്കാനായി വരികയും ചെയ്തുതുടങ്ങി. അവർ പാഷണ്ഡ തത്വങ്ങ ളെ അപലപിക്കാതിരിക്കാൻ അവരുടെ വേദശുശ്രൂഷകന്മാർ ക ഴിയുന്നത്ര പ്രയാസപ്പെട്ടിരുന്നുവെങ്കിലും പലരും പാഷണ്ഡത്തെ പരിത്യജിച്ചു കത്തോലിക്കാ തത്വങ്ങളെ സ്വീകരിക്കയുണ്ടായി. ഒ ടുവിൽ വി. ഫ്രാൻസീസിന്നു അവിടത്തെ, വി. ഹിപ്പോലിത്തി ൻെറ ദേവാലയം സ്വാധീനപ്പെടുത്തുന്നതിന്നും അതിൽ ദിവ്യപൂ ജ അപ്പിക്കുന്നതിന്നും കത്തോലിക്കരാകാൻ വരുന്നവരുടെ സം ഖ്യ പ്രതിദിനം വദ്ധിച്ചു വരുന്നതുകാണുന്നതിന്നുമുള്ള ഭാഗ്യം സി ദ്ധിച്ചു. അന്നു അവിടെയുണ്ടായിരുന്ന പാഷണ്ഡോപദേഷ്ടാവായ ഥെയോദോർബേസാ എന്നയാളെ മാനസാന്തരപ്പെടുത്തുന്നതി ന്നു പ്രയാസപ്പെടണമെന്നു നമ്മുടെ വിശുദ്ധനോടു ക്ലെമെൻ്റ് അ ഷ്ടമനെന്ന മാർപാപ്പാ കല്പിക്കുകയാൽ അദ്ദേഹം അയാളെ ചെ ന്നുകണ്ടു പല വാദങ്ങൾ നടത്തുകയുണ്ടായി. അയാൾക്കു നില യില്ലാതെയായി; എങ്കിലും ഫലമൊന്നുമുണ്ടായില്ല. അയാൾ ആ കക്ഷിയുടെ തലവനായിരുന്നതിന്നും പുറമെ പാഷണ്ഡതത്വത്തെ അപലപിക്കുന്നതിന്നു വേണ്ട മനോമീനത അയാൾക്കു ഉണ്ടാ യിരുന്നില്ല. ആ പട്ടണത്തിൽ ആക്കാലത്തു പടന്നു പിടിച്ച സാം ക്രമിക രോഗം വി. ഫ്രാൻസീസിൻെറ വേദതീക്ഷ്ണതയേയും പരസ്നേഹത്തേയും പ്രത്യക്ഷീകരിക്കുന്നതിന്നുള്ള ഹേതുകമായി ഭവിച്ചു. രോഗികളുണ്ടെന്നു കേട്ട സ്ഥലങ്ങളിലെല്ലാം ചെ ന്നു ആത്മീകവും ശാരീരികവുമായി ആവശ്യപ്പെട്ട സഹായങ്ങ ളൊക്കയും അദ്ദേഹം ചെയ്തുകൊടുത്തുവന്നു. തന്നിമിത്തം ആ പ്രദേശം ആസകലം കത്തോലിക്കാ മതം അവലംബിക്കുകയും

മററു ചില സഹായികളുടെ സഹകരണത്തോടെ കത്തോലിക്കാ ഇടവകകളെ അവിടെ സ്ഥാപിക്കുന്നതിന്നു സംഗതിയാകുകയും ചെയ്തു. ൧൬൦൮-ാം കാലത്തോടെ അവിടെയും മററു രണ്ടു പരിസരപ്രദേശങ്ങളിലുംനിന്നു കൽവിൻ അബദ്ധോപദേശം നിശ്ശേഷം ഇല്ലാതാകുകയും ആ ദേശവാസികൾ പരസ്യമായി സത്യവിശ്വാസം സ്വീകരിക്കുകയും ചെയ്തു.



ഈ വിശുദ്ധൻ ധ്യാനിക്കുന്നതു്.

ജെനിവായിലെ മെത്രാൻ, സവോയി പ്രഭുവിൻേറയും മാർപാപ്പായുടെയും സമ്മതത്തോടെ വി. ഫ്റാൻസീസിനെ തൻെറ സഹായ മെത്രാനാക്കാൻ തീർച്ചപ്പെടുത്തി. ആ ഉന്നതസ്ഥാനം സ്വീകരിക്കാൻ ആദ്യം ആ വിശുദ്ധൻ വിസമ്മതിച്ചുവെങ്കിലും പിന്നീടു മേധാവികളുടെ മനസ്സിന്നു വിരോധിച്ചുനില്ക്കുന്നതു ദൈവതിരുമനസ്സിനെ വിരോധിക്കുന്നതാണെന്നുള്ള ഏക കാരണത്തിന്മേൽ അതിന്നു സമ്മതിച്ചു. ഇക്കാലത്തു ആ വിശുദ്ധൻെറ

പിതാവു ആസന്നമരണാവസ്ഥയിലായതിനാൽ അദ്ദേഹത്തെ പുണ്യവാൻ കാണ്മാൻ പോകുകയും അതിൽ തനിക്കുണ്ടായ അധികമായ ദുഃഖത്തെ വകവെയ്ക്കാതെ അന്ത്യകൎമ്മങ്ങളെല്ലാം പിതാവിന്നു അദ്ദേഹംതന്നെകൊടുക്കുകയും നല്ലമരണത്തിന്നു അദ്ദേഹത്തെആയത്തമാക്കുകയുംചെയ്തു. ഏതാനുംകാലം കഴിഞ്ഞപ്പോൾ മേൽ പ്രസ്താവിച്ച പ്രദേശങ്ങളോടു തൊട്ടുകിടക്കുന്നതും, ഫ്രഞ്ചു രാജാക്കന്മാരുടെ വകയുമായിരുന്ന ഷെക്സ് സംസ്ഥാനത്തുള്ള പാഷണ്ഡികളുടെ മാനസാന്തരത്തിനു വേണ്ടി, വേലചെയ്യുവാനുള്ള അനുവാദത്തിനായി ഹെൻറിചതുൎത്ഥൻ എന്ന രാജാവിനെ കാണ്മാൻ അദ്ദേഹം പാരിസിൽ എത്തി. അപ്പോൾ പാരിസിലെ നിവാസികൾ അദ്ദേഹത്തിന്റെ അനന്യസാധാരണമായ യോഗ്യതക്കു അനുരൂപമായ ആദരബഹുമാനങ്ങളോടെയാണു അദ്ദേഹത്തെ സ്വീകരിക്കയുണ്ടായതു. അവിടെ അദ്ദേഹം ചെയ്ത പ്രസംഗം കൽവീനരിൽപോലും പലരെ മാനസാന്തരപ്പെടുത്തുന്നതിന്നു കാരണമായി. ഈ നമ്മുടെ കഥാനായകനെ സംബന്ധിച്ചു്. പ്രസ്തുത കാൎയ്യത്തിനുള്ള സാമൎത്ഥ്യത്തെ ശ്ലാഘിച്ചു പെരൊനെന്ന കർദിനാൾ "പതിതർ കൊണ്ടുവരുന്ന വാദമുഖങ്ങളെ ഖണ്ഡിക്കാൻ എന്നെകൊണ്ടുസാധിക്കും; പക്ഷെ അവരെ സമ്മതിപ്പിക്കുന്നതിന്നും മാനസാന്തരപ്പെടുത്തുന്നതിന്നും ജെനിവായുടെ മെത്രാൻ വേണം: അദ്ദേഹത്തിന്നു ദൈവം കൊടുത്തിരിക്കുന്ന ഒരു പ്രത്യേകവരമാണു് അതു" എന്നു പറഞ്ഞിരിക്കുന്നു. രാജാവു പോലും അദ്ദേഹത്തിന്റെ ധൎമ്മോപദേശം കേൾക്കാൻ ആശിക്കുകയും അവകേട്ടു കുതുഹലംകൊള്ളുകയും ചെയ്തു. ഫ്രാൻസിൽ തന്നെ ഒരു മെത്രാസനം ആ വിശുദ്ധനു കൊടുത്തു അവിടെ താമസിപ്പിക്കണമെന്നു് ഫ്രഞ്ചു രാജാവിന്നു അതിയായ മോഹമുണ്ടായിരുന്നു. അതിന്നു് പ്രതിവൎഷം ൪൦൦൦ പവൻ വിശേഷാൽ കൊടുക്കാമെന്നു രാജാവു കല്പിക്കുകയുമുണ്ടായി. പക്ഷെ നമ്മുടെ വിശുദ്ധൻ അതിന്നു വഴിപ്പെട്ടില്ല. അദ്ദേഹം വന്നകാൎയ്യം സാധിച്ചയുടനെ അന്നെസിയിലേക്കു മടങ്ങുകയാണു ചെയ്തതു്. മാൎഗ്ഗമദ്ധ്യേ സ്വന്ത മെത്രാൻ നിൎയ്യാതനായ ദൌത്യം കിട്ടി. തന്നിമിത്തം പിന്നത്തെ അദ്ദേഹത്തി

ൻെറ ശ്രമമെല്ലാം തൻെറ ഇടവകയെ യോഗ്യമാംവണ്ണം ഭരിക്കാനായിരുന്നു. തൻെറ സ്വന്ത സാലേസ്കോട്ടയിൽ വെച്ചുതന്നെയാണ് മെത്രാഭിഷേകം കൈക്കൊള്ളുവാൻ തീൎച്ചയാക്കിയതു്. അതിന്നായി ൨൦ ദിവസത്തെ ധ്യാനം ഏകാന്തത്തിലിരുന്നു കഴിച്ചു ഒരുങ്ങി. ആ ദിവസങ്ങളിൽ പിന്നീടുള്ള തൻെറ ജീവിതപദ്ധതിയെ നിശ്ചയിക്കുകയും അതിനെ നിഷ്കൃഷ്ടയോടെ തൻെറ ജീവിതകാലം മുഴുവനും അനുസരിച്ചു വകരിയുംചെയ്തു. അതു് അദ്ദേഹത്തിൻെറ അനന്യസാധാരണമായ പുണ്യ യോഗ്യതയെ പ്രത്യക്ഷീകരിക്കുന്നു. ൧൬൦൨-ാം കാലം ഡിസംബർ മാസം ൮-ാംനു-യാണ് അദ്ദേഹം മെത്രാഭിഷേകം കൈക്കൊണ്ടതു്. അന്നു മുതല്ക്കു തൻെറ ഉദ്യോഗധൎമ്മനിൎവ്വഹണത്തിന്നായിട്ടും പ്രത്യേകം പ്രസംഗിക്കുന്നതിനായിട്ടും കാലം മുഴുവനും വിനിയോഗിച്ചുവന്നു. പരിശോധിച്ചു പ്രാപ്തന്മാരാണെന്നു ബോദ്ധ്യപ്പെട്ടവൎക്കല്ലാതെ പട്ടം കൊടുത്തിരുന്നില്ല. വേദോപദേശപഠനം ക്രമമായി നടത്തിപ്പോരുന്നതിന്നു പ്രത്യേക താല്പൎയ്യം വെക്കുകയും ചില അവസരങ്ങളിൽ അദ്ദേഹംതന്നെ അതു് പഠിപ്പിക്കുകയും ചെയ്തുവന്നു. ഷെക്സ് സംസ്ഥാനത്തു് കത്തോലിക്കാ മതം പുനസ്സ്ഥാപിക്കണമെന്ന് അദ്ദേഹത്തിന്ന് അതിയായ ആകാംക്ഷയുണ്ടായിരുന്നു. അതിന്നു പല വൈഷമ്യങ്ങളും തൻെറ ജീവന്നുപോലും അപായങ്ങളും ഉണ്ടായിരുന്നിട്ടും ഫലപ്രദമായി അതു് അദ്ദേഹംസാധിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ അധികാരത്തിലുള്ള ഗ്രാമവാസികൾക്കു് വന്നു കൂടിയ ഭയാനകമായ വിപത്തു് അദ്ദേഹത്തിൻെറ പരസ്നേഹത്തെ പ്രശോഭിപ്പിക്കുന്നതായിരുന്നു. രണ്ടു മലയുടെ കൊടുമുടി ഇടിഞ്ഞുവീണു പല ഗ്രാമങ്ങളെയും മൃഗാദികളെയും ഒട്ടധികം നിവാസികളെയും മൂടിയിരിക്കുന്നുവെന്നു അദ്ദേഹം അറിഞ്ഞയുടനെ അവരുടെസഹായാൎത്ഥം ചെന്നു എല്ലാവരോടും കൂടുതൽ നിൎഭാഗ്യം അനുഭവിച്ചിരുന്നവരോടു പ്രത്യേകമായും സഹതാപം പ്രദൎശിപ്പിക്കുകയും സകലവും നഷ്ടീഭവിച്ച ആ സാധു ജനങ്ങളെ പററി തൻെറ ഹൃദയം തകരുകയും അവരോടുകൂടെ അദ്ദേഹവും കരയുകയും അവൎക്കു

ആശ്വാസജനകങ്ങളായ ഉപദേശങ്ങൾ കൊടുക്കുകയും തനി
ക്കുണ്ടായിരുന്ന പണം മുഴുവനും അവക്കു് വിഭജിക്കുകയും ചെയ്തു.
കൂടാതെയുംസവോയി പ്രഭുവിനെകൊണ്ടു, അദ്ദേഹത്തിന്നു അവർ
കൊടുക്കേണ്ടു കരം ഒഴിവാക്കിച്ചു. ആ വിശുദ്ധൻ, തന്റെ ദേശ
ത്തിന്നു ചെയ്ത ഉപകാരത്തെ പ്രതിയും അദ്ദേഹത്തോടുള്ള ബ
ഹുമാനാദരവു നിമിത്തവും ഒരു നല്ല വരുമാനമുള്ള മഠം ഹെ
ൻറിചതുൎത്ഥൻ എന്ന നാടുവാഴി അദ്ദേഹത്തിന്നു ഉപദാനിക്കു
കയുണ്ടായി. പക്ഷെ അദ്ദേഹം അതു സ്വീകരിക്കാതായപ്പോൾ
ഒരു ശമ്പളം പററിക്കൊള്ളുവാൻ കല്പിച്ചു. അതിന്നു് പു
ണ്യവാൻ പറഞ്ഞതു്, അതു രാജ ഭണ്ഡാരാധികൃതനെ ഏല്പി
ച്ചാൽ മതി; തനിക്കു ആവശ്യം വന്നു കൂടുമ്പോൾ വാങ്ങി
ച്ചുകൊള്ളാമെന്നായിരുന്നു. ഇങ്ങനെ പറഞ്ഞതു് ഉപചാര
ത്തോടുകൂടിയുള്ള വിസമ്മതമാണെന്നു രാജാവു് കണ്ടു്, വിശുദ്ധ
ന്റെ പ്രവൃത്തിയെ ശ്ലാഘിച്ചു "ജെനിവായുടെ മെത്രാൻ അദ്ദേ
ഹത്തിന്റെ പുണ്യംകൊണ്ടു പ്രാപിച്ചിരിക്കുന്ന നിരാധീനത്വം
നിമിത്തം രാജസ്ഥാനം കൊണ്ടു എന്റെ പ്രജകൾക്കു ഞാൻ ആ
ധീനനാകാതിരിക്കുന്നതിനേക്കാൾ കൂടുതൽ എനിക്കു ആധീന
നാകാതിരിക്കുകയാണു ചെയ്യുന്നതു്" എന്നു പ്രസ്താവിക്കയുണ്ടാ
യി ഈ വിശുദ്ധന്റെ ധൎമ്മോപദേശങ്ങൾ സൎവ്വത്ര സൽഫല
ങ്ങളെ ഉളവാക്കിയിരുന്നതുകൊണ്ടു് പല മഹാപട്ടണങ്ങളിലും ഉ
പദേശിക്കുന്നതിനായിട്ടു് അദ്ദേഹം ക്ഷണിക്കപ്പെട്ടു. സാധുക്ക
ളോടു അദ്ദേഹത്തിനുള്ള വാത്സല്യം നിമിത്തം ഗ്രാമങ്ങളിൽ ഉ
പദേശിക്കുന്നതായിരുന്നു കൂടുതൽ ഇഷ്ടവും തെരിഞ്ഞെടുക്കാൻ
പാടുള്ളപ്പോൾ തെരിഞ്ഞെടുത്തിരുന്നതും. സാധുക്കളോടുള്ള പ്ര
ത്യേക പ്രതിപത്തി നിമിത്തം സ്വന്ത അത്യാവശ്യങ്ങൾ പോലും
സൂക്ഷിക്കാതെ അരമനയിലുള്ളതെല്ലാം എടുത്തു അവക്കു കൊടു
ത്തു വന്നു. തന്നിമിത്തം പരിചാരകൻ പലപ്പോഴും ആവലാധി
പറയുവാൻ സംഗതിയായിട്ടുണ്ടു്. ഒരിക്കൽ
അയാൾ ആ വിശുദ്ധനെ ശകാരിക്കുകയും ജോലി വിട്ടു
പൊയ്ക്കളയുമെന്നു കൂടി പറയുകയും ചെയ്തു. അപ്പോൾ പു
ണ്യവാൻ ഒരു പുഞ്ചിരിയോടുകൂടി "നീ പറയുന്നതു് ശരിയാണു്,

നന്നാക്കാൻ വിചാരിച്ചാൽ സാധിക്കാത്ത ഒരു മനുഷ്യനാണ് ഞാൻ. അതിൽപരം കഷ്ടം ഇങ്ങിനെതന്നെ ഇനിയും ചെയ്യണമെന്നാണ എനിക്ക തോന്നുന്നത്" എന്ന പറകയുണ്ടായി. വേറൊരവസരത്തിൽ ഇതുപോലെതന്നെ അയാം സങ്കടം പറഞ്ഞപ്പോൾ ആ മഹാത്മാവ് സ്ലീവായിൽ പതിക്കപ്പെട്ട ഈശോ കൎത്താവിന്റെ സ്വരൂപം ചൂണ്ടിക്കാണിച്ചുകൊണ്ട് "നമുക്ക വേണ്ടി ഈ അവസ്ഥയിലായ ഒരു ദൈവം ആവശ്യപ്പെട്ടന്നതു കൊടുക്കാതിരിക്കാൻ നാം എങ്ങിനെ മനസ്സാകാതെയ രിക്കും" എന്നായിരുന്നു കല്പിച്ചത്. മനുഷ്യൎക്ക് ഉപൎയ്യുപരി ഉപകാരം ചെയ്യണമെന്ന വി. ഫ്രാൻസീസ് ആഗ്രഹിച്ചു വന്നതിനാൽ വാസ്തവമായ പുണ്യപദവിയിലേക്ക ആനയിക്കുന്നതിനുള്ള, തെറ്റുവരാത്ത മാൎഗ്ഗങ്ങളെ ഉപദേശിക്കുന്ന "ഭക്തജീവിതപ്രവേശനം" എന്ന ഒരു ഗ്രന്ഥം എഴുതിയുണ്ടാക്കി. ഇത്തരത്തിൽപെട്ട വേറെ ചില പുസ്തകങ്ങളും അതിന്റെശേഷം ആ മഹാത്മാവു രചിച്ചിട്ടുണ്ട്. അവയെ ശ്രദ്ധാപൂൎവ്വകം വായിച്ചു ആ ഉപദേശങ്ങളെ അനുസരിച്ചു വരുന്നവരെ വിശുദ്ധന്മാരാക്കിത്തീൎക്കത്തക്കതായിരിക്കുന്ന ആ ഗ്രന്ഥങ്ങൾ; അവ പലരെ വിശുദ്ധന്മാരാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ വിശുദ്ധന്റെ വേദാകാംക്ഷയുടേയും പരസ്നേഹത്തിന്റെയും ഉത്തമ സ്മരണസ്തംഭമായി സ്ഥിതി ചെയ്യുന്നത്, അതിൽ അഭ്യസിച്ചു വരുന്ന വിവിധ പുണ്യപ്രവൃത്തികൾ നിമിത്തം തിരുസഭയ്ക്കു ആനന്ദകരമായും, അതിന്റെ അംഗങ്ങൾക്ക ഉപകാരപ്രദമായും തീൎന്നിരിക്കുന്ന "വിസിറെറഷ്യൻ സഭ" എന്ന സന്യാസിനികളുടെ സമൂഹസ്ഥാപനമാണ്. വി. ഫ്രാൻസസ്ഷന്താൾ അമ്മയാണ ആ സഭാസ്ഥാപനത്തിൽ നമ്മുടെ വിശുദ്ധന്റെ സഹായകിയും ഉപദേശിനിയും ഒന്നാമത്തെ വ്രതാനുഷ്ഠയും ആദ്യ ശ്രേഷ്ഠത്തിയും.

൧൬൧൯-ൽ പിമോന്തു് (മലയടിയെന്നാണ് ഈ നാമത്തിന്റെ അൎത്ഥം) പ്രദേശത്തിന്റെ രാജപുത്രനും ഫ്രാൻസിന്റെ രാജാവായ .ലൂയിസ് ത്രയോദശന്റെ സഹോദരി ക്രിസ്തിനാ എന്ന രാജപുത്രിയും തമ്മിലുള്ള വിവാഹയുടമ്പടി സംബന്ധിച്ച് പാരീസിലേക്ക ചെല്ലുവാൻ നമ്മുടെ വിശു

ധൻ നിർബ്ബന്ധിതനായി. വിവാഹയുടമ്പടി സംബന്ധിച്ച കാര്യങ്ങളെല്ലാം ശുഭമായി പര്യവസാനിപ്പിച്ചതിൽ രാജകുമാരി പ്രസാദിച്ച വി. ഫ്രാൻസിസിനോടു തന്റെ പ്രധാന ഭിക്ഷാദാനാധികൃതനായിരിക്കണമെന്നു ആവശ്യപ്പെട്ടു. അദ്ദേഹത്തിനു അപ്പോൾ ഒരു സഹായ മെത്രാനുണ്ടായിരുന്നുവെങ്കിലും, തന്റെ രൂപത വിടാൻ പാടില്ലാത്ത ഹേതു പറഞ്ഞു ഒഴിവു വാദിച്ചിട്ടും രാജപുത്രി വീണ്ടും നിർബ്ബന്ധിച്ചപ്പോൾ, സ്വന്തയിടവകയിൽ താമസിക്കുന്നതിനും ജോലിനോക്കാത്തപ്പോൾ അതിനുള്ള ശമ്പളം പററാതിരിക്കുന്നതിനും സമ്മതിക്കുന്നപക്ഷം ആവാംഎന്നും സമ്മതിച്ചു. ഇതു ഉപചാരത്തോടു കൂടിയ ഒരു ഒഴികഴിവായിരുന്നു. അതു് ക്രിസ്റ്റീനാ രാജപുത്രി ഗ്രഹിച്ച് അദ്ദേഹത്തിന്, അതിവിശേഷമായ ഒരു വജ്രഖചിത അംഗുലീയം നൽകി. അതു് തന്റെ മേലുള്ള പ്രീതിയെ കുറിച്ചു ഒരിക്കലും അന്യാധീനപ്പെടുത്തരുതെന്നു അപേക്ഷിച്ചു. അതിനു "സാധുക്കൾക്കു അതുകൊണ്ടു് ആവശ്യപ്പെടാത്തപക്ഷം അതു ഞാൻ ഉപേക്ഷിക്കുകയില്ലായെന്നു വാക്കു തരുന്നു" എന്നു പുണ്യവാൻ പറഞ്ഞു. അപ്പോൾ രാജപുത്രി "അങ്ങനെ ആവശ്യപ്പെട്ടാൽപക്ഷം അതു് പണയം വച്ചാൽ മതി; പണയംമടപ്പിക്കുന്നതിനുള്ള സംഖ്യ ഞാൻ അയച്ചുതരാം" എന്നു രാജപുത്രി കല്പിച്ചു. "അതു് പലപ്പോഴും ചെയ്യേണ്ടിവരും; അതു് അങ്ങേയ്ക്കു ഒരു തൊല്ലയായി തീരും" എന്നു ജനിവായുടെ മെത്രാൻ പ്രത്യുത്തരിച്ചു. തൂറിൻ പട്ടണത്തിൽ വച്ചു് ആ രാജപുത്രി പുണ്യവാനെ ആ മോതിരമില്ലാതെ കണ്ടപ്പോൾ, അതുകൊണ്ട് എന്തു ചെയ്തുവെന്നു നിഷ്പ്രയാസം മനസ്സിലാക്കി, മുമ്പിലത്തേതിനേക്കാൾ മെച്ചമായ വേറൊന്നു കൊടുത്തുകൊണ്ട് മുമ്പിലത്തേതുകൊണ്ടു ചെയ്തതുപോലെ ചെയ്യല്ലേ എന്നു വിജ്ഞാപിക്കയുണ്ടായി. അപ്പോൾ ആ വിശുദ്ധ മെത്രാൻ "ഞാനൊന്നും ഉണർത്തിക്കുന്നില്ല. വിലപിടിച്ച സാമാനങ്ങളെ വച്ചു സൂക്ഷിക്കത്തക്കവനല്ല ഞാൻ" എന്നു മാത്രം പറഞ്ഞു.

൧൬൨൨-ൽ ലൂയിസ് ത്രയോദശൻ പ്രാപിച്ച വിജയത്തെപ്പററിയുള്ള ജയസന്തോഷാഘോഷങ്ങളിൽ ഭാഗഭാക്കാകുന്നതിന്നു അവിഞ്ഞോനിലേയ്ക്കു ചെല്ലുവാൻ സവോയ്യുടെ പ്രവരൻ പ

ണ്യവാനോട്ട കല്പിക്കുകയാൽ അദ്ദേഹം അതിന്ന് പോകുകയും അവിടെനിന്ന രാജപരിവാരത്തോട്ടക്കൂടെ ലയോൺസിലേക്കു യാത്രകഴിക്കാൻ നിർബന്ധിതനാകുകയും ചെയ്തു. അവിടെ വച്ച് അദ്ദേഹത്തിന്ന് സുഖമില്ലായിരുന്നുവെങ്കിലും പിറവിതിരുനാളിന്റെ തലേദിവസം ഒരു നല്ല ധർമ്മോപദേശം ചെയ്കയുണ്ടായി. പിറേറദിവസം ശയ്യയെ പ്രാപിച്ചു. തളർവാതത്തിന്റെ ലക്ഷണങ്ങൾ കാണപ്പെട്ടുതുടങ്ങി. പുണ്യവാൻതന്നെ അന്ത്യാഭിഷേകം ആവശ്യപ്പെട്ടു. അന്നുതന്നെ ദിവ്യപൂജ അർപ്പിച്ചിരുന്നതുകൊണ്ട ദിവ്യകാരുണ്യം ആവശ്യപ്പെടുകയുണ്ടായില്ല. പിന്നീടുള്ള അദ്ദേഹത്തിന്റെ പ്രവൃത്തികളെല്ലാം മരണാസന്നന്മാൎക്കു അടുത്തതായിരുന്നു. മറെറാന്നിലും ചിന്ത പതിച്ചിരുന്നില്ല. ഇങ്ങനെ ൧൬൨൨-ാം കാലം ഡിസമ്പർ മാസം ൨൮-ാംനു- തന്റെ ൫൬-ാമത്തെ വയസ്സിലും മെത്രാൻ പട്ടമേററിട്ട ൨൦-ാം സംവത്സരത്തിലും നിര്യാതനായി. അദ്ദേഹത്തിന്റെ ചങ്ക് ലയോൺസിലെ വിസിറേറഷ്യൻ സഭക്കാരായ കന്യാസ്ത്രീകളുടെ പള്ളിയിലും ശേഷം ശരീരഭാഗം അന്നേസിലുള്ള അവരുടെ മാതൃമഠത്തിലെ ദേവാലയത്തിലും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അലക്സാൻറർ സപ്തമനെന്ന മാർപാപ്പാ ആഘോഷപൂർവ്വകം അദ്ദേഹത്തെ പുണ്യവാന്മാരുടെ ഗണത്തിൽ പെടുത്തുകയുണ്ടായി. ആ വിശുദ്ധന്റെ തിരുശരീരം ലയോൺസിൽനിന്ന ജനവരി ൨൯-ാംനു- അന്നേസിലേക്കു മാററപ്പെട്ടു. അതിനാൽ അന്നാണ ഈ വിശുദ്ധന്റെ തിരുനാൾ ഘോഷിച്ചുവരുന്നത്.

സാദ്ധ്യം—ഈ വിശുദ്ധൻ പ്രകൃത്യാ മഹാ കോപിയായിരുന്നു. എങ്കിലും ആ സ്വഭാവത്തെ ജയിച്ചു മഹാ സാധുത്വവും ക്ഷമാശീലവും സകല പ്രവൃത്തികളിലും പ്രത്യക്ഷീകരിച്ചുവന്നു. നാമും സാധുത്വവും ക്ഷമാശീലവുമുള്ളവരാകുവാൻ ശ്രമിക്കണം.

# മകരം (ജനവരി) ൩൦-ാംനു-

ഫ്റാൻസിലെ രാജ്ഞിയായ വി. ബത്തിൽദം. (ന്രീവ്വം.)

വി. ബത്തിൽദായുടെ ജന്മദേശം ഇംഗ്ലന്റാണ്. അവർ നന്നാ ചെറുപ്പമായിരിക്കുകയിൽതന്നെ അഷ്മ്പോ എന്നൊരു ഫ്റഞ്ചുകാരൻ മഹാ നിസ്സാരവിലയ്ക്കു അവളെ അടിമയായി വാങ്ങി. ഈയാൾ ക്ലോവിസ് ദ്വിതീയനെന്ന ഫ്രഞ്ച് രാജാവിന്റെ കാലത്ത് രാജകൊട്ടാരത്തിലെ അധികൃതനായി ഭവിച്ചു. ബത്തിൽദായുടെ സുകൃതങ്ങളും ദീർഘദൃഷ്ടിയും നിമിത്തം തന്റെ യജമാനന്റെ സമ്മതവും ആദരവും അർഹിക്കുകയാൽ വീട്ടുകാര്യ്യങ്ങൾ സകലതും അവരെ അഷ്മ്പൊ ഏല്പിക്കാൻ സംഗതിയായി. ഈ ആദരവും ബഹുമാനവും നിമിത്തം ബത്തിൽദാ ഒട്ടും അഹംകരിക്കാതെ അവരുടെ സഹദാസികളോടുള്ള പെരുമാററത്തിൽ മഹാ താഴ്മയും സമഭാവവും പ്രത്യക്ഷീകരിച്ചുവന്നു. ലൌകികങ്ങളായ ചില വലിയ കാര്യ്യങ്ങൾക്കായും ദൈവം അവരെ നിയോഗിച്ചിരുന്നതിനാൽ അവരുടെ പുണ്യകീർത്തി ഫ്രാൻസ്ദേശമെങ്ങും വ്യാപിക്കാൻ ദൈവം സംഗതിയാക്കി. തന്നിമിത്തം ക്ലോവിസ് രാജാവു് വിവാഹപ്രായപ്രാപ്തനായപ്പോൾ ബത്തിൽദായേക്കാൾ ഉത്തമയും യോഗ്യയുമായ ഒരു വധുവിനെ ലഭിക്കാവുന്നതല്ലയെന്നു അതിൽ ചുമതലപ്പെട്ടവർ അഭിപ്രായപ്പെടുകയും ആ അഭിപ്രായംതന്നെ ശേഷമെല്ലാവരും ആദരിക്കുകയും ചെയ്തു. ആയതിനാൽ ൬൪൯-ൽ അവർ തമ്മിലുള്ള വിവാഹം നടന്നു. ലോകമഹാത്മ്യങ്ങളെ അത്ഥപത്താക്കാൻ ഗ്രഹിച്ചിരുന്ന ആ സ്ത്രീരത്നം ആ രാജസംബന്ധം നിമിത്തം ഒട്ടും അഹംകരിക്കാതെ തന്റെ മനോദൈന്യതയും പരസ്നേഹവും വേദകാംക്ഷ പ്രസക്തിയും പ്രത്യക്ഷീകരിക്കുന്നതിനുള്ള നവഹേതുക്കളായിട്ടാണു അവയെ കരുതിപ്പോന്നതു്. തന്റെ വരനായ രാജാവുതന്നെയും രാജധമ്മത്തിന്റെ ഉപപ്രവൃത്തികളായ ദേവാലയങ്ങളുടേയും ദീനരുടേയും സംരക്ഷണയും ആദ്ധ്യാത്മിക സ്ഥാപനങ്ങളുടേയും, ആതുരശാലക

ളുടെയും പോഷണവും വിചാരണയും തൻെറ ഗുണസമ്പൂൎണ്ണയായ കളത്രത്തെ ഏല്പിക്കാൻ മനസ്സായി. ആ വിവാഹത്തിൽ നിന്ന് ആ മഹിതയ്ക്കു നാലു പുത്രന്മാരാണു ഉണ്ടായത്. അവർ നാലുപേരും ക്രമാനുക്രമമായി രാജ്യഭാരം ചെയ്യുകയുണ്ടായി. ആ പുണ്യവതിയുടെ വരൻ ൬൫൭-ൽ ചരമഗതിയെ പ്രാപിച്ചു. തന്നിമിത്തം ൫ വയസ്സുമാത്രം പ്രായമുണ്ടായിരുന്ന ജ്യേഷ്ഠപുത്രൻെറയും അതിൽ പ്രായം കുറഞ്ഞ ശേഷം രാജബാലന്മാരുടേയും പരിപാലനയും ആ വനിത നിൎവ്വഹിക്കേണ്ടതായി വന്നു. ആ രണ്ടു ധൎമ്മങ്ങളും മഹാ സാമൎത്ഥ്യത്തോടെ ജ്യേഷ്ഠപുത്രനായ ക്ലോത്തെർ വ്യവഹാരപ്രാപ്തനാകുന്നവരെയ്ക്കും നിവൃത്തിച്ചു. ആ പുണ്യവതിയുടെ അനന്യസാധാരണമായ ദീൎഘദൃഷ്ടിയും പാടവവും രാജ്യമെങ്ങും സമാധാനത്തെ പാലിക്കുകയും അതുവരെയും നടപ്പായിരുന്ന അടിമവില്പനയും ഫ്രാൻസിലെ വൈദികരിലുണ്ടായിരുന്ന ആദ്ധ്യാത്മിക വിഷയങ്ങളുടെ ക്രയവിക്രയവും പല ഉത്തമ മെത്രാന്മാരുടെ ആലോചനയോടും സഹകരണത്തോടും കൂടി നിൎത്തലാക്കുകയും ചെയ്തു. ആതുരശാലകളെ ആ മഹതി പ്രവൎദ്ധിപ്പിച്ചു. ജീൎണ്ണംഭവിച്ചുകിടന്ന പല സന്ന്യാസിമഠങ്ങളേയും കന്യകാമഠങ്ങളേയും കേടുപോക്കിച്ചു. പുരുഷന്മാൎക്കായി കൊൎബെ എന്നും, സ്ത്രീകൾക്കായി ഷെല്ലെയെ എന്നും മഹാ പ്രഖ്യാതങ്ങളായ രണ്ടു ബ്രഹ്മാണ്ഡമഠങ്ങളെ മൂലധനത്തോടെ സ്ഥാപിക്കുകയും ചെയ്തു. ഈ മഹതി നന്നാക്കിച്ച മഠങ്ങളിൽപെട്ടവയാണ് സെമ്മത്തിനെന്നും സന്തെന്നിയെന്നും സെമെദാർ എന്നും വിളിക്കപ്പെട്ടുപോരുന്ന സന്ന്യാസിമഠങ്ങൾ. ഷെലേമഠം വി. ക്ലോത്തിൽദാരാജ്ഞി ആരംഭിച്ചതാണെങ്കിലും ഇതിൻെറ സ്ഥാപക വി. ബത്തിൽദയാണെന്നു ഗണിക്കപ്പെടത്തക്കവണ്ണംഅതിനെ ആ വന്ദ്യ വിസ്തീൎണ്ണപ്പെടുത്തുകയുണ്ടായി. തൻെറ ജ്യേഷ്ഠപുത്രൻ വ്യവഹാരപ്രാപ്തനായയുടനെ ആ വനിത അദ്ദേഹത്തെ രാജ്യഭരണം ഏല്പിച്ചും വച്ചു് അധികനാളായി താൻ ആകാംക്ഷിച്ചിരുന്ന അജ്ഞാതവാസത്തിൽ കാലം വിനിയോഗിക്കാൻ വേണ്ടി ൬൬൫-ൽ ഷെല്ലേമഠത്തിൽചെന്നു ലോകതിരസ്കാരവസ്ത്രം സ്വീകരിച്ചു. അവിടെ ശേഷം സന്ന്യാസിനികളിൽ

ന്നിന്നു മനോദീനതയും അടക്കയൊതുക്കവും ജപധ്യാനതല്പരതയും കൊണ്ടല്ലാതെ വേറൊന്നുകൊണ്ടും ഭേദമില്ലാത്തവളായി ജീവിച്ചുവന്നു. അവർ ഹീനതമമായ ദാസ്യപ്രവൃത്തികൾ കൂടിയും ശേഷം സന്ന്യാസിനികൾക്കു ചെയ്തുകൊടുക്കും. എല്ലായിലും താന്നാ സഹോദരിക്കൊപ്പം അതിലെ അധികൃതയ്ക്കു വിധേയയായി വർത്തിച്ചുവന്നു. ദീനക്കാരെ ശുശ്രൂഷിക്കുന്നതും സദുപദേശങ്ങൾ പറഞ്ഞുകൊടുക്കുന്നതും ആയിരുന്നു അവരുടെ പരമാനന്ദം. ആ മഹതിയുടെ അവസാനകാലങ്ങളിൽ മഹാപീഡാ



ഈ രാജ്ഞി കന്യകാമഠത്തിലായിരിക്കുകയിൽ തന്നത്താൻ
ചൂല് ഉപയോഗിച്ചു സ്ഥലങ്ങൾ വൃത്തിയാക്കുന്നത്.

കരങ്ങളായ ചില രോഗങ്ങളും ക്ലേശങ്ങളും ദൈവം യാത്രയാക്കിക്കൊണ്ടു അവരെ പരിശോധിക്കാൻ ചിത്തമായി. അവയൊക്കെയും മഹാ ക്ഷമയോടും ദൈവതിരുമനസ്സിനുള്ള കീഴ്വഴക്കത്തോടും ആ വിശുദ്ധ സഹിച്ചു. അവസാനനാഴിക അടു

അപ്പോൾ സാധുക്കളോടു മഹാ അനുകമ്പയും ദൈവശുശ്രൂഷയിൽ നിരന്തരോത്സാഹവും ഉണ്ടായിരിക്കണമെന്നും മററും സഹോദരികളോടു ഹാർദ്ദവമായവിധം ഉപന്യസിച്ചു കൊണ്ടു ന്നവ്വ൨-ാം കാലം ജനുവരി മാസം ൩൧-ാംനു ദേഹവിയോഗം പ്രാപിച്ചു.

സാദ്ധ്യം— ദൈവം നമുക്കു നൽകുന്ന ബുദ്ധിവൈഭവം, കാര്യസാമത്ഥ്യം, സൌന്ദര്യ്യം, ജ്ഞാനം, ഐശ്വര്യ്യം ആദിയായവയെപ്പററി അഹങ്കരിക്കാതെ എളിമയുള്ളവരായി വത്തിക്കണം.

---

## മകരം (ജനുവരി) ൩൧-ാംനു.

### മഹമ്മതിയ ശത്രുവശന്മാരായ ക്രിസ്ത്യാനികളെ നിഷ്ക്രയം ചെയ്യുന്ന സന്ന്യാസി സഭയുടെ സ്ഥാപകനായ വി. പത്രോസ് നൊലാസ്കൂ. (൧൨൫൬)

ഫ്രാൻസ് ദേശത്തു് ഉൾപ്പെട്ട ലാംഗെഡോക്ക് പ്രദേശത്തെ ഒരു കുലീന കുടുംബത്തിലെ അംഗമായ ഈ പത്രോസ് നൊലാസ്കൂ എന്ന ദേഹം ൧൧൮൯-ൽ ലൊരഗ്‌വെ സംസ്ഥാനത്തുൾപെട്ട മാസഡെസെന്തു്പുവലെ എന്ന ഗ്രാമത്തിലാണു് ജനിച്ചതു്. അന്നു ആ ഗ്രാമം തൂലൂസ്മെത്രാസന ഇടവകയിൽപെട്ടതായിരുന്നു. ദൈവഭക്തന്മാരായ അദ്ദേഹത്തിൻെറ ജനനീജനകന്മാർ ഉത്തമമായ വിധം അദ്ദേഹത്തെ വിദ്യാഭ്യസനം ചെയ്യിക്കുകയും ക്രിസ്തീയജീവിതത്തിൽ പരിശീലിപ്പിക്കുകയും ചെയ്തു. ബാല്യത്തിലേ അദ്ദേഹം ദീനരോടു മഹാ അനുകമ്പ പ്രത്യക്ഷീകരിക്കുകയും തൻെറ പ്രായത്തിനു ചേരുന്ന വിനോദങ്ങൾക്കായി മാതാപിതാക്കന്മാർ കൊടുക്കാറുള്ള ചുരുങ്ങിയ സംഖ്യ പണം അഗതികൾക്കു് ദാനം ചെയ്യുകയും ചെയ്തുവന്നു. അദ്ദേഹത്തിനു ൧൫ വയസ്സുള്ളപ്പോൾ പിതാവു മരിച്ചു. പിന്നെ ഭാഗ്യവശാൽ മഹാ പുണ്യവതിയായ തൻെറ മാതാവായിരുന്ന അ

ദ്ദേഹത്തിൽ അങ്കുരിച്ചിരുന്ന ദൈവഭക്തിയുടെ ബീജങ്ങളെ പ്രപോഷിപ്പിച്ചു സ്ഥിരപ്പെടുത്തിക്കൊണ്ടുപോന്നതു്. വിവാഹപ്രാപ്തനായപ്പോൾ വിവാഹത്തിന്നു് അദ്ദേഹത്തെ അവരു് നിർബന്ധിക്കയുണ്ടായി. പക്ഷെ വിവാഹാന്തസ്സു് വിശുദ്ധിയുള്ളതായിരുന്നുവെങ്കിലും ലോകത്തെ പാടെ പരിത്യജിക്കാൻ ആശിച്ചിരുന്ന അദ്ദേഹത്തിന്നു തന്റെ ഉദ്ദേശസാദ്ധ്യത്തിന്നു അതു് ഒരു വിഘ്നാതമായിരിക്കുമെന്നു കണ്ടു് അതിന്നു മനസ്സായില്ല. അതിനാൽ താൻ നയിക്കേണ്ട ജീവിതവൃത്തി ദൈവം വ്യവസ്ഥ ചെയ്യുമെന്നുറച്ചു അന്നു ലാംഗെദോക്ക് പ്രദേശത്തു് അവർണ്ണ്യ അക്രമങ്ങളും ക്രൂരതകളും പ്രവൎത്തിച്ചുവന്ന ആൽബിജീൻ പതിതരുടെ സാഹസങ്ങളെ അമൎച്ച ചെയ്യുവാൻ ഉദ്യുക്തരായ സ്ലീവായോദ്ധാക്കളുടെ നേതാവായിരുന്ന സിമൊൻമൊന്തു് ഫേ്ാത്തുപ്രഭുവിനോടു ചെന്നു ചേൎന്നു് അൽബിജിനരെ അമൎച്ച ചെയ്യുവാൻ തുടങ്ങിയ ശ്രമത്തിൽ നിന്നുണ്ടായ യുദ്ധത്തിൽ ഒരു മഹാ ഭാഗം വഹിച്ചു, മൊന്തുഫേ്ാത്തു പ്രഭുവിനോടു യുദ്ധം ചെയ്ത അറഗോണാ രാജാവായ പെദ്രോ കൊല്ലപ്പെടുകയും ൯ വയസ്സുമാത്രം പ്രായമുണ്ടായിരുന്ന അദ്ദേഹത്തിന്റെ പുത്രൻ യാക്കൊബ് മൊന്തു് ഫെ്ാത്തു പ്രഭുവിന്റെ അധീനതയിലാകുകയും ചെയ്തു. ആ രാജബാലന്റെ മേൽ ആ പ്രഭുവിന്നു അനുഗ്രഹം തോന്നി അയാളെ വേണ്ട കാൎയ്യങ്ങളെല്ലാം പഠിപ്പിക്കുന്നതിന്നു പത്രോസ് നൊലാസ്കൂ് എന്ന ദേഹത്തെ ആ പ്രഭു ചുമതലപ്പെടുത്തി. തന്നിമിത്തം അവരിരുവരും ബാർസിലോനായിൽ വന്നു താമസിച്ചു. പത്രോസ് തന്റെ ജോലി സ്തുത്യൎഹമാംവണ്ണം നിൎവ്വഹിച്ച ശേഷം കിട്ടുന്ന സമയമെല്ലാം ജപധ്യാനം ചെയ്യുന്നതിലും ഉത്തമ പുസ്തകങ്ങളെ വായിക്കുന്നതിലും വിനിയോഗിച്ചുവന്നു.

അക്കാലങ്ങളിൽ അനവധി ക്രിസ്ത്യാനികൾ എസ്പാഞ്ഞ്യായിലും ആഫ്രിക്കായിലുമുള്ള മഹമ്മതിയരുടെ ദാസ്യത്തിലകപ്പെട്ടു മഹാ ക്ലേശകഷ്ടതകൾ സഹിച്ചുവന്നു. അവരുടെ കഷ്ടതകളുടെ ചിരകാലാവസ്ഥയും കാഠിന്യവും നിമിത്തം ക്രിസ്തീയ വിശ്വാസത്തിന്നും സുകൃതജീവിതത്തിന്നും വന്നുകൂടാവുന്ന വിപത്തു വി. പത്രോസ് നൊലാസ്കൂായെ അത്യധികം ആകുലചിത്തനാക്കിത്തീ

ത്തു. അതിന്റെ നിവാരണാർത്ഥം തനിക്കുള്ള സ്വത്തു മുഴുവനും വ്യയം ചെയ്യുവാൻ അദ്ദേഹം തീൎച്ചപ്പെടുത്തി. മററു പലരും അതിന്നായി പണ സഹായം ചെയ്തുവന്നു. ആ ധൎമ്മപ്രവൃത്തി ശാശ്വതവും നിരന്തരവുമായി നടന്നുവരുവാൻവേണ്ടി അടിമകളെനിഷ്ക്രയം ചെയ്യുന്നതിന്നു നിയുക്തന്മാരായ സന്ന്യാസികളുടെ ഒരു സഭയെ സ്ഥാപിക്കാൻ അദ്ദേഹം നിശ്ചയിച്ചു. അതിന്നായിട്ടു അറഗൊണായുടെ രാജാവായ യാക്കൊബ് തന്റെ അരമനതന്നെ ഒഴിഞ്ഞു കൊടുക്കുകയും അതിൽ ഫെ. 10-ൽ അദ്ദേഹം ആ സഭയെ സ്ഥാപിക്കുകയുംചെയ്തു. ആ സഭക്കാർ, സന്ന്യാസികൾ അനുഷ്ഠിച്ചുവരാറുള്ള മൂന്നു വ്രതങ്ങൾക്കും പുറമെ ക്രിസ്ത്യാനികളായ അടിമകളെ സ്വതന്ത്രന്മാരാക്കുന്നതിന്നു ആവശ്യപ്പെടുന്ന പക്ഷം സ്വത്തുക്കളും തങ്ങളുടെ സ്വാതന്ത്ര്യം തന്നെയും പരിത്യജിക്കുന്നുണ്ടെന്നുള്ള ഒരു പ്രത്യേക വാഗ്ദാനം കൂടിയും ചെയ്തുവന്നു. ഈ സ്ഥാപനത്തിന്റെ സമാചാരം ദിക്കെങ്ങും വ്യാപിച്ചതിനോടെ അതിന്റെ അംഗങ്ങളാകുവാൻ ആഗ്രഹിച്ചു വന്നവരുടെ എണ്ണം അധികമായി വൎദ്ധിക്കുകയാൽ പല സ്ഥലങ്ങളിലും സന്ന്യാസികളുടെ മഠങ്ങൾ സ്ഥാപിതമായി.

അന്യ മതസ്ഥരുടെ ദേശങ്ങളിലും കൂടി ചെന്നു ക്രിസ്ത്യാനികളായ അടിമപ്പെട്ടവരെ രക്ഷിക്കുകയെന്നുള്ള ധൎമ്മപ്രവൃത്തിക്കു ആ പുണ്യ ദേഹം തന്റെ സഭാംഗങ്ങളെ പ്രേരിപ്പിച്ചുവന്നു. അതിന്നായി തുനിഞ്ഞു പുറപ്പെട്ട രണ്ടു പേരിൽ ഒരുവൻ അദ്ദേഹം തന്നെയാണ്. ഇവരെ രക്ഷകന്മാരെന്നാണ് അഭിധാനം ചെയ്തിരുന്നത്. വി. പത്രാസ്, അന്നു മഹമ്മദിയരുടെ ഭരണത്തിലിരുന്ന വാലാൻസ്യാ പ്രദേശത്തു ചെന്നു ഒട്ടധികം അടിമകളെ ദാസ്യത്തിൽനിന്നു മോചിക്കയുണ്ടായി. ആ വിശുദ്ധന്റെ പുണ്യങ്ങളും ഉന്നതപരസ്നേഹപ്രവൃത്തികളും കണ്ടു പല മഹമ്മദിയരും സത്യവിശ്വാസം അവലംബിച്ചു. അനന്തരം അദ്ദേഹം ആ വൽജിയെർസിലേക്കു കടക്കുകയും അവിടെ സത്യവിശ്വാസം ഉപദേശിക്കുകയും ചെയ്തനിമിത്തം വിലങ്ങുകളാൽ ബന്ധിതനായി അതിൽനിന്നു മോചിതനായശേഷം ബാർസിലോനായിലേക്കു പോന്നു. ഈവിധ പ്രേഷകവേലകളുടെ ശ്രമങ്ങൾ കൊണ്ടു അ

സ്വാസ്ഥ്യത്തിലായതിനാൽ തന്റെ സഭയുടെ ഭരണം ഒഴിയുവാൻ ആഗ്രഹിച്ചു അതിന്നാവശ്യപ്പെട്ടു. പക്ഷെ ഭൂരിപക്ഷാഭിപ്രായം അദ്ദേഹം തന്നെ അതു് വഹിക്കണമെന്നായിരുന്നതിനാൽ അതു് സാധിച്ചില്ല എന്നുവരുകിലും അദ്ദേഹത്തിന്റെ ചുമതലയുടെ ഒരു ഭാഗം നിർവ്വഹിക്കുന്നതിന് ഒരു പ്രതിനിധിയെ അനുവദിച്ചു കൊടുത്തു.



വി. പത്രോസ് നൊലാസ്കൂ് അന്യമതസ്ഥരോടു
സത്യവേദം ഉപദേശിക്കുന്നതു്.

ഫ്രാൻസിന്റെ രാജാവായ വി. ലൂയിസിനു അദ്ദേഹത്തെ പററി വലിയ ആദരവും ബഹുമാനവുമാണു് ഉണ്ടായിരുന്നതു്. തന്നിമിത്തം ആ ഭൂപതി പല ലേഖനങ്ങൾ അദ്ദേഹത്തിനു എഴുതുകയും വന്നു കാണണമെന്നു ആവശ്യപ്പെടുകയും ചെയ്തു. ൧൨൪൩-ൽ ലാംഗ്ദോക്കിൽ വച്ചു അവർ തമ്മിൽ കൂടി കാണുന്നതിന്നു സംഗതിയായി. ആ അവസരത്തിൽ രാജാവു് അദ്ദേഹ

ത്തെ മഹാ ആദരപൂൎവ്വകം സ്വീകരിക്കുകയും മഹാ വാത്സല്യത്തോടെ ആലിംഗനം ചെയ്യുകയും തന്നോടുകൂടെ പലസ്തീനായ്ക്കു പോരണമെന്നു കല്പിക്കുകയുമുണ്ടായി. പക്ഷെ വി. പത്രോസിന്റെ അസ്വാസ്ഥ്യം നിമിത്തം അതു് സാദ്ധ്യമായിരുന്നില്ല. അവിടുന്നു ഏതാനും കാലം കഴിഞ്ഞപ്പോൾ അസ്വാസ്ഥ്യം വൎദ്ധിക്കുകയും സഹിച്ചുവന്ന ശ്രമങ്ങളും അനുഷ്ഠിച്ചു വന്ന തപസ്സും കൊണ്ടു ക്ഷീണിക്കുകയും ചെയ്യുകയാൽ കിടപ്പിലായി. ൧൨൫൬-ാംകാലം നമ്മുടെ കൎത്താവിന്റെ പിറവി തിരുനാൾ ദിവസത്തിൽ കൎത്താവിൽ ദീൎഘനിദ്ര പ്രാപിച്ചു.

സാദ്ധ്യം—ജപതപങ്ങളെ ചെയ്തുകൊണ്ടും സന്മാതൃകകളെ കാണിച്ചുകൊടുത്തുകൊണ്ടും ദ്രവ്യസഹായം ചെയ്തുകൊണ്ടും അന്യരെ ആത്മികമായും ശാരീരികമായും നാം സഹായിക്കണം.

DHARMARAM LIBRARY
BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| 26 FEB 1996 | | |

DC Library
*00007825*
L EP36

L
Ep 36